**KOTTAYAM PUBLIC LIBRARY**

Call No. M07 Acc. No. 73038

Author ആൻഡ്രേഴ്സൺ കെന്നത്ത്

Title ശിവനിപ്പള്ളിയിലെ!
കരിമ്പുലി

# ശിവനിപ്പള്ളിയിലെ
# കരിമ്പുലി

(Malayalam)

# Sivanippalliyile Karimpuli

Malayalam translation of the
first five chapters of
THE BLACK PANTHER OF SIVANIPALLI

**By Kenneth Anderson**

Translated by
**K. N. Gopalan Nair**

First Published July 1962
Printed at:
**The Malayala Manorama Press, Kottayam.**
**Published by The Manorama Publishing House,**
P. B. No. 26; Kottayam; Kerala.
Copyright
**M/s. George Allen & Unwin Ltd.**
40 Museum Street, London
Copies 3000
Price: Rs. 2.10

---

PUBLISHED UNDER THE AUSPICES OF
THE SOUTHERN LANGUAGES BOOK TRUST
MADRAS 34.
SECOND SERIES-MALAYALAM NO. 18

---

# ശിവനിപ്പള്ളിയിലെ കരിമ്പുലി

K. M. KURIAN
General Secretary
All Kerala Balajana Sakhyam
Manorama, Kottayam.

കെന്നത്ത് ആൻഡേഴ്സൺ

73038

വിവർത്തനം:
കെ. എൻ. ഗോപാലൻ നായർ

പ്രസാധകർ:
മനോരമ പബ്ളിഷിംഗ് ഹൗസ്
പി. ബി. 26 — കോട്ടയം.

വില രൂപ 2. 10

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1 | പുലികളും മററും | 9 |
| 2 | ഏലഗിരി മലകളിലെ ആൾ പിടിയൻ പുലി | 34 |
| 3 | കിഴവൻ മുനുസ്വാമിയും മഗഡിയിലെ പുലിയും | 93 |
| 4 | ശിവനിപ്പള്ളിയിലെ കരിമ്പുലി | 128 |
| 5 | പാമ്പുകളും മററു വനജീവികളും | 182 |



ഏലഗിരിമലകളിലെ ആൾപിടിയൻ പുലി



കെന്നത്ത് ആൻഡേഴ്സൺ

SAMAJAM & READING ROOM
MANGANAM.

# 1

## പുലികളും മററും

ഒരു പുലിയുടെ സ്വഭാവമായിരിക്കില്ല, ഇനിയൊന്നിൻേറതു്. ചില പുലികൾ നല്ല തൻേറടമുള്ളവയായിരിക്കുമ്പോൾ മററു ചിലവ വലിയ ഭീരുക്കളായി കാണപ്പെടുന്നു. ചിലവ അവിശ്വസനീയമാംവിധം കൗശലബുദ്ധിയുള്ളവയാണു്; പക്ഷേ മററു ചില പുലികൾ തീരെ ബുദ്ധിശൂന്യമായി പെരുമാറാറുമുണ്ടു്. ആറാമതു് ഒരിന്ദ്രിയത്തിൻെറ സഹായത്താൽ നമ്മുടെ ചിന്താഗതി മുൻകൂട്ടി ഊഹിച്ചറിഞ്ഞ മട്ടിൽ പെരുമാറുന്ന ചില പുലികളുമായി എനിക്കു സമ്പർക്കപ്പെടാൻ ഇടയായിട്ടുണ്ടു് മനുഷ്യരെ കടന്നാക്രമിക്കുന്ന പുലികളും അപൂർവ്വമായി കാണപ്പെട്ടിട്ടുണ്ടു്. അതിലും അപൂർവ്വമായി അവരുടെയിടയിൽ കാണപ്പെടുന്ന നരഭോജികളെപ്പററിയും പറയേണ്ടതുണ്ടു്.

അസാധാരണമായ എന്തെങ്കിലും സാഹചര്യങ്ങളുടെ ഫലമായിട്ടാണു് ഈ മൃഗങ്ങൾ നരഭോജികളായി തീരാറുള്ളതു്. ആരെങ്കിലും പരുക്കേല്പിക്കുകമൂലം അംഗഭംഗം സംഭവിച്ചു് സ്വാഭാവികാഹാരമായ വന്യമൃഗങ്ങളെ വേട്ടയാടിപ്പിടിച്ചു തിന്നാനുള്ള കഴിവു നഷ്ടപ്പെട്ടിട്ടാകാം ചിലപ്പോൾ അതു മനുഷ്യരെ പിടികൂടുന്നതു്. മനുഷ്യരെ ആക്രമിച്ചു കീഴടക്കുക പുലിക്കു് എളുപ്പമാണു്; വിശപ്പടക്കാൻ അതിനു് ആഹാരം കൂടിയേ തീരുതാനം. അതല്ലെങ്കിൽ, മനുഷ്യൻെറ ശവശരീരം അധികം ആഴത്തിൽ കുഴിച്ചിട്ടിട്ടില്ലാത്തപ്പോൾ വല്ല കുറുക്കനൊ കരടിയൊ അതു മാന്തി പുറത്തിട്ടതിൽ നിന്നു് ഒരംശം തിന്നു മനുഷ്യമാംസത്തിൻെറ രുചി

പററിയിട്ടുമാവാം, ചില പുലികൾക്കു മനുഷ്യരെ കൊന്നു തിന്നുന്ന സ്വഭാവം വളർന്നുവന്നിട്ടുള്ളതു്. ഒരിക്കൽ മനുഷ്യമാംസം രുചിച്ചു നോക്കിക്കഴിഞ്ഞാൽ പിന്നെ, ചില പുലികൾക്കു് അതിൽ കൊതി പെരുകുകയാണു്. നരഭോജിയായ പെൺപുലിയുടെ വയററിൽ ജനിക്കയാൽ ആ പാരമ്പര്യം കുട്ടികളിലേക്കു പകർന്ന ഉദാഹരണങ്ങളുമുണ്ടു്. അതുപോലെതന്നെ സന്താനങ്ങൾക്കു മനുഷ്യമാംസം കൊടുത്തു ശീലിപ്പിച്ച ചില നരഭോജി മാതാക്കളുടെ സന്താനങ്ങളും നരഭോജികളായി പരിണമിച്ചിട്ടുണ്ടു്; ഇതു വളരെ സാധാരണമല്ലെങ്കിലും.

പൊതുവെ പറഞ്ഞാൽ, മനുഷ്യവർഗ്ഗത്തെ ഭയപ്പെടുന്നതും മനുഷ്യശബ്ദം കേൾക്കുകയോ മനുഷ്യനെ കാണുകയോ ചെയ്യുമ്പോൾ നിശ്ശബ്ദമായി വല്ല കുററിക്കാട്ടിലും കയറി അഭയം തേടുന്നതുമായ നിരുപദ്രവജീവിയാണു് പുലി; ആക്രമണവാസനയല്ല, അതിനു ജന്മസിദ്ധമായുള്ളതു്. എന്നാൽ അവയിൽ ചിലതു് മുറിവേല്പിക്കപ്പെട്ടാൽ അവിശ്വസനീയമായ ക്രൗര്യവും ധൈര്യവും പ്രകടിപ്പിക്കാറുമുണ്ടു്. മററു ചിലവയാകട്ടെ, തിരിഞ്ഞുനിൽക്കാതെ ഓടിക്കളയുന്ന ഭീരുക്കളാണു്; അവയെ ചൊക്കിളിപ്പട്ടികളെയെന്നപോലെ ഓടിച്ചിട്ടു് ആക്രമിച്ചു വകവരുത്തുകയും ചെയ്യാം.

ഇരയെ പിൻതുടരുന്ന ഒരു പുലിയുടെ നീക്കങ്ങൾ വല്ല മലമുകളിലുമിരുന്നു നോക്കിക്കാണുക, വളരെ രസകരമായ ഒരനുഭവമാണു്. തൻെറ സാന്നിദ്ധ്യമറിയിക്കാതെ ഓരോ ചെടിയുടെയും മരത്തിൻെറയും പാറക്കെട്ടിൻെറയും മറപററിച്ചു്, പാത്തുപാത്തു ചെന്നു്, അതു് ഇരയെ സമീപിക്കുന്നു. നിലത്തോടു പററിച്ചേർന്നു കിടക്കാനുള്ള അതിൻെറ കഴിവു് അത്ഭുതാവഹമാണു്. കണ്ണിനു് അസാധാരണമായ കാഴ്ചശക്തിയില്ലെങ്കിൽ പരിസരങ്ങളിൽനിന്നു തിരിച്ചറിയാൻ സാദ്ധ്യമല്ലാത്ത വിധത്തിലാണു് അതിൻെറ രോമത്തിനു നിറം കൊടുത്തിരിക്കുന്നതു്. ഒരിക്കൽ ദൂരദർശിനിയിലൂടെ ഒരു പുലിയുടെ നീക്കങ്ങൾ സൂക്ഷിച്ചുകൊണ്ടി

രുന്ന ഞാൻ അതു പ്രകടിപ്പിച്ച അസാധാരണമായ വനചരകൗശലം കണ്ടു് അത്ഭുതപ്പെട്ടുപോയി. ഒട്ടവിൽ ഒരു പാച്ചിൽ—രണ്ടു ചാട്ടവും—മിന്നൽ വേഗത്തിൽ അതു് ഇരയെ പിടികൂടിക്കഴിഞ്ഞു.

ഇരയുടെ പിന്നിൽക്കൂടെ ചാടിവീണു് കഴുത്തിൽ കരുത്തുററ ദംഷ്ട്രകൾ കൊണ്ടു പിടികൂടുന്നതിൽ ലക്ഷ്യം പിഴയ്ക്കുകയില്ല. താഴെ വീണ ഇര പ്രാണവേദനയോടെ കൈകാലുകളിട്ടടിക്കുന്നതിൽവച്ചു ക്ഷതമേൽക്കാനിടയാകാത്തതരത്തിൽ തൻെറ സ്ഥാനം അതിനെതിരെ വരത്തക്കവിധത്തിലായിരിക്കും കഴുത്തിലെ പിടി. ഇരയുടെ കഴുത്തിൽ കിഴിഞ്ഞിറങ്ങിയ ദംഷ്ട്രകളുടെ പിടി പിന്നെ അയയുന്നതു് അതു ചത്തുകഴിഞ്ഞിട്ടേയുള്ളൂ. അതുവരെ ഇരയെ നിലത്തുനിന്നനങ്ങാൻ സമ്മതിയ്ക്കില്ല. ചത്താലും കുറേനേരത്തേക്കു പിടി അയയ്ക്കില്ല. ഏറെ നേരത്തേക്കു് ആ നിലയിലിട്ടുകൊണ്ടുതന്നെ ഇരയുടെ രക്തമൂററിക്കുടിക്കും.

ആഹാരം തേടിപ്പോകുന്ന പുലി, നിശ്ശബ്ദനായി, താൻ തിന്നിട്ടു് അവശേഷിച്ചിരിക്കുന്ന ഇര കിടക്കുന്ന സ്ഥലത്തേയ്ക്കോ അല്ലെങ്കിൽ പുലിയെ ആകർഷിക്കാൻ വല്ല നായാട്ടുകാരനും കെട്ടിനിറുത്തിയിരിക്കുന്ന മൃഗത്തിൻെറ സമീപത്തേയ്ക്കോ നടന്നുപോകുന്ന ദൃശ്യവും വനമദ്ധ്യത്തിലെ നിശ്ചലാന്തരീക്ഷവും ചേർത്തു് ഒന്നു സങ്കല്പിച്ചു നോക്കുക. പുലിയെ വേട്ടയാടി വകവരുത്തണമെന്നുണ്ടെങ്കിൽ വളരെയധികം കരുതലും സൂക്ഷ്മതയും വേണം: ഓരോ പൊന്തയും ശ്രദ്ധിച്ചുകൊള്ളണം; ഓരോ പുൽക്കാട്ടിലും സൂക്ഷിച്ചു നോക്കിക്കൊള്ളണം; പാറക്കെട്ടുകളുടെയും മററും സമീപത്തുകൂടെ കടന്നുപോകുമ്പോൾ പ്രത്യേകം കരുതലുണ്ടായിരിക്കണം; കുഴികളൊ ഗുഹകളൊ ഒക്കെ പ്രത്യേകം ശ്രദ്ധിക്കണം. ഇങ്ങനെയൊക്കെയുള്ള പ്രദേശങ്ങളിൽ എവിടെയും പുലി പതിയിരിക്കുന്നുണ്ടെന്നു വരാം. ഏർപ്പെട്ടിരിക്കുന്ന സംരംഭത്തിലെ നിങ്ങളുടെ വിജയം മാത്രമല്ല, നിങ്ങളുടെ ജീവൻെറ സുരക്ഷിതത്വം തന്നെയും ഇക്കാ-

യ്യത്തിലുള്ള കരുതലിനെ ആശ്രയിച്ചാണിരിക്കുന്നതു്. വന്യജന്തുക്കളിൽ ഏററവും അധികം കൗശലക്കാരനും ആപൽക്കാരിയുമായ ഒരുവനുമായിട്ടാണു് ഇടപെടുന്ന തെന്നു് നിങ്ങൾക്കു് ഓർമ്മ വേണം.

പുലിയെ അതിൻെറ സമ്പ്രദായങ്ങൾ തന്നെ ഉപയോഗിച്ചു വേട്ടയാടുന്നതു് ഏററവും ഉദ്വേഗജനകമായ വിനോദങ്ങളിലൊന്നാണു്. ഈ സമ്പ്രദായത്തിനു് 'പതുങ്ങി വേട്ട' (Still hunting) എന്നു പറയുന്നു.

വിജയകരമായി പതുങ്ങിവേട്ട നടത്തുന്നതിനു് നല്ല വനാന്തരീക്ഷബോധവും, നിശ്ശബ്ദപാദസഞ്ചാര പ്രാവീണ്യവും, ഏതാണ്ട പുലിയുടേതിനു സദൃശമായ ബുദ്ധിയുമുണ്ടായിരുന്നേ മതിയാകൂ; എന്തുകൊണ്ടെന്നാൽ ഏററവും കൗശലക്കാരനായ ഒരു മൃഗത്തെ അതിൻെറ തന്നെ സഹജ സമ്പ്രദായമുപയോഗിച്ചു പരാജയപ്പെടുത്താനാണു് നിങ്ങൾ മുതിരുന്നതു്. പാദചാരിയായിചെന്നു പുലിയെ വേട്ടയാടാനാണു് നിങ്ങളുടെ ശ്രമം—പക്ഷേ, ഓർമ്മയിരിക്കട്ടെ, ഏററവും സമത്ഥനായൊരു വേട്ടക്കാരനാണു് നിങ്ങളുടെ പ്രതിയോഗി.

അറിഞ്ഞിരിക്കേണ്ട ഏററവും പ്രധാനപ്പെട്ട കാര്യം, പുലി എപ്പോഴാണു് ഇരതേടി പുറപ്പെടുന്നതു് എന്നതാണു്. രാത്രികാലങ്ങളിലാണു് അവൻ വനത്തിൽ ചുററിത്തിരിയുക. മനുഷ്യനു് ഒരു ദൗർബല്യമുണ്ടു്; ഫ്ളാഷ് ലൈററിൻെറ സഹായമില്ലാതെ ഇരുളിൽ ഒന്നും കണ്ടുകൂടാ. പക്ഷെ വിളക്കുപയോഗിക്കുന്നതോടെ പതുങ്ങിവേട്ടയുടെ സ്വഭാവം നഷ്ടപ്പെടുന്നു. പുലിനായാട്ടിനു പിന്നെ ഏററവും പററിയ സമയം, നല്ല ഇരുട്ടാകുന്നതിനു മുമ്പുള്ള സന്ധ്യാവേളയാണു്. കാലേക്കൂട്ടി ചുററിത്തിരിയാനിറങ്ങിയ വല്ല പുലിയേയും ആ സമയത്തു കണ്ടുമുട്ടാൻ കഴിഞ്ഞുവെന്നു വരാം. പകൽസമയത്തു് പുലിയെ തേടി പുറപ്പെട്ടിട്ടു പ്രയോജനമില്ല. മൂപ്പരുടെ വിശ്രമവേളയാണു്, അപ്പോൾ. അതുമല്ല, സൂര്യൻെറ ചൂടു് പുലിക്കു് അത്ര പിടിത്തവുമല്ല.

രണ്ടാമത്തെ കാര്യം, എങ്ങനെയുള്ള സ്ഥലങ്ങളിലാണ് പുലിയെ കണ്ടുകിട്ടാൻ ഇടയുള്ളതു് എന്നതാണ്. കാട്ടിൽ പുലിക്ക് ഇര കിട്ടാനുള്ളതെന്താണ് എന്ന അടുത്ത ചോദ്യത്തിനുത്തരം കണ്ടാൽ, ഈ പ്രശ്നത്തിൻെറയും സമാധാനമായി. പക്ഷേ ഈ ചോദ്യത്തിൻെറ ഉത്തരം പ്രശ്നപരിഹാരത്തിനു വളരെയൊന്നും സഹായകരമാകയില്ല. എന്തുകൊണ്ടെന്നാൽ, തൻെറ പിടിയിലൊതുങ്ങുന്ന വലിപ്പത്തിലുള്ളതും ജീവനുള്ളതുമായ എന്തിനെയും ആഹാരമാക്കാൻ പുലിക്കു മടിയില്ല. കാട്ടുകോഴി, കാട്ടുതാറാവു്, മുയൽ, കുരങ്ങു്, കാട്ടുപന്നി എന്നിവയും വലിയ കലമാനൊഴികെ മാൻവർഗ്ഗത്തിലുള്ള ഏതു മൃഗവും, മൂപ്പർക്ക് സ്വാദുള്ള ആഹാരമാണ്. ഗ്രാമപരിസരങ്ങളിലാണെങ്കിൽ നാട്ടുപന്നി, പട്ടി, ആട്ട്, കന്നുകാലികൾ, കഴുത, മുതലായതെല്ലാം പുലിക്ക് ഹിതകരമായ ഭോജ്യവസ്തുക്കളാണ്. വീടു വിട്ട് ദൂരെ സഞ്ചരിക്കാനുള്ള പ്രവണത കാണിക്കുന്ന പൂച്ചകളെപ്പോലും പുലി ആഹാരമാക്കാൻ മടിക്കാറില്ല.

പുലി അതിൻെറ പ്രകൃതിസഹജമായ ആഹാരം സിദ്ധിക്കുന്ന വനമദ്ധ്യത്തിൽ ചുററിനടക്കവെയാണ് നാം അവിടെ ചെന്നുചേർന്നതെന്നു തൽക്കാലം സങ്കല്പിക്കുക. പുലിയുടെ വേട്ടസമ്പ്രദായം എന്താണ്? അത്ഭുതകരമായ കാഴ്ചശക്തിയും നല്ല ശ്രവണശക്തിയുമുണ്ടെങ്കിലും പുലിക്ക് ഘ്റാണശക്തി കുറവാണെന്ന കാര്യം ഓർമ്മയിരിക്കണം. പുലിയുടെ സ്ഥാനത്തു നാങ്ങളാണെങ്കിൽ എന്തു ചെയ്യും? ഒന്നുകിൽ ആഹാരം കണ്ടുകിട്ടാനിടയുള്ള സ്ഥലങ്ങളിൽ ചുററിത്തിരിയും. അല്ലെങ്കിൽ ആഹാരം സ്വയമേവ വന്നുചേരാനിടയുള്ള ഒരു സ്ഥാനത്തു പതുങ്ങിക്കിടക്കും. അതുതന്നെയാണ് പുലിയും ചെയ്യുക.

താൻ ആഹരിക്കാൻ ഇഷ്ടപ്പെടുന്നതരം പക്ഷികളും ജന്തുക്കളും ഉണ്ടായിരിക്കാനിടയുള്ള സ്ഥാനങ്ങളിൽ അവൻ നിശ്ശബ്ദപാദനായി, കൗശലത്തോടെ, ചുററിനടക്കുന്നു. അല്ലെങ്കിൽ വെള്ളം കുടിക്കാനോ മറേറാ അവ പതിവായി സന്ദർശിക്കാറുള്ള വല്ല താവളത്തിൻെറയും

സമീപത്തു് അവയുടെ ആഗമനവും പാത്തു് പതിയിരിക്കുന്നു.

പുലി ഒളിവിൽ ഇരയെ പിന്തുടരുകയാണെന്നുള്ള പക്ഷം, തൻെറ സാന്നിദ്ധ്യം അറിയിക്കാതിരിക്കേണ്ടതുകൊണ്ടു്, പൊന്തകൾക്കകത്തുകൂടെയോ ഉണങ്ങിയ ഇലകൾ നിരന്നു കിടക്കുന്ന ഭൂമിയിൽക്കൂടെയോ നീങ്ങാൻ എപ്പോഴും നിവൃത്തിയില്ല. എന്തെന്നാൽ അതിൽവച്ചു് കിരുകിരാരവവും മർമ്മരശബ്ദവും ഉയരാനിടയുണ്ടു്. അതുകൊണ്ടു് നടപ്പാതകളിലൂടെയോ, മൃഗസഞ്ചാരമാർഗ്ഗങ്ങളിലൂടെയോ, വല്ല വെള്ളച്ചാലിൻെറയും കരയുടെ മറപിടിച്ചോ ഒക്കെയാണു് പുലി മുമ്പോട്ടു നീങ്ങുക. അല്ലെങ്കിൽ ജന്തുക്കൾ വെള്ളം കുടിക്കാനെത്തുന്ന താവളത്തിനടുത്തെവിടെയെങ്കിലും പതുങ്ങിയിരിക്കും. ആ സ്ഥാനത്തുനിന്നു് ആ വഴി കടന്നുപോകുന്ന ഇരയുടെ മേൽ ചാടിവീഴാൻ എളുപ്പമാണു്. ഇങ്ങനെയൊക്കെയുള്ള സ്ഥലങ്ങളിലാണു് പുലിയെ സാധാരണ കണ്ടുകിട്ടുക.

ഇനി ഒരു കാര്യം കൂടെ. നിങ്ങളുടെ ചലനങ്ങൾ പുലിയുടെ ശ്രദ്ധയെ ആകർഷിക്കാനിടയാക്കരുതു്. അതുകൊണ്ടു് പകൽസമയത്തു വനത്തിൽ ചുററി നടന്നു് പുലിയുടെ പാദമുദ്രകൾ വല്ലിടത്തും പതിഞ്ഞു കാണുന്നുണ്ടോ എന്നു നോക്കിവയ്ക്കണം—അങ്ങുമിങ്ങുമായി രണ്ടോ നാലോ കാൽപ്പാടുകൾ കാണാനുണ്ടോ എന്നതല്ല; പഴയതും പുതിയതുമായി തുടർച്ചയായി ധാരാളം കാൽപ്പാടുകൾ കാണുന്നുവെങ്കിൽ അതു ശ്രദ്ധയിൽ വയ്ക്കണം. അങ്ങനെ കണ്ടാൽ ഒരു പുലിയുടെ പതിവുസഞ്ചാരമാർഗ്ഗം കണ്ടെത്തിയതായി നിങ്ങൾക്കു് ഉറപ്പിക്കാം. അത്തരം രണ്ടു സഞ്ചാരമാർഗ്ഗങ്ങൾ സന്ധിക്കയോ പരസ്പരം മുറിച്ചു കടക്കുകയോ ചെയ്യുന്നതായിട്ടോ, അല്ലെങ്കിൽ അത്തരമൊരു വഴിത്താര ഏതെങ്കിലും ഒരരുവിയെയോ മററോ മുറിച്ചുകടക്കുന്നതായിട്ടോ ഉള്ള ഒരു സ്ഥാനം കണ്ടുപിടിക്കാൻ ശ്രമിക്കുക.

ഇങ്ങനെയൊരു സ്ഥാനം കണ്ടുവച്ചുകഴിഞ്ഞാൽ അന്നുതന്നെ വൈകുന്നേരം അവിടെ മടങ്ങിയെത്തി സൗക

യ്യമായ ഏതെങ്കിലും മരത്തിൻെറയോ പൊന്തയുടെയോ പിന്നിൽ സ്ഥാനം പിടിച്ച് ഒളിച്ചിരിക്കുക. അനങ്ങിപ്പോകരുത്. പുലി വരാനിടയുള്ള വഴിയിലോ അരുവിക്കരയിലോ മിഴിനട്ട് ജാഗ്രതയായിരിക്കുക. നിങ്ങൾക്കു ഭാഗ്യമുള്ളപക്ഷം ഇര തേടിയിറങ്ങിയ പുലി ആ വഴിക്കു വന്നുവെന്നു വരാം. ആഹാരത്തിനുതകുന്ന പക്ഷികളെയോ കുരങ്ങിനെയോ ഒക്കെത്തേടി ഇടയ്ക്കിടെ തല ഉയർത്തി മരക്കൊമ്പുകളിൽ നോക്കിയും ഇടതും വലതും വശങ്ങളിലേയ്ക്കു ദൃഷ്ടികൾ പായിച്ചും നല്ല ഗമയിലായിരിക്കും വരവ്. ഇങ്ങനെ പുലിനായാട്ടിനുള്ള കാത്തിരിപ്പിനിടയിൽ ഒരു കട്ടവായോ ആനയോ മാൻവർഗ്ഗത്തിലെ വിവിധ ഇനങ്ങളിൽപെട്ട ഏതെങ്കിലും മൃഗമോ നിങ്ങളുടെ മുമ്പിൽ വന്നുപെട്ടുകൂടായ്കയില്ല, എന്നു് പ്രത്യേകം എട്ടുത്തു പറയേണ്ടതില്ലല്ലോ.

പക്ഷേ നിങ്ങൾ പുലിനായാട്ടിൽ മാത്രം തല്പരനാണെന്നു് നമുക്കു തൽക്കാലം സങ്കല്പിക്കുക. ഒരു കാട്ടരുവിയോ ഉപ്പുറവയോ വല്ലതും കണ്ടുവയ്ക്കാൻ നിങ്ങൾക്കു കഴിയുന്നപക്ഷം അതിനു സമീപത്തു വല്ലതിൻെറയും മറവിൽ പാത്തിരിക്കുന്നതു് നന്നായിരിക്കും; അല്ലെങ്കിൽ അവിടെ വല്ല ചിതൽപ്പുററോ മറേറാ ഉള്ളപക്ഷം അതിൻെറ മറപററിയിരിക്കാം.

ഇത്തരമൊരു താവളത്തിൽ വന്നുപോകുന്ന വന്യജീവികളെ നോക്കിയിരിക്കുക, നിങ്ങൾക്കു് ആനന്ദകരമായ ഒരനുഭവമായിരിക്കും. അല്പ സമയം കഴിയുമ്പോൾ ഒരു പുലിയോ കട്ടവായോ വന്നു് ഏതാണ്ടു നിങ്ങളുടേതുപോലെതന്നെയുള്ള ഒരു കാത്തിരിപ്പു തുടങ്ങിയിരിക്കുന്നതായി കാണപ്പെട്ടാൽ അതിൽ അത്ര വളരെയൊന്നും അത്ഭുതപ്പെടേണ്ടതില്ല. പക്ഷേ അവയുടെ ആഗമനത്തെപ്പററി അറിയുക അത്ര എളുപ്പമൊന്നുമല്ലെന്നു മുന്നറിവു തന്നുകൊള്ളട്ടെ. അത്രയ്ക്കു നിശ്ശബ്ദപാദരായിട്ടാണു് അവർ സഞ്ചരിക്കുക. ഞാൻ മുമ്പു പറഞ്ഞതുപോലെ മാംസഭക്ഷകളായ മൃഗങ്ങൾ ഇത്തരം സ്ഥാനങ്ങളാണു് ഇരയെ പിടികൂടാനുള്ള താവളങ്ങളായി കരുതിവയ്ക്കുന്നതു്.

ആഴം കുറഞ്ഞതും ഇടുങ്ങിയതുമായ ഒരു ഗർത്തത്തിൻെറ ഒരു മൂലയിലുണ്ടായിരുന്ന ഉപ്പുറവയുടെ സമീപത്തായി ഉയർന്നു നിന്നിരുന്ന ഒരു മരത്തിൻെറ മറപററി ഞാൻ ഒരിക്കൽ പുൽപരപ്പിൽ ഒളിച്ചുകിടന്നിരുന്ന സംഭവം ഓർമ്മിച്ചു പോകയാണ്. പുള്ളിമാനുകളും മ്ലാവുകളും ധാരാളമായി ഈ ഉപ്പുറവയിലെത്താറുണ്ടെന്നു് നേരത്തെ നടത്തിയ ഒരു പരിശോധനയിൽ മനസ്സിലായിരുന്നു. നേരം ഇരുണ്ടു തുടങ്ങിയപ്പോൾ എൻെറ പുറകുവശത്തായി ലേശമായ ഒരു കിരുകിര ശബ്ദം കേട്ടു് ഞാൻ തിരിഞ്ഞുനോക്കി. വ്യക്തമായ അത്ഭുതം സ്ഫുരിക്കുന്ന മുഖഭാവത്തോടെ ഒരു പുലി എന്നെത്തന്നെ നോക്കിക്കൊണ്ടു നിൽക്കുകയാണ്. എൻെറ ദൃഷ്ടിയിൽപെട്ടു കഴിഞ്ഞു എന്നു മനസ്സിലായതോടെ മടങ്ങിപ്പോകാൻവേണ്ടി അതു പകുതി തിരിഞ്ഞു. "നാശം പിടിക്കാൻ തനിക്കു മററുവല്ലിടവും പോയി തുലയരുതോ?" എന്നു ചോദിക്കുന്ന മട്ടിൽ തിരിഞ്ഞു് ഒരു പ്രാവശ്യംകൂടെ നോക്കിയിട്ടു് മൂപ്പർ നടന്നു മറഞ്ഞു.

ഈ മൃഗങ്ങളിലൊന്നിനെയോ അഥവാ ഒരു പെൺകടുവായെയോ അവളുടെ കുട്ടികളുടെകൂടെ കാണുന്നതു് എന്തു രസമാണെന്നോ! മാതാവിനു മക്കളുടെ കാര്യത്തിലുള്ള ശുഷ്കാന്തി വളരെ പ്രകടമാണ്. കുട്ടികൾക്കു് കാലുറപ്പിച്ചു നടക്കാറാവുകയും ഇരയെ പിടിക്കാനുള്ള പ്രാഥമിക പാഠങ്ങളെങ്കിലും ഹൃദിസ്ഥമാവുകയും ചെയ്യുന്നതുവരെ മാംസഭുക്കുകളായ ജന്തുക്കൾ അവരെ ഗുഹയിൽനിന്നു പുറത്തു പോകാൻ അനുവദിക്കാറില്ല. അതുവരെ അവയെ ഗുഹയുടെ ഉള്ളിൽ തന്നെ ശ്രദ്ധാപൂർവം സംരക്ഷിക്കുകയെയുള്ളു. തീരെ കുട്ടിപ്രായത്തിൽ അവയ്ക്കു പാൽ മാത്രമേ ഭക്ഷണമായി കൊടുക്കൂ. കുറച്ചുകൂടെ വളർന്നു കഴിയുമ്പോൾ അവയ്ക്കു പച്ചമാംസം കൊടുത്തു ശീലിപ്പിക്കുന്നു. മാതാവുതന്നെ മാംസം ചവച്ചു പാകപ്പെടുത്തി സ്വന്തം ഉദരത്തിലയച്ചു് അല്പമൊന്നു ദഹിപ്പിച്ചെടുത്തു് കുട്ടികൾക്കു് കഴിക്കാൻപാകത്തിൽ അവയുടെ മുമ്പിൽ ഛർദ്ദിച്ചുകൊടുക്കുന്നതാണ് സമ്പ്രദായം. മാംസം സ്വയം

ദഹിപ്പിക്കാനുള്ള ശക്തി കുട്ടികൾക്കുണ്ടാകുന്നതോടു കൂടി മാതാവു പക്ഷികളെയും മൃഗങ്ങളെയും പിടികൂടി കൊന്നു ഗുഹയിൽ കൊണ്ടുചെന്നു് കുട്ടികൾക്കു കൊടുക്കുന്നു. അല്പംകൂടെ കഴിയുമ്പോൾ ഒരു മാനിൻെറ കാലോ ചിലപ്പോൾ ഒരു മുഴുവൻ മാനിനെത്തന്നെയോ കുട്ടികളുടെ മുമ്പിൽ സമർപ്പിക്കുന്നു.

കുട്ടികൾ വലിയ കൊതിയന്മാരാകയാൽ അവരുടെ ഇഷ്ടത്തിനു വിട്ടുകൊടുത്താൽ കണ്ടമാനം തീററതിന്നു് അവർ രോഗം വരുത്തിവയ്ക്കും. ഞാൻ പല പുലിക്കുട്ടികളെയും കടുവാക്കുട്ടികളെയും എടുത്തുവളർത്തിയിട്ടുണ്ടു്. അവയ്ക്കു്—പ്രത്യേകിച്ചു പുലിക്കുട്ടികൾക്കു്—ആമാശയവീക്കം എന്ന രോഗം വളരെയെളുപ്പം പിടിപെടുന്നതായിട്ടാണു് കണ്ടിട്ടുള്ളതു്. ക്രമത്തിലധികം പച്ചമാംസക്കഷണങ്ങളും അനേകം പാത്രം ചോരയും കുടി അകത്താക്കും. അനങ്ങാൻ വയ്യാതാകുന്നതുവരെ ആഹാരം ചെലുത്തും. ആമാശയവീക്കം പിടിപെട്ടുപോയാൽ ഭേദമാകാൻ പ്രയാസവുമാണു്. മൂന്നു നാലു ദിവസത്തിനുള്ളിൽ വല്ലാതെ വേദനപ്പെട്ടു് അതു ചത്തുപോകുന്നു. ഏതാണ്ടു് എട്ടുമാസം പ്രായമാകുന്നതുവരെ പുലിക്കുട്ടികൾക്കു് ഈ രോഗം ബാധിക്കാൻ സാദ്ധ്യതയുണ്ടു്. അങ്ങനെതന്നെ എനിക്കു വളരെയധികം പുലിക്കുട്ടികൾ നഷ്ടമായിട്ടുമുണ്ടു്.

എന്നാൽ കാട്ടിൽ വളരുന്ന പുലികൾക്കു് തങ്ങളുടെ കുഞ്ഞുങ്ങൾക്കു സംഭവിക്കാവുന്ന അപകടത്തെപ്പററി ജന്മവാസനയാലെന്നപോലുള്ള സഹജബോധമുള്ളതായി കാണാം. പെൺപുലി, കുഞ്ഞുങ്ങൾക്കു് ആവശ്യത്തിനുവേണ്ടത്ര തീററയും മുലപ്പാലും മാത്രമേ കൊടുക്കൂ. കുട്ടികൾ നല്ലതുപോലെ വളർച്ചയെത്തി, മുലകുടിക്കുന്ന സമയം മാതാവിനെ മാന്തുകയും കടിക്കുകയുമൊക്കെ ചെയ്തുതുടങ്ങുന്നതുവരെ ഈ രീതി തന്നെതുടരും.

മനുഷ്യരുടെയോ, സ്വന്തം കുഞ്ഞുങ്ങളെത്തന്നെ സ്വാദായി സാപ്പിടുന്ന സ്വഭാവക്കാരനായ തന്തപ്പുലിയുടെയോ, ഇടപെടൽകൊണ്ടുള്ള അപകടത്തിൻെറ നിഴൽ ഗുഹയിൽ വീശിയാൽ പെൺപുലി ഉടനെതന്നെ കുട്ടി

കളെ കുറേക്കൂടെ സുരക്ഷിതമായ വല്ല സ്ഥാനത്തേയ്ക്കും മാററിക്കളയും. കുട്ടികളെ ഓരോന്നിനെയായി പുറംകഴുത്തിൽ കടിച്ചെടുത്തിട്ടാണ് ഇങ്ങനെ നീക്കം ചെയ്യുന്നത്.

കുട്ടികൾക്കു നടക്കാറായിക്കഴിയുമ്പോൾ മാതാവ് അവയെക്കൂടെ കൂട്ടിക്കൊണ്ടുപോയി ഇരയെ പിൻതുടരാനും സ്വയം വേട്ടയാടിപ്പിടിക്കാനുമുള്ള കലയിൽ അഭ്യസനം നൽകുന്നു. ഇതു് ഒരു നീണ്ട പ്രക്രിയയാണ്. ആരംഭത്തിൽ മാതാവുതന്നെ ഇരയെ പിടികൂടി കൊന്നു കാണിച്ചുകൊടുക്കുന്നു. ഈ സമയം കുട്ടികൾ വല്ല പൊന്തക്കാട്ടിലും ഒളിച്ചിരിക്കയാവും. ഇരയെ കൊന്നുകഴിഞ്ഞിട്ട് മാതാവ് മുരുമ്മിയും മുരടനക്കിയും കുട്ടികളെ ആ രംഗത്തേയ്ക്കു വിളിച്ചുവരുത്തുന്നു. എന്നിട്ട് ഇരയുടെ പുറത്തു കയറി സവാരി നടത്താനും അതിനെ കടിച്ചു കീറി ചൂടുള്ള പുതുരക്തത്തിൻെറ രുചിയറിയാനും കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. ഈ ലഹളയ്ക്കിടയിൽ പുലിക്കുട്ടികളിൽനിന്നുയരുന്ന ക്രൂരമായ ആക്രോശങ്ങൾ കേൾക്കാൻ വളരെ രസമാണ്. അവ വലിയ ധൈര്യം പ്രകടിപ്പിക്കയും വളരെ ക്രൂരമായി പെരുമാറുകയും പരസ്പരം ആക്രമിക്കയും ചിലപ്പോൾ സ്വന്തം മാതാവിൻെറ നേരെപോലും ലഹളയ്ക്കൊരുമ്പെടുകയും ചെയ്യും.

അടുത്ത അഭ്യാസം, മാതാവുതന്നെ ആക്രമിച്ച് അർദ്ധപ്രാണനാക്കിയ ഇരയുടെ മേലുള്ള ആക്രമണം പൂർത്തിയാക്കി അതിനെ കൊല്ലാൻ കുട്ടികൾക്കു വിട്ടുകൊടുക്കുന്നതാണ്. ഇരയുടെ തൊണ്ടയിൽ കടിച്ചുകീറി വളരെ ക്രൂരമായ രീതിയിലാണ് ആ കുട്ടികൾ തങ്ങളെ ഏല്പിച്ച ജോലി മുഴമിക്കുക.

കൊല്ലുന്ന കലയിലുള്ള പരിശീലനം പുലിക്കുട്ടികൾക്കെന്നതിനെക്കാൾ കൂടുതൽ വിപുലമായ തോതിലാണ് കടുവാക്കുട്ടികൾക്ക് നൽകപ്പെടാറുള്ളതു്. ഇരയുടെ കഴുത്തിൽ കടിച്ചു തൂങ്ങി അതിനെ ശ്വാസം മുട്ടിച്ചുകൊല്ലുകയാണ് പുലിയുടെ രീതി. കടുവായാകട്ടെ വളരെ ശാസ്ത്രീയമായ രീതിയിൽ ഇരയുടെ കഴുത്തൊടിക്കുകയാണു ചെയ്യുന്നതു്. അതുകൊണ്ടു കടുവാക്കുട്ടികളുടെ പരിശീലന

ത്തിനു കൂടുതൽ കാലം ആവശ്യമായി വരും. തൻെറ കുട്ടികളെ പരിശീലിപ്പിക്കേണ്ട ആവശ്യത്തിന് ഒരു പററം മൃഗങ്ങളിൽ നിന്ന് നാലോ അഞ്ചോ എണ്ണത്തിനെ വ്യാഘ്റി കൊന്നിട്ടുള്ള ഉദാഹരണങ്ങളുമുണ്ട്. എന്നാൽ കടുവാക്കുട്ടികളെ തനിച്ച് ഈ ജോലിക്കു വിട്ടാൽ ഇരയെ കടിക്കുകയോ മാന്തിപ്പൊളിക്കുകയോ ചെയ്യാൻ മുതിരുകയും, ഇര ഓടി രക്ഷപെടുകയും, കാര്യം വഷളായി കലാശിക്കുകയും ചെയ്യുകയാണ് പലപ്പോഴും സംഭവിക്കുക.

കടുവാ കൊല്ലുന്നതു വളരെ ശാസ്ത്രീയമായും സമത്ഥമായുമാണെന്ന് ഞാൻ മുമ്പ് സൂചിപ്പിച്ചുവല്ലോ. ഇരയുടെ പുറത്തേയ്ക്കു കുതിച്ചുചാടി കഴുത്തിൽ ദംഷ്ട്രകളിറക്കി കൊണ്ട് കരുത്തുററ മുൻകൈകളാൽ ഇരയുടെ തോളുകളിൽ അള്ളിപ്പിടിച്ച് അമർത്തിയിട്ട് മിന്നൽവേഗത്തിൽ അതിനെ മേല്പോട്ടും പുറകോട്ടുമായി വെട്ടിവലിക്കയാണ് കടുവാ ചെയ്യുന്നതു്. കടുവായുടെയും ഇരയുടെയും ഭാരവും പെട്ടെന്നുള്ള സുശക്തമായ വെട്ടിവലിക്കലും കൂടെയാകുമ്പോൾ ഇരയുടെ കഴുത്ത് ഒടിഞ്ഞുപോകുന്നു.

പെൺകടുവായോ പെൺപുലിയോ ആഹാരം തേടി പുറപ്പെടുമ്പോൾ, കുട്ടികളും മാതാവിൻെറ എല്ലാ ചേഷ്ടകളെയും അനുകരിച്ചുകൊണ്ട് പിന്നാലെ സഞ്ചരിക്കുന്നു. മാതാവു തറ പററി കിടക്കുകയോ മറ പററി നീങ്ങുകയോ ചെയ്യുമ്പോഴൊക്കെ കുട്ടികളും ആ പ്രവൃത്തികളെല്ലാം ആവർത്തിക്കുന്നു. ഇങ്ങനത്തെ അവസരത്തിൽ വ്യാഘ്റിയുടെ അടുത്തേക്കുചെല്ലുന്നതു് വളരെ അപകടകരമാണ്. കുട്ടികളുടെ രക്ഷയെ കരുതി അതു നമ്മെ കടന്നാക്രമിച്ചുവെന്നു വരാം. പുലിയാണെങ്കിൽ, ഒരു വേള ആക്രമണത്തിനു മുതിർന്നില്ലെങ്കിൽ തന്നെയും ക്രൂരമായി മുരളുകയും ചീറുകയും ചെയ്ത് പ്രതിഷേധം രേഖപ്പെടുത്താതിരിക്കയില്ല. ഏതായാലും വളരെ അടുത്തു ചെല്ലുന്നതു് അപകടകരമാണ്. ഇത്തരമൊരു കുടുംബയോഗത്തിൻെറ വരവു കണ്ടാൽ നിറതോക്കുപയോഗിക്കാൻ കരുതിത്തന്നെ നിന്നുകൊള്ളണം.

എന്നാൽ ഒഴിച്ചുകൂടാൻ വയ്യാത്ത ഘട്ടത്തിലും, സ്വയരക്ഷയ്ക്കു വേണ്ടിയും അല്ലാത്തപ്പോൾ ഒരിക്കലും കുട്ടികളോടൊപ്പം പോകുന്ന ഒരു പെൺകടുവായെയോ പെൺപുലിയെയോ കൊല്ലാൻ മുതിരരുത്. അങ്ങനെ ചെയ്താൽ ആ കുട്ടികൾ ഭക്ഷണം കിട്ടാതെ വനത്തിൽ അലഞ്ഞുനടന്നു ചത്തുപോകും. മുതിർന്ന കുട്ടികളാണെന്നുള്ള പക്ഷം അവ നരഭോജികളായി പരിണമിക്കാനുമിടയുണ്ട്. അവരുടെ പ്രകൃതിസഹജമായ ആഹാരം വന്യജീവികളാണ്. അവയെ പിടികൂടി കൊല്ലാനുള്ള പരിശീലനം ആ കുട്ടികൾക്കു വേണ്ടത്ര ലഭിച്ചിട്ടില്ലെന്നു് ഓർമ്മിക്കണം. അവയുടെ വിദ്യാഭ്യാസം അപൂർണ്ണമായി പരിണമിക്കാനുള്ള അവസരം ഇങ്ങനെ നിങ്ങൾ സൃഷ്ടിക്കുന്നപക്ഷം, സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ മാത്രം പ്രേരിതരായി, വിശപ്പടക്കുവാൻ വേണ്ടി മനുഷ്യരെ കൊന്നുതിന്നുന്ന സമ്പ്രദായത്തിലേക്ക് അവ തിരിഞ്ഞുവെന്നു വരാം. മററു ജന്തുക്കളെക്കാൾ, മനുഷ്യനെ പിൻതുടരാനും ആക്രമിക്കാനും താരതമ്യേന എളുപ്പമാണെന്നുള്ളതു് ഓർമ്മയിരിക്കട്ടെ.

ഈ മൃഗങ്ങളെ പതുങ്ങി പിൻതുടർന്നുചെന്നു വേട്ടയാടാൻ ഏററവും പററിയതു് ഇൻഡ്യയിലെ ശീതകാലം—നവമ്പർ, ഡിസമ്പർ. ജനുവരി മാസങ്ങൾ—ആണ്. അതാണ് പുലിയുടെയും കടുവായുടെയും ഇണചേരൽകാലം.

ഈ മൃഗങ്ങൾ സഞ്ചരിക്കുന്നതു് അധികവും രാത്രികാലത്താണെന്നും സായംസന്ധ്യാവേളകളിൽ അവയെ കണ്ടുമുട്ടാനുള്ള സാദ്ധ്യത വളരെ വിരളമാണെന്നും ഓർമ്മയിരിക്കണം. വ്യാഘ്റി ഇണയെ ക്ഷണിച്ചു വരുത്താൻ പുറപ്പെടുവിക്കുന്ന ശബ്ദം ഉദ്വേഗജനകമാണ്. ആ വിളിയിൽ അക്ഷമയുടെ വ്യക്തമായ സൂചനയുണ്ടാവും. പക്ഷേ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഈ കാലഘട്ടത്തിൽ—പ്രത്യേകിച്ചു് ഇണചേരലിനു പ്രാരംഭമായ പ്രണയ പ്രകടനവേളകളിലും ഇണചേരുന്ന സമയത്തും—വളരെ അപകടകാരിയായ മൃഗമാണ് കടുവാ.

വളരെ പതുക്കൻ മട്ടിലാണു് അവയുടെ ഇണചേരൽ. ഇണചേരലിനിടയിൽ ആൺകടുവായും പെൺകടുവായും തമ്മിൽ പരസ്പരം കടിക്കുകയും മാന്തിക്കീറുകയുമൊക്കെ ചെയ്തുകൊണ്ടിരിക്കും.

നമ്മുടെ വളർത്തുപൂച്ചകളുടെ ഇണചേരൽ സമ്പ്രദായത്തിൻെറ അസാധാരണത്വം നിങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചിരിക്കും. അതിൻെറ അനേകം മടങ്ങു് ഉഗ്രമായ ഒരു ലഹള സങ്കല്പിക്കുക; വ്യാഘ്റങ്ങളുടെ ഇണചേരലിൻെറ ക്രൗര്യത്തെപ്പററി ഏതാണ്ടൊരു രൂപം നിങ്ങൾക്കു ലഭിക്കും. ഇണചേരുന്ന സമയം, വികാരാവേശത്തിൻെറയും ഉന്മാദപാരവശ്യത്തിൻെറയും പരമോച്ചകോടിയിലാണു്, ഈ ജന്തുക്കൾ ചെന്നെത്തുക. ലൈംഗികോദ്വേഗത്തിൻെറ ഈ മൂർദ്ധന്യാവസ്ഥയിൽ നിൽക്കുമ്പോൾ അവയുടെ മുമ്പിൽ ചെന്നുപെടുന്ന മനുഷ്യർക്കു രക്ഷയൊന്നുമില്ല. ഇക്കാലങ്ങളിൽ വികാരതീവ്രതയിൽ മുന്തിനിൽക്കുന്നതു പെൺകടുവായാണു്. അക്കാരണത്താൽ തന്നെ കൂടുതൽ ഭയപ്പെടേണ്ടതും അവളെയാണു്. കാമാതുരയായി ഇണയെത്തേടുന്ന വ്യാഘ്റിഭയങ്കരിയാണു്. അത്തരമൊരു വ്യാഘ്റിയുടെ സാന്നിദ്ധ്യം ചുററുപാടിൽ വളരെ ദൂരം വരെ വനത്തിലുള്ള പ്രവർത്തനങ്ങളെയും ഗതാഗതത്തെയുമെല്ലാം സ്തംഭിപ്പിച്ചിട്ടുള്ള ഉദാഹരണങ്ങളുണ്ടു്.

പുലികളും ഇക്കാര്യത്തിൽ ഏതാണ്ടു് ഇതേ പ്രവണതകളാണു് പ്രകടമാക്കാറു്. പക്ഷെ ഇത്തരമൊരു ഘട്ടത്തിലായാൽപോലും മനുഷ്യരെ കടന്നാക്രമിക്കാൻ അതിനു ധൈര്യം പോരാ. പക്ഷേ സംശയരഹിതമാം വിധത്തിൽ പ്രതിഷേധം പ്രകടിപ്പിക്കാതിരിക്കില്ല.

കടുവയെക്കാൾ എന്നതിനെക്കാൾ പൂച്ചയോടു സാദൃശ്യമുണ്ടു്, പുലിക്കു്. കാട്ടുമൃഗങ്ങളുടെ സഞ്ചാരമാർഗ്ഗത്തിനരികിലായി മണ്ണുമാന്തി കൂനകൂട്ടിയിരിക്കുന്നതായോ ഉണക്കിലകൾ വരണ്ടുകൂട്ടിയിരിക്കുന്നതായോ കണ്ടാൽ നിശ്ചയിക്കാം, അവിടെ പുലി മലവിസർജ്ജനം ചെയ്തിട്ടുണ്ടെന്നു്. ഇക്കാര്യത്തിൽ പൂച്ചയുടെ സ്വഭാവം തന്നെയാണു്

പുലിക്കും; എവിടെയെങ്കിലും മലം വീഴ്ത്തിക്കഴിഞ്ഞാൽ മണ്ണോ മററോ കൊണ്ടു മൂടിയിട്ടും. കടുവായാണെങ്കിൽ ഇതിനൊന്നും മെനക്കെടാൻ നിൽക്കില്ല; മലം വീഴ്ത്തിയാൽ അവിടെത്തന്നെ കിടക്കും. പട്ടിയുടെ സ്വഭാവമാണ്, അക്കാര്യത്തിൽ. കടുവായുടെയായാലും പുലിയുടെയായാലും മലത്തിൻെറ മുഖ്യാംശം, ഒടുവിൽ കൊന്നതിന്ന മൃഗത്തിൻെറ രോമവും മററും ദഹിക്കാതെ ശേഷിച്ചിട്ടുള്ളതായിരിക്കും.

ശവംതീനിയായ കഴുതപ്പുലി, അസ്ഥികളുമെല്ലാം കടിച്ചുപൊട്ടിച്ചു വിഴുങ്ങുന്ന സ്വഭാവക്കാരനാണ്. മുഴുവൻ ദഹിച്ചിട്ടില്ലാത്ത വെളുത്ത അസ്ഥിഖണ്ഡങ്ങളുടെ സാന്നിദ്ധ്യം കൊണ്ടു് കഴുതപ്പുലിയുടെ മലം തിരിച്ചറിയാം. മുൻകാലുകളും പിൻകാലുകളും തറയിൽ പതിഞ്ഞുണ്ടായ പാടുകളുടെ വലിപ്പവ്യത്യാസം കൊണ്ടു് കഴുതപ്പുലി പോയവഴി കണ്ടുപിടിക്കാൻ കഴിയും. അവയുടെ മുൻകാലിലെ പാദങ്ങൾക്കു് പിൻകാലിലേതിനെക്കാൾ വലിപ്പം വളരെ കൂടുതലാണ്.

നടക്കുന്ന അവസരത്തിൽ പുലിയും കടുവായെപ്പോലെ തന്നെ നഖങ്ങൾ പാദത്തിനുള്ളിലേക്കു വലിച്ചുകളയുന്നു. കഴുതപ്പുലിയുടെയും സാധാരണ പുലിയുടെയും കാൽപാടുകൾ ഏതാണ്ടു് ഒരേവലിപ്പത്തിലുള്ളതാകയാൽ അവ തമ്മിൽ തിരിച്ചറിയുന്നതു് കാൽപാടിൽ നഖത്തിൻെറ രേഖയുണ്ടോ എന്നു നോക്കിയിട്ടാണു. കഴുതപ്പുലിക്കു നഖം ഉള്ളിലേയ്ക്കു വലിച്ചുകളയാനുള്ള കഴിവില്ലാത്തതിനാൽ അതിൻെറ കാൽപതിഞ്ഞ സ്ഥാനങ്ങളിൽ വ്യക്തമായ നഖരേഖ കാണാം.

പുള്ളിപ്പുലിയും കഴുതപ്പുലിയും രണ്ടു ഭിന്നവംശങ്ങളിൽപെട്ട മൃഗങ്ങളാണെന്നും, അതല്ല, അവ രണ്ടും ഒരേ വംശത്തിൽ പെട്ടവ തന്നെയാണെന്നും മൃഗയാവിനോദകുതുകികൾ തമ്മിൽ ഒരു കാലത്തു് ഉഗ്രമായ തർക്കം നിലവിലുണ്ടായിരുന്നു. അടുത്തകാലത്തു് ആ തർക്കമൊക്കെ കെട്ടടങ്ങുകയും രണ്ടുതരം പുലികളും വാസ്തവത്തിൽ ഒരേ ഇനത്തിൽപെട്ടവയാണെന്നു സംശയരഹിതമായി

സ്ഥാപിക്കപ്പെട്ടുകയും ചെയ്യിട്ടുണ്ട്. പരിസരസ്വഭാവത്തിൻെറയും ആഹാരത്തിൻെറയും വ്യത്യാസം കൊണ്ട് ഈ മൃഗങ്ങളിൽ ചിലത് മററുള്ളവയെക്കാൾ വളരെയധികം വലിപ്പത്തിൽ വളർന്നു കാണാറുണ്ട്. വനാന്തർഭാഗങ്ങളിൽ ജീവിക്കുന്ന പുലികൾ നല്ലയിനം മൃഗങ്ങളെ വേട്ടയാടിപ്പിടിച്ചു ഭക്ഷിച്ചു വളരുന്നതുകൊണ്ട് ഗ്രാമപരിസരങ്ങളിൽ കാണുന്നവയെ അപേക്ഷിച്ച് കൂടുതൽ ഇരുണ്ട് ഇടതൂർന്ന രോമത്തോടുകൂടിയവയും കൂടുതൽ കരുത്തും വലിപ്പവും ഉള്ളവയുമായിരിക്കുന്നു. ഗ്രാമപരിസരങ്ങളിൽ കഴിച്ചുകൂട്ടുന്ന പുലികൾക്ക് വല്ല പട്ടിയേയൊ പൂച്ചയേയൊ ഒക്കെയാണല്ലോ ഭക്ഷണമായി ലഭിക്കുക.

ഈ രണ്ടുതരം പുലികളുടെയും കാര്യത്തിൽ വളരെ അപൂർവ്വമായി ഈ നിയമത്തിനു ചില വ്യത്യസ്തങ്ങളെയും കാണാവുന്നതാണ്. പ്രകൃതിതന്നെ സ്വന്തം നിയമത്തെ ഇങ്ങനെ അവ്യാഖ്യേയമായ രീതിയിൽ ചിലപ്പോൾ ലംഘിക്കാറുണ്ട്. വൻകാട്ടുകളിൽനിന്നു വളരെയകലെയുള്ള ഗ്രാമപരിസരത്തിൽ വച്ച് നല്ല മുഴപ്പും ഇടതൂർന്ന രോമവും ഇരുണ്ടനിറവുമുള്ള ചില പുലികളെയും വനമദ്ധ്യത്തിൽതന്നെ നിറവും വലിപ്പവും കുറഞ്ഞ പുലികളെയും കണ്ടുമുട്ടി വെടിവയ്ക്കാൻ എനിക്കു തന്നെ സംഗതിയായിട്ടുണ്ട്.

കടുവായുടെ കാര്യത്തിലും മിക്കവാറും ഇതുതന്നെയാണ് സ്ഥിതി. കന്നുകാലിവർഗ്ഗത്തെ പിടിച്ചുതിന്നു കഴിച്ചുകൂട്ടുന്ന കടുവാകൾ നല്ല ഭാരവും തടിയുമുള്ളവയായിട്ടു തീരുമ്പോൾ വന്യജന്തുക്കളെ വേട്ടയാടിപ്പിടിക്കുന്ന ആയാസകരമായ പ്രവൃത്തിയിലേർപ്പെട്ടിരിക്കുന്ന വനാന്തർഭാഗചാരികളായ വ്യാഘ്റങ്ങൾ, അധികം തടിക്കാതെ, നല്ല ഉറച്ച മാംസപേശികളും കരുത്തും ഊർജ്ജിതവും ഉള്ളവയായിരിക്കുന്നു. എന്നാൽ കന്നുകാലികളെ പിടികൂടുന്ന വ്യാഘ്റങ്ങൾക്കാകട്ടെ, ഒട്ടും ശരീരക്ലമമില്ലായ്കയാൽ അവയുടെ ശരീരം തടിച്ചുതുങ്ങുന്നു. നല്ല

വ്യായാമമുണ്ടായിരിക്കുമ്പോൾ മനുഷ്യൻെറയായാലും മൃഗത്തിൻെറയായാലും ശരീരത്തിലെ മാംസളത മാറിപ്പോകും. മനുഷ്യനും കടുവായും തമ്മിൽ ഇക്കാര്യത്തിൽ വ്യത്യാസമൊന്നുമില്ല.

ചില കടുവാകളും പുലികളും നരഭോജികളായി പരിണമിക്കുന്നതു് ചില അസാധാരണ സാഹചര്യങ്ങളിലാണു്. അതിനു് ഉദാഹരണങ്ങൾ മുമ്പുപറഞ്ഞുവല്ലൊ. ഇതു് ആ മൃഗങ്ങളുടെ സഹജാവബോധത്തിനു കടകവിരുദ്ധമായി —ക്രമവിരുദ്ധമായി—സംഭവിക്കുന്ന ഒരു പ്രതിഭാസവുമാണു്.

പുലികൾക്കു് നന്നായി മരം കയറാൻ കഴിയും. കാട്ടുനായ്ക്കളാൽ പിൻതുടരപ്പെട്ടുമ്പോൾ രക്ഷപെടാൻ വേണ്ടിയോ, അല്ലെങ്കിൽ മരക്കൊമ്പത്തിരിക്കുന്ന ഒരു കുരങ്ങിനെയൊ മററൊ പിടികൂടാൻ വേണ്ടിയൊ അതു് വളരെ സാമർത്ഥ്യത്തോടെ മരത്തിൻ പിടിച്ചു കയറും. കടുവായ്ക്കു് ഈ കഴിവില്ല. എങ്കിലും പരിശീലനംകൊണ്ടു് മൃഗശാലയിലെ ഒരു മരത്തിന്മേൽ പ്രയാസംകൂടാതെ കയറി, അതിനുവേണ്ടി ഉയരത്തിൽ പണിതീർത്തിരിക്കുന്ന പ്ളാററു്ഫാറത്തിൽ വിശ്രമിക്കാറുള്ള ഒരു കടുവായെ ഞാൻ മൈസൂർ മൃഗശാലയിൽ കണ്ടിട്ടുണ്ടു് എന്നു പറയേണ്ടിയിരിക്കുന്നു. മനുഷ്യരുടെ ഇടയിൽ വ്യക്തികൾ തമ്മിൽ തമ്മിൽ വ്യത്യാസം കാണാറുള്ളതുപോലെ മൃഗങ്ങളുടെ കാര്യത്തിലും ഉണ്ടാവാം എന്നതിൻെറ ഒരു ദാഹരണമായി കണക്കാക്കിയാൽ മതി, ഇതു്.

പുലിയായാലും കടുവായായാലും വളരെ അസാധാരണമായ ഒരു കൗശലമാണു് കുരങ്ങിനെ പിടികൂടാൻ ഉപയോഗിക്കുന്നതു്. വനത്തിലെ കുരങ്ങന്മാർ അങ്ങേയററം ജാഗ്രതയോടെ പെരുമാറുന്നവയാണു്. തങ്ങളുടെ ജന്മശത്രുക്കളായ ഇത്തരം മാംസഭുക്കുകൾ അടുത്തെങ്ങാനും എത്തുന്നുണ്ടോ എന്നു് അവർ എപ്പോഴും കരുതലോടെ നോക്കിക്കൊണ്ടിരിക്കും. അവരെ അകലെ കാണുമ്പോൾ തന്നെ കുരങ്ങുകൾ മരത്തിൻെറ അഗ്രഭാഗത്തെ കമ്പുകളിലെ സുരക്ഷിതസ്ഥാനത്തു ചെന്നിരുന്ന

73038

കൊള്ളും. പുലിയും കടുവായുമൊക്കെ കുരങ്ങിരിക്കുന്ന മരത്തിനടുത്തെത്തുമ്പോൾ ഭീകരമാം വിധം അലറുകയും മുരളുകയും ചെയ്തുകൊണ്ട് മരത്തിൻെറ ചുവടിനെ ലക്ഷ്യമാക്കി ചാടിച്ചെല്ലും. കുരങ്ങാകട്ടെ ശത്രുവിൻെറ ഗർജ്ജനവും ഭാവവും കണ്ട്, ആകെ ധൈര്യം കൈവിട്ട്, ഇരിക്കുന്ന സുരക്ഷിതസ്ഥാനത്തുനിന്ന് ഒന്നുകിൽ അടുത്ത മരത്തിലേക്കോ മരം വളരെ അകലെയാണെന്നുള്ള പക്ഷം അതിന്മേൽ കയറിപ്പററാൻ വേണ്ടി വളരെ ഉയരത്തിൽ നിന്നു തറയിലേക്കോ എടുത്തു ചാടും. ഈ ചാട്ടത്തിനിടയിൽ അവശതപ്പെട്ടുപോകയൊ പരുക്കുപററുകയൊ ചെയ്യുന്ന പാവപ്പെട്ട കുരങ്ങ് അതിസാമർത്ഥ്യക്കാരനായ ശത്രുവിൻെറ പിടിയിൽ പെട്ടുപോകയും ചെയ്യുന്നു.

ഇൻഡ്യയിലുള്ള വനങ്ങളിലെ ഏററവും ബുദ്ധിയുള്ള മൃഗങ്ങളിൽ ഒന്ന്—ഒരുവേള അതിനേക്കാൾ ബുദ്ധിയുള്ള മറെറാരു മൃഗം ഉണ്ടായിരിക്കില്ല— കാട്ടുനായാണ്. ഏററവും ബുദ്ധിശാലിയായ വന്യമൃഗമെന്ന ബഹുമതി, പഴയ കാലത്തെ നായാട്ടുകാർ, കാട്ടാന, പുലി, കടുവാ, എന്നിവയ്ക്കൊക്കെ മാറിമാറി നൽകിയിട്ടുണ്ട്. പക്ഷേ, കാട്ടുനായുടെ പെരുമാററം ശ്രദ്ധിച്ചിട്ടുള്ള പക്ഷം നിങ്ങൾ അവരോടൊക്കെ വിയോജിക്കാനേ ഇടയുള്ളു. മാനിനെ വേട്ടയാടുമ്പോൾ അവ എപ്പോഴും മാനിൻെറ ഇരുവശത്തും കൂടെ ഓരോ സംഘത്തെ അയയ്ക്കും. കുറെ ദൂരെയെത്തുമ്പോൾ മുമ്പിലും പുറകിലും ഇരുവശത്തും നിന്നു വളഞ്ഞെടുത്ത് കുടുക്കിൽ പെടുത്തി അതിനെ വകവരുത്തും. മൂപ്പതും അധികവുമുള്ള സംഘങ്ങളായി പുറപ്പെടുമ്പോൾ ഈ ജന്തുക്കൾ നിർഭയരായ വേട്ടക്കാരാണ്; കടുവായേയൊ പുലിയേയൊ ഒക്കെ വളഞ്ഞ് ആക്രമിച്ചു കൊല്ലാൻ അവർ മടിക്കാറില്ല. ശത്രുവിനെ കടിച്ചുകീറി കഷണം കഷണമാക്കും. അതിനിടയിൽ കൂട്ടത്തിൽ എത്രപേർക്കു പരുക്കുപററുന്നു, എത്രപേർ ചത്തു പോകുന്നു, എന്നൊന്നും ഗണ്യമാക്കുകയില്ല.

പഴയ മദ്രാസ് പ്രവിശ്യയിലെ ചിററൂർ പ്രദേശത്തു പ്രത്യേകിച്ച്, കാട്ടുനായ്ക്കൾ, അവരുടെ ധീരതയ്ക്കു

130398

പ്രശസ്തി നേടിയിട്ടുണ്ട്. കട്ടവായെ കാട്ടനായ്ക്കൾ ആക്രമിച്ച്, രക്തത്രുഷിതമായ ഒരു മഹാ സമരത്തിനിടയിൽ കടിച്ചുകീറി കഷണം കഷണമാക്കി സംഹരിച്ചതിൻെറ മൂന്നുദാഹരണങ്ങളെങ്കിലും എനിക്കു നേരിട്ടറിയാം. പക്ഷേ ഓരോ പ്രാവശ്യവും നായ്ക്കളിൽ അരഡസൻ എണ്ണമെങ്കിലും കൊല്ലപ്പെട്ടുകയും പലതിനും അംഗഭംഗം സംഭവിക്കയും ചെയ്യിരുന്നു. എന്നാൽ ഒരു പുലിയെ ഇങ്ങനെ കാട്ടനായ്ക്കൾ ആക്രമിച്ചു കൊന്ന ഉദാഹരണമൊന്നും കണ്ടിട്ടില്ല. അതിനു മരത്തിൽ കയറി രക്ഷപെടാൻ കഴിയുന്നതുകൊണ്ടായിരിക്കാം ഇതു്.

കട്ടവായ്ക്കു് ജലസമ്പക്കം വളരെ ഇഷ്ടമാണു്. വലിയ നദികൾപോലും അതു് നിഷ്പ്രയാസം നീന്തിക്കടക്കും. ഉഷ്ണകാലത്തു വല്ല പുഴക്കരയിലുമുള്ള ശീതളച്ഛായയിലൊ അല്ലെങ്കിൽ വെള്ളത്തിൽ തന്നെയൊ കിടന്നു ചെറുതായൊന്നുറങ്ങുന്നതു മൂപ്പർക്കു് ബഹുരസമുള്ള കാര്യമാണു്. മഴയുള്ള ദിവസങ്ങളിൽ വളരെ ഉത്സാഹത്തോടെയാണു് ഇരയെ വേട്ടയാടിപിടിക്കാൻ കട്ടവാ പുറപ്പെട്ടുക. കോരിച്ചൊരിയുന്ന പേമാരിയുള്ള രാത്രി കഴിഞ്ഞു നേരം പുലരുമ്പോൾ കട്ടവായുടെ കാൽപ്പെരുമാററത്തിൻെറ പാട്ടുകൾ വനത്തിൽ ധാരാളമായിക്കാണാം, എന്നാൽ പുലിയുടെ സ്വഭാവം നേരെമറിച്ചാണു്. എല്ലാ കാര്യത്തിലും പൂച്ചയോട്ടു സാദൃശ്യമുള്ള പുലിക്കു് വെള്ളത്തിനോട്ടു് വെറുപ്പാണു്; മഴയോട്ടു മട്ടപ്പാണു്; നീന്താനിഷ്ടവുമല്ല- എങ്കിലും കാട്ടനായ്ക്കൂട്ടത്തിൽ നിന്നു രക്ഷപ്പെടാൻ വേണ്ടിയുള്ള മരണപ്പാച്ചിലിനിടയ്ക്കോ മറോ ആണെങ്കിൽ നീന്താൻ വയ്യെന്നുമില്ല.

മംഗോളിയായിലെ തണുത്ത കാലാവസ്ഥയിൽ നിന്നാണു് കട്ടവാ ഇൻഡ്യയിലേയ്ക്കു കുടിയേറിയതു്. അതു കൊണ്ടാണു് ചൂടിൽ നിന്നു രക്ഷ തേടി ശീതളച്ഛായകളെ അഭയം പ്രാപിക്കാനുള്ള വാസന കാണാനുള്ളതു്. പുലിയാകട്ടെ, ശരിക്കും ഉഷ്ണഭൂമിയായ ഇന്ത്യയുടെ തന്നെ സന്താനവുമാണു്.

കടുവാ ചിലപ്പോൾ കലമാനിന്റെ (sambar) ശബ്ദത്തെ അനുകരിക്കാറുണ്ടു്. അതു് ആ സാധു മൃഗത്തെ അടുത്തേയ്ക്കാകർഷിച്ചു കുടുക്കിലാക്കി പിടിക്കാൻ ഉദ്ദേശിച്ചു കൊണ്ടായിരിക്കണം. ഇത്തരം ശബ്ദാനുകരണം അപൂവ്വമായിട്ടേ കേൾക്കാറുള്ളു; അതും മാൻ വർഗ്ഗം ധാരാളമുള്ള വനങ്ങളിൽ മാത്രം. പുലികൾ ഈ സമ്പ്രദായം സ്വീകരിക്കാറില്ല. നിശ്ശബ്ദമായി ഇരയെ പിൻതുടരാനും നിലംപററെ ചേർന്നുകിടന്നു് ഒളിക്കാനും അവിശ്വസനീയമാംവിധം ചുരുങ്ങിയ പരിധികളുള്ളിൽ ഒതുങ്ങിക്കൂടാനും ഉള്ള കഴിവിനെയും അവസാന നിമിഷത്തിൽ മിന്നൽ വേഗത്തിൽ ലക്ഷ്യം പിഴയ്ക്കാതെ ഇരയുടെ മേൽചാടിവീഴുന്നതിലുള്ള സാമർത്ഥ്യത്തെയുമാണു് ഇരയെ പിടിക്കുന്ന വിഷയത്തിൽ പുലി മുഖ്യമായി ആശ്രയിക്കുന്നതു്.

പഴയകാലത്തെ നായാട്ടുകാരുടെ അഭിപ്രായത്തിൽ കടുവാ 'മാന്യനും' പുലി 'പോക്കിരി'യുമാണു്. ഈ രണ്ടിനം മൃഗങ്ങളെയും വേട്ടയാടവെ, മുറിവേററ മൃഗത്തെ മസിൽലോഡർ തോക്കുമായി പിൻതുടന്ന ആ ധീരസാഹസികൾക്കുണ്ടായ അനുഭവസമ്പത്തിൽ നിന്നായിരിക്കണം, ഇത്തരം അഭിപ്രായങ്ങൾ പൊന്തിവന്നതു് എന്നെനിക്കു തോന്നുന്നു. ആ പഴവന്മാരുടെ മുമ്പിൽ നാം താണു വണങ്ങുക! അക്കാലത്തെ രീതിയിലുള്ള അസൗകര്യപ്രദമായ നായാട്ടുവസ്ത്രങ്ങളണിഞ്ഞു് തടിയൻ ബൂട്ട്സും വട്ടമേറിയ ചട്ടത്തൊപ്പിയും ധരിച്ചു് അപര്യാപ്തമായ ആയുധങ്ങളുമായി കാൽനടയായി ഇരയെ പിൻതുടർന്നു ചെന്നിരുന്ന ധീരന്മാരാണു് അവർ. മോട്ടോർകാറിന്റെ ഉള്ളിൽ സുരക്ഷിതനായിരുന്നുകൊണ്ടു് അതിന്റെ ദീപപ്രഭയിൽ വിരണ്ടു രക്ഷാമാർഗ്ഗമില്ലാതെ നിൽക്കുന്ന പാവപ്പെട്ട മൃഗത്തെ നിശാവേളകളിൽ വെടിവെച്ചു വീഴ്ത്തുന്ന ആധുനിക നായാട്ടുകാരന്റെ ചിത്രവും ഇതും കൂടെ ഒന്നു താരതമ്യപ്പെടുത്തി നോക്കുക; എന്തൊരന്തരം!

നായാട്ടുകാരനാൽ പിൻതുടരപ്പെടുന്ന മുറിവേററ കടുവാ ക്രൂരമായ മുരൾച്ചയാൽ തന്റെ സ്ഥാനമേതെന്നുള്ള

കാര്യം വെളിപ്പെട്ടത്തും. എന്നാൽ പരുക്കേററ പുലി യാകട്ടെ, നിശ്ശബ്ദനായി പതുങ്ങിയിരുന്നു്, തന്നെക്കടന്നുപോകുന്ന നായാട്ടുകാരനെ പിന്നിൽനിന്നു് ആക്രമിക്കുന്ന സ്വഭാവക്കാരനാണു്. അതുകൊണ്ടു പുലിക്കു് 'പോക്കിരി'യെന്ന സ്ഥാനപ്പേരു നൽകിയതിൽ കുറെയൊരു ന്യായമുണ്ടെന്നു സമ്മതിച്ചേ തീരൂ. കൂടുതൽ ശൗര്യമുള്ളതു കടുവായ്ക്കാണു്. നേരിടാൻ കൂടുതൽ പ്രയാസമുള്ള പ്രതിയോഗിയും കടുവാതന്നെ. കൊല്ലാൻവേണ്ടി ആക്രമിക്കുമ്പോൾ തന്റെ ജോലി കൂടുതൽ പ്രാപ്തിയോടെ നിർവ്വഹിക്കുന്നതും മൂപ്പർതന്നെ. എന്നാൽ പുലിയാകട്ടെ, അതു നരഭോജിയായിത്തീർന്നിട്ടില്ലാത്തപക്ഷം, തന്നെ പിൻതുടരുന്ന നായാട്ടുകാരനെ ആക്രമിച്ചു മാന്തിപ്പൊളിച്ചിട്ടു് ഓടി രക്ഷപെടാൻ ശ്രമിക്കയല്ലാതെ, നിർബന്ധമായി കൊല്ലാൻ നിൽക്കാറില്ല.

താൻ കൊന്ന ജന്തു എത്രതന്നെ ചീഞ്ഞളിഞ്ഞാലും അസ്ഥികൾവരെ നക്കിത്തുടച്ചു മുഴുവൻ മാംസവും അകത്താക്കുന്ന സ്വഭാവക്കാരനാണു്, പുലി. കടുവായാകട്ടെ, ചത്തു രണ്ടുദിവസം കഴിഞ്ഞ ഇരയെ സാധാരണ തിന്നാറില്ല. കടുവാകൾ കൂടുതൽ മാംസം തിന്നുന്നതുകൊണ്ടു്, രണ്ടുമൂന്നു പ്രാവശ്യത്തെ ആഹാരം കഴിയുമ്പോഴെയ്ക്കു് ഇരയുടെ ശരീരത്തിൽ തിന്നത്തക്കതായി പിന്നെ വളരെയൊന്നും ശേഷിച്ചിട്ടുണ്ടായിരിക്കില്ല എന്നതാണു്, ഒരു കാര്യം. അതുമല്ല, മൊത്തത്തിൽ പറഞ്ഞാൽ ആഹാര കാര്യത്തിൽ കുറെക്കൂടെ വൃത്തിബോധവും കടുവായ്ക്കാണു്. ചീഞ്ഞ മാംസം ഈ രണ്ടിനം മൃഗങ്ങളുടെയും നഖത്തിനടിയിൽ പററിപ്പിടിച്ചിരിക്കാറുണ്ടു്. ഇതു് ആപത്ക്കരമായ രോഗാണുക്കളുടെ വളർച്ചയെ സഹായിക്കുന്നു. അക്കാരണത്താൽ ഈ മൃഗങ്ങളുടെ ദംഷ്ട്രകൾ കൊണ്ടുണ്ടാകുന്ന മുറിവുകളെക്കാൾ ഭയപ്പെടേണ്ടതു് നഖംകൊണ്ടുണ്ടാകുന്നവയെയാണു്. ആ നഖം കൊണ്ടു ക്ഷതമേററാൽ രക്തത്തിൽ രോഗാണുസംക്രമണമുണ്ടാകുന്നു. നഖത്തിൽ പററിപ്പിടിച്ചിരിക്കുന്ന വസ്തുക്കൾ നീക്കം ചെയ്യുന്ന സ്വഭാവമാണു് കടുവായ്ക്കു്. ഇങ്ങനെ

പററിയിരിക്കുന്ന മാലിന്യങ്ങൾ ഇളക്കിക്കളയാനും നഖത്തിൻെറ മൂർച്ചകൂട്ടാനും വേണ്ടി ചിലതരം മരങ്ങളുടെ മൃദുചർമ്മത്തിൽ നഖംകൊണ്ടു മാന്തിപ്പൊളിക്കുന്ന സ്വഭാവം അതിനുണ്ട്. പുലി ഇങ്ങനെയൊന്നും ചെയ്യുക സാധാരണയല്ല. അതുകൊണ്ടുതന്നെ അവയുടെ നഖങ്ങൾ കൂടുതൽ ദൃഢം നിറഞ്ഞവയുമാണ്. ചില മരങ്ങളിൽ ആറേഴടി ഉയരത്തിൽ ഇങ്ങനെ കടുവാ മാന്തിയിട്ടുള്ള ലക്ഷ്യം കാണാം. പിൻകാലുകളിൽ നിവർന്നു നിന്ന് മൂപ്പർ മുൻകാലുകൾ വൃത്തിയാക്കിയതിൻെറ ലക്ഷ്യമാണതു്. ഇതു കണ്ടാൽ നായാട്ടുകാരനു സന്തോഷിക്കാം. എന്തെന്നാൽ തനിക്കു വേട്ടയാടാനുള്ള വക അടുത്തുതന്നെയുണ്ടെന്നു് ഇതുകൊണ്ടു് ഉറപ്പാക്കാം.

മററുതരത്തിൽ നോക്കിയാലും ഭക്ഷണകാര്യത്തിൽ കുറേക്കൂടെ സ്വച്ഛത കടുവായ്ക്കാണ്. പുലി തൻെറ ഭക്ഷണമാരംഭിക്കുന്നതു്; ഇരയുടെ വയർ കടിച്ചു കീറി വയറും കുടലും മലവും എല്ലാംകൂടെ വലിച്ചു പുറത്തിട്ട ശേഷം ആണ്; എല്ലാംകൂടെ മാംസത്തിൽ കൂടിക്കുഴയും. കടുവായാണെങ്കിൽ ആദ്യംതന്നെ ഇരയുടെ ഗുദദ്വാരത്തിൽക്കൂടെ കൈകടത്തി കുടലും പണ്ടിയുമെല്ലാം വലിച്ചുപറിച്ചെടുത്തു് പത്തടി ദൂരെയെങ്കിലും കൊണ്ടിട്ടതിനുശേഷമേ മാംസം തിന്നാനാരംഭിക്കൂ. ഈ സൗകര്യത്തെക്കരുതി കടുവാ പലപ്പോഴും ഇരയുടെ വാൽ, മൂട്ടിൽ വച്ചു കടിച്ചു മുറിച്ചു മാററുകയാണ് ആദ്യം ചെയ്യുന്നതു്. വനാന്തർഭാഗങ്ങളിൽ കാണുന്ന വലിയ ഇനം പുലികളും ചിലപ്പോൾ ഇങ്ങനെതന്നെ ചെയ്തുകാണാറുണ്ട്. പക്ഷേ, സാധാരണ കാണുന്ന ചെറിയതരം പുലികളിൽ ഈ വൃത്തിബോധം ഒരിക്കലും പ്രതീക്ഷിക്കേണ്ട. അതിൻെറ സദ്യയിൽ ഇറച്ചിയും കുടലും പണ്ടവും മലവും എല്ലാംകൂടെ കൂടിക്കുഴഞ്ഞിരിക്കും. കുട്ടികളൊത്തു ജീവിക്കുന്ന ഒരു പെൺകടുവായുടെ ഗുഹ, പുലികളുടെ ഒരു കുടുംബം ജീവിക്കുന്ന ഗുഹയെ അപേക്ഷിച്ചു വളരെ സ്വച്ഛതയുള്ളതായിരിക്കും. പുലിമടയിൽ പലപ്പോഴും അസ്ഥിഖണ്ഡങ്ങളും മററു മലിനപദാർത്ഥങ്ങളും ചിത

റിക്കിടക്കും. കടുവായുടെ ഗുഹയിൽ അങ്ങനെയൊന്നും കാണുക സാധാരണയല്ല.

ഇണചേരുന്ന കാലങ്ങളിലല്ലെങ്കിൽക്കൂടിയും ശബ്ദകോലാഹലം കൊണ്ടു വനാന്തരീക്ഷം മുഖരിതമാക്കി തങ്ങളുടെ സാന്നിദ്ധ്യം പരസ്യം ചെയ്യുന്ന കൂട്ടരാണു് കടുവാകൾ; പുലികളെപ്പോലെയല്ല. ഇന്ത്യയിലെ വനങ്ങളിൽ പാർക്കുന്ന ആദിവാസികൾ ഇതിനു സാക്ഷ്യം വഹിക്കും. കടുവാകൾ സാധാരണ ഇരതേടിപ്പോകുന്ന മാർഗ്ഗങ്ങൾ ഏകദേശമായി പറഞ്ഞു തരാൻ അവർക്കു കഴിയും. ഒരിക്കലും മറക്കാനാവാത്ത ഘർഘരമായ മുരളലിലവസാനിക്കുന്ന ആ ഘനശാരീരത്തിലുള്ള കടുവായുടെ ഗർജ്ജനം വൃക്ഷനിബിഡമായ മലയിടുക്കുകളിലും നീരന്ധ്റമായ കാന്താര മദ്ധ്യത്തിലും മുഴങ്ങി പ്രതിധ്വനിക്കുന്നതു കേൾക്കുക, വനപ്രേമികൾക്കു കർണ്ണപീയൂഷമായൊരനുഭവമാണു്. കുറെക്കൂടെ പരുക്കനെങ്കിലും അത്രതന്നെ ദൂരത്തിലെത്താത്ത പുലിയുടെ ഗർജ്ജനത്തിനു് മനുഷ്യൻ മുറുമുറുക്കുന്ന ശബ്ദത്തോടാണു് സാമ്യമുള്ളതു്. നിശാവേളകളിൽ ചിലപ്പോൾ ഈ ശബ്ദവും വനത്തിൽ ഉയർന്നു കേൾക്കുമാറുണ്ടെങ്കിലും കടുവായുടെ ഗർജ്ജനംപോലെ അത്ര സാധാരണയല്ല അതു്.

ഇര തേടിയുള്ള സഞ്ചാരത്തിൽ ഒരു പ്രത്യേക പ്രയാണമാർഗ്ഗത്തെ അവലംബിക്കുന്ന സ്വഭാവമാണു് കടുവായുടെ മറെറാരു പ്രത്യേകത. ഇതിനു് അനേകം മൈൽ—ചിലപ്പോൾ ഒരു നൂറുമൈലിലധികം തന്നെയും ദൈർഘ്യമുണ്ടായെന്നു വരാം. എന്നാൽ തൻെറ റോന്തിൻെറ ഈ മാർഗ്ഗത്തിൽ കടുവാ മാററം വരുത്തുകയില്ല; വല്ല വെള്ളം വററിയ നീർച്ചാലിൻെറയോ ആററിൻെറയോ തോടിൻെറയോ കരവഴിയോ, വൃക്ഷനിബിഡമായ മലയിടുക്കുവഴിയൊ, ഏതെങ്കിലും വന്മല കയറിയിറങ്ങിയിട്ടോ ഒക്കെയാണെന്നു വരാം, മൂപ്പരുടെ പതിവുവഴി. കടുവാ ഇരതേടിപ്പോകുന്ന വഴിയിലെ പൊടിയിൽ അതിൻെറ ചുവട്ടടി പതിഞ്ഞു കാണാതിരിക്കയില്ല. ആ രേഖ കണ്ടാൽ നിങ്ങൾക്കുറപ്പി

ക്കാം മൂപ്പർ വീണ്ടും ആ വഴിക്കു വരാതിരിക്കയില്ലെന്നു്. കട്ടവായുടെ ചംക്രമണ മാർഗ്ഗത്തിൻെറ ദൈർഘ്യത്തിൻെറ തോതനുസരിച്ചു് ഏതാനും ദിവസങ്ങൾക്കൊ വാരങ്ങൾക്കോ ചിലപ്പോൾ മാസങ്ങൾക്കുതന്നെയോ ശേഷമാണെന്നു വരാം, കട്ടവാ അതിൻെറ റോന്തുചുററലിൽ വീണ്ടും ആ വഴിക്കു വരുന്നതു്. ഒന്നു നിങ്ങൾക്കു് ഉറപ്പായി വിശ്വസിക്കാം; മൂപ്പർ ആ വഴിക്കു വരാതിരിക്കില്ല. പോയ വഴിക്കു തന്നെ മടങ്ങിവരുന്ന സമ്പ്രദായം കട്ടവായിൽ സാധാരണ കാണാറില്ല. ഒരു ദീർഘവൃത്തത്തിൽ ചുററിത്തിരിഞ്ഞു് കാലടിപ്പാടുകണ്ട സ്ഥലത്തു വീണ്ടും എത്തിച്ചേർന്നു് പിന്നെയും പഴയവഴിയെതന്നെ മുന്നോട്ടു യാത്രതുടരുന്നതാണു് അതിൻെറ സ്വഭാവം.

ഈ റോന്തുചുററലിനിടയിൽ വല്ല മൃഗത്തെയും കൊല്ലാൻ തരപ്പെട്ടുവെങ്കിൽ അതിനെ തിന്നുതീർക്കുവാൻ വേണ്ടി രണ്ടുദിവസം കട്ടവാ ആ പരിസരത്തിൽ തന്നെ കഴിച്ചുകൂട്ടും. ജോലി തീർന്നാൽ പിന്നെയും യാത്ര തുടരുകയായി.

ഒരു നരഭോജിയുടെ ചലനങ്ങളെ സംബന്ധിച്ചു വല്ലതുമെങ്കിലും മുൻകൂട്ടി സങ്കല്പിക്കാൻ തുടങ്ങുന്നതിനു മുൻപു്, അതിൻെറ ഈ പ്രത്യേക സ്വഭാവവിശേഷം ഓർമ്മയിലിരിക്കണം. വളരെ പ്രധാനമായ കാര്യമാണിതു്. എന്തെന്നാൽ റോന്തുചുററുന്ന പ്രദേശത്തിൻെറ വിസ്തീർണ്ണത്തിനനുസൃതമായി ഒരു ക്ലിപ്തകാലത്തിനുള്ളിൽ ഒരേ പ്രദേശത്തു കൂടെ കട്ടവാ വീണ്ടും കടന്നുപോകുമെന്നുള്ളതു് ഉറപ്പായ കാര്യമാണു്. ഈ കാലയളവു് ഏതാണ്ടു കൃത്യമായിത്തന്നെ കണക്കാക്കിയെടുക്കാൻ കഴിയും. ആ പ്രദേശത്തിൻെറ ഒരു ഭൂപടം തയാറാക്കി, അതിൽ കട്ടവാ മനുഷ്യനെ പിടിച്ച സ്ഥാനങ്ങളും തീയതികളും അടയാളപ്പെടുത്തിയെടുത്താൽ പിന്നെ ലഘുവായ കണക്കുകൂട്ടൽ കൊണ്ടു് ഈ മൃഗത്തിൻെറ സഞ്ചാരപഥവും ഓരോ സ്ഥലവും ആവൎത്തിച്ചു സന്ദർശിക്കുന്നതിൻെറ കാലാവധിയുമൊക്കെ കണ്ടുപിടിക്കാം.

പുലിക്കു് ഇങ്ങനെ ക്ലിപ്തമായ സന്ദർശനകാലങ്ങളോ സ്ഥിരമായ സഞ്ചാര പരിപാടിയോ ഒന്നുമില്ല. അതു് എപ്പോൾ, എവിടെയാണുണ്ടാകുക എന്നു പ്രവചിക്കാൻ സാദ്ധ്യമല്ല. എവിടെയാണു്, എപ്പോഴാണു്, ഏതുസാഹചര്യങ്ങളിലാണു് പുലിയുടെ സന്ദർശനം ഉണ്ടാവുക എന്നു തിട്ടപ്പെടുത്താൻ കഴിവില്ലാത്തതിനാൽ നരഭോജിയായ ഒരു പുലിയെ എവിടെയും ക്ലിപ്തമായി പ്രതീക്ഷിക്കാൻ കഴിയില്ല. ഏററവും പരിചയസമ്പന്നരും കുശാഗ്രമതികളുമായ നായാട്ടുകാരാൽ പ്രവചിക്കപ്പെട്ടിട്ടുള്ള സ്ഥാനങ്ങളിൽ നിന്നുപോലും ഏറെ അകലെയും അപ്രതീക്ഷിതമായ രീതിയിലുമാണു് നരഭോജിയായ പുലി പ്രത്യക്ഷപ്പെട്ടു് തൻെറ അടുത്ത ആഘാതമേല്പിക്കുന്നതായി കണ്ടിട്ടുള്ളതു്.

ഈ അദ്ധ്യായത്തിൽ 'പതുങ്ങിവേട്ട'യെപ്പററിയും മാംസഭുക്കുകളായ ചില വലിയ ഇനം മൃഗങ്ങളുടെ സ്വഭാവത്തെപ്പററിയും ചില സൂചനകൾ നൽകാനാണു് ഞാൻ ശ്രമിച്ചിട്ടുള്ളതു്. 'പതുങ്ങിവേട്ട'യിൽ എൻെറ തോക്കിനിരയായിട്ടുള്ള മൃഗങ്ങളുടെ കാര്യം ഞാൻ മനഃപൂർവ്വം പറയാതെ വിട്ടുകളഞ്ഞതാണു്. അതു നിങ്ങൾക്കു് അത്രതന്നെ രസകരമാവുകയില്ലെന്നു ഞാൻ കരുതി. വനബോധവും ക്ഷമയും കൗശലവും കൊണ്ടു്, അവയെല്ലാം തികഞ്ഞ ഇത്തരം മൃഗങ്ങളെ അവയ്ക്കു സ്വായത്തമായ പ്രത്യേക സമ്പ്രദായത്തിൽതന്നെ നേരിട്ടു് മേൽക്കൈ നേടുന്നതിലാണു് വാസ്തവത്തിൽ രസമുള്ളതു്; അല്ലാതെ വെറുതെ കൊല്ലുന്നതിലല്ല. തോക്കിനു പകരം കയ്യിൽ ഒരു ക്യാമറായുമായി പോയി, അതീവമനോഹരങ്ങളായ ഈ മൃഗങ്ങളെ കൊല്ലുന്നതിനു പകരം, അവയുടെ ചിത്രമെടുത്തുകൊണ്ടു പോരാനാണു് ഞാൻ ശക്തിയായി ഉപദേശിക്കുക. സ്വയരക്ഷയ്ക്കുവേണ്ടി നിങ്ങൾ തോക്കുകൂടെ കയ്യിൽ കരുതികൊള്ളുക. അപകടസാദ്ധ്യത ബോദ്ധ്യപ്പെട്ടപ്പോഴല്ലാതെ, വെറുതെ കൊല്ലാനുള്ള പ്രേരണയ്ക്കു ധീനനായി വെടിവയ്ക്കരുതെന്നുമാത്രം.

നായാട്ടിലെ വിജയസ്മാരകമായി ഭിത്തിയിലൊ മറെറാ സ്ഥാപിക്കപ്പെടുന്ന മൃഗാവശേഷത്തെക്കാൾ വളരെയേറെ കൗതുകകരവും വിലപ്പെട്ടതുമായ നേട്ടമായിരിക്കും വന്യജന്തുക്കളുടെ സാമത്ഥ്യപൂവ്വം പിടിച്ചെടുക്കപ്പെടുന്ന ഫോട്ടോകൾ എന്നതു് ഓർമ്മിക്കുക. ഫോട്ടോവിൽ നിന്നും അഴകുററ ആ ജന്തുവിൻെറ ജീവൽസ്ഫുററ ആകാരസൗഭഗം നമുക്കു് ആവർത്തിച്ചാവർത്തിച്ചു് ആസ്വദിക്കാമെന്നിരിക്കെ, പഞ്ഞിയൊ മറെറാ കുത്തിത്തിരുകിയ മൃഗചർമ്മരൂപത്തിൽ, കാലാന്തരത്തിൽ പലതരം പ്രാണികളുടെ ആക്രമണത്തിനിരയായി ദ്രവിച്ചുപോകുന്ന നിർജ്ജീവ സ്മാരകങ്ങളാണു്, നാം സൂക്ഷിക്കാറു്!

---

## 2

## ഏലഗിരിമലകളിലെ ആൾപിടിയൻ പുലി

നട്ടുച്ചനേരം. അഗ്നിഗോളമെന്നോണം ആകാശമദ്ധ്യത്തിൽ എരിഞ്ഞുകൊണ്ടു നിൽക്കുകയാണ്, സൂര്യൻ. അതിൻെറ ആഗ്നേയശക്തിയിൽ മോഹിതയായ കാനനഭൂമി നിശ്ചലവും നിർജ്ജീവവുമായി തളർന്നു കിടക്കുകയാണ്. പ്രഭാതം മുതൽ ചിലച്ചും വിളിച്ചും വനതലത്തെ ശബ്ദമുഖരിതമാക്കിക്കൊണ്ടിരുന്ന പക്ഷികളും കുരങ്ങുകളും പോലും ഈ മരവിച്ച അന്തരീക്ഷത്തിൽ പെട്ടുമയങ്ങുകയാണ്.

ഉരുകിയ സ്വർണ്ണമൊഴുകുന്ന മാതിരിയുള്ള വെയിലിൻെറ ഉഗ്രതയ്ക്കു കുറെയൊരാശ്വാസം തോന്നും, വനതരുക്കളുടെ ഇരുണ്ട നിഴലിൽ നിൽക്കുമ്പോൾ. എങ്കിലും ആ അത്യുഷ്ണപ്രവാഹത്തിൽ നിഴലുകൾ പോലും വെമ്പുകയും വിറകൊള്ളുകയും ചെയ്യുന്നതുപോലെ തോന്നും. വിവിധ വർണ്ണാഞ്ചിതമായ പരവതാനി വിരിച്ചതുപോലെ തറയിൽ കട്ടിയിൽ അടിഞ്ഞുകൂടിയിരിക്കുന്ന ഉണക്കിലകളിൽ ഒന്നുപോലും ലേശമായി ഒന്നനങ്ങിയിട്ട് ഒരു മൃദു മർമ്മരമെങ്കിലും ഉയരുന്നില്ല. മഴക്കാലമാകുമ്പോൾ ഈ കരിയിലകളെല്ലാം കൂടിക്കുഴഞ്ഞു് അലിഞ്ഞുചേർന്നു് വിശിഷ്ടമായ വളമായിത്തീരുന്നു. വനത്തിലെ ഭീമവൃക്ഷങ്ങളിൽ നിന്നു കൊഴിഞ്ഞു വീഴുന്ന ഈ ഇലകൾ പിൽക്കാലം വളർന്നു് അവരുടെ സ്ഥാനം വഹിക്കേണ്ട മററു വൃക്ഷങ്ങൾക്കു് വളമായി പരിണമിക്കുന്നു.

അവിടെ നിറഞ്ഞുനിൽക്കുന്ന ദുസ്സഹമായ നിശ്ശബ്ദതയെ ഭഞ്ജിക്കുന്നതു് വനത്തിൽ തീററയ്ക്കു് അഴിച്ചുവിടപ്പെട്ടിരിക്കുന്ന കന്നുകാലികളുടെ കഴുത്തിൽ കെട്ടിത്തൂക്കി

K. M. KURIAN
General Secretary
All Kerala Balajana Sa
Manorama, Kottayam.

യിട്ടുള്ള മുളംകഷണങ്ങൾ കൂട്ടിമുട്ടിയുയരുന്ന ശബ്ദങ്ങൾ മാത്രമാണു്. മുളംകഷണങ്ങൾകൊണ്ടുള്ള ഈ മരമണികളുടെ ഉപയോഗം രണ്ടാണു്. പ്രഥമവും പ്രധാനവുമായ കാര്യം കാട്ടിൽ അഴിച്ചുവിട്ടിരിക്കുന്ന കന്നുകാലികൾ എവിടെവിടെയാണു നിൽക്കുന്നതെന്നു സ്ഥാനനിർണ്ണയം ചെയ്യാൻ അതിൽനിന്നുയരുന്ന ശബ്ദം മേയ്ക്കുന്നവർക്കു സഹായകമാണു്, എന്നതാണു്; മറ്റൊന്നു് മാംസഭുക്കുകളായ ജന്തുക്കളെ ഭയപ്പെടുത്തി ഓടിക്കാൻ ഈ മരമണികളുടെ മുഴക്കം ഉപയോഗപ്പെടുമെന്നുള്ളതുമാണു്. ഈ രണ്ടാമത്തെ ഉദ്ദേശം പലപ്പോഴും സഫലമാകാറുണ്ടു്. കടുവാകളും പുലികളുമൊക്കെ ജന്മനാ ശങ്കാകുലരാകയാൽ അപരിചിതമായ ഒരുവക ശബ്ദമുയർത്തുന്ന ഏതാണ്ടൊരു സൂത്രം കഴുത്തിൽ തൂക്കിയിട്ടുകൊണ്ടു നടക്കുന്ന മൃഗത്തെ കടന്നാക്രമിക്കാൻ അവ മടിക്കും. പക്ഷേ ചില കടുവാകളോടും പുലികളോടും ഈ വിദ്യയും ഫലിക്കാറില്ല; പ്രത്യേകിച്ചും അവയ്ക്കു വിശപ്പു കലശലായിരിക്കുമ്പോൾ.

ഞാൻ വിവരിച്ചുവന്ന മദ്ധ്യാഹ്നത്തിൽ സാധാരണയ്ക്കു വിപരീതമായി അത്തരമൊരു സംഭവമുണ്ടായി. തവിട്ടുനിറക്കാരനായ, നല്ല തടിച്ചുകൊഴുത്തൊരു മൂരിക്കുട്ടൻ വായ് നിറയെ പുല്ലുകാർന്നെടുത്തു ചവച്ചുരസിച്ചുകൊണ്ടു് ഒരു മരക്കൂട്ടത്തിന്റെ നിഴലിൽ നിൽക്കുകയായിരുന്നു. വേറെയും കന്നുകാലികൾ അകലത്തല്ലാതെ നിന്നു മേയുന്നുണ്ടായിരുന്നു. ഓരോ തവണയും തറയിൽനിന്നു പുല്ലു കാർന്നെടുത്തു കഴിയുമ്പോൾ ആ മൂരി തല ഉയർത്തി കാനനഭംഗി നോക്കി രസിച്ചു് അലസമായി നിന്നുകൊണ്ടു സാവധാനത്തിൽ ആഹാരം ചവച്ചിറക്കും. എങ്ങും ഒരനക്കവുമില്ല. നമ്മുടെ മൂരിക്കുട്ടനു തന്നോടുതന്നെയും ലോകത്തോടു് ആകപ്പാടെയും എന്തെന്നില്ലാത്ത തൃപ്തിയും സന്തോഷവും തോന്നി.

എന്നാൽ ഈ സമയം പുറകോട്ടൊന്നു തിരിഞ്ഞു നോക്കാനിടയായിരുന്നെങ്കിൽ ആ ഇളംപ്രായക്കാരന്റെ ആത്മസംതൃപ്തി പറപറന്നു പോയേനെ. ഉയർന്നുനിന്നിരു

ന്ന പുൽക്കാട്ടിൽ ഒരുവിടവുണ്ടാക്കിക്കൊണ്ടു ക്രൂരമായ രണ്ടു പച്ചക്കണ്ണുകൾ പ്രത്യക്ഷപ്പെട്ടു. മോഹബദ്ധമായ ആ നയനങ്ങൾ കൊഴുത്തു തടിച്ച ആ മൂരിക്കുട്ടൻെറ വടിവൊത്ത ശരീരത്തെ തഴുകി. വനാന്തർഭാഗങ്ങളിൽ കാണുന്ന ഇനം വൻപുലികളിലൊന്നിൻെറ ക്രൂരമായ മിഴികളാണ് പുല്ക്കാട്ടിനിടയിലൂടെ ഉററുനോക്കുന്നതു്; ഏതാണ്ടൊരു പെൺകുട്ടവായുടെയത്ര വലിപ്പമുള്ള ഒരു കൂററൻമൃഗം. തറപററിക്കിടന്നിരുന്ന ആ പുലിയുടെ ശരീരത്തിലെ പുള്ളികൾ പരിസരങ്ങളുമായി അത്രകണ്ട് ഇണങ്ങിച്ചേർന്നിരുന്നതിനാൽ അതിൻെറ സാന്നിദ്ധ്യം അറിയാൻ കഴിയുമായിരുന്നില്ല.

വളരെപ്പതുക്കെ, ശബ്ദരഹിതമായി, തൻെറ മുൻകാലുകൾ മുമ്പോട്ടു നീട്ടിവച്ച് ആ പുലി ആഞ്ഞു ചാടാൻ ഒരുങ്ങിക്കഴിഞ്ഞു. ആക്രമണ പ്രതീക്ഷയുടെ ഉദ്വേഗത്താൽ അവൻെറ മാംസപേശികൾ വലിയുകയും വിറ കൊള്ളുകയും ചെയ്തു. മാരകമായ ആക്രമണത്തിൻെറ പ്രാരംഭമായ കുതികൊള്ളലിനു തക്കവിധം ശരീരത്തിൻെറ സമതുലിതാവസ്ഥ ശരിപ്പെടുത്തവെ ആ ക്രൂരജന്തു ആകെ ലേശമൊന്ന് ആടിയുലഞ്ഞു.

തുടർന്ന് വിദ്യുൽപ്രപാതം പോലെ എടുത്തൊരു ചാട്ടം. കറുപ്പുപുള്ളികളും മഞ്ഞ നിറവും കലർന്ന പുലിയുടെ ഭാരമേറിയ ശരീരം മിന്നൽപിണർപോലെ ആകാശത്തെ ചീന്തിക്കൊണ്ടു പാഞ്ഞുചെന്നു്, എന്താണു സംഭവിക്കുന്നതെന്നതിനെപ്പററി എന്തെങ്കിലുമൊരു സൂചന ലഭിക്കുന്നതിനുമുമ്പുതന്നെ, ആ മൂരിക്കുട്ടൻെറ കഴുത്തിൽ മഞ്ഞനിറമുള്ള ദംഷ്ട്രകൾ തുളച്ചിറക്കിക്കഴിഞ്ഞു. ഒരു നിമിഷനേരത്തേക്കു മുൻകാലുകളിന്മേൽ ഉറച്ചുനിൽക്കാൻ ആ മൂരിക്കുട്ടൻ ശ്രമിച്ചു നോക്കി; പുല്ലു മേഞ്ഞു നിൽക്കുന്ന കൂട്ടുകാരുടെ അടുത്തേയ്ക്കു് ഓടിപ്പോകാമെന്നാഗ്രഹിച്ചു. പക്ഷേ ശ്വാസനാളം കിഴിയുകയും ജീവരക്തം ചീററിക്കൊണ്ടു പുറത്തേക്കു പാഞ്ഞു തുടങ്ങുകയും ചെയ്തതോടെ പിടിച്ചു നിൽക്കാനുള്ള നൈമിഷിക പ്രേരണ അസ്തമിച്ചു. മൂരി, നിലത്തു മലച്ചു വീണു. ആക്രമണകാരിയെ

അടിച്ചോടിക്കാനുള്ള തരയിൽ അതു കാലുകൾ നാലും ആകാശത്തിൽ വീശിക്കൊണ്ടിരുന്നു. മൂരി കൈകാലുകളിട്ടടിക്കുമ്പോൾ കുളമ്പുകൾ തൻെറ ശരീരത്തിലെങ്ങും തട്ടാത്തവിധം പുലി ഒഴിഞ്ഞുമാറി. പക്ഷേ ദംഷ്ട്രകൾ കൊണ്ടുള്ള ക്രൂരമായ പിടി ഒട്ടും അയയ്ക്കുകയുണ്ടായില്ല. ആക്രമിക്കപ്പെട്ട ജന്തുവിൻെറ പകുതി തുറന്ന വായിൽ നിന്നു ഘർഘരരവത്തിൽ ഒരമറൽ പുറപ്പെട്ടു; കൈകാലുകളുടെ ചലനവേഗം കുറഞ്ഞു; തുടർന്നു് ഭീതികൊണ്ടു മിഴിച്ച കണ്ണുകളിലെ ചൈതന്യം മറഞ്ഞു, ആക്രമിക്കപ്പെട്ടു് ഏതാനും മിനിട്ടുകൾക്കകം തന്നെ മരണം സംഭവിച്ചു കഴിഞ്ഞു.

ഈ വിധത്തിലാണു് കാലി വളർത്തുകാരനായ നാഥനു് അയാളുടെ അധീനത്തിലെ ഏററവും നല്ല കാളകളിലൊന്നു നഷ്ടപ്പെട്ടതു്. ആ കന്നുകാലി സംഘത്തിൽ ശേഷിച്ചവ, അപായപ്പെട്ട കാളയുടെ ദീനസ്വരം കേട്ടു് ഭയന്നു് കൂട്ടത്തോടെ ഓടി രണ്ടു മൈലകലെയുള്ള സ്വന്തം ഗ്രാമത്തിലെത്തിയപ്പോഴാണു് ഈ നഷ്ടം വെളിപ്പെട്ടതു്.

പക്ഷേ നാഥൻെറ നഷ്ടം ഇതു കൊണ്ടവസാനിച്ചില്ല. അടുത്ത മൂന്നു മാസത്തിനകം അയാളുടെ വക നാലു കന്നുകളെക്കൂടെ പുലി പിടിച്ചു. അതേ ഗ്രാമത്തിലുണ്ടായിരുന്ന മററു രണ്ടു കാലിവളർത്തുകാർക്കും രണ്ടു കന്നുകൾ വീതം നഷ്ടപ്പെട്ടു ഈ ആക്രമണങ്ങൾക്കൊരുമ്പെട്ട പുലിയാകട്ടെ, ക്ലേശരഹിതമായും സുലഭമായും ആഹാരം ലഭിക്കുന്ന ഒരു പ്രദേശം താൻ കണ്ടെത്തിയിരിക്കുന്നു എന്ന വിചാരത്താൽ സ്വയം അനുമോദിക്കുകയായിരുന്നു. സാധാരണപോലെ കാന്താരമദ്ധ്യത്തിൽ ചുററിത്തിരിഞ്ഞു് ഇരയെ വേട്ടയാടിപ്പിടിക്കുന്ന ശ്രമകരമായ പണിക്കു് ഇനി ഒരുമ്പെടേണ്ടതില്ലെന്നും അതു തീർച്ചയാക്കി.

തുടർന്നു മഴക്കാലം വന്നു. പുല്ലു് എല്ലായിടത്തും തന്നെ വളർന്നുയർന്നു. കന്നുകാലികളെ വനത്തിലയച്ചു മേയ്ക്കേണ്ടതില്ലാതായി. ഗ്രാമത്തിലും പരിസരങ്ങളിലും നിന്നു തന്നെ കന്നുകാലികൾക്കാവശ്യമായത്ര ആഹാരം ലഭിക്കു

മായിരുന്നു. അവിടെയാകുമ്പോൾ അവയുടെ മേൽനോട്ടം വഹിക്കുവാൻ ഗ്രാമത്തിലുള്ളവർക്ക് കൂടുതൽ സൗകര്യവുമാണ്.

സ്ഥിതിഗതികളിൽ വന്ന ഈ മാററം പുലിക്കു തീരെ ഇഷ്ടപ്പെട്ടില്ല. സാഹചര്യങ്ങളുടെ സമ്മർദ്ദം ഹേതുവായി ഇരയെത്തേടി ഗ്രാമപരിസരത്തിലേക്കു കടക്കാൻ നിർബ്ബന്ധിതനായ പുലി കൂടുതൽ സാഹസികനായിത്തുടങ്ങി.

ഗ്രാമപരിസരത്തിലെ വനഭൂമി വൃക്ഷനിബിഡമല്ല. ഗ്രാമത്തിലെ പാടങ്ങളാണെങ്കിൽ ഇടയ്ക്കെങ്ങും വൃക്ഷങ്ങളൊന്നുമില്ലാതെ നെടുകെ പരന്നുകിടക്കുന്നതുമാണ്. ഇതു കാരണം കന്നുകാലികളെ സമീപിക്കുന്നതു പുലിക്കു വിഷമമായിത്തുടങ്ങി. വല്ലപ്പോഴും പുലി പതുങ്ങിപ്പതുങ്ങി വല്ല കുന്നിൻെറയും അടുത്തെത്താൻ ശ്രമിച്ചാൽ തന്നെയും അതു സൂക്ഷിപ്പുകാരുടെ കണ്ണിൽ പെടാതിരിക്കില്ല. അവർ കൂവിയും വിളിച്ചും കമ്പും തടിയുമായി സംഘം ചേർന്ന് കന്നുകാലിയുടെ രക്ഷയ്ക്കായി ഓടിയെത്തും. സംഭീതനായ പുലി രംഗത്തുനിന്നു തോററു പിൻവാങ്ങുകയും ചെയ്യും.

പുലിക്കു വിശപ്പു വർദ്ധിച്ചു. ഗ്രാമത്തിലെ കന്നുകളെ ഇരയാക്കുന്ന സമ്പ്രദായം കൈവെടിഞ്ഞു് വനത്തിലെ ജീവികളെത്തന്നെ വേട്ടയാടിപ്പിടിക്കാൻ ഒരുമ്പെടുകയോ, അല്ലാത്തപക്ഷം കന്നുകാലി വളർത്തൽകാരുടെ നേരെ കുറേക്കൂടെ ആക്രമണപരമായ ഒരു നിലപാടു സ്വീകരിക്കുകയോ ചെയ്യേണ്ടിവരുമെന്ന് പുലിക്കു ബോദ്ധ്യമായി.

രണ്ടാമത്തെ മാർഗ്ഗം സ്വീകരിക്കാൻ തന്നെ പുലി തീർച്ചപ്പെടുത്തി.

ഒരു സായാഹ്നത്തിൽ മൂപ്പർ കഴിവുള്ളത്ര ദൂരം പാത്തും പതുങ്ങിയും ചെന്നശേഷം ഏററവും സമീപത്തു കണ്ട പശുവിൻെറ നേരെ പാഞ്ഞടുത്തു. അടുത്തു തന്നെ നിന്നിരുന്ന കാലിസൂക്ഷിപ്പുകാർ പുലി സമീപിക്കുന്നതു കാണാതിരുന്നില്ല. അവർ കൂവിവിളിച്ചും കയ്യി

ലിരുന്ന ദണ്ഡുകൾ വീശിക്കാണിച്ചും പുലിയെ വിരട്ടിയോടിക്കാൻ ശ്രമിക്കയും ചെയ്തു. പക്ഷേ ഇരയുടെ കഴുത്തിൽ ദംഷ്ട്രകൾ കിഴിച്ചിറക്കുന്നതുവരെ പുലി മുമ്പോട്ടുള്ള നീക്കത്തിനു് വിഘ്നം വരുത്തിയില്ല. പശു ചാകുന്നതിനു് ഏതാനും മിനിററുകൾ വേണ്ടിവന്നു. ആ കാലിസൂക്ഷിപ്പുകാർ അത്രയും സമയം അത്ഭുതസ്തിമിതരായിമിഴിച്ചു നിന്നുപോയി. തുടർന്നു് ഇരയുടെ ജഡത്തിലെ പിടിവിടാതെ കിതച്ചുകൊണ്ടു കിടന്നിരുന്ന ആ പുള്ളിപ്പുലിയുടെ നേരെ അവർ കല്ലു വലിച്ചെറിയുകയും ശകാരവാക്കുകൾ പൊഴിക്കുകയും ചെയ്തു.

കല്ലുകൾ ചുററും വന്നു വീണു തുടങ്ങിയപ്പോൾ ഇരയുടെ മേലുള്ള പിടി വിട്ടിട്ടു് പുലി, ആക്രമണസന്നദ്ധരായി നിന്നിരുന്ന മനുഷ്യരുടെ നേരെ നോക്കി ക്രൂരമായി മുരണ്ടു തുടങ്ങി. രക്തം പുരണ്ട ആ ദുഷ്ട മുഖവും, വിദ്വേഷം വമിക്കുന്ന ആ നോട്ടവും, ആക്രമണപ്രവണത ദ്യോതിപ്പിക്കുന്ന ആ മുരൾച്ചയും നിലയും, ഒക്കെപ്പാടെക്കൂടെ കണ്ടപ്പോൾ ഭയന്നുപോയ കന്നുകാലി സൂക്ഷിപ്പുകാർ ഓടിപ്പൊയ്ക്കളഞ്ഞു.

സ്ഥിതിഗതികൾ ഈ ഘട്ടത്തിലെത്തിയപ്പോൾ ഗ്രാമവാസികൾ ആ സ്ഥലത്തെ വനംവകുപ്പുദ്യോഗസ്ഥനായ ഫോറസ്റ്ററുടെ സഹായം തേടി. അയാൾക്കു സ്വന്തമായി വല്ലതും ചെയ്യാൻ കഴിവില്ലാത്തപക്ഷം കഴിവുള്ള വല്ലവരുടെയും സഹായം ക്ഷണിച്ചു വരുത്തണമെന്നു് അപേക്ഷിക്കുകയും ചെയ്തു. രാമു എന്നൊരാളായിരുന്നു ഫോറസ്റ്റർ. ഭേദപ്പെട്ട ഒരു നായാട്ടുകാരനാണു് താനെന്നു് സ്വയം അഭിമാനിച്ചിരുന്ന കൂട്ടത്തിലുമാണു് അയാൾ. സ്വന്തമായി അയാൾക്കു് ഒരു ഒററക്കുഴൽ ബ്രീച്ചു് ലോഡർ തോക്കുണ്ടായിരുന്നു. സർക്കാരിൻെറ പ്രതിനിധിയെന്ന നിലയിൽ, വനത്തിൽ കയറി അനധികൃതമായി മൃഗങ്ങളെ വെടിവയ്ക്കുന്നതിനെ തടയേണ്ടതു് അയാളുടെ ജോലിയുടെ ഭാഗമായിരുന്നുവെന്നുവരികിലും, മൃഗങ്ങൾ വെള്ളം കുടിക്കാനെത്തുന്ന വല്ല കുളക്കരയിലോ ഉപ്പുറവയുടെ സമീപത്തോ പതിയിരുന്നു് അവിടെയെത്തുന്ന മാൻവർഗ്ഗത്തിൽ

പെട്ട വല്ല മൃഗത്തെയോ പന്നിയെയോ ഒക്കെ സ്വന്തം ആഹാരാവശ്യത്തിനുവേണ്ടി ഇടയ്ക്കിടെ വെടിവച്ചുകൊല്ലുന്നതു് വലിയൊരു തെററായി അയാൾ ഗണിച്ചിരുന്നില്ല. നിവൃത്തിയുണ്ടെങ്കിൽ ഫോറസ്റ്റ്ഗാർഡുകളാരും അറിയാതെയാണ് ഈ പണി പററിക്കാറു്. അഥവാ കൂടാതെ നിവൃത്തിയില്ലെന്നുള്ള ഘട്ടമാണെങ്കിൽ, അവക്കു കൂടെ മാംസത്തിൻെറ നല്ല ഭാഗം കുറെ കൊടുത്തു് അവരിൽനിന്നും കാര്യം പുറത്താകാത്ത പ്രകാരം ഉറപ്പുവരുത്തും. വല്ല കാരണവശാലും കാര്യം റേഞ്ചു് ആഫീസറുടെ ചെവിയിൽ എത്താനിടയായിപ്പോയാൽ ഗാർഡുകളുടെ ഉദ്യോഗം തുലച്ചുകളയുമെന്നൊരു താക്കീതും നൽകിയേക്കും. ഇങ്ങനെയൊക്കെയായിട്ടും രാമുവിൻെറ വിദ്യകളൊക്കെ റേഞ്ച് ആഫീസർ അറിയാതിരുന്നില്ല. വന്യമൃഗസംരക്ഷണവിഷയത്തിൽ ഉള്ള ഗവണ്മെൻറിൻെറ നയപരിപാടികൾ നടപ്പാക്കുന്നതിൽ താല്പര്യവും ഉത്തരവാദിത്വബോധവുമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു, റേഞ്ചാഫീസർ. തൻെറ കീഴ്ജീവനക്കാരനെ കുററകൃത്യത്തിൻെറ തെളിവോടുകൂടി പിടികൂടണമെന്നായിരുന്നു അദ്ദേഹത്തിൻെറ താല്പര്യം. പക്ഷേ ആ മിടുക്കനെ ഇതേവരെ പിടികൂടാൻ കഴിഞ്ഞിട്ടില്ല. അയാളുടെ ഔദ്യോഗികരേഖകളെല്ലാം കുററമററതാണ്. ഒന്നുകിൽ അയാൾ വളരെ സൂത്രശാലിയായിരിക്കാം. അല്ലാത്ത പക്ഷം ഗാർഡുകളെയെല്ലാം അയാൾ പറഞ്ഞു വിരട്ടിനിറുത്തിയിരിക്കയാൽ അവർ മുഖാന്തിരം എന്തെങ്കിലും വിവരം ഗ്രഹിക്കുന്നതു് അസാദ്ധ്യമായി വന്നതാവാം.

ഇതേവരെ മാംസഭുക്കുകളായ വലിയ ഇനം മൃഗങ്ങളുടെയൊന്നും നേരെ രാമു തൻെറ ആയുധം പ്രയോഗിച്ചു നോക്കിയിട്ടില്ല. അതുകൊണ്ടു് പുലിയെ വെടിവയ്ക്കണമെന്ന അപേക്ഷയുമായി ഗ്രാമവാസികൾ സമീപിച്ചപ്പോൾ ആ ജോലി ഏറെറടുക്കാൻ അയാൾ ലേശംപോലും ഉത്സാഹം പ്രദർശിപ്പിച്ചില്ല. പക്ഷേ ഗ്രാമവാസികൾ വിടാതെ മുട്ടിക്കൂടി. വെടിക്കോപ്പു തീർന്നുപോയെന്നോ വലിയ ജോലിത്തിരക്കാണെന്നോ ഒക്കെ സമാധാ

നം പറഞ്ഞു് എത്രനാളാണു് തള്ളിനീക്കാനൊക്കുക; ഒരു വെടിക്കാരൻ എന്ന നിലയിലുള്ള തന്റെ അഭിമാനം തന്നെ പണയത്തിലായിരിക്കുന്നു എന്നു രാമു കണ്ടു.

അതുകൊണ്ടു് ഒരുദിവസം തന്റെ തോക്കുമായി രാമു ഗ്രാമത്തിലെത്തി. ഗ്രാമത്തെ രക്ഷിക്കാൻ പ്രത്യക്ഷപ്പെട്ട മഹാപുരുഷനായി അയാൾ വാഴ്ത്തപ്പെട്ടു. രാമു ഈ അവസ്ഥയെ ശരിക്കും മുതലെടുക്കാതിരുന്നില്ല. ഗ്രാമക്കാർ തയാറാക്കിയിരുന്ന വിഭവസമൃദ്ധമായ സൽക്കാരത്തിൽ ആദ്യംതന്നെ പങ്കെടുത്തു. അതിനു പുറമേ ഒരു ലോട്ടാനിറയെ കാപ്പികൂടെ അകത്താക്കിക്കഴിഞ്ഞപ്പോൾ സംതൃപ്തിയുടെ ഏമ്പക്കം മുഴക്കിക്കൊണ്ടു് അയാൾ ഉറങ്ങാൻ കിടന്നു. പുലിയെത്തേടി പുറപ്പെട്ടും മുമ്പു് ഒരു മണിക്കൂർ സമയം കിടന്നുറങ്ങി വിശ്രമിക്കേണ്ടതുണ്ടെന്നാണു് അയാൾ പറഞ്ഞതു്.

രണ്ടുമണിക്കൂർ കഴിഞ്ഞിട്ടാണു് രാമു ഉണർന്നതു്. ഉച്ചകഴിഞ്ഞു; പുലിയെ ആകർഷിക്കാൻ ഇരയായി കെട്ടിനിറുത്തേണ്ട ആവശ്യത്തിനു് ഒരാടിനെ കിട്ടണമെന്നു് അയാൾ, ഗ്രാമത്തലവനോടാവശ്യപ്പെട്ടു. അതനുസരിക്കപ്പെട്ടുകയും ചെയ്തു. ഉടനെതന്നെ ഗ്രാമവാസികളിൽ അഞ്ചാറുപേരെയും കൂട്ടിക്കൊണ്ടു് രാമു വനത്തിലേക്കു പുറപ്പെട്ടുപോകയും ചെയ്തു.

വനത്തിന്റെ ആ ഭാഗത്തെ ചുമതലക്കാരനായ ഫോറസ്റ്ററാകയാൽ നല്ല സ്ഥലപരിചയമുണ്ടായിരുന്ന അയാൾ ഏതു മരത്തിന്റെ മുകളിൽ സ്ഥാനമുറപ്പിച്ചുകൊണ്ടാണു പുലിയെ കാക്കേണ്ടതു് എന്നു മുൻകൂട്ടി മനസ്സിൽ സങ്കല്പിച്ചിരുന്നു. ഗ്രാമപാത വനത്തിൽ ചെന്നവസാനിക്കുന്ന സ്ഥാനത്തു സൗകര്യമായി വളർന്നു നിന്നിരുന്ന ഒരു വലിയ ആൽവൃക്ഷമാണു് അയാൾ മനസ്സിൽ കരുതിവച്ചതു്. അതിനടുത്തുകൂടെത്തന്നെ ജലശൂന്യമായ ഒരരുവിയും കടന്നുപോകുന്നുണ്ടായിരുന്നു. ആ പുലി ഈ വഴിയെ സാധാരണ സഞ്ചരിക്കുന്നതായി അറിയപ്പെട്ടിരുന്നു. ആ ഭാഗങ്ങളിൽ പുലിയുടെ ചുവട്ടടിപ്പാടുകൾ സാധാരണ പതിഞ്ഞുകാണപ്പെട്ടിരുന്നതു് ഈ അറി

വിനു് ഉപോൽബലകമായ വ്യക്തമായ തെളിവായിരുന്നു. അതുകൊണ്ടു് രാമു ആ സ്ഥലം തെരഞ്ഞെടുത്തതു് ഏതായാലും ബുദ്ധിയായ നടപടിയായിപ്പോയി. പുലി ഏതുവഴിക്കു വന്നാലും കെട്ടിനിറുത്തിയിരിക്കുന്ന ആടിനെ കാണാതെ വരില്ല. മരത്തിൻെറ മുകളിലുള്ള സ്വസ്ഥാനത്തുനിന്നു് പുലി ഏതുവഴി വന്നാലും രാമുവിനു കാണുകയും ചെയ്യാം.

ഈ വൃക്ഷത്തിൻെറ മുകളിൽ ഏതാണ്ടു് ഇരുപതടി ഉയരത്തിലായി ഒരു നായാട്ടു മഞ്ചം കെട്ടി തയാറാക്കാൻ രാമു ഗ്രാമവാസികളെ ശട്ടം കെട്ടി. വനത്തിൽ ഒളിത്താവളങ്ങളുണ്ടാക്കുന്ന കലയിൽ സ്വയം വിദഗ്ദ്ധനായ അയാൾ മഞ്ചം കെട്ടിയിരിക്കുന്ന സ്ഥാനം ചില്ലിക്കൊമ്പുകളും ഇലകളുമൊക്കെക്കൊണ്ടു് പുറമേ നിന്നു നോക്കിയാൽ തിരിച്ചറിയാൻ കഴിയാത്തതരത്തിൽ മറച്ചു.

ഈ പണിയൊക്കെ പൂർത്തിയായപ്പോൾ വൈകിട്ടു മണി നാലായി. രാമു മരത്തിൻെറ മുകളിൽ മഞ്ചത്തിനകത്തു സ്ഥാനം പിടിച്ചു. കഴുത്തിൽ കയറിട്ടിരുന്ന ആടിനെ തറയിൽ അടിച്ചു താഴ്ത്തിയിരുന്ന ഒരു കുററിയിൽ ബന്ധിക്കുകയും ചെയ്തു.

ആളുകളെല്ലാം പോയിക്കഴിഞ്ഞപ്പോൾ ഒററപ്പെട്ടുപോയ ആട്ടു് ഗ്രാമപാതയിലേക്കു മിഴിനീട്ടിക്കൊണ്ടു് നീട്ടിനീട്ടി വിളിതുടങ്ങി. ആകെ സാഹചര്യങ്ങളെല്ലാം ഒത്തിണങ്ങിയിരുന്നു. ആടിൻെറ നിലവിളി പുലിയുടെ ചെവിയിലെത്തി. വെളിച്ചം സാമാന്യം നന്നായിട്ടുണ്ടായിരുന്ന വേളയിൽ തന്നെ മൂപ്പർ രംഗത്തെത്തി. ഏതാണ്ടു് ആറുമണി സമയം. പുലി ചാടി ആടിൻെറ മേൽ വീണു. ആടിൻെറ കഴുത്തിൽ കടിച്ചു പിടിച്ചു തറയിൽ അമർത്തിവച്ചിരുന്ന പുലിയുടെ നേരെ രാമു തോക്കിൻെറ നിറയൊഴിച്ചു. ഭയങ്കരമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു് ഒന്നു തലകുത്തി മറിഞ്ഞശേഷം പുലി ചാടിയെഴുന്നേററു് അടുത്ത കുററിക്കാടിനിടയിൽ കടന്നു മറഞ്ഞു. ശ്വാസനാളം മുറിയുകയാൽ മരണത്തോടു സമീപിച്ചിരുന്ന ആടാകട്ടെ, അതിൻെറ ചെവിയിലൂടെ കടന്നു തലച്ചോ

റിൽ പ്രവേശിച്ച വെടിയുണ്ടകൊണ്ടു പെട്ടെന്നു സിദ്ധി ക്കുകയും ചെയ്തു.

രാമു, അല്പസമയം കാത്തിരുന്ന ശേഷം പുലി അടു ത്തെങ്ങുമില്ലെന്നുറപ്പുവരുത്തിയിട്ട് മരത്തിൽനിന്നു താഴെ യിറങ്ങി നേരെ ഗ്രാമത്തിലെത്തി. തന്റെ വെടി പുലി ക്കേററിട്ടുണ്ടെന്നും അതുകാട്ടിലെങ്ങാൻ ചത്തുവീണിട്ടുണ്ടാ കുമെന്നും അയാൾ ഗ്രാമവാസികളോട് ഉറപ്പു പറഞ്ഞു.

അടുത്ത ദിവസം സൂര്യോദയത്തോടെ ഒരു സംഘം ഗ്രാമവാസികളേയും കൂട്ടിക്കൊണ്ട് രാമു ആൽവൃക്ഷത്തി ന്റെ ചുവട്ടിലെത്തി. തലേ രാത്രിയിൽ എവിടെനി ന്നോ എത്തിക്കൂടിയ ഒരു കഴുതപ്പുലി, ആടിനെ മുഴവൻ തന്നെ തിന്നിരിക്കുന്നതായി കാണപ്പെട്ടു. വെടിയേററ പു ലി ഓടിപ്പോയ വഴി രാമു ചൂണ്ടിക്കാണിച്ചു. എല്ലാ വരും കൂടെ സംഘം ചേർന്ന് ആ വഴിക്കു പുറപ്പെട്ടു. അധികദൂരം ചെല്ലുന്നതിനു മുമ്പുതന്നെ ചില ചെടിക ളിലും പുല്ലിലുമൊക്കെ രക്തം പററിയിരിക്കുന്ന ലക്ഷ്യം കണ്ടുതുടങ്ങിയപ്പോൾ പുലിക്കുവെടിയേററിട്ടുണ്ടെന്നുള്ള കാര്യം ഉറപ്പായി. എന്നാൽ ഏതാണ്ട് ഒരു മൈൽ അക ലെ വരെ ചെന്നന്വേഷിച്ചിട്ടും പുലിയെ കണ്ടുകിട്ടാതെ ആ സംഘത്തിനു നിരാശരായി മടങ്ങേണ്ടി വന്നു.

ഇതിനുശേഷം രണ്ടുമാസകാലത്തോളം പുതിയതാ യി ഏതെങ്കിലും ആട്ടമാടുകളുടെ മേൽ പുലിയുടെ ആക്ര മണമുണ്ടാകാതിരുന്നപ്പോൾ രാമു ഉൾപ്പെടെ എല്ലാവരും തീരുമാനിച്ചു, വെടിയേററ ആ മൃഗം വല്ല കുററിക്കാട്ടിലും ചെന്നുകിടന്ന് ചത്തിരിക്കണമെന്ന്.

അങ്ങനെയിരിക്കെ ഒരു ദിവസം പതിനാറുവയ സ്സുകാരനായ ഒരു പയ്യൻ അതേ വനപാതയിൽക്കൂടെ ഗ്രാമത്തിലേക്കു വരികയായിരുന്നു. അവന്റെ കൂടെ ആരുമുണ്ടായിരുന്നില്ല. ഒരു വളവു തിരിയുന്നപ്പോളാണ് ഏതാണ്ട് ഇരുപതു വാരയകലെയായി തന്നെത്തന്നെ ഉററുനോക്കിക്കൊണ്ട് ഒരു പുലി പിൻകാലുകളിന്മേൽ കുന്തിച്ചിരിക്കുന്ന ഭീതിപ്രദമായ കാഴ്ച കണ്ടത്. പുലി കളുടെ സഹജവാസനയനുസരിച്ച് അതു് ഓടിപ്പോ

യ്യൊള്ളുമെന്നു കരുതി അവൻ വഴിയിൽ നിന്നു. പക്ഷേ ഈ പുലി ഓടിപ്പോകാനൊന്നും തയാറുണ്ടായിരുന്നില്ലെന്നുതന്നെയല്ല, മുന്നോട്ടു ചാടാൻആഞ്ഞുകൊണ്ടു ക്രൂരമായി മുരണ്ടുതുടങ്ങുകയും ചെയ്തു.

പയ്യൻ പിൻതിരിഞ്ഞു്, വന്നവഴിക്കുതന്നെ ഓട്ടം തുടങ്ങി. പുലി അവൻെറ പിന്നാലെയും. പുലി അവൻെറ ഒപ്പമെത്തിയ സ്ഥാനത്തു് വഴിയിൽ ഭാഗ്യവശാൽ ഒരു കുശുത്തുതുടങ്ങിയ മരക്കഷ്ണം കിടന്നിരുന്നു. പുലി പുറത്തു ചാടിക്കയറി കഴുത്തിനോടടുത്തു തോളിൽ ദംഷ്ട്രകളിറക്കിയപ്പോൾ ആ ജന്തുവിൻെറ ഭാരം കൊണ്ടു താഴെവീണുപോയ ആ പയ്യൻ, വീഴ്ചക്കിടയിൽ ആ മരക്കഷ്ണം കാണാനിടയായി. മരണഭീതിയും സംഭ്രാന്തിയും അവൻെറ കൈകൾക്കു് അസാധാരണമായ കരുത്തും ബുദ്ധിക്കു് അഭൂതപൂർവ്വമായ തൈക്ഷ്ണ്യവും നൽകി. ആ തടിക്കഷ്ണം വലിച്ചെടുത്തുകൊണ്ടു് ഒരു വശത്തേയ്ക്കു് ഉരുണ്ടുമാറി, കയ്യിലിരുന്ന മരക്കഷ്ണം അവൻ പുലിയുടെ വായിലേയ്ക്കു തള്ളിക്കയററി. ഇതോടെ പുലി പിടിവിട്ടുവെങ്കിലും അവൻെറ കയ്യും തുടയുമെല്ലാം മാന്തിപ്പൊളിക്കാതിരുന്നില്ല, പയ്യൻ പെട്ടെന്നു ചാടിയെണീററു് കയ്യിലിരുന്ന മരക്കഷ്ണം വീശിക്കൊണ്ടു പുലിയെ നേരിട്ടു. ഇങ്ങനെയ്യൊരു പ്രത്യാക്രമണം തൻെറ ഇരയിൽ നിന്നുണ്ടാകുമെന്നു തീരെ പ്രതീക്ഷിച്ചിട്ടില്ലാതിരുന്ന പുലി, പെട്ടെന്നു് ധൈര്യം വെടിഞ്ഞു് ഓടി കാട്ടിൽ കയറി മറഞ്ഞു. കയ്യിൽ മരക്കഷണവും ദേഹമാസകലം നിണമൊഴുകുന്ന മുറിവുകളുമായി ആ കുട്ടി വേച്ചു വേച്ചു് ഓടി ഗ്രാമത്തിലെത്തി.

ഒരു മനുഷ്യൻെറ നേരെ നടത്തപ്പെട്ട ആദ്യത്തെ ആക്രമണമായിരുന്നു, അതു്. അടുത്ത ആക്രമണശ്രമം ഏതാണ്ടു മൂന്നുവാരക്കാലത്തിനു ശേഷമാണുണ്ടായതു്. ഇപ്രാവശ്യം പക്ഷേ പുലി ഭയന്നോടാൻ ഭാവമുണ്ടായിരുന്നില്ല. ഒരാട്ടിടയൻ തൻെറ മൃഗങ്ങളെയും കൊണ്ടു ഗ്രാമത്തിലേയ്ക്കു മടങ്ങുന്ന സമയത്തു് പുലി ആട്ടിൻ

പററത്തിൻെറ മദ്ധ്യത്തിലേയ്ക്കു ചാടിവീണ് ഒരെണ്ണത്തിനെ പിടികൂടി. ആ ഇടയൻ ദരിദ്രനായിരുന്നു. അയാളുടെ ആകെ സ്വത്ത് ആ ആട്ടിൻ പററമാണ്. കയ്യിലിരുന്ന വടിയും ചുഴററിക്കൊണ്ട് അയാൾ പുലിയുടെ നേരേ പാഞ്ഞടുത്തു. യാതൊരു പ്രകോപനവുമില്ലാതെ തന്നെ മനുഷ്യനെ കടന്നാക്രമിക്കാനൊരുമ്പെട്ട ഒരു പുലിയുടെ സാന്നിദ്ധ്യമറിഞ്ഞിരിക്കെയുണ്ടായ അയാളുടെ ഈ പെരുമാററം വാസ്തവത്തിൽ ബുദ്ധിശൂന്യമായിരുന്നു. ആലോചനാശൂന്യമായ ആ സാഹസത്തിൻെറ ഫലമായി അയാൾക്കു ജീവൻ നഷ്ടപ്പെട്ടു. ആടിൻെറ മേലുള്ള പിടിവിട്ടിട്ട് പുലി നേരെ അയാളുടെ മേൽ ചാടിവീണ് ആ ക്രൂരമായ ദംഷ്ട്രകൾ കൊണ്ട് അയാളുടെ കഴുത്തിൽ പിടികൂടുകയാണു ചെയ്തതു്.

ആടുകൾ നേരേ ഗ്രാമത്തിലേയ്ക്കോടി. ഇടയനെ ആട്ടിൻപററത്തിൻെറ കൂടെ കാണാതിരുന്നപ്പോൾ എന്തായിരിക്കാം കാര്യമെന്നു ഗ്രാമവാസികൾ ചിലർ അത്ഭുതപ്പെട്ടു. എങ്കിലും എന്തെങ്കിലും അപകടം പിണഞ്ഞതായിരിക്കുമെന്ന് തൽക്കാലം ആരും ശങ്കിച്ചില്ല. ആ ഇടയന് ബന്ധുക്കളാരുമില്ലാതിരുന്നതിനാലും ഒററയ്ക്കു താമസക്കാരനായിരുന്നതിനാലും ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞു സന്ധ്യയോടടുത്തപ്പോഴാണ് അയാൾ തിരിച്ചു വരാത്തതു് ഒരു വസ്തുതയായി അംഗീകരിക്കപ്പെട്ടതും അയാൾക്ക് എന്തെങ്കിലും അപകടം സംഭവിച്ചതായിരിക്കാമെന്നു സംശയിച്ചുതുടങ്ങിയതും. അപ്പോഴേയ്ക്കു നേരം വൈകിയിരുന്നതിനാൽ അതുസംബന്ധിച്ച് എന്തെങ്കിലും നടപടി കൈക്കൊള്ളാൻ കഴിയുമായിരുന്നില്ല.

അടുത്തദിവസം രാവിലെതന്നെ ഗ്രാമവാസികൾ സംഘംചേർന്നു. ഏതാണ്ടു മുപ്പതുപേർ ദണ്ഡുകളും അററം കൂർത്ത കമ്പുകളും ഒക്കെ ധരിച്ചുകൊണ്ട് കാണാതായ ആട്ടിടയനെത്തേടി പുറപ്പെട്ടു. ഗ്രാമത്തിൽ നിന്നു വനത്തിലേയ്ക്കു നയിക്കുന്ന പാതയിലൂടെയാണ് അവർ പോയിരുന്നതു്. തലേന്നു വൈകുന്നേരം ആ വഴിക്ക് ആട്ടിൻപററം ഓടിയതിൻെറ പാദമുദ്രകൾ വ്യക്തമായി കാണാ

നുണ്ടായിരുന്നു. കുറെദൂരം കൂടെ മുമ്പോട്ടു ചെന്ന പ്പോൾ പുലി ആട്ടിടയനെ ആക്രമിച്ച സ്ഥലത്തുതന്നെ അവർ ചെന്നെത്തി. ആ വലിയ പുള്ളിപ്പുലിയുടെ തടിയൻ കാൽപാടുകൾ അവിടെ കാണാനുണ്ടായിരുന്നു. പുലി ഇരയെ കടിച്ചിഴച്ചുകൊണ്ടു പോയതിൻെറ പാടും വ്യക്തമായിരുന്നു. അയാളുടെ കഴുത്തിലെ മുറിവിൽ നിന്ന് ഇററുവീണ രക്തത്തുള്ളികളും അങ്ങിങ്ങു കാണാ നുണ്ടായിരുന്നു. മിക്കസ്ഥലത്തും ഉണങ്ങി ഉറച്ചുകിടന്ന തറയിൽ വീണരക്തം വലിഞ്ഞുപോയിരുന്നതിനാൽ രക്തത്തിൻെറ പാടുതെളിഞ്ഞു കാണാനുണ്ടായിരുന്നില്ല. എന്നാൽ ഇരയെ വലിച്ചിഴച്ചുകൊണ്ടു പോയതിൻെറ പാട് നല്ലതുപോലെ തിരിച്ചറിയാമായിരുന്നു.

ഇടയൻ ആട്ടുകളെ നയിച്ചുകൊണ്ടുവന്ന വഴിയേ തന്നെ കുറേദൂരം വലിച്ചുകൊണ്ടുപോയ ശേഷമാണ് അ യാളെയും കൊണ്ടു പുലി കാട്ടിലേക്കു കയറിയിരുന്നതു്. എന്നാൽ പിടികൂടിയ സ്ഥലത്തുനിന്ന് ഏറെയകലെ ഇടയനെ ഇഴച്ചുകൊണ്ടുപോകാൻ പുലി മിനക്കെട്ടില്ലെ ന്നുള്ളതു് ശവശരീരം നൂറുവാരയ്ക്കുള്ളിൽ കണ്ടുകിട്ടിയതു കൊണ്ടു വ്യക്തമായി. നെഞ്ചും ഒരു തുടയുടെ കുറെ ഭാ ഗവും തിന്നു കഴിഞ്ഞിരുന്നു. അങ്ങനെ ഏലഗിരിമല കളിലെ നരഭോജി അവതരിച്ചു.

ദക്ഷിണ റെയിൽവെയിലെ ജലാർപെട്ട് ജംഗ്ഷൻ സ്റ്റേഷനു തൊട്ടു കിഴക്കുവശത്തായി അർദ്ധചന്ദ്രാകൃതി യിൽ കാണപ്പെടുന്ന ഗിരിനിരയാണ് ഏലഗിരിമലക ളെന്നറിയപ്പെടുന്നതു്. അർദ്ധവൃത്തത്തിൻെറ ആരംഭം സ്റ്റേഷനഭിമുഖമായിട്ടല്ല. അതിൻെറ ഏററവും ഉയർന്ന ഭാഗം സ്റ്റേഷനിൽ നിന്ന് ഏതാണ്ട് രണ്ടുമൈൽ അക ലെ സമുദ്രനിരപ്പിൽ നിന്നു മൂവായിരം അടി ഉയരത്തിൽ കുത്തനെ നിൽക്കുന്നു. വളരെ അപകടകരമായ, ഒരു വള ഞ്ഞുപുളഞ്ഞ പാതവഴിവേണം ആ ഉച്ചിയിലേക്ക് കയററം കേറാൻ. ചിലേടത്തു പാറക്കെട്ടുകളിൽ പൊത്തിപ്പിടിച്ചു കയറേണ്ടതായിട്ടുമുണ്ട്.

ഏതാനും വർഷങ്ങൾക്കുമുമ്പ്–ശരിക്കു പറഞ്ഞാൽ 1941—ൽ, ഈ മലമ്പുകളിലെ ഒരു ചെറിയ കൃഷിയിടം ഞാൻ വിലയ്ക്കു വാങ്ങിയിരുന്നു. വാരാന്ത്യവിശ്രമത്തിനുള്ള ഒരു താവളമായി കരുതിക്കൊണ്ടാണ് ബാംഗ്ലൂരിൽ നിന്നു തൊണ്ണൂററിയഞ്ചു മൈലിനുള്ളിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥലം ഞാൻ സ്വന്തമാക്കിയെടുത്തിരുന്നതു്. എന്നാൽ ക്രമമായി അവിടം സന്ദർശിക്കാൻ എനിക്കു സൗകര്യപ്പെട്ടിരുന്നില്ല. അതിൻെറ ഫലമായി, അവിടെ തുറസ്സായി കിടന്ന സ്ഥലമെല്ലാം വളരെ വേഗം പടർന്നു വളരുന്ന അരിപ്പൂക്കാടുകൊണ്ടു നിറഞ്ഞു.

ഈ അരിപ്പൂക്കാടു മുഴുവൻ നശിപ്പിച്ചുകളയാനായി ഒരു മൂന്നു ദിവസം അവിടെ തുടർച്ചയായി താമസിക്കാൻ തയാറായി ഞാൻ അവിടെ എത്തിയതു് മുൻപറഞ്ഞ ഇടയൻെറ മരണം നടന്നു് അധികം ദിവസം കഴിയുന്നതിനുമുമ്പാണു്. ഈ ആൾപിടിയൻ പുലിയെപ്പററി പത്രങ്ങളിൽ വർത്തമാനമൊന്നും വന്നിട്ടില്ലായിരുന്നതിനാൽ എൻെറ കൂലിക്കാർ പറഞ്ഞാണു് ഇക്കാര്യം ആദ്യമായി എൻെറ അറിവിൽപെട്ടതു്. ഗ്രാമ പരിസരത്തിൽ ആ പുലി ഇപ്പോഴും ചുററിനടക്കുന്നുണ്ടെന്നും തലേന്നാൾപോലും അതിൻെറ കാൽപ്പാടു് അവർ കണ്ടു എന്നുമൊക്കെ അവർ എന്നോടു് ഉറപ്പിച്ചു പറഞ്ഞു.

ഈ വാർത്ത എൻെറ ജിജ്ഞാസയെ ഉണർത്തി. ആ മൃഗത്തെ വെടിവയ്ക്കാനുള്ള ശ്രമം നടത്തിനോക്കണമെന്നു് എനിക്കും ഒരുത്സാഹം തോന്നി. എൻെറ നല്ല ഇനം തോക്കൊന്നും ഞാൻ കൂടെകൊണ്ടുവന്നിരുന്നില്ല. ഏലഗിരിയിൽ ധാരാളം കാട്ടുകോഴിയുള്ളതുകൊണ്ടു് ഭക്ഷണാവശ്യത്തിനു് അവയെ വെടിവച്ചു വീഴ്ത്താൻ പോന്ന ഒരു തോക്കേ ഞാൻ കയ്യിൽ കരുതിയിരുന്നുള്ളു. മുമ്പും അവിടെവച്ചു് കാട്ടുകോഴിയെ വെടിവയ്ക്കാനല്ലാതെ ഞാൻ ഉദ്യമിച്ചിട്ടുമില്ല. അതുമല്ല, പക്ഷിവെടിക്കുള്ള തിരകളാണു് പ്രധാനമായി ഞാൻ കരുതിയിരുന്നതും. വല്ല അത്യാവശ്യവും വന്നാൽ ഉപയോഗിക്കാൻ കരുതിക്കൊണ്ടു് രണ്ടു തോട്ടാകൾ മാത്രമെടുത്തിരുന്നു. അങ്ങനെ

കയ്യിലുള്ള രണ്ടു തോട്ടാ ഉപയോഗിച്ചു വേണം പുലിയെ വെടിവച്ചു വീഴ്ത്താൻ.

ഏതാണ്ട മദ്ധ്യാഹ്നമായപ്പോൾ അരിപ്പൂച്ചെടി വെട്ടുന്ന പണി നിറുത്തിവച്ചിട്ട് ഞാൻ ആ പ്രദേശത്തിന്റെ ആകപ്പാടെയുള്ള കിടപ്പ് ഒന്നു മനസ്സിലാക്കിയശേഷം വേലക്കാരെയും കൂട്ടി ഒരു പരിശോധനാസഞ്ചാരത്തിനു പുറപ്പെട്ടു. വനമവസാനിക്കുന്നിടത്ത് ഗ്രാമപരിസരത്തിൽ കുറെ സ്ഥലത്ത് അരിപ്പൂ വളർന്നു നിൽക്കുന്നുണ്ട്; അതിനപ്പുറം ഗ്രാമവാസികളുടെ വയലുകളും, പിന്നെ, കുടിപാർപ്പുള്ള സ്ഥലങ്ങളും. ഈ നിലങ്ങളിലൊന്നിന്റെ സമീപം വരെ നീണ്ടുകിടന്നിരുന്ന നടപ്പാതയിൽ ഒരു പുലി നടന്നു പോയ കാൽപ്പാട്—അതിന്റെ വലിപ്പംകൊണ്ട് സാമാന്യം വലിയ ഒരാൺപുലിയുടേതാണ് അതെന്നു സങ്കല്പിക്കാം—വ്യക്തമായി കാണാനുണ്ടായിരുന്നു. തലേന്നു രാത്രി പുലി ആ വഴിയെ കടന്നു പോയിരുന്നു എന്നതു് തീർച്ചയാണ്.

ഞാൻ ഗ്രാമത്തിലെത്തി ഗ്രാമത്തലവനോട്— പട്ടേലെന്നും പറയും—എന്റെ സന്ദർശനോദ്ദേശം വിശദീകരിച്ചു. അയാളെ ഞാൻ മുമ്പു കണ്ടിട്ടുണ്ടായിരുന്നില്ല. എന്റെ സാന്നിദ്ധ്യത്തിൽ അതീവ സന്തുഷ്ടനായ പട്ടേൽ എന്റെ പ്രയത്നത്തിൽ എല്ലാവിധ സഹകരണങ്ങളും നൽകാമെന്നു പ്രതിജ്ഞ ചെയ്തു. ഞങ്ങൾ ഒത്തുകൂടിയാലോചന നടത്തി. പ്രാരംഭനടപടിയായി പുലിയെ ആകർഷിക്കാൻ ഒരു ആടിനെ കെട്ടിനിറുത്തേണ്ട ആവശ്യമുണ്ടെന്നു ഞാൻ പറഞ്ഞു. ഒരെണ്ണത്തിനെ വിലയ്ക്കുകിട്ടാൻ സാദ്ധ്യതയുണ്ടോ എന്നാരായുകയും ചെയ്തു.

പട്ടേലിന്റെ സഹായം ഏററവും കൂടുതലായി ആവശ്യമുണ്ടായിരുന്നതു് ഇക്കാര്യത്തിലാണ്. ആ ഗ്രാമത്തിൽ ആടുകളെ കിട്ടാനുണ്ടായിരുന്നില്ല. അടുത്ത ഗ്രാമത്തിൽനിന്നു വളരെ പ്രയാസപ്പെട്ടിട്ടാണ് ഒന്നിനെ കിട്ടിയതു്. അതിനെ കൊണ്ടുവന്നെത്തിച്ചപ്പോഴേക്കു വളരെ താമസിക്കുകയും ചെയ്തു. ഒരു ചെറിയ ആടായിരുന്നതുകൊണ്ട്, കെട്ടിയിട്ടിട്ടു പോന്നാൽ അതു നിലവി

ളിച്ചു ശബ്ദമുണ്ടാക്കിക്കൊള്ളും. പട്ടേൽ എന്റെകൂടെ വന്നു. വേറെ നാലു പേരും അയാളോടൊപ്പമുണ്ടായിരുന്നു. അവരിലൊരുവൻ ആടിന്റെ കയറിൽ പിടിച്ചിരുന്നു. മററുള്ളവരുടെ കയ്യിൽ നായാട്ട മഞ്ചം തയാറാക്കാൻ വേണ്ട കമ്പുകൾ വെട്ടാൻ ആവശ്യമായ മഴു തുടങ്ങിയ ആയുധങ്ങളുമായിരുന്നു.

അവർ എന്നെ കൂട്ടിക്കൊണ്ടുപോയി, ഇടയനെ പുലി ആക്രമിച്ച സ്ഥലവും അയാളുടെ ശരീരാവശിഷ്ടങ്ങൾ കാണപ്പെട്ട സ്ഥാനവും ചൂണ്ടിക്കാണിച്ചുതന്നു. ഞാൻ സങ്കല്പിച്ചിരുന്ന രീതിയിൽ തന്നെയായിരുന്നു, അവിടെ ഭൂമിയുടെ കിടപ്പ്: വനമവസാനിക്കുന്നിടത്തു് വയലിന്റെ കരവരെ അരിപ്പും തിങ്ങിവളർന്നുനിന്നിരുന്നു. അവിടെ കോർക്കപ്പുളി ധാരാളമായി കാണപ്പെട്ടു. രണ്ടുവാരയ്ക്കപ്പുറത്തേയ്ക്കു് ഒന്നും കാണാൻ കഴിയാത്തപോലെയായിരുന്നു, പച്ചത്തഴപ്പാർന്ന ഭൂപ്രകൃതി. വല്ലമൃഗവും അവിടെ പതുങ്ങി നിന്നാൽ അറിയില്ല. അതുകൊണ്ടു് ആ സ്ഥാനത്തു തറയിൽ നിന്നുകൊണ്ടു പുലിയെ വെടിവയ്ക്കാമെന്നു് ആലോചിച്ചിട്ടേ കാര്യമില്ല. ഞങ്ങൾ വന്ന വഴിയെ തന്നെ കാൽമൈൽദൂരം പിന്തിരിഞ്ഞുനടന്നു.

നിറയെ പച്ചിലച്ചാർത്തണിഞ്ഞു നിൽക്കുന്ന ഒരു വലിയ പ്ളാവു വൃക്ഷം കണ്ടുകിട്ടി; നായാട്ടമഞ്ചം തയാറാക്കി ഒളിച്ചിരിക്കാൻ ഏററവും പററിയ ഒരു മരം. ഏതാണ്ടു് എട്ടടി ഉയരത്തിലെത്തുന്നിടത്താണു് അതിന്റെ ആദ്യത്തെ ശാഖ. അടുത്ത മൂന്നാമത്തെ ശാഖ നടപ്പാതയുടെ മുകളിലൂടെയാണു് വളർന്നു നിന്നിരുന്നതു്. തറയിൽ നിന്നു് ഏതാണ്ടു് പതിനഞ്ചടി ഉയരത്തിലായിരുന്നു അതിന്റെ സ്ഥാനം.

ആ ശാഖയുടെ കവരത്തിൽ നായാട്ടമഞ്ചം കെട്ടിയുറപ്പിക്കാൻ ഞാൻ കൂടെയുണ്ടായിരുന്നവരെ ശട്ടംകെട്ടി. അവർ അടുത്ത മരത്തിൽനിന്നു മുറിച്ചെടുത്ത കമ്പുകൾ ചെത്തിയൊരുക്കി മഞ്ചം നിർമ്മിച്ചു് അതു കാട്ടുവള്ളികൾകൊണ്ടു, പ്ളാവിന്റെ കവരത്തിൽ കെട്ടിയുറപ്പിച്ചു. ഇങ്ങനെ ഏതാണ്ടു നാലടിനീളവും മൂന്നടി വീതിയുമുള്ള

ഒരു തട്ട് അവർ വേഗം തയാറാക്കി. എനിക്കിരിക്കാൻ മതിയാകുമായിരുന്നു, അത്. അതിനുശേഷം പച്ചിലത്തുപ്പുകളുമൊക്കെക്കൊണ്ടു് നാലുവശവും മറച്ച് തട്ടിന്റെ സ്ഥാനം തിരിച്ചറിയാത്ത വിധമാക്കി. തട്ടിന്റെ ചുവട്ടഭാഗവും പച്ചിലകൾകൊണ്ടു് മറയ്ക്കാൻ ഞങ്ങൾ മറന്നില്ല. പുലി എവിടെനിന്നു നോക്കിയാലും —ഒരു വേള തട്ടിന്റെ നേരെ ചുവട്ടിൽ തന്നെ വന്നുനിന്നുനോക്കിയാലും — അവിടെ അസാധാരണമായി എന്തെങ്കിലുമൊന്നുള്ളതായി തോന്നിയിട്ട് ആ ജന്തുവിന്ന് ആപൽശങ്ക ഉദിക്കരുതല്ലോ.

ഒരു കുററി തയാറാക്കി നായാട്ടു മഞ്ചത്തിൽ നിന്ന് ഇരുപതടി അകലത്തിനുള്ളിൽ തറയിൽ അടിച്ചിറക്കാൻ ഞാൻ ഏർപ്പാടുചെയ്തു. എന്റെ കയ്യിലിരുന്ന തോക്കിന്റെ പരിമിതികളെ കണക്കിലെടുത്തിട്ടാണ് ഇങ്ങനെ ചെയ്യാൻ പറഞ്ഞതു്.

എല്ലാം പൂർത്തിയായിക്കഴിഞ്ഞപ്പോൾ ഞാൻ നായാട്ടുമഞ്ചത്തിൽ പ്രവേശിച്ച് ഇലകൊണ്ടുള്ള മറയിൽ ഒരു സുഷിരമുണ്ടാക്കി. അതിലൂടെ എനിക്ക് കുററിയിൽ കെട്ടിയിരുന്ന ആടിനെയും അതിന്റെ ചുററുമുള്ള കുറെ ഭൂമിയും വ്യക്തമായി കാണാമായിരുന്നു. ഇത്രയൊക്കെ തയാറായിക്കഴിഞ്ഞപ്പോഴേയ്ക്കു് വൈകിട്ട് അഞ്ചുമണിയായി.

വലിയ ഇനം മൃഗങ്ങളെ വേട്ടയാടാനുള്ള ഉദ്ദേശത്തിലല്ല ഞാൻ ഏലഗിരിയിലേയ്ക്കു വന്നതെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. അതുകൊണ്ടു് തോക്കിൽ ചേർത്തു ബന്ധിച്ച് ഉപയോഗിക്കാനുള്ള വലിയ ഫ്ളാഷ് ലൈററു് തുടങ്ങിയ നിശോപകരണങ്ങളൊന്നും കൂടെ കൊണ്ടു് പോയിരുന്നില്ല. അതിനു പകരം കയ്യിലുണ്ടായിരുന്നതു് രണ്ടുസെൽ മാത്രമുള്ള ഒരു ചെറിയ ടോർച്ചുലൈററാണു്. കേന്ദ്രീകൃതമായ സുശക്തപ്രകാശം നൽകാൻ അപര്യാപ്തമായിരുന്നു അതു്. അതു് തോക്കിൽ ചേർത്തു ബന്ധിക്കാനുള്ള ഉപകരണവുമുണ്ടായിരുന്നില്ല. അപ്പോൾ പിന്നെ തോക്കിന്റെ കുഴലിനോടു ചേർത്ത് ഇടതുകൈ

കൊണ്ടു് അട്ടക്കിപ്പിടിച്ചു വച്ചുകൊണ്ടുവേണം അതുപയോഗിക്കാൻ. നിലാവുള്ള രാത്രിയല്ലായിരുന്നു. അപ്പോൾ ശബ്ദംകൊണ്ടും ഊഹിച്ചും പുലിയുടെ സ്ഥാനം നിർണ്ണയിച്ചുകൊണ്ടുവേണം തോക്കിലെ നിറയൊഴിക്കേണ്ടതെന്നുള്ളതുകൊണ്ടു് സാഹചര്യങ്ങൾ പൊതുവിൽ അനുകൂലമല്ലായിരുന്നു.

ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടു തന്നെ, ഉള്ള സൌകര്യങ്ങളൊക്കെ ഉപയോഗപ്പെടുത്തി, ഞാൻ നായാട്ടുമഞ്ചത്തിൽ ഇരിപ്പുപിടിച്ചു. എന്നിട്ടു്, ആടിനെ കുററിയിൽ കെട്ടിയശേഷം കഴിവുള്ളത്ര ഉച്ചത്തിൽ സംസാരിച്ചുകൊണ്ടു ഗ്രാമത്തിലേക്കു മടങ്ങിക്കൊള്ളാൻ ഞാൻ കൂട്ടുകാരോടു പറഞ്ഞു. ആളുകൾ മടങ്ങുന്നതു കാണുമ്പോൾ ആടു ലഹളകൂട്ടി കരഞ്ഞുകൊള്ളുമെന്നുള്ളതു മാത്രമല്ല, ആളുകൾ പിന്മാറുന്ന ശബ്ദവും ആടിൻെറ കരച്ചിലും ഒക്കെക്കൂടെയാകുമ്പോൾ, അതു പുലിയെ അങ്ങോട്ടാകർഷിക്കുകയും ചെയ്യും. അങ്ങനെ പുലി കാലേകൂട്ടി ആഹാരത്തിനു തയാറായി അവിടെയെത്താൻ സാദ്ധ്യതയുണ്ടു്.

ആ ഗ്രാമീണർ എൻെറ നിർദ്ദേശപ്രകാരം ആടിനെ കെട്ടിനിറുത്തിയിട്ടു് ഉറക്കെ വർത്തമാനം പറഞ്ഞുകൊണ്ടു ഗ്രാമത്തിലേക്കുള്ള വഴിയെ നടന്നു മറഞ്ഞു. ആട്ടു് ഉടനെ തന്നെ കെട്ടുപൊട്ടിച്ചു പോകാൻ ശ്രമിച്ചുകൊണ്ടു നിറുത്താതെ ഉച്ചത്തിൽ വിളികൂട്ടിത്തുടങ്ങി. ഇരയായി ഉപയോഗപ്പെടുത്താൻ ഈ ആടിനെ തിരഞ്ഞെടുത്ത ഗ്രാമത്തലവനെ ഞാൻ മനസാ അനുമോദിച്ചു. ഒരു മൈൽ ചുററുപാടിലെവിടെയെങ്കിലുമാണു പുലി നിൽക്കുന്നതെങ്കിൽ അതിനുവേണ്ടി കരുതി നിറുത്തിയിരിക്കുന്ന ഈ ഇരയെത്തേടി അതു് ഉടനെ എത്തുമെന്നുള്ള കാര്യത്തിൽ എനിക്കു സംശയമുണ്ടായിരുന്നില്ല.

പക്ഷേ പ്രതീക്ഷപോലെയൊന്നും സംഭവിച്ചില്ല. ആടാണെങ്കിൽ വളരെ ഉച്ചത്തിൽ നിറുത്താതെ കരഞ്ഞു കരഞ്ഞു് അതിൻെറ ഒച്ചയടച്ചു. നേർത്തു നേർത്തു വന്നു അതിൻെറ ശബ്ദം പുറത്തു കേൾക്കാനില്ലാതായി. സായം

സന്ധ്യാവേളയായപ്പോഴേക്കു തീരെ തളർന്ന ഒരു ഞരു ങ്ങൽ മാത്രമായി മാറി, അതിൻെറ നിലവിളി. രാത്രിയിൽ അവിടെ ഒററയ്ക്കു കഴിച്ചുകൂട്ടേണ്ട നിസ്സഹായാവസ്ഥയ്ക്കു സ്വയം കീഴടങ്ങിയ മട്ടിലായി, ആടിൻെറ പെരുമാററം. കാലുകൾ മടക്കിവച്ചു കിടന്നുകൊണ്ടു് അതുറക്കം പിടിച്ചു. പുലി യാദൃച്ഛികമായെങ്ങാനും ആ വഴിക്കു വരികയും താഴെക്കിടക്കുന്ന ആട്ടു് അതിൻെറ കാലിൽ തടയുകയും ചെയ്യെങ്കിലല്ലാതെ, ഈ ആട്ടു്, പുലിയുടെ ശ്രദ്ധയിൽ പെട്ടുകയില്ലെന്നു് എനിക്കുറപ്പായി. എന്നിരുന്നാലും ഒമ്പ തുമണി വരെയെങ്കിലും കാത്തിരുന്നു ഭാഗ്യം പരീക്ഷി ക്കുക എന്നുതന്നെ ഞാൻ തീർച്ചപ്പെടുത്തി.

ഇതേ സാഹചര്യങ്ങളിൽ ഞാൻ വനത്തിൽ കഴിച്ചു കൂട്ടിയിട്ടുള്ള അനേകം മണിക്കൂറുകൾ പോലെ തന്നെ കടന്നുപോയി, അടുത്ത രണ്ടര മണിക്കൂർ നേരം. പറവക ളുടെ ശബ്ദം—പകൽ പറന്നു നടക്കുന്നവയുടെയെങ്കിലും —കെട്ടടങ്ങി. ഇടയ്ക്കിടയ്ക്കു വല്ലപ്പോഴുമെങ്കിലും കേൾക്കാ നുണ്ടായിരുന്നതു് ഇടയപ്പക്ഷി (Herd boy Bird) യുടെ അടക്കിപ്പിടിച്ചുള്ള ചൂളം വിളിയാണ്. ചാരനിറക്കാര നായ ഈ പക്ഷിക്കു് ഏതാണ്ടു് എട്ടിഞ്ച് നീളം വരും. നിശാസഞ്ചാരിയാണ്. ഇടയന്മാർ തങ്ങളുടെ കന്നുകാലി കളെ വിളിച്ചുകൂട്ടുന്നതിനും നിയന്ത്രിച്ചു നയിക്കുന്നതിനും ഉപയോഗിക്കുന്ന തരം ശബ്ദത്തിൽ അടക്കിപ്പിടിച്ചതെ ങ്കിലും തുളഞ്ഞു കയറുന്ന തരത്തിലാണ് ഈ പക്ഷി ചൂളം വിളിക്കുക. ഈ പക്ഷിയുടെ മുൻപറഞ്ഞ പേരിൻെറ ആഗമം ഇങ്ങനെയാണ്. തമിഴിൽ ഇതിനു് "മാട്ടുപ്പയ്യൻ കുരുവി"യെന്നാണു പേരു്. വനങ്ങളിലൊ കുററിക്കാട്ടുക ളിലൊ പരിസരപ്രദേശങ്ങളിലൊ ആണ് ഇതിനെ സാധാരണ കാണാറു്. നാട്ടുമ്പുറത്തെ കൃഷിഭൂമികളി ലെങ്ങും ഞാൻ ഇവയെ കണ്ടുമുട്ടിയിട്ടില്ല.

രാത്രി 9. 15 ആയി. കാത്തിരിപ്പുകൊണ്ടു പ്രയോജ നമില്ല എന്നെനിക്കുറപ്പായി.

ഞാൻ ടോർച്ചു തെളിച്ചു് ആട്ടു കിടന്നിരുന്നിടത്തു നോക്കി. ടോർച്ചിൽ നിന്നുള്ള പ്രകാശം കഷ്ടിച്ചാണ് ആ

സ്ഥാനത്തെത്തിയിരുന്നതു്. ആട്ട ചാടിപ്പിടഞ്ഞെഴ ന്നേററു. അപ്പോഴാണു് അതിൻെറ രൂപരേഖ അവ്യക്ത മായി എനിക്കു കാണാറായതു്. ഈ നിലയ്ക്കു് പുലി വന്നു് ആടിനെ പിടികൂടിയിരുന്നുവെങ്കിൽപോലും എനിക്കു് അതിനെ ശരിയായി കാണാൻ കഴിയുമായിരുന്നില്ല. അതു കൊണ്ടു പുലി വരാതിരുന്നതും ഒരു കണക്കിൽ നന്നായി എന്നുതന്നെ ഞാൻ വിചാരിച്ചു.

ഞാൻ മരത്തിൽ നിന്നു താഴെയിറങ്ങി. ആടിനെ അഴിച്ചു കൂടെ നടത്തിക്കൊണ്ടു ഗ്രാമത്തിലേക്കു തിരിച്ചു. നായാട്ടുമഞ്ചം നിർമ്മിക്കാൻ സഹായിച്ചവരിലൊരു ത്തനെ വിളിച്ചു് അടുത്ത ദിവസം വരെ സൂക്ഷിക്കാൻ വേണ്ടി ആടിനെ ഞാൻ ഏല്പിച്ചുകൊടുത്തു.

അടുത്ത ദിവസം അതിരാവിലെ തന്നെ ഞാൻ ഗ്രാമ ത്തിലെത്തി. പുലിയെപ്പററി കിട്ടാവുന്നത്ര കൂടുതൽ വിവര ങ്ങൾ ശേഖരിക്കയെന്നുള്ളതായിരുന്നു എൻെറ ഉദ്ദേശം. എന്നാൽ ഞാൻ മുകളിൽ വിവരിച്ചിട്ടുള്ളതിൽ കവിഞ്ഞു് എന്തെങ്കിലും വിവരം തരാൻ കഴിവുള്ള ആരെയും കണ്ടു കിട്ടിയില്ല. കേട്ടറിഞ്ഞ പല സംഭവാംശങ്ങൾ ഞാൻ മന സ്സിൽ കൂട്ടിച്ചേർത്തു വച്ചു പരിശോധിച്ചു നോക്കി. പുലി എവിടെ നിന്നാണു വരുന്നതെന്നുള്ളതിനെപ്പററിയൊ എവിടെയാണു് അതിൻെറ താവളമെന്നുള്ളതിനെപ്പററി യൊ. ആർക്കും സൂക്ഷ്മമായി ഒന്നും അറിഞ്ഞുകൂടാ.

അടുത്ത മൂന്നു ദിവസവും പകൽ സമയത്തെല്ലാം ഞാൻ എൻെറ പുരയിടത്തിലെ പണിയുടെ മേൽനോട്ടം വഹിക്കുകയായിരുന്നു. എല്ലാ ദിവസവും തന്നെ പാതിരാ ത്രിയാകുന്നതുവരെ ഓരോ ആടിനെ മാറി മാറി ഇരയായി കെട്ടിനിറുത്തി പരീക്ഷിച്ചുകൊണ്ടു നായാട്ടു മഞ്ചത്തിൽ കഴിച്ചുകൂട്ടുകയും ചെയ്തു. എല്ലാ ദിവസവും നിരാശയായി രുന്നു ഫലം. പുലിയുടെ വരവിൻെറ ലേശമായ ഒരു സൂചനപോലുമുണ്ടായില്ല. എല്ലാ ദിവസവും രാവിലെ നാ യാട്ടു മഞ്ചത്തിനു ചുററുമുള്ള പ്രദേശങ്ങളിൽ പുലിയുടെ കാൽപാടുകൾ പതിഞ്ഞുകാണാനുണ്ടോ എന്ന പരിശോ ധന ഞാൻ നടത്തിക്കൊണ്ടിരുന്നു. പുതിയ കാൽപാടുക

ളൊന്നുമില്ല. ആ രാത്രികളിലൊന്നും മൂപ്പർ ആ പ്രദേശങ്ങളിലൂടെയെങ്ങും കടന്നുപോയിട്ടില്ലെന്നു നിശ്ചയം. ഒരുവേള, ഏലഗിരി മലകളുടെ അകലെയുള്ള പ്രദേശങ്ങളിലേയ്ക്കെങ്ങാൻ പുലി കടന്നിരിക്കയാണെന്നു വരുമോ?

നാലാംദിവസം രാവിലെ ഞാൻ ബാംഗ്ളൂരേക്കു തിരിച്ചു പോരുമ്പോൾ ഗ്രാമത്തലവന്റെ പക്കൽ കുറച്ചു പണം കൊടുത്തേൽപ്പിച്ചിരുന്നു; വേണ്ടി വന്നാൽ ജലാർപെട്ട് സ്റ്റേഷനിൽ ആളെവിട്ട് എന്റെ പേർക്ക് കമ്പിയടിപ്പിക്കാൻ.

ഒരു മാസം കടന്നുപോയി. കമ്പിയൊന്നും വന്നില്ല. ആ പുലി മനുഷ്യനെത്തിന്നുക സ്വഭാവമാക്കിക്കഴിഞ്ഞിട്ടില്ലായിരിക്കും എന്നു ഞാൻ കരുതി; അല്ലാത്ത പക്ഷം കൃഷിയിടങ്ങൾ മുറിച്ചു കടന്ന് ജാവാദിക്കുന്നുകളിലെ കുറെക്കൂടെ വിശാലമായ വനഭൂമിയിൽ ചെന്നു പററിയതാണെന്നും വരാം. ഏലഗിരിയുടെ അപ്പുറത്തു നിന്നാരംഭിച്ച് അത്ഭുത സിദ്ധികളുള്ളതെന്നു പറയപ്പെടുന്ന ഒരു മഹർഷിയുടെ വാസസ്ഥാനമായ തിരുവണ്ണാമല വരെ നീണ്ടുകിടക്കുന്ന ഈ മലകളുടെ ശൃംഖല കുറെക്കൂടെ വിസ്താരമേറിയതാണ്.

ഞാൻ ഊഹിച്ചതൊക്കെ തെററായിരുന്നുവെന്നു താമസിയാതെ തെളിഞ്ഞു.

ഒരു കാലത്തു ഞാൻ താല്പര്യപൂർവ്വം കാത്തുകാത്തിരുന്നതും പിൽക്കാലം മറന്നുതുടങ്ങിയതുമായ ആ കമ്പി വന്നത് ഏഴ വാരക്കാലത്തിനു ശേഷമാണ്. ജലാർപെട്ടിൽനിന്നു മലമുകളിലുള്ള കുടിയിടകളിലേയ്ക്കുള്ള തപാൽ ഉരുപ്പടികളുമായി പോയിരുന്ന തപാൽക്കാരനെ പുലി പിടിച്ച വർത്തമാനമായിരുന്നു, കമ്പിയുടെ ഉള്ളടക്കം.

ഉച്ചകഴിഞ്ഞു മൂന്നു മണിയോടു കൂടിയാണ് കമ്പി എന്റെ പക്കൽ കിട്ടിയത്. എന്നാലും ഞാൻ തിരക്കുകൂട്ടി തയ്യാറായി, ബാംഗ്ളൂർ നിന്ന് ഏഴുമണിക്കു പുറപ്പെട്ട 10. 30—ന് ജലാർപെട്ടിലെത്തുന്ന തൃശ്ശിനാപ്പള്ളി എക്സ്പ്രസ്സിൽ കയറിപ്പററി. കയ്യിൽ എന്റെ പെട്രോമാക്സ് വിളക്കുകൂടെ ഞാൻ കരുതിയിരുന്നതിനാൽ,

അതിന്റെ തെളിഞ്ഞ പ്രകാശത്തിന്റെ സഹായത്തോടെ, സ്റ്റേഷനിൽ നിന്നു് എട്ടു മൈൽ ദൂരം പിന്നിട്ടു്, രാത്രി രണ്ടു മണിക്കു മുമ്പായി മലമുകളിലുള്ള ആ ഗ്രാമത്തിലെത്താൻ എനിക്കു കഴിഞ്ഞു. നരഭോജിയായ ഒരു പുലിയുടെ സാന്നിദ്ധ്യംകൊണ്ടു കുപ്രസിദ്ധവും പാറക്കെട്ടുകൾ നിറഞ്ഞു ദുർഗ്ഗമവുമായ ആ വഴിക്കു രാത്രിയിൽ സഞ്ചരിക്കാൻ സാധാരണ ഗതിയിലാണെങ്കിൽ ഞാൻ മുതിരുമായിരുന്നില്ല. എന്നാൽ പെട്രോമാക്സ് വിളക്കു തുടന്നു കത്തിക്കൊണ്ടിരിക്കുന്ന കാലത്തോളം ഒന്നും ഭയപ്പെടാനില്ലെന്നു് എനിക്കുറപ്പുണ്ടായിരുന്നു. എന്റെ റൈഫിളും ഉപകരണങ്ങൾ അടങ്ങിയ സഞ്ചിയും പുറത്തു തൂക്കിയിട്ടു്, ഇടതുകയ്യിൽ പെട്രോമാക്സ് വിളക്കും തൂക്കിക്കൊണ്ടുള്ള ആ മലകയററം വളരെ ക്ലേശകരമായിരുന്നു. മുകളിലെത്തിയപ്പോഴേയ്ക്കു് ഞാൻ ആകെ വിയർപ്പിൽ കുളിച്ചിരുന്നു. ഗ്രാമത്തിലെത്താൻ പിന്നെയും ഒരു മൈൽ പോകണം. നടക്കും വഴി എന്റെ ശരീരത്തിൽ കിടന്നു ഞങ്ങിക്കൊണ്ടിരുന്ന, വിയർപ്പിൽ കുളിച്ച വസ്ത്രങ്ങളിൽ ഒരു തണുത്ത കാററു വന്നടിച്ചു് അവയെ പൂർവ്വാധികം തണുപ്പുററവയാക്കിത്തീർത്തു.

ഞാൻ ചെന്നു പട്ടേലിനെ വിളിച്ചുണർത്തി; അയാൾ ഗ്രാമവാസികളെയും. അങ്ങനെ വെളുത്ത പല്ലുകൾ പുറത്തു കാട്ടിക്കൊണ്ടു് ഏതാണ്ടു് നൂറോളം ഇരുണ്ട മുഖങ്ങൾ പെട്രോമാക്സിന്റെ പ്രകാശവലയത്തിനകത്തു വന്നു കൂടി.

പട്ടേൽ എന്നെ ആഹാരം കഴിക്കാൻ ക്ഷണിച്ചു. ഞാൻ ഉപചാരപൂർവ്വം അതുപേക്ഷിച്ചിട്ടു് അല്പം ചൂടുള്ള ചായ കിട്ടിയാൽ മതിയെന്നു പറഞ്ഞു. അതുവേഗം തന്നെ തയ്യാറായി. പട്ടേലിന്റെ വക ഒരു പിത്തളപ്പാത്രത്തിൽ നിന്നു് ചായ മോന്തിക്കുടിക്കുന്നതിനിടയിൽ അയാൾക്കു പറയാനുണ്ടായിരുന്ന കഥ മുഴുവനും ഞാൻ ശ്രദ്ധാപൂർവ്വം കേട്ടു.

അധികമൊന്നും പറയാനുണ്ടായിരുന്നില്ല. ഞാൻ മുമ്പു് അവിടെ ചെന്നിട്ടു പോന്നതിനു ശേഷം എല്ലാ

വരും വളരെ കരുതലോടെയാണ്—പ്രത്യേകിച്ച് വനപരിസരങ്ങളിൽ—സഞ്ചരിക്കാറുള്ളത്. രാത്രിയിൽ ആരും വീട്ടുവിട്ട് പുറത്തിറങ്ങാറില്ല. അങ്ങനെ ഏതാനും വാരക്കാലം പുലിയെപ്പററി പുതുതായി ഒന്നും കേൾക്കാതെ കടന്നു പോയപ്പോൾ, സ്വാഭാവികമായി ആളുകളുടെ ജാഗ്രതയും കുറഞ്ഞു വന്നു.

റെയിൽവെ സ്റ്റേഷനു തൊട്ടടുത്തുള്ള തപാലാഫീസിൽ നിന്ന് ഉരുപ്പടികളുമായി തപാൽക്കാരൻ പുറപ്പെടാറുള്ളത് രാവിലെ ആറുമണിക്കാണ്. അയാൾ അപ്പോൾ തന്നെ മലകയറാൻ തുടങ്ങും. മെയിൽ വണ്ടിയെല്ലാം രാത്രിയിൽ തന്നെ ജലാർപെട്ട് കടന്നു പോകും; ബാംഗ്ളൂരിൽ നിന്നും മദ്രാസിൽ നിന്നും കോഴിക്കോട്ടു നിന്നുമൊക്കെയുള്ളവ. ഏലഗിരിപ്രദേശത്തേയ്ക്കു തപാൽ ഉരുപ്പടികൾ സാധാരണ കുറവായിരിക്കും. അങ്ങോട്ടുള്ള അപൂർവ്വം കത്തുകളോ പാഴ്സലുകളോ ഒക്കെ മെയിൽ വണ്ടികളിലെ സോർട്ടറന്മാർ പ്രത്യേകം സഞ്ചികളിലാക്കി ജലാർപെട്ട് സ്റ്റേഷനിൽ നൽകുകയാണ് പതിവ്. ഈ വിവിധ സഞ്ചികൾ പൊട്ടിച്ച് അതിലെയെല്ലാം ഉരുപ്പടികൾ ഒററ സഞ്ചിയിലാക്കി അതും തോളിൽ തൂക്കി—അല്ലെങ്കിൽ തലയിൽ ചുമന്നു—കൊണ്ടാണ് അവിടത്തെ തപാൽക്കാരൻ മേൽവിലാസക്കാരെയന്വേഷിച്ചു മലമുകളിലേയ്ക്കു പുറപ്പെടുന്നത്.

അയാളുടെ ആകെ ആയുധം—സ്വയരക്ഷയ്ക്കുള്ള ആയുധമെന്നതിനെക്കാൾ ഒരു ഔദ്യോഗിക സ്ഥാനചിഹ്നമായിട്ടും വഴിയിലെ പാമ്പുകളെയും മററും ഭയപ്പെടുത്തി ഓടിക്കാനുള്ള ഉപകരണമായിട്ടുമാണ് അതു് ഉപയോഗിക്കപ്പെട്ടിരുന്നതു്—തണ്ടിൽ ഏതാനും ഇരുമ്പുവളയങ്ങളോടു കൂടിയ ഒരു കുറുങ്കുന്തമായിരുന്നു. ഈ കുന്തത്തിൻെറ മൂടുകൊണ്ട് തറയിൽ ഇടിച്ചിടിച്ചാണ് തപാൽക്കാരൻ മുമ്പോട്ടു നീങ്ങുന്നതു്. ഓരോ പ്രാവശ്യവും നിലത്തിടിക്കുമ്പോൾ ഇരുമ്പുവളയങ്ങൾ പരസ്പരം കൂട്ടിമുട്ടി ഒരു ഝണൽക്കാരമുയരും. ഏതാണ്ട് നൂറുകൊല്ലക്കാലമായി ഇന്ത്യയുടെ ഒരററം മുതൽ മറേറ അററംവരെ ഈ മണികിലുക്കം

കേൾക്കുമ്പോൾ അതുകൊണ്ടു തപാൽക്കാരനെ തിരിച്ചറിഞ്ഞുവരുന്നു.

ആ ദുർദ്ദിനത്തിലും തപാൽക്കാരൻ പതിവനുസരിച്ചു രാവിലെ ആറു മണിക്കു ജലാർപെട്ട് സ്റ്റേഷനിൽ നിന്നു പുറപ്പെട്ടതാണ്. പക്ഷേ അന്ന്, അയാൾ മലയുടെ മുകളിൽവരെ ചെന്നെത്തിയില്ല. മണിത്തടി കിലുക്കിക്കൊണ്ടുള്ള അയാളുടെ ആഗമനം ഗ്രാമത്തിലെ ഒരു നിത്യസംഭവമായിരുന്നതിനാൽ ഗ്രാമവാസികൾക്കെല്ലാം സുപരിചിതനാണ് തപാൽക്കാരൻ. പക്ഷേ സുപരിചിതമായ ആ മണിക്കിലുക്കം അന്നു ഗ്രാമവീഥികളിൽ ഉയന്നുകേട്ടില്ല. പൗരസ്ത്യരാജ്യങ്ങൾക്കു സഹജമായ അശ്രദ്ധയും അലസതയും കാരണം ആരും അതേച്ചൊല്ലി അസ്വസ്ഥരായില്ല; ചിന്തിച്ചതുതന്നെയില്ല.

ഉച്ചഭക്ഷണത്തിനുശേഷം ഒരു കൂട്ടം ആളുകൾ എന്തോ കാര്യത്തിനുവേണ്ടി ജലാർപെട്ട് സ്റ്റേഷനിലേയ്ക്കു് പോകയായിരുന്നു്. ഏതാണ്ട് കാൽഭാഗം ദൂരം മലയിറങ്ങിക്കഴിഞ്ഞപ്പോൾ കല്ലുകളിൽ ചോരയൊഴുകി വീണ് ഉണങ്ങിയിരിക്കുന്നതു് അവരുടെ ദൃഷ്ടിയിൽപെട്ടു. അതെങ്ങനെയുണ്ടായി എന്നത്ഭുതപ്പെട്ട്, അവർ അവിടെ തറച്ചുനിന്നു. സൂക്ഷ്മദൃഷ്ടിയായ ഒരുവന്റെ കണ്ണുകൾ കുറെയകലെ പൊന്തക്കാടിനടുത്തു് തപാൽക്കാരന്റെ മണിത്തടി കിടക്കുന്നതു കണ്ടുപിടിച്ചു. എന്താണ് സംഭവിച്ചിരിക്കാവുന്നതെന്ന് അവർ ഊഹിച്ചു. ഭയവശഗരായ അവർ ഗ്രാമത്തിലേയ്ക്കുതന്നെ പെട്ടെന്നു മടങ്ങി. അവിടെയെത്തി കൂടുതൽ ആളുകളെയും ഗ്രാമത്തലവനെയുമൊക്കെ കൂട്ടിക്കൊണ്ട് അവർ വീണ്ടും ആ സ്ഥലത്തെത്തി നടത്തിയ കൂടുതൽ പരിശോധനയിൽ നിർഭാഗ്യവാനായ ആ തപാൽക്കാരന്റെ മൃതദേഹം കണ്ടുപിടിച്ചു. അതിന്റെ ഏതാനും ഭാഗം പുലി തിന്നുകഴിഞ്ഞിരുന്നു.

ജലാർപെട്ടിലേയ്ക്കു പുറപ്പെട്ടിരുന്ന ആൾക്കാരുടെ കയ്യിൽതന്നെ പട്ടേൽ എനിക്കുള്ള കമ്പിസന്ദേശവും എഴുതിക്കൊടുത്തയച്ചു; സ്റ്റേഷനിലെത്തി എന്റെപേക്കു കമ്പിയടിക്കാനായിരുന്നു, നിർദ്ദേശം. പല കുഴപ്പങ്ങൾ കാരണം

കമ്പി എൻെറ കയ്യിൽ വന്നുചേർന്നപ്പോൾ പിറേറദിവസം പകൽ മൂന്നു മണി കഴിഞ്ഞു; ജലാർപെട്ടിൽനിന്നു് ബാംഗ്ലൂരിലേയ്ക്കുള്ള ദൂരം 89 മൈൽ മാത്രമാണെന്നിരിക്കിലും ആ കമ്പി എൻെറ കയ്യിലെത്താൻ ഏതാണ്ടു് 24 മണിക്കൂർ വേണ്ടിവന്നു! ജലാർപെട്ടിലെ പോലീസ് അധികൃതർ പ്രേതവിചാരണയ്ക്കുംമററുമായി മൃതദേഹം അവിടെ നിന്നു് നീക്കം ചെയ്തുകഴിഞ്ഞ വിവരവും എന്നെ ധരിപ്പിക്കയുണ്ടായി.

ഈ സംഭാഷണമൊക്കെ പര്യവസാനിക്കയും പട്ടേലിനും കൂട്ടക്കും പുലിയെപ്പററി അറിയാമായിരുന്നിടത്തോളം വിവരങ്ങൾ ഞാൻ ഗ്രഹിക്കയും ചെയ്തുകഴിഞ്ഞപ്പോഴേയ്ക്കു് വെളുപ്പാൻകാലം നാലുമണി കഴിഞ്ഞു. പട്ടേൽ എനിക്കുതന്ന ഒരു കയറുകട്ടിൽ ആ ഗ്രാമസീമയിൽ തുറസ്സായ സ്ഥലത്തിട്ടു് അതിൽ കിടന്ന ഞാൻ ഉദ്ദേശം രണ്ടുമണിക്കൂർനേരം ഉറങ്ങി. വനത്തിലെ പ്രഭാതഘോഷങ്ങൾ കേട്ടിട്ടല്ല, കയറുകട്ടിലിൽ കിടന്നുറങ്ങുന്ന എന്നെക്കണ്ടിട്ടന്യായമായി തോന്നിയ ശങ്കയും വെറുപ്പുംകൊണ്ടു് ഉറക്കെക്കരച്ചിരുന്ന രണ്ടു കില്ലപ്പുട്ടികളുടെ ചെവി തുളയ്ക്കുന്ന ശബ്ദകോലാഹലം കേട്ടാണു്, ഞാൻ ഉണർന്നുപോയതു്.

ഏലഗിരി മലകളിൽ ഇടതൂർന്നു് വനഭൂമി ഇല്ലെന്നു് ഞാൻ മുമ്പു പറഞ്ഞുവല്ലോ. അതുകൊണ്ടു് വനത്തിൽ പാർപ്പുകാരായ പഴയ ആദിവാസികളും അവിടെയില്ല. ആ സ്ഥിതിക്കു് പുലിയുടെ ഗതിവിഗതികളും താവളവും മനസ്സിലാക്കുന്നതിനു് ഗ്രാമവാസികളിൽ നിന്നു കിട്ടുന്ന അറിവും എൻെറ സ്വന്തം മനോധർമ്മവും ഉപയോഗപ്പെടുത്തുകയേ തരമുള്ളുവെന്നു് എനിക്കു ബോദ്ധ്യമായി.

പുലിയുടെ മട ഏതു ഭാഗത്തായിരിക്കാനാണു് സാദ്ധ്യത എന്നതായിരുന്നു, ഞാൻ നടത്തിയ അന്വേഷണങ്ങളിൽ ഒന്നു്. വ്യക്തമായ മറുപടിയൊന്നും ഈ ചോദ്യത്തിനു ലഭിച്ചില്ല. പെരിയമലയിലെ ഒരു പാറക്കെട്ടിൻെറ ചെരിവിലിരുന്നു് ഒരു പുലി വെയിൽ കായുന്നതായി കഴിഞ്ഞ ഏതാനും വാരക്കാലത്തിനുള്ളിൽ മൂന്നുനാലു പ്രാവശ്യം തങ്ങൾ കാണുകയുണ്ടായി എന്നു് രണ്ടു

കന്നുകാലിനോട്ടക്കാർ പറഞ്ഞു. ഏലഗിരി മലകളുടെ മുകൾഭാഗം ഒരു പീഠഭൂമിയാണു്. ഈ പീഠഭൂമിയേക്കാൾ ഉയന്നു നിൽക്കുന്നതായി അവിടെയുള്ളത്തു് പെരിയമല മാത്രമേയുള്ളു. അർദ്ധചന്ദ്രാകാരത്തിൽ നിൽക്കുന്ന ഏലഗിരി മലകളിലെ ഏററവും ഉയന്ന കൊടുമുടി പെരിയമലയുടേതാണുതാനും. സമുദ്രനിരപ്പിൽ നിന്നു് 4500 അടി ഉയരമുണ്ടു്, അതിൻെറ മുകളററത്തേയ്ക്കു്.

ഞാൻ പട്ടേലിൻെറ വസതിയിലേയ്ക്കു ചെന്നു. അയാൾ ഉണന്നിരുന്നില്ല. അധികം താമസിയാതെ ഉറക്കമുണന്നു പുറത്തുവന്നു. അയാൾ, വെള്ളം കോരുന്ന കുടത്തിൻെറ ആകൃതിയിലുള്ള ഒരു പിത്തളപ്പാത്രത്തിൽ നിറയെ (ഈ പാത്രത്തിനു ചെമ്പു് എന്നാണു പേരു്.) കാച്ചിയ പാൽ എനിക്കു കുടിക്കാനായി തന്നു. പെരിയ മലയിൽ പുലിയെക്കണ്ടു എന്നു പറഞ്ഞ മാട്ടിടയരെ എൻെറകൂടെ അയച്ചുതരണമെന്നു ഞാൻ ആവശ്യപ്പെട്ടു. അവർ പുലിയെ കണ്ടതായി പറഞ്ഞ പാറക്കെട്ടു് നേരിൽ ഒന്നു കണ്ടു മനസ്സിലാക്കണമെന്നുണ്ടായിരുന്നു, എനിക്കു്.

എൻെറ കൂടെ പോരാൻ അവരെ രണ്ടു പേരെയും പ്രേരിപ്പിക്കുന്നതിനുതന്നെ കുറെയധികം സമയം വേണ്ടിവന്നു. അവക്കു വരാൻ തീരെ സമ്മതമുണ്ടായിരുന്നില്ല. വലിയ ഭയം. പട്ടേൽ അയാളുടെ സ്വന്തം രീതിയിലുള്ള പ്രേരണതന്നെ ഒടുവിൽ എടുത്തു പ്രയോഗിച്ചു. അവരെ ശിക്ഷിക്കുന്നതാണു് എന്നു പറഞ്ഞു് ഭീഷണിപ്പെടുത്തി. ഒടുവിൽ ഒരുതരത്തിൽ അവരെയും കൂട്ടിക്കൊണ്ടു ഞാൻ പുറപ്പെട്ടു.

ഗ്രാമത്തിൽനിന്നു മൂന്നു മൈൽ അകലെയാണു് പെരിയമലയുടെ സ്ഥാനം. ജലാർപെട്ടിലേയ്ക്കു കിടക്കുന്ന പാതയുടെ നേരെ എതിർ മാർഗ്ഗത്തിൽക്കൂടെ സഞ്ചരിച്ചിട്ടുവേണം, അവിടെയെത്താനും. നിർഭാഗ്യവാനായ ആ തപാൽക്കാരൻ കൊല്ലപ്പെട്ട സ്ഥലത്തുനിന്നു് ഉദ്ദേശം അഞ്ചു മൈൽ ദൂരമുണ്ടു്, ഈ മലയിലേയ്ക്കു്. അതുമല്ല, ഇടയ്ക്കുള്ള ഭൂമി ഏതാണ്ടു് മുഴുവനും തന്നെ കൃഷിയിറക്കിയിട്ടുള്ളതുമാണു്. പെരിയമലയിൽതന്നെ കുറെ കാടുപിടിച്ച ഭാഗ

മുള്ളതു് വടക്കുവശത്തു് ക്രമേണ കീഴോട്ടു് ചരിവായി കിടക്കുന്ന സ്ഥലത്തുമാണു്. സ്ഥിതിഗതികൾ ഒട്ടാകെ ഒന്നു് അവലോകനം ചെയ്തുനോക്കിയപ്പോൾ എനിക്കു് ആകെ അസംതൃപ്തിയാണുണ്ടായതു്. എനിക്കു തോന്നി, ആ കാലി മേയ്ക്കുന്ന കൂട്ടർ കണ്ടതു് ഞാൻ തേടുന്ന പുലിയെയായിരിക്കാനിടയില്ല, എന്നു്. തപാൽക്കാരനെ പിടിച്ച പുലിയും ഇതും രണ്ടും രണ്ടാകാനേ തരമുള്ളുവെന്നായിരുന്നു എൻെറ നിഗമനം.

പെരിയമലയുടെ ചുവട്ടിലെത്തിയപ്പോൾ എൻെറ കൂട്ടുകാർ, ഉദ്ദേശം മുന്നൂറടി ഉയരത്തിൽ പുറത്തേയ്ക്കു് ഉന്തിനിൽക്കുന്ന ഒരു പാറക്കെട്ടു് എനിക്കു ചൂണ്ടിക്കാണിച്ചുതന്നു. പുലി ഇരുന്നു വെയിൽ കായുന്നതായി കാണപ്പെട്ടതു് അവിടെയാണു്. മലയുടെ ചുവടു മുതൽ ആ പാറക്കെട്ടുവരെയും പെരിയമലയുടെ ഏതാണ്ടു് പകുതി ഉയരംവരെയും അരിപ്പൂച്ചെടി തിങ്ങി വളന്നു നിന്നിരുന്നു. അതിനും മുകളിൽ നിന്നേ വനം ആരംഭിക്കുന്നുള്ളു. ദക്ഷിണേന്ത്യയിലെ ചെറിയ വനങ്ങളിൽ പലതിൻെറയും കാര്യത്തിലെന്നപോലെ വന്മരങ്ങളെ ശ്വാസംമുട്ടിച്ചുകൊണ്ടു് അരിപ്പൂക്കാടു് ഇവിടെയും ആധിപത്യം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണെന്നു് എനിക്കു കാണാൻ പ്രയാസമുണ്ടായിരുന്നില്ല. ഏലഗിരിമലകളെപ്പോലെതന്നെ അനേകം പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശമാണു് പെരിയമലയും. സംഖ്യയില്ലാത്ത പാറക്കെട്ടുകളും ഇടതൂന്നു വളന്നു നിൽക്കുന്ന അരിപ്പൂച്ചെടിയും നിറഞ്ഞ ഈ പ്രദേശത്തു് ഒരു പുലിയെ തിരഞ്ഞു കണ്ടുപിടിക്കുകയെന്നതു് കേവലം അസാദ്ധ്യമായ കാര്യമായിരുന്നു. അത്രയ്ക്കു് ഇടതിങ്ങിയാണു് അവിടെ അരിപ്പൂച്ചെടി വളന്നു നിന്നിരുന്നതു്.

അതുകൊണ്ടു് മലയുടെ ചുവട്ടിലുള്ള ഒരു മരം കണ്ടുവച്ച ശേഷം അവിടെ കെട്ടിനിറുത്താൻപററിയ ഒരിരയെ കൊണ്ടുവരാനായി ഞാൻ ഗ്രാമത്തിലേയ്ക്കു മടങ്ങി.

പട്ടേൽ ഒരു കഴുതയെ സമ്പാദിച്ചുതന്നു. ആടായാൽ പററുമായിരുന്നില്ല. എന്തെന്നാൽ, ആടിനെ കെട്ടി നിറുത്തിക്കൊണ്ടു് സമീപത്തു കാത്തിരിക്കാൻ എനിക്കുദ്ദേശ

മില്ലായിരുന്നു. അപ്പോൾ പിന്നെ, ആടാണെങ്കിൽ ഒററയടിക്കു തന്നെ പുലി അതിനെ മുഴുവൻ സാപ്പിട്ടുകളയുമെന്നും തിന്നാതിന്റെ ബാക്കിക്കുവേണ്ടി അടുത്ത രാത്രിയിലും വരാനുള്ള പ്രേരണയ്ക്കു തക്കവിധം ഒന്നും ശേഷിക്കുകയില്ലെന്നുമിരിക്കെ, ഇരയായി ആടിനെ നിറുത്തിയാൽ മതിയാകയില്ല. നേരെ മറിച്ചു കഴുതയാണെങ്കിൽ ഒന്നാകെ തിന്നുതീർക്കാൻ കഴിയില്ല. അപ്പോൾ പുലി അടുത്ത രാത്രിയും വന്നേ തീരൂ. എന്നാൽ ആടാണെങ്കിൽ മറെറാരു ഗുണമുണ്ടു്; നിലവിളികൂട്ടി പുലിയുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളും. കഴുത മിണ്ടാതെ നിന്നു കളയും.

പക്ഷേ പുലി മലയിലെവിടെയെങ്കിലുമുള്ള പക്ഷം ഉയരത്തിലുള്ള തന്റെ സ്ഥാനത്തു നിന്നു ചുവട്ടിൽ നിൽക്കുന്ന കഴുതയെ കാണാതിരിക്കില്ല എന്നൊരാശ്വാസമുണ്ടായിരുന്നു എനിക്കു്. അതുകൊണ്ടു് കഴുതയെ കൊണ്ടുചെന്നു് ഞാൻ അടയാളപ്പെടുത്തിയിട്ടുള്ള സ്ഥാനത്തു കെട്ടിനിറുത്തിയിട്ടു പോരാൻ ഞാൻ ആ കന്നുകാലിനോട്ടക്കാരെ ചുമതലപ്പെടുത്തിയയച്ചു. കഴുതയെ കെട്ടാൻ നല്ല ബലമുള്ള കയറും കൊടുത്തയച്ചിരുന്നു.

ഇതെല്ലാം ചെയ്തു് പട്ടേലിനെയും മൂന്നു നാലു ഗ്രാമവാസികളെയും കൂട്ടിക്കൊണ്ടു്,തപാൽക്കാരൻ കൊല്ലപ്പെട്ട സ്ഥലം കാണാനായി ഞാൻ പുറപ്പെട്ടു. ഗ്രാമത്തിൽനിന്നു് ഏതാണ്ടു് ഒന്നരമൈൽ അകലെ, ജലാർപെട്ടു് പാതയിൽ അരിപ്പുക്കാട്ടം പാറക്കെട്ടും നിറഞ്ഞ ഒരു പ്രദേശം മുറിച്ചു കടക്കുന്ന സ്ഥാനത്തുവച്ചാണു് ആ ദുരന്തം സംഭവിച്ചതു. തലേന്നു രാത്രി പെട്രോമാക്സ് വിളക്കും തൂക്കി. ഞാൻ നടന്നു വന്ന പാത തന്നെ. പക്ഷേ അപ്പോൾ ദീപപ്രകാശത്തിൽ ഞാൻ രക്തം വീണു കിടന്ന രേഖയൊന്നും കണ്ടിരുന്നില്ല. കാണാതിരുന്നതു നന്നായി. അല്ലെങ്കിൽ എനിക്കു തന്നെ പരിഭ്രമം തോന്നാൻ സാദ്ധ്യതയുണ്ടായിരുന്നു.

അങ്ങിങ്ങു് രക്തം വീണുണങ്ങിയ പാടു് പുലി പോയ വഴിയിൽ കാണാനുണ്ടായിരുന്നു. പുലി ഭാഗികമായി തിന്ന നിലയിൽ ആ നിർഭാഗ്യവാന്റെ ജഡം

കാണപ്പെട്ട സ്ഥാനവും അടുത്തുതന്നെയായിരുന്നു. അവിടവും ഞാൻ കണ്ടു. അയാളുടെ ശരീരം മറവു ചെയ്യാൻ ജലാർപെട്ടിലേക്ക് കൊണ്ടുപോയി കഴിഞ്ഞിരുന്നതിനാൽ പിന്നെ അവിടെ കാണാൻ വിശേഷിച്ചൊന്നും ഉണ്ടായിരുന്നില്ല.

പുലിപോയ വഴിക്കരികിലായി മുന്നൂറു വാരയകലെ ഒരിടത്ത് ഒരു കശുമാവു നിന്നിരുന്നു. അവിടെയും ഒരു കഴുതയെ കെട്ടി നിറുത്താൻ ഞാൻ പട്ടേലിനെ ഏർപ്പാടു ചെയ്തു.

എന്നിട്ടു ഞങ്ങൾ ഗ്രാമത്തിലേക്കു മടങ്ങി. കുററിക്കാടുകൾ ഗ്രാമത്തിനു് ഏററവും സമീപത്തു വരെ വളർന്നു നിൽക്കുന്ന സ്ഥാനത്തും ഒരു കഴുതയെ കെട്ടിനിറുത്തുന്നതു നന്നായിരിക്കുമെന്നു ഞാൻ സൂചിപ്പിച്ചു. പട്ടേൽ വീണ്ടും തൻെറ സ്വാധീനശക്തി പ്രയോഗിച്ചു രണ്ടു കഴുതകളെക്കൂടെ വരുത്തുകയും ഞാൻ പറഞ്ഞിരുന്ന സ്ഥാനങ്ങളിൽ അവയെ കെട്ടിനിറുത്താൻ പ്രത്യേകം പ്രത്യേകം സംഘങ്ങളെ നിയോഗിക്കയും ചെയ്തു.

ഇപ്പോഴേയ്ക്കു് മണി ഒന്നായി. ഇനി സംഭവവികാസങ്ങൾ പ്രതീക്ഷിച്ചു കാത്തിരിക്കയല്ലാതെ ഒന്നും ചെയ്യാനായിട്ടില്ല. അന്നു രാത്രി ഈ മൂന്നു കഴുതകളിൽ ഏതെങ്കിലുമൊന്നിനെ പുലി കണ്ടുമുട്ടി കൊല്ലാനിടയാകണേയെന്നു് ആഗ്രഹിക്കയല്ലാതെ എനിക്കെന്തു ചെയ്യാൻ കഴിയും? അധികമാളുകളെ ആ പുലി ഇതേവരെ കൊന്നിട്ടില്ലാത്തതിനിലയ്ക്കു് മററു മൃഗങ്ങളെ വേട്ടയാടിപ്പിടിച്ചാണു് ജീവിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല.

പട്ടേൽ എനിക്കു ചൂടുള്ള ആഹാരം തന്നു സൽക്കരിച്ചു. ചോറും, വഴുതനങ്ങായും ഉള്ളിയുമൊക്കെ കണ്ടിച്ചിട്ടു് ഉദാരമായി ചുവന്ന മുളകും ചേർത്തുണ്ടാക്കിയ പരിപ്പുകറിയുമായിരുന്നു, വിഭവങ്ങൾ. മുളകിൻെറ എരിവുമൂലം എൻെറ മുഖത്തു കൂടെ ധാരധാരയായി വിയർപ്പൊഴുകിക്കൊണ്ടിരുന്നു. എങ്കിലും, ആ ഊണു് എനിക്കു നന്നേ രസിച്ചു. ഞാൻ എരിവു കൊണ്ടു് വിഷമപ്പെടുന്നതു കണ്ട എൻെറ ആതിഥേയൻ ക്ഷമാപണ

ത്തിനു മുതിർന്നുവെങ്കിലും, ഈ വിഭവങ്ങളൊക്കെ എനിക്കു വളരെ ഇഷ്ടപ്പെട്ടുവെന്നു പറഞ്ഞു് ഞാൻ അയാളെ സമാധാനിപ്പിച്ചു. ഊണിൻെറ അവസാനത്തിൽ ധാരാളം കാപ്പിയും ഉണ്ടായിരുന്നു. ഒടുവിൽ ഊണു കഴിഞ്ഞെഴുന്നേററപ്പോൾ ഞാൻ വളരെ സംതൃപ്തനായിരുന്നു എന്നു പറഞ്ഞേ തീരൂ.

സമയം പോകണമല്ലോ. അതുകൊണ്ടു് ഞാൻ എൻെറ ചെറിയ കൃഷിഭൂമിയിലേയ്ക്കു മടങ്ങി. വൈകുന്നതുവരെ ചില്ലറ പണികളിലേർപ്പെട്ടു കഴിച്ചു കൂട്ടി. എൻെറ കൃഷിഭൂമിയുടെ വിസ്തീർണ്ണം ഒന്നരയേക്കർ മാത്രമായിരുന്നു എന്നറിയുന്നതു് നിങ്ങളുടെ താല്പര്യത്തെ ഉദ്ദീപിപ്പിച്ചേക്കാം. വിസ്തീർണ്ണം കുറവാണെന്നിരിക്കിലും നല്ലൊരു കൃഷിയിടമാണതു്. അതിൽ അടയാള മഷി എടുക്കാവുന്ന ഒരു മരവുമുണ്ടു്. അതിൻെറ കായിൽ നിന്നെടുക്കുന്ന കറുത്ത കറകൊണ്ടുണ്ടാക്കുന്ന മഷിയുപയോഗിച്ചാണു് അലക്കുകാർ പല ഉടമസ്ഥന്മാരുടെ വസ്ത്രങ്ങൾ തമ്മിൽ തിരിച്ചറിയാനുള്ള അടയാളമിടുന്നതു്. ഈ മഷികൊണ്ടിടുന്ന അടയാളം ഒരിക്കലും മാഞ്ഞുപോകില്ല. ഒട്ടിച്ചു ചേർത്തയിനം മൂന്നു പ്ളാവുകളുള്ളതിൽ നിന്നു് രണ്ടു റാത്തൽ മുതൽ പന്ത്രണ്ടു റാത്തൽ വരെയും ചിലപ്പോൾ കൂടുതലും ഭാരമുള്ള കായ്കൾ കിട്ടും. ഏതാനും പേരവൃക്ഷങ്ങളും പീച്ചുകളും ഒരു മലക്കറിത്തോട്ടവും അതിനകത്തുണ്ടു്. ആ പുരയിടത്തിനകത്തു രണ്ടു കെട്ടിടങ്ങളുണ്ടു്. രണ്ടും മൺഭിത്തി പടുത്തുയർത്തി കാട്ടുപുല്ലും ചോളക്കമ്പും കൊണ്ടു മേഞ്ഞതാണു്. റോസായും പൂച്ചെടികളും വളർന്നു നിൽക്കുന്ന ഒരുദ്യാനം മുൻവശത്തുണ്ടു്. ലെഗോൺ, റോഡ്സ്, മിനോർക്കാ എന്നീ ഇനങ്ങളിൽ ഏതാണ്ടു മൂന്നു ഡസൻ കോഴികളും ഏതാനും താറാവുകളും അവിടെ വളരുന്നുണ്ടായിരുന്നു. വെള്ളം കിട്ടാൻ ഒരു ചെറിയ കിണറുണ്ടു്. അതിലെ വെള്ളം നന്നായിരിക്കാൻ വേണ്ടി ഞാൻ ബാംഗ്ലൂരിൽ നിന്നു് കുറെ മത്സ്യങ്ങളെ കൊണ്ടുവന്നു് കിണററിൽ നിക്ഷേപിച്ചിരുന്നു. മുൻവശത്തുകൂടെഒഴുകുന്ന അരുവിയാണു്

ഒരുവശത്തെ അതിരു്. മററു മൂന്നു വശങ്ങളിലും അതിരിൽ മുള നട്ടുവളർത്തിയിരുന്നു. സ്ഥലം ആകെ വളരെ ചെറുതെങ്കിലും നല്ല സ്വച്ഛതയുള്ളതായിരുന്നു; ബാംഗ്ലൂരിൽ നിന്നു വല്ലപ്പോഴും ഒരു ഞായറാഴ്ച വന്നു വിശ്രമിക്കാൻ ഏററവും പററിയ ഇടം.

ആ ഭൂമിയുടെ ഏതാണ്ടു പകുതി ഭാഗം താണ നിരപ്പിലാണു്; ആ അതിരിലാണു് അരുവി. ഈ അരുവിയിൽ നിന്നു വെള്ളം തിരിച്ചുവിട്ടു ബർമ്മയിൽനിന്നു വരുന്ന ഒരുതരം കറുത്ത നെല്ലു് ഞാൻ കൃഷിചെയ്തുനോക്കി. പെഗുനെല്ലു് എന്നാണതിന്റെ പേരു്. എന്റെ അറിവിൽ ഈയിനം നെല്ലു വിളിയിച്ചെട്ടുത്ത ദക്ഷിണേന്ത്യയിലെ വളരെ അപൂർവ്വം കൃഷിയിടങ്ങളിൽ ഒന്നായിരുന്നു, എന്റേതു്. പലരും ഈ വിത്തു വിതച്ചുനോക്കിയെങ്കിലും ഓരോ കാരണവശാൽ അവരുടെ ശ്രമം പരാജയപ്പെടുകയാണു് ചെയ്തതു്.

ഈ കൃഷിയിടത്തെ സംബന്ധിച്ചിടത്തോളം താല്പര്യജനകമായ ഒരു വസ്തുതയുള്ളതു് അതേപ്പററി പ്രചാരത്തിലുള്ള ഒരു കഥയാണു്. ആ സ്ഥലം—കോഴികളുൾപ്പെടെ അവിടത്തെ സമസ്ത വിഭവങ്ങളോടും കൂടി—അഞ്ഞൂറു രൂപ (35 പവൻ) വിലയ്ക്കു് അവിടെ താമസിച്ചിരുന്ന ഒരു ആംഗ്ലോ ഇന്ത്യൻ സ്ത്രീയോടു് 1941-ൽ ഞാൻ വാങ്ങിയതാണു്. അവിടത്തെ രണ്ടു കെട്ടിടങ്ങളിൽ ഒന്നിൽ ആ സ്ത്രീയുടെ പരേതനായ സഹോദരന്റെ പിശാചുബാധയുണ്ടെന്നുള്ളതാണു് പ്രചാരത്തിലുണ്ടായിരുന്ന കഥ. എന്തെന്നു വ്യവച്ഛേദിക്കാനാവാത്ത ഒരു രോഗം മൂലമാണുപോൽ, അയാൾ മരിച്ചതു്. അയാളുടെ ഇടതു കയ്യിലും നെഞ്ചത്തും ഇടയ്ക്കിടയ്ക്കു് കുത്തിത്തുളയ്ക്കുന്ന മാതിരി വേദനയുണ്ടായിക്കൊണ്ടിരുന്നുവെന്നു പറയുന്നു. ഈ കൃഷിയിടത്തോടു് അയാൾക്കു് അത്യപൂർവ്വമായ രീതിയിലുള്ള മമതയുണ്ടായിരുന്നു. വെറും പാഴ്പുരയിടമായി കിടന്നിരുന്ന ആ സ്ഥലം വാങ്ങി ഇരുപത്തിഅഞ്ചിലധികം സംവത്സരക്കാലം അയാൾ അവിടെ കഴിച്ചുകൂട്ടിയിരുന്നു. സ്വന്തമായ ഒരു കുടുംബമി

ല്ലായ്കയാൽ അയാൾ ഒടുവിൽ ആ സ്ഥലം സ്വസ ഹോദരിക്കു നൽകി. അയാളുടെ മരണശേഷം പല പ്പോഴും സന്ധ്യാവേളകളിൽ ആ വീടിൻെറ മുൻവശ ത്തു് അയാൾ നില്ക്കുന്നതായി ആ വഴി കടന്നു പോയ പല ഗ്രാമീണരും കണ്ടിട്ടുണ്ടു് എന്നാണു കഥ. ഏതാ യാലും ഗ്രാമവാസികൾ ആ സ്ഥലത്തെ ഒഴിഞ്ഞു മാറി യാണു് സഞ്ചരിക്കാറുള്ളതു് എന്നതു വാസ്തവം.

സ്ഥലത്തെ സംബന്ധിച്ചുള്ള തീറാധാരം രജിസ്ത്ര റാക്കുകയും രജിസ്ത്രാറുടെ മുമ്പാകെ വച്ചു പണം എണ്ണി കയ്യിൽ വാങ്ങുകയും ചെയ്തതിൻെറ പിറേറന്നു മാത്ര മേ, ഈ പിശാചു ബാധയുടെ വിവരം ആധാരമെഴുതി ത്തന്ന സ്ത്രീ എന്നോടു പറയാൻ കൂട്ടാക്കിയുള്ളു; അത റിഞ്ഞാൽ ആ ഇടപാടിൽ നിന്നു ഞാൻ പിന്മാറിക്ക ളയുമെന്നു ഭയന്നിട്ടാവാം. ആ സ്ത്രീ എന്നോടു പറഞ്ഞു, തൻെറ സഹോദരൻ ആ വീടുകൾ രണ്ടിലും ചുററി നടക്കാറുണ്ടെന്നും താൻ തന്നെ സഹോദരനെ നിറനി ലാവിൽ വ്യക്തമായി കണ്ടിട്ടുണ്ടെന്നും, റോസാച്ചെടി കളിൽ കമ്പക്കാരനായിരുന്ന അയാളെ പലപ്പോഴും അവയുടെ അടുത്തു നിൽക്കുന്നതായിട്ടാണു് കാണാറുള്ള തെന്നുമൊക്കെ. എന്നാൽ ഈ പിശാചു് ഒട്ടും അപ കടക്കാരനല്ലെന്നും ഒരു ശബ്ദവും പുറപ്പെടുവിക്കില്ലെ ന്നും അടുത്തു ചെന്നാൽ നിശ്ശബ്ദമായി അപ്രത്യക്ഷപ്പെ ടുന്നതാണു സ്വഭാവമെന്നും ഒക്കെക്കൂടെ പറഞ്ഞു് എന്നെ സമാധാനപ്പെടുത്താൻ ആ സ്ത്രീ മറന്നില്ല.

ആ വീടുകളോളം തന്നെ പുരാതനങ്ങളായ കുറെ മരസ്സാമാനങ്ങൾ കൂടെ എനിക്കു് അക്കൂട്ടത്തിൽ കിട്ടി യിരുന്ന കാര്യം പറയാൻ ഞാൻ വിട്ടുപോയി. ഓരോ വീട്ടിലും ഓരോ കട്ടിൽ, ഒടിഞ്ഞ ഒരു ഡ്റസ്സിംഗ് മേശ. രണ്ടു് അലമാരികൾ, പഴകിയിളകിയ മൂന്നോ നാലൊ കസേരകൾ. പഴയ രീതിയിൽ അഴിയിട്ടുറ പ്പിച്ചതായിരുന്നു കട്ടിലുകൾ.

ഈ വീടുകളിലൊന്നിൽ—മരിച്ചുപോയ സഹോദ രൻ താമസിച്ചിരുന്നതു് അതിലാണു് — ഞാൻ ആദ്യ

മായി ഉറങ്ങാൻ കിടന്ന രാത്രി എൻെറ സ്മൃതിപഥത്തിൽ നന്നായി തെളിഞ്ഞു നിൽക്കുന്നുണ്ട്. നല്ല മഴയുള്ള രാത്രിയായിരുന്നു; മററ കെട്ടിടത്തിൻെറ മേൽപ്പുര ചോരുന്നുണ്ടായിരുന്നു. ഞാൻ എൻെറ വിരിപ്പു നിവർത്തിട്ടാണു കിടന്നതു്. കിടക്കയുണ്ടായിരുന്നില്ല. എൻെറ പുറവും തോളും കട്ടിലിൻെറ അഴികളിൽ അമർന്നു് അനല്പമായ അസ്വാസ്ഥ്യമനുഭവപ്പെട്ടുകൊണ്ടിരുന്നു. കുറെനേരം താല്പര്യപൂർവ്വം ക്ഷണിച്ചിട്ടും നിദ്രാദേവി എന്നെ സമീപിക്കാൻ കൂട്ടാക്കുന്നില്ലെന്നു കണ്ടപ്പോൾ തറയിലിറങ്ങിക്കിടക്കുന്നതാണു ഭേദമെന്നെനിക്കു തോന്നി. അവിടെ എലക്ട്രിക് ലൈററും മററുമില്ലായിരുന്നു എന്നു് എടുത്തു പറയേണ്ടതില്ലല്ലോ. മെഴുകുതിരി വെളിച്ചത്തിൻെറ സഹായത്തോടെ വിരിപ്പെടുത്തു തറയിലിട്ട ശേഷം മെഴുകുതിരി കെടുത്തി ഞാൻ ഉറങ്ങാൻ കിടന്നു. ഇത്തവണ ഞാൻ വേഗത്തിൽ ഉറങ്ങിപ്പോകയും ചെയ്തു.

എപ്പോഴാണു പിന്നെ ഞാൻ ഉണർന്നതെന്നെനിക്കറിഞ്ഞുകൂടാ. നല്ല കുററാക്കുററിരുട്ടായിരുന്നു. തണുപ്പും ഇഴുക്കലുമുള്ള ഭാരമേറിയ എന്തോ ഒന്നു് ഇളകിവന്നു് എൻെറ തൊണ്ണയിൽ ഇരിക്കുന്നതുപോലെ എനിക്കു തോന്നി; മഞ്ഞുപോലെ തണുത്ത രണ്ടു വിരലുകൾ എൻെറ കഴുത്തിനിരുവശത്തും നീണ്ടു മുറുകുന്നതുപോലെയും.

വെറും മിഥ്യാഭ്രമങ്ങൾക്കധീനമാകുന്ന മനസ്സല്ല എൻേറതു്. അന്ധവിശ്വാസിയുമല്ല, ഞാൻ. പക്ഷെ, പെട്ടെന്നു് എൻെറ മനസ്സിലേക്കു തള്ളിക്കയറി വന്നതു് മരിച്ചുപോയ ആ വീട്ടുടമസ്ഥൻെറ അലഞ്ഞുതിരിയുന്ന പ്രേതത്തിൻെറ കഥയാണു്. എൻെറ ടോർച്ചുലൈററ് അല്പമകലെയുള്ള ജന്നൽ പടിയിലാണു് വച്ചിരുന്നതെന്നു ഞാൻ ഓർത്തു. തീപ്പെട്ടി എവിടെയാണു വച്ചതെന്നു് ഓർമ്മിക്കാൻ കഴിഞ്ഞില്ല. ഇക്കാര്യങ്ങളൊക്കെക്കൂടെ ഏകകാലത്താണു് എൻെറ മനസ്സിലൂടെ തിക്കിത്തിരക്കി കടന്നുപോയതു്. ഇതിനിടയിൽ ഇഴുക്കലുള്ള

ആ തണുത്ത സാധനം വീണ്ടും എന്റെ കഴുത്തിൽ വ്യക്തമായി ചലിക്കുകയും വിരലുകൾകൊണ്ടു് എന്റെ കഴുത്തിലെ പിടിത്തം മുറുക്കുകയും ചെയ്തിരുന്നു. എന്റെ രോമങ്ങളെല്ലാം എഴുന്നുവരുന്നതുപോലെയൊരു തോന്നൽ. അവിടെ അങ്ങനെ തുടർന്നു കിടക്കാൻ വയ്യ. ഏതാണ്ടു് അമാനുഷമായ കരുത്തോടെ ചാടിയെണീററു ഞാൻ ടോർച്ചിരുന്ന ജന്നലിന്റെ സമീപത്തേക്കു പാഞ്ഞു. വഴിയിൽക്കിടന്ന ഒരു കസേര മറിഞ്ഞുവീണു തകർന്നു. ഇരുട്ടിൽ വിഭ്രാന്തിയോടെ തപ്പിത്തടഞ്ഞു ടോർച്ചു കയ്യിലാക്കി. ശവക്കല്ലറയിലെ ശൈത്യവും ഇഴുക്കലുമാർന്ന വിരലുകളോടെ നിൽക്കുന്ന പ്രേതത്തെ ത്തേടി ഞാൻ ടോർച്ചിന്റെ ബട്ടണമർത്തി! കണ്ടതോ? ഞാൻ കണ്ടിട്ടുള്ളതിലേക്കും വലിയൊരു തവള കണ്ണും മിഴിച്ചു തറയിൽ കുത്തിയിരിക്കുന്നു! ഏതാണ്ടു് ഒരടി നീളമുള്ള, കറുത്തു തടിച്ച, ഒരു വഴവഴപ്പൻ തവള. മഴ കാരണം മൂപ്പർ കുടിലിനകത്തു കടന്നു വന്നതാണു്.

മനുഷ്യന്റെ സിരാപടലത്തിന്റെ ഭാവഭേദങ്ങൾക്കു് ഒരാളിനെ എന്തെന്തു നിലയിൽ കൊണ്ടെത്തിക്കാൻ കഴിയുമെന്നുള്ളതിന്റെ തെളിവാണിതു്. അലൗകികമോ അജ്ഞാതമോ ആയ എന്തോ ഒന്നിനെപ്പററിയുള്ള ഭീതിയാൽ നിമിഷങ്ങൾക്കു മുൻപു മാത്രമാണു് ഞാൻ സ്തബ്ധനായിപ്പോയതു്. ഇപ്പോഴിതാ, ചെരിപ്പിട്ട കാൽകൊണ്ടു് ആ തവളമൂപ്പനെ തട്ടി കുടിലിന്റെ വാതിൽക്കലേക്കും അവിടെനിന്നു കോരിച്ചൊരിയുന്ന മഴയിലേക്കും വഴികാട്ടവേ, ഞാൻ താനേതന്നെ ചിരിച്ചു പോകുന്നു.

അടുത്ത ദിവസം രാവിലെ അന്വേഷണം നടത്തിയതിൽ, പുലിയെ ആകർഷിക്കാൻ കെട്ടി നിറുത്തിയിരുന്ന കഴുതകൾ മൂന്നും കേടുപാടൊന്നും കൂടാതെയിരിക്കുന്നുവെന്നറിഞ്ഞതുകൊണ്ടു് ഞാൻ അന്നു മുഴുവൻ എന്റെ കൃഷിസ്ഥലത്തു കഴിച്ചുകൂട്ടി. ആർക്കും പുലിയെപ്പററി പുതിയ വാർത്തകളൊന്നും തരാനുണ്ടായിരുന്നില്ല. ഒരു

രാത്രി കൂടെകടന്നു പോയി. എന്നിട്ടും കഴുതകളെല്ലാം ജീവ നോടെ ശേഷിച്ചു. എന്നാൽ അല്പം പുതിയ വർത്തമാനം അടുത്ത ദിവസം ലഭിക്കാതിരുന്നില്ല. പഴയ തപാൽക്കാരൻെറ സ്ഥാനത്തു പുതുതായി ഒരാളെ നിയമിക്കയും അയാൾക്കു തുണയായി കൂടെപ്പോകുന്നതിനു രണ്ടു ചൗക്കിദാരന്മാരെക്കൂടെ നിയമിക്കയും ചെയ്തിരിക്കുന്നു. ഈ തുണയാളന്മാർക്ക് ഒരു തരം കുന്തംകൂടെ ആയുധമായി നൽകിയിരുന്നു. പകരക്കാരനായ തപാൽ ശിപായിക്കാകട്ടെ, മുൻപ് ആ സ്ഥാനത്തു ജോലി ചെയ്തിരുന്നവൻെറ മണിത്തടി, ഔദ്യോഗിക ചിഹ്നമായും ലഭിച്ചു.

ഈ മൂന്നു പേരും ഒരു ദിവസം ഉദ്വേഗവിവശരായി ഗ്രാമത്തിലെത്തിയറിയിച്ചു, വെയിലേററിരിക്കുന്ന ഒരു പുലിയെ തങ്ങൾ മാർഗ്ഗമദ്ധ്യേ കണ്ടുവെന്ന്. പഴയ തപാൽക്കാരനെ പിടികൂടിയ സ്ഥലത്തു നിന്ന് കാൽ മൈൽ താഴെയായി ഒരു പാറക്കെട്ടിൻെറ ചരിവിലാണ് അവർ പുലിയെ കണ്ടതു്.

പട്ടേൽ ആളെ വിട്ട് ഈ വിവരം എന്നെ ഉടനെ തന്നെ അറിയിച്ചു. ഞാൻ റൈഫിളുമെടുത്തു് ആ ദൂതൻെറയൊപ്പം ഗ്രാമത്തിലേക്കു തിരിച്ചു. പുലിയെക്കണ്ട സ്ഥാനം എനിക്കു കാണിച്ചുതരാൻ ചൗക്കിദാരന്മാർ സന്നദ്ധരായിരുന്നു. രണ്ടു മൈലിലധികം ദൂരം ഞങ്ങൾ വേഗത്തിൽ പിന്നിട്ടു. പക്ഷേ ഇപ്പോൾ പുലി ആ പാറക്കെട്ടിന്മേലുണ്ടായിരുന്നില്ല. അവിടെ വിശ്രമിച്ചിരുന്ന പുലി ഞാൻ തേടുന്ന നരഭോജിയായിരിക്കട്ടെ, അല്ലാതിരിക്കട്ടെ, ഇപ്പോൾ ആ സ്ഥാനം വെടിഞ്ഞുപൊയ്ക്കഴിഞ്ഞിരിക്കുന്നു. ആ പാറക്കെട്ടുകൾക്കിടയിൽ അതിനെ തേടുന്നതു തൽക്കാലം നിഷ്ഫലമായി തോന്നി. വെയിലിൻെറ ചൂട് അസഹ്യം; ആ പ്രദേശം മുഴുവൻ പാറക്കെട്ടുകൾ നിറഞ്ഞു ദുർഘടം പിടിച്ചതും. ഏതായാലും ഈ വാർത്ത ഉത്സാഹജനകമായിരുന്നു; പുലി ആ പരിസരങ്ങളിൽ തന്നെ ഉണ്ടെന്നുള്ള കാര്യം ഉറപ്പായല്ലോ. ഗ്രാമത്തിലേയ്ക്കു മടങ്ങുന്നതിനു മുമ്പ് ഞാൻ കശുമാവിൻ ചുവട്ടിൽ കെട്ടിനിറുത്തിയിരുന്ന ഇരയെ ഒന്നു

കൂടെ പരിശോധിക്കയും ആവശ്യം വന്നാൽ ആ മരത്തിൻെറ ഏതു ശാഖയിലാണു് നായാട്ടമഞ്ചം കെട്ടേണ്ടതെന്നു മനസാ നിശ്ചയിക്കയും ചെയ്തു.

ആ രാത്രി ഭാഗ്യോദയമുണ്ടായി; അവിടെ നിറുത്തിയിരുന്ന കഴുതയെ സംബന്ധിച്ചടത്തോളം അതൊരു നിർഭാഗ്യനിശയായിട്ടാണു പരിണമിച്ചതെങ്കിലും. ആ രാത്രി പുലി വരികയും കഴുതയെക്കൊന്നു് പകുതിവരെ തിന്നുകയും ചെയ്തു.

ഞാൻ കെട്ടിനിറുത്തിയിരുന്ന കഴുതകളെ എല്ലാ ദിവസവും ചെന്നു നോക്കി അവയ്ക്കു് തീററയും വെള്ളവും കൊടുക്കാൻ ഏല്പിച്ചിരുന്നവർ പിറേറന്നു് അതിരാവിലെ വന്നു് ഈ വിവരം എന്നെ ധരിപ്പിച്ചു. കഴുതയുടെ ശരീരാവശിഷ്ടങ്ങൾ കഴുകുകൾ കൊത്തിത്തിന്നുപോകാത്തവിധത്തിൽ മുൻകരുതലായി മരച്ചില്ലകളും മററും വെട്ടിയിട്ടു് അതു മൂടിയിട്ടാണു് അവർ വിവരമറിയിക്കാൻ എൻെറയടുത്തേയ്ക്കു വന്നതു്.

ഞാൻ നേരത്തെ ഭക്ഷണം കഴിച്ചു്, മേൽക്കുപ്പായം, ഫ്ളാഷ്ലൈററ്, ചായഫ്ളാസ്ക്ക്, കുറെ ബിസ്കററ് എന്നിവയൊക്കെ കയ്യിൽ കരുതിക്കൊണ്ടു് ഗ്രാമത്തിലേക്കു പുറപ്പെട്ടു. ചെറിയ ഒരു കയറുകട്ടിൽ പട്ടേലിനോടു വായ്പവാങ്ങി. നാലു പേർ അതു ചുമന്നുകൊണ്ടുവന്നു് കശുമാവിൻെറ മുകളിൽ വച്ചുകെട്ടി ശരിപ്പെടുത്തിത്തന്നു. കട്ടിൽ കാണാതിരിക്കത്തക്കവണ്ണം പച്ചിലത്തുപ്പുകളും മററും കൊണ്ടു ചുററും മറയ്ക്കുന്നതിനു ഞാൻതന്നെ മേൽനോട്ടം വഹിച്ചു. ഏതെങ്കിലും വശത്തോ ചുവട്ടിലോ നിന്നു നോക്കിയാൽ അതു തിരിച്ചറിയുകയില്ലെന്നു് ഉറപ്പായി. നരഭോജികളായ നരിവർഗ്ഗങ്ങളുമായി ഇടപെടുന്നേടത്തു് ഇക്കാര്യത്തിൽ അങ്ങേയററം കരുതലെടുക്കേണ്ടതാണെന്നു് ഞാൻ അനുഭവം കൊണ്ടു പഠിച്ചിരുന്നു. നിസ്സാരമായ ഒരു നോട്ടപ്പിഴമതി, വിജയകരമാകാവുന്ന ഒരു സംരംഭം നിശ്ശേഷം പരാജയമായി പരിണമിപ്പിക്കാൻ. മഞ്ചം മറയ്ക്കുന്നതിനു പയോഗിക്കുന്നതിൽ ഒരില തിരിഞ്ഞുപോകയോ, മഞ്ച

ത്തിൻെറ ഒരു ചെറിയ അംശമെങ്കിലും വെളിയിൽ നിന്നു നോക്കിയാൽ കാണുകയൊ ചെയ്താൽ മതി, നരഭോജിയുടെ സംശയബുദ്ധി ഉണരാൻ. സാധാരണ തന്നെ, കൊന്നിട്ട ഇരയുടെ അട്ടത്തേയ്ക്കു് അതു മടങ്ങി വരുന്നതു് വളരെ ശങ്കിച്ചുശങ്കിച്ചും കരുതലോടുകൂടിയുമാണു്.

എല്ലാ ഒരുക്കങ്ങളും എനിക്കു തൃപ്തികരമാംവിധം പൂർത്തിയായി. നായാട്ടമഞ്ചം കുറെ താണുപോയി എന്നതു മാത്രമേ ഒരു കുററം പറയാനുണ്ടായിരുന്നുള്ളു. തറയിൽനിന്നു പത്തടിയിലധികം ഉയരമില്ലായിരുന്നു അതിനു്. മാത്രമല്ല, ആ കശുമാവു് എളുപ്പം പിടിച്ചുകയറാവുന്നതരം മരവുമായിരുന്നു. എൻെറകൂടെ വന്നവരെ ഞാൻ മടക്കി അയച്ചപ്പോൾ രണ്ടര മണിയായി. രാത്രിതന്നെ ഞാൻ ഗ്രാമത്തിൽ മടങ്ങിയെത്തിയിട്ടില്ലാത്തപക്ഷം രാവിലെ എന്നെത്തേടി വന്നേക്കണമെന്നു് ഏർപ്പാടുചെയ്താണു് അവരെ യാത്രയാക്കിയതു്.

ഞാൻ ആ നായാട്ടമഞ്ചത്തിൽ നല്ലപോലെ ചാരിയിരുന്നു്, സാഹചര്യങ്ങൾ അനുവദിക്കുന്നത്ര സുഖം നേടി.

ചുററുപാട്ടമുള്ള പാറക്കെട്ടുകളിൽ തട്ടി പ്രതിഫലിക്കുന്ന സൂര്യപ്രകാശത്തിൻെറ ഉഗ്രമായ ഊഷ്മളതകൊണ്ടു വിറപൂണ്ടു നിൽക്കുകയായിരുന്നു, അന്തരീക്ഷം. നേരേ മുകളിൽനിന്നു പതിക്കുന്ന മദ്ധ്യാഹ്നസൂര്യകിരണങ്ങളുടെ ആഗ്നേയപ്രഭയിൽനിന്നു് എന്നെ രക്ഷിക്കാൻ ആ വൃക്ഷത്തിലെ ഇലകൾ അപര്യാപ്തമായിരുന്നു. സായന്തനാരുണൻ പശ്ചിമഭാഗത്തുള്ള മൈസൂർ പീഠഭൂമിയുടെ നേരേ താണുതാണിറങ്ങുംതോറും എനിക്കാശ്വാസം തോന്നി. ഞാനിരുന്നേടത്തുനിന്നകലെ ചുവട്ടിലായി, ജലാർപെട്ട്, റെയിൽവേസ്റ്റേഷൻ യാർഡിൽ ഷണ്ടു ചെയ്യുന്ന എഞ്ചിനുകളിൽ നിന്നുയർന്നിരുന്ന വെളുത്ത പുകച്ചുരുളുകൾ എനിക്കു കാണാമായിരുന്നു. ഇടയ്ക്കിടയ്ക്കു തീവണ്ടികൾ വരുകയും പോവുകയും ചെയ്തുകൊണ്ടിരുന്നു. തീവണ്ടികളുടെ കുഴൽവിളി ശബ്ദം

വ്യക്തമായി കേൾക്കാം. അതൊഴിച്ചാൽ അവിടമാകെ നിശ്ശബ്ദതയിൽ മുഴുകി നിൽക്കുകയാണ്.

ഇരുണ്ടു തുടങ്ങിയപ്പോൾ എവിടെയോ ഇരുന്നുകൊണ്ട് ഏകാകിയായ ഒരു മയിൽപക്ഷി കാഹളം മുഴക്കി. രണ്ടു രാപ്പക്ഷികൾ (night-jars) ആ മരത്തിനു ചുററും ചിറകിട്ടടിച്ചു പറന്നു നടന്നു. ഇതു കൂടാതെ പക്ഷികളുടെയൊ മൃഗങ്ങളുടെയൊ സാന്നിദ്ധ്യത്തിൻെറ യാതൊരു ലക്ഷണവും സമീപത്തെങ്ങുമുണ്ടായിരുന്നില്ല.

തുടർന്ന് ഇരുളിൻെറ നിഴലുകൾ വന്നു മൂടിത്തുടങ്ങി. മലയുടെ പടിഞ്ഞാറോട്ടുള്ള ചരിവിലിരിക്കുന്ന എനിക്ക് സമതലത്തിൽ ക്രമേണ ഇരുൾ വ്യാപിക്കുന്നതു കണ്ടിട്ട് ഒരു കരിമ്പടം ചുരുൾ നിവർത്തു മൂടുന്ന പ്രതീതി തോന്നി പകൽവെളിച്ചത്തിൻെറ അവസാനബിന്ദുക്കൾ അപ്പോഴും ഞാനിരിക്കുന്ന മലമുകളിൽ തങ്ങി നിൽക്കുന്നുണ്ടായിരുന്നു എങ്കിലും ജലാർപെട്ടിലെ ആലക്തികദീപങ്ങൾ ഒന്നൊന്നായി പ്രകാശിച്ചു തുടങ്ങി. സ്റ്റേഷൻ പ്ളാററുഫോമുകളിലെയും ഷണ്ടിംഗ്‌യാർഡുകളിലെയും നീലനിറമാർന്ന നിയോൺദീപങ്ങൾ അക്കൂട്ടത്തിൽ പ്രത്യേകശോഭയോടെ നിന്നു തിളങ്ങിക്കത്തി. തീവണ്ടികൾക്കു സിഗ്നൽ നൽകുന്നതിനുള്ള ചുവപ്പും പച്ചയും നിറത്തിലുള്ള വിളക്കുകളും അങ്ങിങ്ങായി എനിക്കു തിരിച്ചറിയാൻ കഴിഞ്ഞിരുന്നു. വടക്കുനിന്നു വന്ന ഒരു തീവണ്ടി ഹുങ്കാരത്തോടെ ജലാർപെട്ടിലേക്കു കടന്നുപോയി. അതിൻെറ എഞ്ചിനിലെ സുശക്തമായ മുഖദീപം ഇരുളിനെ ബഹുദൂരം പിളരുന്നുണ്ടായിരുന്നു. തുടർന്ന് തീവണ്ടി ഒരു കയററം കയറിത്തുടങ്ങി. ഭാരവും വലിച്ചുകൊണ്ടു കയറുന്ന എഞ്ചിൻ ആവർത്തിച്ചാവർത്തിച്ചു പറയുംപോലെ തോന്നി: 'അവളതു ചെയ്താൽ ഞാനും ചെയ്യും.' ആ കയററത്തിൻെറ മുകളിലെത്താനുള്ള ശ്രമത്തിൽ എഞ്ചിൻ കിതയ്ക്കുന്ന ശബ്ദം എൻെറ ഭാവനയിൽ രൂപംകൊണ്ടതു് ഇങ്ങനെയാണ്. എഞ്ചിൻെറ പരിക്ഷീണശബ്ദത്തിനു ഞാൻ ചെവി കൊട്ടുത്തുകൊണ്ടിരുന്നു. എല്ലാം ഏററവും അട്ടത്തെ

വിടെയൊ നിന്നു കേൾക്കുംപോലെ തോന്നി. എങ്കിലും എത്രയേറെയകലെയാണതു്! നേരെ അളവെട്ടത്താൽ അഞ്ചു മൈലിലധികം അകലത്തിലാണു് ആ തീവണ്ടി കിതച്ചുകൊണ്ടു കയററം കയറുന്നതു്.

എൻെറ ചുററിലും ഇരുൾ പരന്നു. നിലാവില്ലാത്ത നിശയാണു്. കട്ടിയുള്ള മേഘച്ചുരുളുകൾ ആകാശത്തു കൂടെ നീങ്ങിപ്പൊയ്ക്കൊണ്ടിരുന്നു. അവയിൽ ചിലവ ഏലഗിരിമലകളിലെ അന്തരീക്ഷത്തിൽ അലിഞ്ഞു ചേരുകയും ചെയ്തു. ഒരു നക്ഷത്രമെങ്കിലും സ്നേഹബുദ്ധ്യാ ചുവട്ടിലേക്കു നോക്കി മന്ദഹസിച്ചില്ല. ഇരുളിൻെറ കട്ടി കൂടിക്കൂടിവന്നു. എനിക്കു് എൻെറ ശ്രവണശക്തിയെ മാത്രം ആശ്രയിച്ചു കാര്യങ്ങൾ നിർണ്ണയിക്കണമെന്ന നിലയായി.

പ്രാണികളുടെ അസാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. വനത്തിലെ ചീവിടുകളുടെ ആശ്വാസപ്രദമായ ചിലപ്പു പോലും കേൾക്കാനുണ്ടായിരുന്നില്ല. ഞാൻ കട്ടിലിൽ അനങ്ങാതിരുന്നു. ഇടയ്ക്കിടയ്ക്കു് ഒരു കൊതുകു് എൻെറ മുഖത്തിൻെറയൊ കയ്യുടെയൊ വല്ല ഭാഗത്തും ഇരിപ്പുറപ്പിക്കുന്നതിനു പ്രാരംഭമായി മൂളിക്കൊണ്ടു തലയ്ക്കുചുററും പറന്നിരുന്നു. തുടർന്നു് സൂചിപോലുള്ള അതിൻെറ കൊമ്പു് എൻെറ തൊലിയിൽ തുളഞ്ഞുകയറുകയായി. കയ്യൊ വിരലൊ ലേശമൊന്നു ചലിപ്പിച്ചോ കീഴ്ച്ചുണ്ടു മുമ്പോട്ടു നീട്ടി ഊതിയിട്ടോ വേണം അതിനെ ഇളക്കിയോടിക്കാൻ. അങ്ങിനെ ചെയ്യുമ്പോൾ അതു് ഒന്നുകിൽ അവിടം വെടിഞ്ഞുപോകയോ, അല്ലാത്തപക്ഷം, അടുത്തതായി എൻെറ ശരീരത്തിൻെറ ഏതു ഭാഗത്തിരിപ്പുറപ്പിച്ചിട്ടാണു് വീണ്ടും കൊമ്പു കുത്തിയിറക്കേണ്ടതെന്നുള്ള അന്വേഷണത്തിൽ പിന്നെയും ചുററിപ്പറന്നു തുടങ്ങുകയോ ചെയ്യും. എനിക്കു നായാട്ടുമഞ്ചത്തിലൊ അല്ലാത്ത പക്ഷം വല്ല ഒളികേന്ദ്രത്തിലൊ ഒക്കെ വനത്തിൽ കഴിച്ചു കൂട്ടി ശീലമുണ്ടായിരുന്നതിനാൽ കാലതാമസത്തെപ്പററി മുഷിവൊ വിഷമമൊ തോന്നിയില്ല. ആവശ്യമില്ലാതെ ഇടയ്ക്കിടെ റിസ്റ്റുവാച്ചിൽ നോക്കിയതുകൊണ്ടു പ്രയോജ

നമില്ലതാനും, ഏതായാലും സമയത്തിൻെറ ഗതിയെ നിയന്ത്രിക്കാൻ ഞാൻ വിചാരിച്ചാൽ നിർവ്വാഹമില്ലല്ലൊ.

ഇത്തരം അവസരങ്ങളിൽ എല്ലാത്തരം ചിന്തകളും മനുഷ്യൻെറ മനസ്സിലേയ്ക്കു കടന്നുവരും. ചിലതു സന്തോഷകരമായിരിക്കും; ചിലതു മറിച്ചും. ചിന്തകൾ ചിലതു് പഴയ ഓർമ്മകളെ ഉദ്ദീപിപ്പിക്കുന്നവയുമാകും. ആ രാത്രിയിൽ—എന്തു കാരണവശാലെന്നറിഞ്ഞുകൂടാ—എൻെറ ചിന്ത, വളരെ വേഗത്തിൽ വളരെയധികം ദൂരം ലഘുപ്രയത്നം കൊണ്ടു സഞ്ചരിക്കാൻ കഴിയുന്ന തരം ഒരു സൈക്കിൾ നിർമ്മിക്കാനുള്ള സാദ്ധ്യതയെപ്പററിയായിരുന്നു, എന്നു ഞാൻ ഓർമ്മിക്കുന്നു. മനുഷ്യമനസ്സു് അലസമായിരിക്കുമ്പോൾ എന്തെന്തു ചിന്തകൾക്കധീനമായിപ്പോകുന്നു എന്നതു് അത്ഭുതമല്ലേ?

സൈക്കിൾനിർമ്മാണത്തെപ്പററിയുള്ള എൻെറ ചിന്താതന്തു അസ്പഷ്ടമായ ഒരു നിശ്വാസത്തിൻെറ ശബ്ദം കൊണ്ടു മുറിഞ്ഞുപോയി. കഴുതയുടെ മൃതദേഹത്തിനടുത്തു പുലി എത്തിയിരിക്കുന്നു എന്നെനിക്കു മനസ്സിലായി. പുലി, വായ്പൊളിച്ച സമയം വെളിയിലേക്കു പുറപ്പെട്ട ഉച്ഛ്വാസത്തിൻെറ ശബ്ദമാണു് ഞാൻ കേട്ടതു്.

ഈ ഘട്ടത്തിൽ ഫ്ളാഷ് ലൈററു തെളിച്ചുകൊണ്ടു വെടിവയ്ക്കുന്നതു് ഒരുവേള അല്പം അകാലത്തിലായിപ്പോയെന്നു വരാം എന്നെനിക്കു തോന്നി. പുലി ഭക്ഷണമാരംഭിക്കുന്നതുവരെ കാത്തിരിക്കുന്നതാണു നല്ലതു്. അങ്ങനെ കൂടുതൽ കരുതലിനു മുതിരാതിരുന്നുവെങ്കിൽ, എന്നു ഞാൻ ആഗ്രഹിച്ചു പോകയാണു്. എന്തുകൊണ്ടെന്നാൽ, ആ ചിന്താഗതിമൂലം അന്യഥാ വിജയകരമാകുമായിരുന്ന ഒരു നിറയൊഴിക്കൽ എനിക്കു നഷ്ടപ്പെടുകയും മറെറാരു മനുഷ്യജീവൻ കൂടെ തുടർന്നു് പുലിക്കിരയാവുകയും ചെയ്തു.

മാംസം കടിച്ചു കീറുന്നതും എല്ലുകൾ കടിച്ചുപൊട്ടിക്കുന്നതുമായ ശബ്ദത്തിനു വേണ്ടി ഞാൻ ചെവി കൂർപ്പിച്ചിരുന്നു. അതു കേട്ടാൽ കഴുതയുടെ മാംസം ഭുജിക്കുന്ന

പ്രവൃത്തിയിൽ ആമഗ്നനാണ് പുലി, എന്നുറപ്പിക്കാമായിരുന്നു. പക്ഷേ ശബ്ദമൊന്നും കേൾക്കുകയുണ്ടായില്ല. നിമിഷങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു. എന്തോതകരാറു സംഭവിച്ചിരിക്കണമെന്ന അസുഖകരമായ ചിന്ത എന്നെ ഗ്രസിച്ചു.

ഇത്തരം മൃഗങ്ങൾക്ക് ആവശ്യമെന്നുള്ള ഘട്ടത്തിൽ എത്രയധികം ശബ്ദരഹിതമായി സഞ്ചരിക്കാൻ കഴിയുമെന്ന് അനുഭവംകൊണ്ട് എനിക്കറിയാമായിരുന്നു. പ്രത്യേകിച്ചു പുലിക്ക്, ശബ്ദം കേൾപ്പിക്കാതെ മാത്രമല്ല, പകൽ സമയത്തു പോലും അന്യദൃഷ്ടിയിൽ പെടാതെയും, സഞ്ചരിക്കാനുള്ള കഴിവ് അത്ഭുതകരമാണ്. ഈ അവസരത്തിൻെറ പ്രത്യേകസാഹചര്യത്തിൽ, ആ പുലി ഒരു വാരയകലത്തിലൊ ഒരു മൈൽ അകലത്തിലൊ ആയിരുന്നാലും ഒരുപോലെ തന്നെയായിരുന്നു. അത്രയ്ക്കായിരുന്നു, ഇരുട്ടിൻെറ ശക്തി.

ഞാൻ ഇരുട്ടിൽ തെളിഞ്ഞുകാണുന്ന എൻെറ വാച്ചിൻെറ ഡയലിലേക്കു നോക്കി. ഒൻപതാകാൻ ഇരുപതു മിനിററുണ്ട്. ഞാൻ അനങ്ങാതിരുന്നു. ഒൻപതു മണിയായി. സമയം പിന്നെയും മുമ്പോട്ടു നീങ്ങുകയാണ്. ആ സമയത്ത് ഞാനിരുന്നതിൻെറ വലതുഭാഗത്തുള്ള പാറക്കൂട്ടത്തിനിടയിൽ നിന്ന് ക്രൂരമായ ഒരു മുരുമ്മൽ കേട്ടു; ഏതാനും നിമിഷങ്ങൾക്കുള്ളിൽ തുടർന്ന് ഒന്നുകൂടെ.

എങ്ങനെയെന്നറിഞ്ഞില്ല, പുലി എൻെറ സാന്നിദ്ധ്യം മനസ്സിലാക്കിയിരിക്കുന്നു. മണത്തറിഞ്ഞതാകാനിടയില്ല. എന്തെന്നാൽ പുലികൾക്കു ഘ്റാണശക്തി വളരെ കുറവാണ്; ഒട്ടമില്ലെന്നുതന്നെ പറയാം. ഞാൻ ഒട്ടും അനങ്ങിയിട്ടില്ലാത്ത സ്ഥിതിക്ക് ശബ്ദം വല്ലതും കേട്ടിട്ടുമാവാനിടയില്ല, പുലിക്കു സംശയം തോന്നിയത്. ആ സ്ഥിതിക്ക് തലയുയർത്തി നോക്കി നായാട്ടുമഞ്ചം കണ്ടിട്ടോ സഹജാവബോധത്തിൻെറ അന്തഃപ്രചോദനത്താലോ അതു മാറിപ്പോയതായിരിക്കണം. ഏതായാലും മനുഷ്യസാന്നിദ്ധ്യത്തെപ്പററി പുലിക്ക് അറിവു കിട്ടി

എന്നുള്ളതു നിശ്ചയം. അതിന്നു വേണമെങ്കിൽ എന്നെ ആക്രമിച്ചു പിടിക്കാൻ വേണ്ടി മരത്തിൽ കയറി വരാമായിരുന്നു. പക്ഷേ, ഇവിടെ പതിയിരിക്കുന്ന മനുഷ്യൻ, മൃഗം തനിക്കു് ഇരയായവരുടെ തരത്തിൽ പെട്ടവനല്ലെന്നും അപകടകാരിയാണെന്നും ആ ജന്തുവിൻെറ ആത്മരക്ഷാബോധം അതിന്നു താക്കീതു നൽകിയിരിക്കണം.

ഈ പുലി നരഭോജിയല്ലെന്നു വരാം. എങ്കിലും ഈ അവസരത്തിലെ അതിൻെറ പെരുമാററത്തിലെ പ്രത്യേകത, അങ്ങനെയൊരനുമാനത്തിനു വക നൽകുന്നതു്.

അതിൻെറ മുറുമ്മലുകൾ ആരംഭത്തിൽ ഒരു താക്കീതായിട്ടാണു് ഉദ്ദേശിക്കപ്പെട്ടിരുന്നതെന്നു തോന്നുന്നു. എന്നാൽ അതാവർത്തിക്കുംതോറും ആ ജന്തു അതിലൂടെ കൂടുതൽ കൂടുതൽ ആത്മധൈര്യം സമാർജ്ജിക്കയാണെന്നും വ്യക്തമായിരുന്നു. കുറെനേരത്തെ മുറുമ്മലും ഗർജ്ജനവും കൊണ്ടു നേടിയ ധൈര്യത്തോടെ പുലി എൻെറ നേരെ ആക്രമണത്തിനു മുതിർന്നു് ഞാനിരിക്കുന്ന മരത്തിൽ പിടിച്ചു കയറിയെന്നു വരാം. കുരങ്ങുകളുടെ നേരെ പുലി ഈ വിദ്യ പ്രയോഗിക്കാറുണ്ടു്. കുറെനേരം ഗർജ്ജിച്ചു ഭയം വർദ്ധിപ്പിച്ചിട്ടു പുലി മരത്തിൻെറ നേരെ ചാടും. അപ്പോൾ ഭയചകിതനായ കുരങ്ങു് വീണുപോകയോ നിലത്തേക്കു് എടുത്തുചാടുകയൊ ചെയ്യും. കുരങ്ങിനോടെടുക്കുന്ന വിദ്യ പ്രയോഗിച്ചുതന്നെ എന്നെയും വിരട്ടി താഴെ ചാടിക്കാമെന്നാണു് പുലി കരുതിയതെന്നു വരാം.

വേഗം തന്നെ പുലിയുടെ ഗർജ്ജനത്തിൻെറ ക്രൗര്യവും ഗാംഭീര്യവും വർദ്ധിച്ചു. ഇപ്പോൾ അതിൻെറ അലർച്ച അതിഘോരമായിത്തീർന്നു. ഒന്നുകിൽ എന്നെ ഭയപ്പെടുത്തിഓടിക്കയൊ താഴെ വീഴിക്കയോ ചെയ്യാൻ കരുതിയിട്ടോ, അല്ലെങ്കിൽ മരത്തിൽ കയറിവന്നു് എന്നെ ആക്രമിക്കാനാവശ്യമായ ആത്മധൈര്യം സമാർജ്ജിക്കാൻ വേണ്ടിയോ ആണു് പുലി ഈ ഭീകരശബ്ദം മുഴക്കുന്നതു് എന്നെനിക്കു തോന്നി. മരത്തിൽ കയറി

വരാനായിരിക്കും പുലിയുടെ ഒരുക്കമെന്നു കരുതി, ഞാൻ അതിനെ നേരിടാൻ തയാറായി ഇരുന്നു.

ഏതാനും മിനിററുകൾ കൂടെ ഇങ്ങനെ തുടർന്നു. തുടർന്ന് ആക്രമണോദ്യുക്തനായ പുലിയുടെ കുരമാതിരിയുള്ള പ്രത്യേക തരം ഗർജ്ജനം കേൾക്കായി. പുലി മരത്തിൻെറ ചുവട്ടിലെത്തിയതോടെ, ഞാൻ കട്ടിലിൻെറ വക്കിലേക്കു ചാഞ്ഞിരുന്ന്, മറവിനു വേണ്ടി തൂക്കിയിട്ടിരുന്ന ഇലകളും ചില്ലകളും മാററിക്കൊണ്ട് തോക്കിൻെറ മുഖം കീഴോട്ടു ചുണ്ടി; ഫ്ളാഷ് ലൈററിൻെറ സ്വിച്ചിൽ വിരലമർത്തുകയും ചെയ്തു. എല്ലാം വളരെ തിട്ടക്കത്തിൽ ചെയ്യേണ്ടിയിരുന്നു. ഞാനിരുന്നിരുന്ന സ്ഥാനം നിലത്തു നിന്ന് പത്തടിയിലധികം ഉയരത്തിലല്ല. എളുപ്പം പിടിച്ചുകയറാവുന്ന മരവുമാണതു്. അതുകൊണ്ട് അതിവേഗത്തിൽ പുലി എൻെറ സമീപത്തെത്തുമെന്നുള്ളതു നിശ്ചയമാണ്.

നിർഭാഗ്യവശാൽ മറവിനു വച്ചിരിക്കുന്ന മരക്കൊമ്പുകളിലൊന്ന് ഇളകി പുലിയുടെ പുറത്തുവീണു. ഇതു് മരത്തിൻെറ മുകളിലേയ്ക്കുള്ള പുലിയുടെ യാത്രയെ തടസ്സപ്പെട്ടുത്താനല്ലെങ്കിൽ താമസിപ്പിക്കാനെങ്കിലും ഉപകരിച്ചു എന്നുള്ളതു നിശ്ചയമാണ്. പക്ഷേ അതേസമയം ഫ്ളാഷ്ലൈററിൻെറ പ്രകാശധാരയിൽ നിന്ന് അതു പുലിയെ പാടേ മറച്ചു കളയുക കൂടെ ചെയ്തു. ഇളകിവീണ മരക്കൊമ്പ് ഉഗ്രമായി വിറച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് ചുവട്ടിലേക്കു നോക്കിയ എൻെറ കണ്ണിൽ പെട്ടതു്. പുലി അതിൻെറ അടിയിലുണ്ടാവണം എന്നു ഞാനൂഹിച്ചു.

ആ സമയം ഞാൻ ഒരു മഠത്തരം കാണിച്ചു. ആ മൃഗം സ്വശരീരത്തിൽ പതിച്ച മരക്കൊമ്പു തട്ടിമാററിക്കൊണ്ടു വെളിയിൽ വരുന്നതിനു വേണ്ടി കാത്തിരിക്കുന്നതിനു പകരം പുലിയുടെ ശരീരം ഇന്നസ്ഥലത്തായിരിക്കുമെന്നുള്ള പ്രതീക്ഷയിൽ ഞാൻ കാഞ്ചിയിൽ വിരലമർത്തി. വെടിയുടെ മുഴക്ക

ത്തെത്തുടർന്ന് ഒരു വീഴ്ചയുടെ ശബ്ദവും കേട്ടു. പുലി പിന്നോക്കം മറിഞ്ഞു വീണതാണ്. എൻെറ വെടിയേററു പുലി ചത്തിരിക്കുന്നു എന്നു ഞാൻ ഒരു നിമിഷനേരത്തേയ്ക്കു വിചാരിച്ചുപോയി. പക്ഷേ, ആ വിചാരം ഒരു നിമിഷനേരത്തേയ്ക്കു മാത്രമേ നില നിന്നുള്ളു. നിലത്തേയ്ക്കുവീണ പുലി, പെട്ടെന്നുതന്നെ ദേഹത്തു വീണു കിടന്ന മരക്കമ്പിൻെറ കുരുക്കിൽനിന്നു രക്ഷപ്രാപിച്ചു പൊന്തക്കാട്ടിൽ മറഞ്ഞു. തോക്കിലെ അടുത്ത നിറയൊഴിക്കാൻ എനിക്കു കഴിയുന്നതിനു മുൻപ് ഇതൊക്കെ സംഭവിച്ചു കഴിഞ്ഞു.

പുലി കടന്നുപോയ സ്ഥാനത്തെ ലക്ഷ്യമാക്കി ഞാൻ ഫ്ളാഷ് ലൈററു തെളിച്ചു. അതിനെ കാണാനില്ലായിരുന്നു എന്നു മാത്രമല്ല, അതിൻെറ സ്ഥാനമൊ ഗതിയൊ നിർണ്ണയിക്കാൻ സഹായകമായ വല്ല ശബ്ദവും കേൾക്കാനുമുണ്ടായിരുന്നില്ല. സമ്പൂർണ്ണ നിശ്ശബ്ദത നിറഞ്ഞു നിന്നിരുന്നു. പുലി, പൊന്തക്കാടുകൾക്കിടയിലെങ്ങാൻ ചത്തുവീണിട്ടുണ്ടാകാം. അല്ലെങ്കിൽ അതിനു പരിക്കേററിട്ടേയുള്ളു എന്നു വരാം. അതുമല്ലെങ്കിൽ യാതൊരു കേട്ടുപാടും തട്ടാതെ രക്ഷപെട്ട് അതിപ്പോൾ ഏറെ ദൂരെയെത്തിയിരിക്കാം. എന്താണു സംഭവിച്ചിരിക്കുന്നതെന്നറിയാൻ മാർഗ്ഗമൊന്നുമുണ്ടായിരുന്നില്ല.

ഞാൻ കുറെനേരം ഫ്ളാഷ്ലൈററു തെളിച്ചു ചുററും നോക്കിക്കൊണ്ടിരുന്നു. വല്ല ചലനത്തിൻെറയും ശബ്ദം കേൾക്കാൻ കഴിഞ്ഞേക്കുമെന്നുള്ള വിചാരത്തിൽ ഇരുട്ടിൽ തന്നെ കുത്തിയിരിക്കാനാണ് അടുത്തതായി ഞാൻ തീരുമാനിച്ചതു്. പക്ഷേ ഒരനക്കവുമില്ല. ഞാൻ ഒരു മണിക്കൂർ കൂടെ കാത്തിരുന്നു. പുലി അപ്രത്യക്ഷമായ സ്ഥാനത്തെ ലക്ഷ്യം പിടിച്ച് ഒരു പ്രാവശ്യം കൂടെ തോക്കിൻെറ നിറയൊഴിക്കാമെന്നു ഞാൻ തീരുമാനിച്ചു. പുലി അവിടെയെങ്ങാൻ വീണു കിടക്കുന്നുണ്ടെങ്കിൽ വല്ലതുമെങ്കിലും പ്രതികരണം അതിൽനിന്നുയരാതിരിക്കില്ലല്ലൊ. ഞാൻ ഫ്ളാഷ് ലൈററു തെളി

ച്ചുകൊണ്ടു് പുലി കടന്നുപോയ സ്ഥാനത്തെ ലക്ഷ്യമാക്കി വെടിവച്ചു. അതിൻെറ ശബ്ദം വനഗർഭത്തിൽ പ്രതിധ്വനിച്ചു. എന്നാൽ പുലിയുടേതായ വല്ല ശബ്ദമൊ എന്തെങ്കിലും പ്രതികരണമൊ ഉണ്ടായില്ല.

ബാംഗ്ലൂരിലേക്കുള്ള ഘാട്ട് സെക്ഷനിൽപ്പെട്ട മുളന്തൂറിനെ ലക്ഷ്യമാക്കി ഒരു സാമാനത്തീവണ്ടി ജലാർപെട്ടിൽ നിന്നു പുറപ്പെട്ടു കയററം കയറിത്തുടങ്ങി. കയററത്തിൻെറ മൂർദ്ധാവിലെത്തുന്നതുവരെ പിന്നിൽ നിന്നു തള്ളിക്കൊടുക്കാൻ ചുമതലപ്പെട്ട എഞ്ചിൻ അതിൻെറ പണി ഊർജ്ജിതപ്പെടുത്തിത്തുടങ്ങി. അതിൻെറ ഉഗ്രമായ കിതപ്പും ധ്വനൽക്കാരവും മുൻവശത്തെ എഞ്ചിനിൽനിന്നു പുറപ്പെട്ടിരുന്ന ശബ്ദഘോഷത്തെ വിഴുങ്ങാൻ പോന്നവിധം അത്ര ഘോരമായിരുന്നു. പിൻപിൽനിന്നു് ഉദാരമായ സഹായം കിട്ടിക്കൊണ്ടിരിക്കയാൽ മുൻവശത്തെ എഞ്ചിൻെറ ഡ്റൈവർ കുറെ അലസമായ ഒരു നിലപാടു സ്വീകരിച്ചതാണെന്നും വരാം.

ഞാൻ 11-30 വരെ അവിടെത്തന്നെയിരുന്നു. കൊച്ചിൻ എക്സ്പ്രസ്സിൻെറ ഉറക്കെയുള്ള ചൂളംവിളി കേട്ടു. ഇനി മരത്തിൽനിന്നു താഴെയിറങ്ങി എൻെറ വസതിയിലെത്തി സുഖമായി കിടന്നുറങ്ങാമെന്നു തന്നെ ഞാൻ തീരുമാനിച്ചു. പുലി പരുക്കേററ നിലയിൽ പരിസരത്തെവിടെയെങ്കിലുമുള്ള പക്ഷം, രണ്ടാമത്തെ വെടിയുടെ ശബ്ദം കേൾക്കുമ്പോൾ എന്തെങ്കിലും പ്രതികരണമുയരാതിരിക്കില്ലായിരുന്നു എന്ന യുക്തിചിന്തയാണു് മരത്തിൽനിന്നു താഴെയിറങ്ങാൻ എന്നെ ധൈര്യപ്പെടുത്തിയതു്. ഒന്നുകിൽ അതു ചത്തിട്ടുണ്ടു്; അല്ലെങ്കിൽ വളരെയകലെ പോയിരിക്കണം. ഒരുവേള അതു് അടുത്തെവിടെയെങ്കിലും പതുങ്ങിയിരിക്കയായിരുന്നുവെങ്കിൽപോലും രണ്ടാമത്തെ വെടിയുടെ ശബ്ദം കേട്ടു വിരണ്ടോടിയിട്ടുണ്ടാവണം.

ഞാൻ കശ്ശുമാവിൽനിന്നു താഴെയിറങ്ങി ഫ്ളാഷ്ലൈററു തെളിച്ചുകൊണ്ടു ഗ്രാമത്തിലേയ്ക്കു മടങ്ങി. പട്ടേലിനോടും ഉൽക്കണ്ഠാഭരിതരായ ഗ്രാമവാസികളോടും നടന്ന കാൎയ്യമൊക്കെ വിവരിച്ചു പറഞ്ഞശേഷമാണ് ഞാൻ എൻെറ വസതിയിലേയ്ക്കു പോയതു്.

അടുത്ത ദിവസം അതിരാവിലെതന്നെ ഞാൻ ഗ്രാമത്തിലെത്തി. ഇരുപതിൽ കുറയാതെ ആളുകൾ എൻെറകൂടെ തുണയായിട്ടു വരാൻ തയാറായി. എൻെറ ഉപദേശവും നിർദ്ദേശവുമനുസരിച്ച് അവർ അരഡസൻ നാടൻ പട്ടികളെയും ശേഖരിച്ചിരുന്നു. ഇങ്ങനെ ഞങ്ങൾ സംഘബലത്തോടെ തലേ രാത്രിയിലെ സംഭവങ്ങളുടെ രംഗമായ കശ്ശുമാവിൻ ചുവട്ടിലെത്തി.

കഴുതയുടെ ശരീരാവശിഷ്ടങ്ങൾ സ്പർശിക്കപ്പെട്ടിട്ടില്ല. മരത്തിൻെറ നേരെ ചുവട്ടിൽ തറയിൽ കാണപ്പെട്ട ഒരു ദ്വാരം, എൻെറ തോക്കിലെ തോട്ടാ എവിടെയാണു ചെന്നു തറച്ചതെന്നുള്ളതിൻെറ തെളിവായി കാണാനുണ്ടായിരുന്നു. ഒരു തുള്ളി രക്തംപോലും അവിടെയെങ്ങും വീണു കിടന്നിരുന്നില്ല. പുലി കയറിപ്പോകുന്നതായി കാണപ്പെട്ട കുററിക്കാട്ടിലും—അങ്ങോട്ടാണ് എൻെറ തോക്കിലെ രണ്ടാമത്തെ നിറയൊഴിച്ചതു്—കുറേയധികം വിസ്താരത്തിൽ ചുററുപാടുമുള്ള പൊന്തക്കാടുകളുടെയും പാറക്കെട്ടുകളുടെയും ഇടയിലുമൊക്കെ ഞങ്ങൾ തിരഞ്ഞു. പക്ഷേ തലേ രാത്രിയിലെ എൻെറ ഭാഗ്യപരീക്ഷ ഫലിച്ചില്ലെന്നും പുലിക്കു വെടിയേററിട്ടില്ലെന്നും വ്യക്തമായി. യാതൊരു ക്ഷതവുമേൽക്കാതെ ആ മൃഗം രക്ഷപെട്ടിരിക്കുന്നു.

ആകെ ദേഷ്യവും ആത്മനിന്ദയും മുററിനിന്ന ഹൃദയത്തോടെയാണ് ഞാൻ ഗ്രാമത്തിലേക്കു മടങ്ങിയതു്. എനിക്കു ബാംഗ്ലൂരിലേക്കു മടങ്ങാൻ കാലമായതുകൊണ്ടു് തുടർന്നു് അവിടെ താമസിക്കാൻ തരപ്പെടുകയില്ലെന്നു ഞാൻ ഗ്രാമത്തലവനെ ധരിപ്പിച്ചു. ഏതായാലും പുതിയ എന്തെങ്കിലും സംഭവവികാസമുണ്ടാകുന്നപക്ഷം എന്നെ കമ്പിമാൎഗ്ഗം അറിയിക്കണമെന്നു് ഏർപ്പാടു

ചെയ്തു. എന്നിട്ടു ഞാൻ എൻെറ പാർപ്പിടത്തിലെത്തി സാധനങ്ങളെല്ലാം പെറുക്കിക്കെട്ടി പുറപ്പെട്ടു. ജലാർ പെട്ടിലേക്കുള്ള മടക്കയാത്രയിൽ വീണ്ടും ആ കശുമാവിൻ ചുവട്ടിലൂടെത്തന്നെ ഞാൻ കടന്നുപോയി. മദ്രാസിൽ നിന്നുള്ള വൈകിട്ടത്തെ എക്സ്പ്രസ്സിൽ കയറി, അന്നു രാത്രി എട്ടര മണിയോടുകൂടി ബാംഗ്ലൂരിലെത്തിച്ചേരുകയും ചെയ്തു.

ഏലഗിരിയിലെ നരഭോജിയുമായുള്ള ഏററുമുട്ടലിലെ പ്രാരംഭഘട്ടം ഇങ്ങനെ കഴിഞ്ഞു.

ഞാൻ പ്രതീക്ഷിച്ചിരുന്നതുപോലെ ഗ്രാമത്തലവനിൽനിന്നു വിവരമൊന്നും കിട്ടിയില്ല. രണ്ടു മാസം കഴിഞ്ഞപ്പോൾ ഞാൻ അയാളുടെ പേർക്കു് ഒരു കത്തയച്ചു. ആ മൃഗത്തെപ്പററി പിന്നെ യാതൊന്നും കേൾക്കാനിടയായിട്ടില്ല എന്നായിരുന്നു ഏതാനും ദിവസം കഴിഞ്ഞു മറുപടി കിട്ടിയതു്. ഒരുവേള ആ പുലി മനുഷ്യനെ പിടിച്ചു തിന്നുന്ന പ്രവണത ഉപേക്ഷിക്കയൊ, അല്ലെങ്കിൽ ഏലഗിരിയിൽനിന്നു തെക്കുമാറി കഷ്ടിച്ചു പതിനഞ്ചു മൈലകലെയുള്ള ജാവദി മലകളിലേക്കു താമസം മാററുകയൊ ചെയ്തിരിക്കാമെന്നു ഞാൻ ഊഹിച്ചു. പക്ഷേ ജാവദിമലകളിലെങ്ങാൻ മനുഷ്യരെ പുലി പിടിച്ചിരുന്നുവെങ്കിൽ പത്രങ്ങൾ മുഖാന്തരമൊ ഗവർമ്മെൻറിൻെറ അറിയിപ്പു മൂലമൊ വിവരം അറിയേണ്ടതായിരുന്നു. അപ്പോൾ പിന്നെ, ആ പുലി നരഭോജി സ്വഭാവം ഉപേക്ഷിച്ചുതന്നെയാവണം എന്നെനിക്കു തോന്നി. ഊഹം വച്ചുകൊണ്ടുള്ള എൻെറ വെടിയേററിട്ടു പുലി വല്ല ഒഴിഞ്ഞ കോണിലും ചെന്നു കിടന്നു ചത്തിരിക്കാനിടയുണ്ടെന്നുള്ള സാദ്ധ്യത ഇക്കൂട്ടത്തിലുണ്ടെങ്കിലും അതു കേവലം അസംഭവ്യമായിത്തോന്നി.

ഒമ്പതു വാരക്കാലം കഴിഞ്ഞിട്ടാണു് ഗ്രാമത്തലവനിൽനിന്നു പിന്നീടൊരു കമ്പി കിട്ടിയതു്. ജലാർപെട്ടു് സ്റ്റേഷനിൽ നിന്നാണു അയച്ചിരുന്നതു്. പുലി വീണ്ടും പ്രത്യക്ഷപ്പെട്ടു് ഒരു മനുഷ്യനെ കൊന്നു

തിന്നിരിക്കുന്നുവെന്നായിരുന്നു കമ്പിയിൽ വിവരിച്ചിരുന്നത്; ഞാൻ ഉടനെ അവിടെയെത്തണമെന്നും. എനിക്കു രണ്ടു മണിക്കൂർ സമയമുണ്ടായിരുന്നു തയാറാകാൻ. അടുത്ത തീവണ്ടിക്കുതന്നെ ഞാൻ പുറപ്പെട്ടു.

വളരെ പതുക്കെ സഞ്ചരിക്കുന്ന ആ തീവണ്ടി ജലാർപെട്ട് സ്റ്റേഷനിലെത്തിയപ്പോൾ രാത്രി എട്ടരമണി കഴിഞ്ഞിരുന്നു. രാത്രിതന്നെ മല കയറിയിട്ട് ഒന്നും സാധിക്കാനുണ്ടായിരുന്നില്ല. ആ സമയത്ത് ഒന്നും ചെയ്‌വാൻ സാദ്ധ്യമാകയില്ല. അതുകൊണ്ട് സ്റ്റേഷനിലെ വെയിററിംഗ് റൂമിൽ കിടന്നു സുഖമായൊന്നുറങ്ങിയിട്ട് വെളുപ്പിനു മലകയററമാരംഭിക്കാമെന്നുറച്ചു. പക്ഷേ, ഈ ഉദ്ദേശം നടപ്പായില്ല. തീരെ ബോധംവിട്ടുറങ്ങുന്ന സ്വഭാവമില്ല, എനിക്ക്. അതുകൊണ്ട് ഓരോ തീവണ്ടി ആ വഴി കടന്നുപോകുമ്പോഴും എന്റെ നിദ്രയ്ക്കു ഭംഗം വന്നുകൊണ്ടിരുന്നു. രണ്ടാമതു്, കൊതുകിന്റെയും ആ കസേരയുടെ എല്ലാ ഭാഗത്തും കുടിപാർത്തിരുന്ന മൂട്ടക്കൂട്ടത്തിന്റെയും ശല്യം. അവസാനം ഞാൻ ഉറങ്ങാനുള്ള ശ്രമമുപേക്ഷിച്ച് സ്റ്റേഷൻ പ്ളാററ്ഫോമിലിറങ്ങി അങ്ങോട്ടുമിങ്ങോട്ടും നടന്നുതന്നെ നേരം അഞ്ചുമണിയാക്കി. പിന്നെ ഞാൻ രണ്ടു മൈൽ അകലെയുള്ള „ഏലഗിരിമലയുടെ ചുവട്ടിലേക്കു നടപ്പു തുടങ്ങി. മലകയറാനാരംഭിച്ചപ്പോൾ നേരം പുലർച്ചയായി. 7.15 ആയപ്പോഴേക്കും ഞാൻ പട്ടേലിന്റെ ഗ്രാമത്തിലെത്തി.

എന്റെ സ്നേഹിതനായ പട്ടേൽ പതിവുള്ള ഔദാര്യത്തോടെ എന്നെ സ്വാഗതം ചെയ്യുകയും ധാരാളം പാൽ ചേർത്ത ഒരു 'ചെമ്പു' ചൂടുകാപ്പി തന്നു സൽക്കരിക്കയും ചെയ്തു. പെരിയമലക്കുന്നിൻചുവട്ടിലെ ഒരു ചോലയിൽ നിന്നു വെള്ളം കോരാൻ പോയ ഒരു ചെറുപ്പക്കാരിയെ മൂന്നു ദിവസം മുമ്പ്, രാവിലെ, പുലി പിടിച്ചുകൊന്ന കഥ, അയാൾ വിവരിച്ചു. ആ യുവതിയുടെ ഗ്രാമക്കാർ, അധികം താമസിയാതെ സ്ഥലത്തെത്തി, സംസ്കരിക്കാൻവേണ്ടി ശവശരീരം നീക്കം ചെയ്തുവെന്നും അയാൾ പറഞ്ഞു. പുലി ആ സ്ത്രീയുടെ

ശരീരത്തിൻെറ അധികംഭാഗമൊന്നും തിന്നിരുന്നില്ല. അവളെത്തേടി പുറപ്പെട്ട ആളുകൾ ഉയർത്തിയ ശബ്ദഘോഷം കാരണം തീററി പൂർത്തിയാക്കാതെ പുലി മാറിക്കളഞ്ഞതായിരിക്കണം.

ഇപ്രാവശ്യം ഒരാടിനെ ഇരയാക്കി കെട്ടിനിർത്തിയിട്ട്, പുലിക്കുവേണ്ടി കാത്തിരിക്കാൻതന്നെ ഞാൻ തീർച്ചപ്പെടുത്തി. കാരണമുണ്ട്; എനിക്കു നാലു ദിവസത്തിലധികം ഏലഗിരിയിൽ തങ്ങാൻ തരപ്പെടുകയില്ല; അവധി കിട്ടില്ല. മുമ്പ് ആടിനെ വാങ്ങിയ മൂന്നു മൈൽ അകലെയുള്ള ഗ്രാമത്തിൽനിന്നുതന്നെ ഇപ്രാവശ്യവും ആടിനെ കൊണ്ടുവരാൻ കഴിയുമെന്നു പട്ടേൽ പറഞ്ഞു. പക്ഷെ വലിയ വിലയാകും—ഏതാണ്ട് ഇരുപതുറുപ്പിക വരെ കൊടുക്കേണ്ടിവന്നേക്കും. ഒന്നാമതു് ഏലഗിരി പ്രദേശത്ത് ആടുകൾ കുറവ്; പോരെങ്കിൽ ആടിനെ ആവശ്യമുണ്ടെന്നുള്ള വിവരം ആടിനെ വളർത്തുന്നവരുടെയിടയിൽ പ്രചരിച്ചു കഴിയുകയും ചെയ്തു. വില സമ്മതിച്ച് ഞാൻ രൂപാ കൊടുത്തു. ആടിനെ കൊണ്ടുവരുന്നതിനിടയിൽ എൻെറ കൃഷിഭൂമിയിലെ സ്ഥിതിഗതികളൊക്കെ ഒന്നു നോക്കിപ്പോരാം എന്നു കരുതി ഞാൻ അങ്ങോട്ടു പുറപ്പെട്ടു.

ബാംഗ്ലൂരിൽ നിന്നു കയ്യിൽ കരുതിയിരുന്ന ഭക്ഷണം കഴിച്ചിട്ട് ഉച്ച കഴിഞ്ഞു ഞാൻ ഗ്രാമത്തിലെത്തി. ആടിനെ അപ്പോഴും കൊണ്ടുവന്നിരുന്നില്ല.

ആടിനെ കൊണ്ടുവരാൻ പോയിരുന്നവൻ മടങ്ങിയെത്തിയപ്പോൾ ഉച്ചതിരിഞ്ഞു രണ്ടു മണിയായി. കുറെ പ്രായമായ ഒരു കറുത്ത ആടിനെയാണ് കിട്ടിയതു്. പ്രായമായതു് എന്നു പറഞ്ഞാൽ, ഒററയ്ക്കു വിട്ടിട്ടു പോകുമ്പോൾ, പുലിയുടെ ശ്രദ്ധയെ ആകർഷിക്കുമാറു ദീർഘനേരം കരഞ്ഞുകൊണ്ടു നിൽക്കുന്ന പ്രായം കഴിഞ്ഞതു്, എന്നേ അർത്ഥമുള്ളു. രണ്ടാമതു്, അതു കറുത്ത ആടാണെന്നുള്ളതും ഒരു പ്രതികൂലസാഹചര്യമായിരുന്നു. കറുത്തതൊ വെളുത്തതൊ ആയ ആടുകൾ പുലി

കളെ സംശയാലുക്കളാക്കാറുണ്ട്. ആടായാലും പട്ടിയായാലും കാളയായാലും തവിട്ടു നിറമായിരുന്നാൽ ഉത്തമം. എന്തുകൊണ്ടെന്നാൽ പുലിയുടെ പ്രകൃതിസഹജമായ ആഹാരത്തിൽ ഉൾപ്പെട്ടവരുന്ന വന്യമൃഗങ്ങളിൽ മിക്കതിന്റെയും നിറം അതാണ്. ഏതായാലും ഇനിയിപ്പോൾ ആടിനെ മാററിവാങ്ങാനും മററും നേരമില്ല. ഉള്ള സാഹചര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നുള്ളതേ കരണീയമായിട്ടുണ്ടായിരുന്നുള്ളൂ.

പട്ടേലും മററു മൂന്നുനാലു പേരും എന്റെകൂടെ വന്നു. വെട്ടുകത്തി, കയറു്, മുമ്പുപയോഗിച്ച കട്ടിൽ എന്നിവയൊക്കെ ചുമന്നുകൊണ്ടാണ് കൂടെയുണ്ടായിരുന്ന ഗ്രാമീണർ നടന്നിരുന്നതു്. ഒരു മണിക്കൂറിനുള്ളിൽ ഞങ്ങൾ പുലിക്കിരയായ ചെറുപ്പക്കാരിയുടെ ഗ്രാമത്തിലെത്തി. അവിടെനിന്നു രണ്ടുപേർകൂടെ എന്റെ സംഘത്തിൽ ചേർന്നു. പുലി ആക്രമണം നടത്തിയ സ്ഥാനം അവർ ചൂണ്ടിക്കാണിച്ചു തരാമെന്നു പറഞ്ഞു.

ഗ്രാമത്തിൽനിന്നു് ഏതാണ്ടു മുക്കാൽ മൈൽ അകലെയാണ് ആ സ്ഥാനം. അല്പമാത്രം നീരൊഴുക്കുള്ള ഒരരുവി അവിടെ പടിഞ്ഞാറുനിന്നു കിഴക്കോട്ടൊഴുകുന്നുണ്ടു്. ഏതാണ്ട് അര മൈൽ അപ്പുറത്തു് അതു പെരിയമലക്കുന്നിന്റെ ചുവട്ടിലൂടെ തിരിഞ്ഞൊഴുകുന്നു. മണലടിഞ്ഞു കിടന്നിരുന്ന ഈ അരുവിയുടെ ഇരുകരകളിലും അരിപ്പൂച്ചെടികളും തൊട്ടാവാടിയും തിങ്ങി വളർന്നു നിൽക്കുന്നു. സ്ത്രീയെ പുലി പിടിച്ച സ്ഥാനത്തിനടുത്തായി ഒരു കുഴികുഴിച്ചു വെള്ളം നിറുത്തിയിട്ടുണ്ടു്. മനുഷ്യർക്കും കന്നുകാലികൾക്കും കുടിക്കേണ്ട ആവശ്യത്തിനു കുഴിച്ചുണ്ടാക്കിയിട്ടുള്ളതാണ് ഈ ഓലി. വേനൽക്കാലത്തു നീരൊഴുക്കില്ലാതാകുമ്പോൾ പതിവായി ഇങ്ങനെ കുഴിയുണ്ടാക്കി വെള്ളം ശേഖരിക്കും. ഇവിടെ വെള്ളംകോരാൻ വന്നപ്പോഴാണ് ആ സ്ത്രീയെ പുലി പിടിച്ചതു്. അരിപ്പൂച്ചെടി ആ കുഴിയുടെ വക്കുവരെ സമൃദ്ധിയായി വളർന്നു നിൽക്കുന്നുണ്ടു്. അതി

ൻെറ മറവിലൂടെ പതുങ്ങിപ്പതുങ്ങി വന്നായിരിക്കണം പുലി ആ സാധു സ്ത്രീയെ ചാടിപ്പിടികൂടിയതു്.

കാര്യങ്ങളുടെ കിടപ്പുവച്ചു നോക്കിയതിൽ ഈ പുലി അസാധാരണ സ്വഭാവവിശേഷങ്ങളുള്ള ഒന്നാണെന്ന നിഗമനത്തിനു് ഉറപ്പു കൂട്ടുകയാണു ചെയ്തതു്. സാധാരണ നരഭോജികളിൽ നിന്നു കുറെക്കൂടെ വ്യത്യസ്തമാണു് ഇതിൻെറ സ്വഭാവം. ഈ പുലി മനുഷ്യരെ ആക്രമിച്ചു പിടിച്ചിട്ടുള്ളതെല്ലാം പകൽ സമയത്താണു്. കടുവാകൾ മാത്രമെ ഇങ്ങനെ ചെയ്യാറുള്ളു. പുലികൾ സ്വതേ ഭീരുക്കളാണു്. അവരുടെ പ്രവർത്തനം അധികവും നിശാവേളകളിലുമാണു്. ആ ചെറുപ്പക്കാരി വെള്ളം കോരാനെത്തുന്നതിനു മുമ്പുതന്നെ പുലി ആ കുററിക്കാട്ടിനകത്തുവന്നു കിടക്കുകയായിരുന്നിരിക്കണമെന്നും, നിഷ്പ്രയാസം ആക്രമിക്കത്തക്കവിധം തൻെറ മുമ്പിൽ വന്നു കൂടിയ ഇരയെ നഷ്ടപ്പെടുത്താൻ മനസ്സു വരായ്കയാൽ, ആ സ്ത്രീയുടെമേൽ ചാടിവീണു പിടികൂടിയതായിരിക്കണമെന്നുമാണു് എനിക്കു തോന്നിയതു്.

ഈ നിഗമനത്തിലെത്തിയശേഷം ഞാൻ കയ്യും കാൽമുട്ടുകളും കുത്തി നിന്നുകൊണ്ടു് അവിടെ ചുററു പാടും വളർന്നു നിന്നിരുന്ന അരിപ്പൂച്ചെടികളുടെയിടയിൽ ഒരു പരിശോധന നടത്തി. എനിക്കു തെററു പററിയിട്ടില്ലെന്നു വെളിവായി. ആ ചെടികളിലൊന്നിൻെറ ചുവട്ടിൽ സുഖമായി വിശ്രമിക്കാനുള്ള ഇടമുണ്ടു്. അവിടെ ഉണങ്ങിയ ഇലകൾ പരവതാനി വിരിച്ചതുപോലെ കിടന്നിരുന്നതിനാൽ ആ സ്ഥലത്തു കാൽചുവടുകൾ പതിഞ്ഞു കാണുകയില്ല. എങ്കിലും കാട്ടുജന്തുവിൻെറ ഒരു ഗന്ധം അവിടെ തങ്ങിനിന്നിരുന്നതിനാൽ എനിക്കുറപ്പായി, പലപ്പോഴും ആ പുലി അവിടെ വന്നു കിടക്കാറുണ്ടു്, എന്നു്. തോട്ടിൽ വെള്ളം കുടിക്കാനെത്തുന്ന മൃഗങ്ങളെ ആക്രമിച്ചു പിടികൂടാൻ ഏററവും പററിയ ഒരു താവളമായിരുന്നു, അതു്.

ഇതു് ഒരനുകൂലസാഹചര്യമായിരുന്നു. ഒരിക്കൽ ഈ സ്ഥാനം ഉപയോഗപ്പെടുത്തിയിട്ടുള്ള പക്ഷം പുലി

വീണ്ടും ആ സൗകര്യം ഉപയോഗപ്പെടുത്താൻ മുതിരുമെന്നുള്ളതു നിശ്ചയമാണ്. അതുമല്ല, ഞാൻ മുമ്പു പറഞ്ഞതുപോലെ പെരിയമലയിലേക്ക് അവിടെ നിന്ന് അരമൈലേ അകലമുള്ളു. പുലിയുടെ സ്ഥിരമായ താവളം മലയുടെ മുകളിലെവിടെയെങ്കിലുമുള്ള പാറക്കെട്ടിലോ ഗുഹയിലോ ആയിരിക്കണം. അപകടശങ്കയില്ലാതെ വന്നെത്തുന്ന ഇരകളെ പിടികൂടാനുള്ള സൗകര്യമായ താവളമായി ഈ അരിപ്പൂച്ചെടി നിറഞ്ഞ കുററിക്കാടും കണ്ടുവച്ചിട്ടുള്ളതായിരിക്കണം.

ഈ സാഹചര്യങ്ങളൊക്കെ സൂക്ഷ്മമായി പഠിച്ചുകഴിഞ്ഞപ്പോൾ പെട്ടെന്നൊരാശയം എൻെറ മനസ്സിലുദിച്ചു. പുലി പ്രതീക്ഷിക്കുന്ന തരം ഒരു ദൃശ്യം ഒരുക്കിയാലെന്ത്? ആ തോട്ടിൽ വെള്ളം കുടിക്കാൻ വന്നതെന്നു തോന്നിക്കത്തക്കവിധത്തിൽ ആടിനെ തോട്ടിൻ കരയിൽ കുററിതറച്ചു കെട്ടുക; എന്നിട്ടു പുലിയുടെ വരവു പ്രതീക്ഷിച്ച് മൂപ്പരുടെ സ്ഥിരം താവളമായ കുററിക്കാട്ടിനിടയിൽ ഞാൻ പതിയിരിക്കുകയും. ആടിൻെറ നിലവിളി ചെവിയിൽ പെടുകയോ മലമുകളിൽ നിന്നുകൊണ്ട് ആടു നിൽക്കുന്നതു കാണുകയോ ചെയ്യുന്ന പക്ഷം പുലി നേരെ അങ്ങോട്ടു വരാതിരിക്കില്ല. എനിക്ക് അതിനെ വെടി വയ്ക്കുകയും ചെയ്യാം.

എൻെറ ഈ അഭിപ്രായം, ഞാൻ പട്ടേലിനോടും കൂടെയുണ്ടായിരുന്നവരോടും പറഞ്ഞപ്പോൾ നല്ലൊരു കൗശലമാണ് അതെന്ന് അവരും സമ്മതിച്ചു. പക്ഷേ, വലിയൊരപകടം അതിൽ അന്തർഭവിക്കുന്നതുകൊണ്ട് ബുദ്ധിശൂന്യമായിരിക്കും ആ സംരംഭമെന്ന് പട്ടേൽ സംശയിച്ചു. വിചാരിക്കുന്നത്ര അപകടമുള്ള കാര്യമല്ല അതെന്ന് ഞാൻ അയാളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി. ചുററുമുള്ള അരിപ്പൂച്ചെടികൾ വളരെ തിങ്ങിവളർന്നു നിൽക്കുന്നതിനാൽ ഏതെങ്കിലും വശത്തുനിന്നോ പിന്നിൽ നിന്നോ എന്നെ ആക്രമിക്കാൻ പുലിക്കു പ്രയാസമുണ്ടാവും. നേരെയുള്ള പ്രവേശന മാർഗ്ഗത്തിലൂടെ തന്നെവേണം എന്നോടടുക്കാൻ. ആ വഴിക്കുള്ള ആശ

മനം പ്രതീക്ഷിച്ചു ജാഗ്രതയോടെയിരിക്കുന്ന എൻെറ മുമ്പിലെത്തുന്ന പുലി ശരിക്കു് എൻെറ തോക്കിനിരയാവുകയും ചെയ്യും. അതുമല്ല, ശ്രദ്ധ മുഴവൻ ആടിൻെറ മേൽ കേന്ദ്രീകരിച്ചുകൊണ്ടുവരുന്ന പുലി, അതിൻെറ പതിവു താവളത്തിൽ ഇങ്ങനെയൊരു ശത്രു പതിയിരിക്കുന്നുണ്ടെന്നു സംശയിക്കയുമില്ല.

ഞങ്ങൾ കരുതിക്കൊണ്ടുവന്നിരുന്ന കുററി ആ അരുവിയിലെ മണൽതിട്ടിൽ അടിച്ചിറക്കി. ഞാൻ അരിപ്പൂച്ചെടിപ്പടർപ്പിനിടയിൽ കയറി കഴിവുള്ളത്ര സുഖമായി അവിടെ രാത്രി സമയത്തു് ഒതുങ്ങിക്കൂടാനുള്ള സൗകര്യമുണ്ടാക്കി. ഫ്ളാഷ് ലൈററു് എൻെറ റൈഫിളിൻെറ കുഴലിനോടു ചേർത്തു ബന്ധിച്ചു. അതു ശരിക്കു പ്രവർത്തിക്കുമെന്നു് പരീക്ഷിച്ചുറപ്പു വരുത്തി. ഞാൻ അടുത്തകാലത്തു വാങ്ങിയ ഒരു മൂന്നു സെൽ ലൈററാണതു്. ഒടുവിൽ എൻെറ പാത്രത്തിൽ നിന്നു കുറെ ചായയെടുത്തു കുടിച്ചു. എന്നിട്ടു് ആടിൻെറ പിൻകാലിൽ ഒരു കയർ കെട്ടി കുററിയിൽ ബന്ധിക്കാനേർപ്പാടുചെയ്തു.

ഈ പ്രാരംഭ നടപടികളൊക്കെ നടന്നുകൊണ്ടിരിക്കുമ്പോൾ ആടിനെ അകലെയൊരിടത്തു കൊണ്ടുചെന്നു നിറുത്തിയിരിക്കയായിരുന്നു. അതിനു കാര്യമുണ്ടു്. തൻെറ വളരെ സമീപത്തായി ഒരു മനുഷ്യൻെറ സാന്നിദ്ധ്യമുണ്ടെന്നുള്ള കാര്യം ആടു് അറിയരുതു്. അറിഞ്ഞുപോയാൽ താൻ ഒററപ്പെട്ടുപോയെന്ന ഒരു വിചാരം അതിനുണ്ടാവില്ല. അപ്പോൾ അതു് വിളികൂട്ടാതെ നിന്നുകളഞ്ഞെന്നു വരും. നേരെമറിച്ചു് തന്നെ ഒററയ്ക്കു വിട്ടിട്ടു് എല്ലാവരും പൊയ്ക്കളഞ്ഞു എന്ന തോന്നലുണ്ടായാൽ ആടു് നിലവിളിക്കാൻ കൂടുതൽ സാദ്ധ്യതയുണ്ടു്.

ആടിനെ കുററിയിൽ കെട്ടിക്കൊണ്ടിരുന്ന സമയമത്രയും ഞാൻ ഒന്നും മിണ്ടാതെ ഇരുന്നു. അവരുടെ ജോലിതീർത്തു് പട്ടേലും കൂട്ടരും അവരുടെ വഴിക്കു പോയി. എന്തെങ്കിലും സംഭവം പ്രതീക്ഷിച്ചു് ഞാൻ ഏകനായി ഇരിപ്പും തുടങ്ങി.

ആ അരിപ്പൂച്ചെടിപടർപ്പിനടിയിൽ അന്തരീക്ഷം നിശ്ചലമായിരുന്നു; നല്ല ഉഷ്ണവും. സൂര്യാസ്തമയത്തിനു വളരെ മുമ്പു തന്നെ ഞാൻ ഇരുപ്പുറപ്പിച്ച സ്ഥലത്തെല്ലാം ഇരുട്ടു വ്യാപിച്ചു കഴിഞ്ഞു. ആട്ട് ആദ്യം കുറേനേരം കരഞ്ഞിട്ടു വെറുതെ നിൽപ്പായി. ഇരുട്ടാകുമ്പോൾ അതു വീണ്ടും കരഞ്ഞുതുടങ്ങുമെന്നാശിക്കാനല്ലാതെ എനിക്കെന്തുചെയ്യാൻ കഴിയും? പക്ഷേ എനിക്കു നിരാശപ്പെടേണ്ടിവന്നു. ഇടയ്ക്കിടയ്ക്കു കയറുകൊണ്ടുള്ള ബന്ധനത്തിൽ നിന്നു മോചനം നേടാൻവേണ്ടി അതു കാൽ കുടയുകയും വലിക്കുകയുമൊക്കെ ചെയ്യുന്ന ശബ്ദം കുറെനേരത്തേക്കു കേട്ടുകൊണ്ടിരുന്നു. ഒടുവിൽ അതും നിലച്ചു. ആ നാശം പിടിച്ച ജന്തു ഉറക്കം പിടിച്ചിരിക്കണമെന്ന കാര്യം എനിക്കുറപ്പായി.

എൻെറ നിലയുടെ പ്രത്യേകതകൊണ്ടു് രാത്രി മുഴുവൻ ഉറങ്ങാതെയും പരമാവധി ജാഗ്രതയോടെയും കാത്തിരിക്കാൻ ഞാൻ ബാദ്ധ്യസ്ഥനാണു്. എനിക്കു് ആ ആടിനോടു് അസൂയ തോന്നി.

കൊതുകിൻെറ ശല്യം നല്ലപോലെയുണ്ടായിരുന്നു. പലതരം പ്രാണികൾ എൻെറ ദേഹത്തുകൂടെ ഓടി നടന്നു. വീടുകളിൽ കാണുന്നതിനെക്കാൾ ചെറിയ ഒരിനം കാട്ടുചുണ്ടെലികൾ അരിപ്പൂച്ചെടിയുടെ കമ്പുവഴി ഓടി നടന്നിരുന്നു. നീണ്ടു മാർദ്ദവമുള്ള എന്തോ ഒന്നു് ആ പടർപ്പിനു സമീപത്തുകൂടെ ഇഴഞ്ഞു പോയി. ഒരു പാമ്പു് ഉണക്കിലകളുടെ മുകളിലൂടെ കടന്നു പോയതാണു്. വിഷമുള്ള ഇനമാണൊ അല്ലയൊ എന്നറിയാൻ മാർഗ്ഗമില്ല. കൊതുകിൻെറയും പലയിനം പ്രാണികളുടെയും ശല്യമുണ്ടായിരുന്നിട്ടും ഞാൻ അനങ്ങാതിരുന്നു. ഇഴയുന്ന ശബ്ദം അകന്നകന്നു പോയി.

പുലി വന്നില്ല. ആ കുററിക്കാടിൻെറ അടിയിലേക്കു് ഒരു ശബ്ദവും കടന്നു വന്നില്ല. വല്ല രാപ്പക്ഷികളുടെ കൂക്കുരവംപോലും കേൾക്കുകയുണ്ടായില്ല. സമയം ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു. ഇരുളിൽ സമയം വായിക്കാവുന്ന തരമാണു്, എൻെറ വാച്ചു്. അതിൻെറ കൈ-

കൾ നീങ്ങുന്നതു വളരെ സാവധാനത്തിലാണെന്നു തോന്നി. എനിക്കു നന്നെ ഉന്മേഷക്കുറവും. എങ്കിലും ഞാൻ ഒരു നിമിഷനേരത്തേക്കു പോലും കൺപോളകൾ അടച്ചില്ല. മനസ്സിനെ പുലിയെപ്പററിയുള്ള ചിന്തയിൽ നിന്നകററി നിറുത്താൻ വേണ്ടി, മററു കാര്യങ്ങളെയും സംഭവങ്ങളെയും പററി ചിന്തിക്കാൻ ഞാൻ ശ്രമിച്ചു. ആകെ എനിക്കു ചിന്തിക്കാൻ കഴിഞ്ഞതു് ആ മുടിഞ്ഞ ആടിനെ എന്തുചെയ്യണമെന്നതിനെപ്പററി മാത്രമായിരുന്നു.

ഒരു പുതിയ ദിവസത്തിൻെറ ആഗമനം സൂചിപ്പിച്ചുകൊണ്ടു് നരച്ച പകൽവെളിച്ചം അരിച്ചരിച്ചു കടന്നുവന്നു. ഒരു കാട്ടുകോഴിയുടെയാകട്ടെ, മററു വല്ല പക്ഷികളുടെയാകട്ടെ കളകളാരവം പ്രഭാതാഗമനത്തെ വിളംബരം ചെയ്തില്ല. ഇന്ത്യയിലൊട്ടാകെ തപ്പിയാലും എന്നോളം ആത്മനിന്ദ നിറഞ്ഞ ഒരാളെ അപ്പോൾ കണ്ടു കിട്ടുമായിരുന്നില്ല. ഇതായിരുന്നു, ആ പൊന്തക്കാട്ടിൽ നിന്നു പുറത്തുവന്നപ്പോഴത്തെ എൻെറ അവസ്ഥ. സുഖനിദ്രയിൽ ലയിച്ചു ചുരുണ്ടുകൂടിക്കിടന്നിരുന്ന ആടു് അലസമായി എഴുന്നേററു നിന്നു സാവധാനത്തിൽ മൂരി നിവർത്തിക്കഴിഞ്ഞു്, അതിൻെറ നീളം കുറഞ്ഞ വാലിളക്കിക്കാട്ടി ഉപഹാസമെന്നപോലെ എന്നെ നോക്കി നിൽക്കുന്നതു കണ്ടാൽ, 'നമ്മളിലാരാണഹേ, വിഡ്ഢി?' എന്നു ചോദിക്കുംപോലെ തോന്നും. അതിൻെറ ഉത്തരം വ്യക്തമാകയാൽ ഒച്ചയെടുത്തു് ഒരു കുററസമ്മതത്തിനു ഞാൻ മുതിർന്നില്ല.

അതിനു പകരം ഞാൻ ആടിനെ അഴിച്ചു കൂടെ നടത്തിക്കൊണ്ടു പട്ടേലിൻെറ ഗ്രാമത്തിലേയ്ക്കു പുറപ്പെട്ടു. ആ പ്രമാണി തലേന്നാളത്തെ കൂട്ടുകാരെയൊക്കെ വിളിച്ചു കൂട്ടിക്കൊണ്ടു് എന്നെത്തേടി പുറപ്പെടാൻ ഭാവിക്കയായിരുന്നു. ആ കറുത്ത ആടിനെ ഞാൻ മടക്കിക്കൊടുത്തു. അല്പനേരം കിടന്നുറങ്ങിയശേഷം അല്പം കൂടെ ഭേദപ്പെട്ട ഒരിരയെ ഞാൻ തന്നെ തേടിപ്പിടിച്ചുകൊള്ളാമെന്നു

ഞാൻ പറഞ്ഞു. ഞാൻ എൻെറ വസതിയിൽ ചെന്നു കിടന്നു് ഉച്ചവരെ സുഖമായൊന്നുറങ്ങി.

ഉണർന്നപ്പോൾ എനിക്കു നന്നായി വിശക്കുന്നുണ്ടായിരുന്നു. അതുകൊണ്ടു ഞാൻ കുറെ ഉണക്കിയ ചെമ്പല്ലിമത്സ്യവും ബാംഗ്ലൂരിൽ നിന്നു കൈവശം കൊണ്ടുവന്നിരുന്ന റൊട്ടിയും ചേർത്തു തിന്നു. റൊട്ടി ഉണങ്ങിത്തുടങ്ങിയിരുന്നു. എങ്കിലും ധാരാളം വെണ്ണ പുരട്ടി ഞാൻ അതിനു മയം വരുത്തി. അങ്ങനെ വയർ നിറഞ്ഞു. ഞാൻ എൻെറ പ്രൈമസ് സ്റ്റോവിൽ വെള്ളം തിളയ്ക്കാൻ വച്ചിട്ടുണ്ടായിരുന്നു. അതുപയോഗിച്ചു ചായകൂട്ടി കുടിച്ചപ്പോൾ വളരെ ഉന്മേഷം തോന്നി. കുറെക്കൂടെ ചായ തയാറാക്കി ഞാൻ കുപ്പിയിലാക്കി വച്ചു. ഒരു രാത്രികൂടെ കാത്തിരിക്കാനുള്ള ഉപകരണങ്ങളൊക്കെ കരുതിക്കൊണ്ടു് ഞാൻ പട്ടേലിൻെറ ഗ്രാമത്തിൽ മടങ്ങിയെത്തി. ഭാഗ്യവശാൽ തലേന്നുരാത്രിയിലെ മാതിരി ചൂടുള്ള കാലാവസ്ഥയായിരുന്നതിനാൽ ഓവർക്കോട്ടു വേണ്ടതില്ലായിരുന്നു.

ഞാൻ ആടിനെ വിലയ്ക്കു കിട്ടാനുള്ള ഗ്രാമത്തിലേയ്ക്കു തിരിച്ചു. എൻെറ വാദങ്ങൾക്കു കരുത്തുററ പിൻബലം നൽകാനായി ഞാൻ പട്ടേലിനെക്കൂടെ എൻെറ കൂടെ കൊണ്ടുപോയിരുന്നു. കുറെയധികം തിരയലും നോട്ടവും ഉഗ്രമായ വിലപേശലും കഴിഞ്ഞതാണെങ്കിലും പകുതി വളർച്ചയെത്തിയ ഒരു നല്ല ആടിനെ എനിക്കു സമ്പാദിക്കാൻ കഴിഞ്ഞു. അതു് നന്നായി കരഞ്ഞുകൊള്ളുമെന്നും തോന്നി. തലേന്നു രാത്രിയിലെ താവളത്തിലേക്കു ഞങ്ങൾ തിരിച്ചപ്പോൾ ഉച്ചതിരിഞ്ഞു 3. 30 ആയിരുന്നു. വാസ്തവത്തിൽ വലിയ ധിറുതി കൂട്ടേണ്ട കാര്യമൊന്നുമുണ്ടായിരുന്നില്ല. കാത്തിരിക്കേണ്ട സ്ഥലം നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞിരുന്നു; നായാട്ടുമഞ്ചവും മററും കെട്ടിത്തയാറാക്കേണ്ടതായിട്ടില്ലായിരുന്നുതാനും.

അഞ്ചുമണിക്കുമുമ്പു് ഞാൻ പഴയസ്ഥാനത്തു കടന്നിരിപ്പായി. പുതിയ ആടിനെ അവിടെ കെട്ടിനിറുത്തിയ ശേഷം കൂടെ വന്നവരൊക്കെ മടങ്ങുകയും ചെയ്തു.

അവർ ദൃഷ്ടിപഥത്തിൽ നിന്നു മറയേണ്ട താമസം, ആട്ട നീട്ടിനീട്ടി വിളിക്കാൻ തുടങ്ങി; ആ വിളി അവിരാമമായി തുടരുകയും ചെയ്തു. ആ ആടിനെ തിരഞ്ഞെടുത്തതിൽ ഞാൻ സ്വയം അനുമോദിച്ചു.

നേരം വൈകിയതോടെ ഞാനിരുന്നിരുന്ന സ്ഥലം മുഴുവൻ ഇരുളിലാണ്ടു. ആട്ട് തുടർച്ചയായി ഉറക്കെക്കരഞ്ഞുകൊണ്ടിരുന്നു. ഞാൻ പുലിയെ പ്രതീക്ഷിച്ച് ജാഗ്രതയോടെ കാത്തിരിക്കാനും തുടങ്ങി. ഒരു മണിക്കൂർ കഴിഞ്ഞു. അവ്യക്തമായ ഒരു ലഘു മർമ്മരം—ഒരുണക്കകമ്പിൽ ചവിട്ടിയ മാതിരി ഒരു ലോല ശബ്ദം—എൻെറ കാതിൽ തട്ടി. പുലിവരുന്നുണ്ട് എന്നെനിക്കു മനസ്സിലായി. നിർണ്ണായകനിമിഷങ്ങൾ. പുലിയെ നല്ലതുപോലെ കാണാറാകുന്നതുവരെ ഫ്ളാഷ് ലൈററു തെളിച്ചുകൂടാ, അങ്ങനെ ചെയ്തുപോയാൽ പുലി കടന്നുകളയുമെന്നെനിക്കറിയാം. അധികം താമസിക്കാനും പാടില്ല. അങ്ങനെ ചെയ്താൽ, പുലി എന്നെക്കാണാനും കടന്നാക്രമിക്കുകയോ എടുത്തോടിക്കളയുകയോ ചെയ്യാനും ഇടയുണ്ട്.

എൻെറ സമസ്തേന്ദ്രിയങ്ങളെയും ജാഗ്രത്താക്കിവച്ചുകൊണ്ടു ഞാൻ കാത്തിരുന്നു. പുതിയതായി ഇലയനക്കമൊ ചലനമൊ ഒന്നുമില്ല. തുടർന്നു് അവ്യക്തമായ ഒരു ചീററലിൻെറ ശബ്ദം. പുലി എൻെറ സാന്നിദ്ധ്യം അറിഞ്ഞുകഴിഞ്ഞിരിക്കുന്നു എന്നു വ്യക്തമായി. ഒരുവേള എന്നെ കണ്ടുകഴിഞ്ഞിരിക്കാം. ക്രൂരമായ ഗർജ്ജനത്തിൻെറ പ്രാരംഭമായി പുലി ചുണ്ടുകൾ വക്രിപ്പിച്ചപ്പോൾ പുറപ്പെട്ടതാവണം ഞാൻ കേട്ട അസ്പഷ്ടമായ ചീററൽ ശബ്ദം. ഇതാണവസരം; ഇവിടം തെററിയാൽ എല്ലാം കഴിഞ്ഞു. എൻെറ വിരൽ ഫ്ളാഷ് ലൈററിൻെറ സ്വിച്ചിലമർന്നു. അതിൻെറ പ്രകാശം നേരെ പുലിയുടെ അരുണാഭ കലർന്ന വെളുത്ത മിഴികളിൽ തന്നെ പതിച്ചു. അതിൻെറ മുഖവും നെഞ്ചും ഏതാണ്ടു പത്തടി അകലത്തിൽ എൻെറ നേരെ മുമ്പിൽ കാണാമായിരുന്നു. പെട്ടെന്നു് പുലിയുടെ കഴുത്തിൽ ഉന്നംവച്ചുകൊണ്ടു് ഞാൻ എൻെറ വിഞ്ചെസ്റ്റർ റൈഫിളിലെ നിറയൊഴിച്ചു.

പുലി ഒരു ചുവടു മുമ്പോട്ടുവച്ചുവെന്നു തോന്നി. എന്നിട്ടു പിൻകാലുകളിൽ ഉയർന്നു. പക്ഷേ അപ്പോഴേക്കു് എൻെറ രണ്ടാമത്തെ വെടി ശരിക്കു് അതിൻെറ നെഞ്ചിൽ തന്നെ ഏററു. അതു പിന്നോക്കം മറിഞ്ഞുവീണു ചെടികളുടെ ഇടയിൽ മറഞ്ഞു. ഏതാനും നിമിഷഃനരത്തേക്കു ചെടികളുടെ ഇടയിൽ കൈകാലുകളിട്ടടിക്കുന്ന ശബ്ദം; ഒടുവിൽ പ്രാണൻ പോകുന്നതിനു പ്രാരംഭമായുള്ള ഘർഘരരവം; പിന്നെ നിശ്ശേഷനിശ്ശബ്ദത.

ആ കുററിക്കാട്ടിൽ നിന്നു പുറത്തേക്കു വരാൻ ഞാൻ ധൈര്യപ്പെട്ടതു് അരമണിക്കൂർ കാത്തിരുന്നതിനു ശേഷമാണു്. പുലി ചത്തിരിക്കണമെന്നുള്ളതുകൊണ്ടു് ഈ നടപടിയിൽ അപകടസാദ്ധ്യതയില്ലെന്നു തോന്നിയിട്ടാണു് ഞാൻ ഇങ്ങനെ ചെയ്യാൻ മുതിർന്നതു്. വേണ്ടിവന്നാൽ നിറയൊഴിക്കാൻ തക്കവിധം റൈഫിൾ മുമ്പിൽ നീട്ടിപ്പിടിച്ചുകൊണ്ടു് ഞാൻ ഇഴഞ്ഞു പുറത്തുവന്നു് ആടിൻെറ മുമ്പിലെത്തി. എനിക്കു് ആദ്യം തോന്നിയതു് ആ ആടിനെയും അഴിച്ചുകൊണ്ടു മടങ്ങാനാണു്. പക്ഷേ ഞാൻ വെടിവച്ച മൃഗമല്ല ആ പ്രദേശത്തെ കുപ്രസിദ്ധനായ നരഭോജി എന്നു വരാം— ഇതു മറെറാരു പുലിയായിക്കൂടെന്നില്ല—എന്നൊക്കെ എനിക്കോർമ്മ വന്നു. അപ്പോൾ, പട്ടേലിൻെറ ഗ്രാമത്തിലേയ്ക്കുള്ള യാത്രയിൽ ഞാൻ അങ്ങേയററം കരുതലെടുക്കേണ്ടതുണ്ടു്. എൻെറ ശ്രദ്ധയെ വ്യതിചലിപ്പിക്കുമാറു് ഒരാടിനെക്കൂടെ കയറിൽപിടിച്ചു നടത്തിക്കൊണ്ടുപോകുന്നതു് അപകടകരമാകാം. അതുകൊണ്ടു് ആടിനെ അവിടെത്തന്നെ നിറുത്തിയിട്ടു് ഞാൻ ഗ്രാമത്തിലേക്കു പുറപ്പെട്ടു. വളരെ പതുക്കെയും സൂക്ഷിച്ചുമാണു് ഞാൻ നടന്നിരുന്നതു്. ഞാൻ ഗ്രാമത്തിലെത്തിയപ്പോഴും ആളുകളാരും ഉറങ്ങിയിരുന്നില്ല. സംഭവിച്ച കാര്യമൊക്കെ ഞാൻ അവരെ വിവരിച്ചു കേൾപ്പിച്ചു. എന്നിട്ടു ഞാൻ സുഖമായിട്ടൊന്നുറങ്ങാൻ വേണ്ടി എൻെറ വസതിയിലേക്കു പോയി.

അടുത്ത ദിവസം രാവിലെ ചെന്നു നോക്കിയപ്പോൾ വെടികൊണ്ടു വീണേടത്തുതന്നെ പുലി ചത്തുകിടക്കുന്നു

ണ്ടായിരുന്നു. പരുപരുത്തു നിറംമങ്ങിയ ചർമ്മത്തോടു കൂടിയ കുറെ പ്രായംചെന്ന ഒരാൺപുലിയായിരുന്നു, അതു്. ലക്ഷണങ്ങൾകൊണ്ടു നരഭോജി മൂപ്പർതന്നെ യായിരുന്നുവെന്നൂഹിക്കാം. അതിൻെറ ദംഷ്ട്രകൾ വാർദ്ധക്യംകൊണ്ടു തേഞ്ഞും മൂർച്ച കുറഞ്ഞും കാണപ്പെട്ടു. വിണ്ടുകീറിയിരുന്ന നഖങ്ങൾക്കും മൂർച്ചയുണ്ടായിരുന്നില്ല.

എന്നാൽ ഞാൻ അന്വേഷിച്ചുകൊണ്ടിരുന്ന നരഭോജിയെത്തന്നെയാണോ എനിക്കു വെടിവയ്ക്കാൻ കഴിഞ്ഞതു് എന്ന കാര്യം, കാലം തെളിയിക്കേണ്ടതാണു്.

ഉച്ചയോടുകൂടെ അതിൻെറ ചർമ്മവുമായി ഞാൻ മലയിറങ്ങി മടക്കയാത്രയാരംഭിച്ചു.

ഈ സംഭവത്തിനുശേഷം വർഷങ്ങൾ പലതു കഴിഞ്ഞിട്ടും ഇതേവരെ ഏലഗിരിമലകളിലൊ ജാവദിമലകളിലൊ മനുഷ്യരെയാരെയും പുലി പിടിച്ചതായി അറിയാൻ കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു് നരഭോജി തന്നെയാണ് അന്നു് എൻെറ തോക്കിനിരയായതു് എന്നു് എനിക്കു് ഏതാണ്ടുറപ്പുതോന്നുന്നുണ്ടു്.

# 3

## കിഴവൻ മുനസ്വാമിയും
## മഗഡിയിലെ പുലിയും

ഇൻഡ്യയുടെ കിഴക്കരികിൽ ബംഗാൾ ഉൾക്കടലിൻെറ തീരത്തു സ്ഥിതിചെയ്യുന്ന മദ്രാസ് നഗരത്തിൽ നിന്നു് ഇൻഡ്യയുടെ പടിഞ്ഞാററരികിൽ അറബിക്കടലിൻെറ തീരത്തു സ്ഥിതിചെയ്യുന്ന മംഗലാപുരത്തേയ്ക്കു് നേരേ ഒരു വര വരച്ചാൽ അതിൻെറ ഏതാണ്ടു മദ്ധ്യസ്ഥാനത്തായിട്ടു വരും ഞാൻ താമസിക്കുന്ന ബാംഗ്ലൂർ പട്ടണം. സമുദ്രനിരപ്പിൽ നിന്നു മൂവായിരത്തിലധികം അടി ഉയരത്തിലുള്ള ഒരു പീഠഭൂമിയിലാണു് ബാംഗ്ലൂരിൻെറ സ്ഥാനം. അവിടെ താമസിച്ചിട്ടുള്ള ആർക്കുംതന്നെ ആ അനന്യസദൃശമായ കാലാവസ്ഥ ഒരിക്കലും വിസ്മരിക്കാൻ കഴികയില്ല. കലശലായ ചൂടോ അസഹ്യമായ തണുപ്പോ ഇല്ല; അതിവർഷമൊ കൊടുംവേനലൊ ഇല്ല. നവംബർ മുതൽ ഫെബ്രുവരി മദ്ധ്യംവരെയുള്ള ശീതകാലത്തെ മൂടൽമഞ്ഞു പരന്ന ഹൃദയഹാരിയായ പ്രഭാതങ്ങൾ; വേനൽക്കാലത്തുപോലും, ആരോഗ്യപ്രദമായ ഇളംതണുപ്പുററ അന്തരീക്ഷം. "ബീൻകൾ ഊരു" എന്ന കന്നട വാക്കുകളെ ആംഗലീകരിച്ച രൂപമാണു് ബാംഗ്ലൂർ എന്ന പേരു്. "ബീൻ പട്ടണം" എന്നു വേണം അതിനെ നേരേ വിവർത്തനം ചെയ്യാൻ. "ബീൻസിൻെറ നഗരം" എന്ന ഖ്യാതി ഇങ്ങനെയാണു് ഈ പട്ടണത്തിനു സിദ്ധിച്ചതു്. ഉഷ്ണമേഖലയിലും യൂറോപ്യൻ നാട്ടുകളിലും ഉണ്ടാകുന്ന വിവിധ ഇനം പഴങ്ങളും മലക്കറികളും ഇവിടെ കൃഷി ചെയ്യപ്പെട്ടുന്നുണ്ടു്. അതി

സ്വാദുക്കളായ അവ ഭുജിച്ചിട്ടുള്ള ആർക്കും അവിസ്മരണീയമായ അനുഭവമായിരിക്കും അതു്.

രണ്ടാം ലോകമഹായുദ്ധത്തിൻെറ അവസാനംവരെ ഒരു നഗരമെന്നവകാശപ്പെടാവുന്ന മേന്മയൊന്നും ബാംഗ്ലൂരിനുണ്ടായിരുന്നില്ല. യുദ്ധതന്ത്രപ്രധാനമായ അതിൻെറ കിടപ്പും, വമ്പിച്ചൊരു വ്യാവസായിക നഗരമായി വികസിക്കാനുള്ള സാഹചര്യസമ്പത്തും മററു വിഭവസമൃദ്ധികളും ഒത്തുചേർന്നു് അതിനെ ഇന്ത്യയിലെ ഏററവുമധികം ജനനിബിഡമായ ഒരു പട്ടണമാക്കിത്തീർത്തു. യുദ്ധകാലത്തും അതിനു ശേഷവും വിപുലമായ തോതിൽ അങ്ങോട്ടുണ്ടായ അഭയാർത്ഥിപ്രവാഹത്തെത്തുടർന്നു് ജനസംഖ്യ മൂന്നിരട്ടിച്ചു; വമ്പിച്ച തോതിൽ വ്യവസായവൽക്കരണം നടന്നു; ഇന്നു് വളരെവേഗം വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു നഗരമാണു് ബാംഗ്ലൂർ.

ഞാൻ ബാംഗ്ലൂരിൻെറ മഹിമാതിരേകം വർണ്ണിക്കാനൊരുമ്പെട്ടുകയല്ല. അതിമനോഹരമായ ഒരു നഗരത്തിലാണു ഞാൻ താമസിക്കുന്നതെന്നു പറഞ്ഞുവച്ചുവെന്നേയുള്ളു. പല മലകളുടെ മുകൾഭാഗത്തായിട്ടാണു് ബാംഗ്ലൂർ പട്ടണം പണിതീർത്തിട്ടുള്ളതു്. അതിൽ ഏതു കുന്നിൻെറ മുകളിൽ നിന്നുകൊണ്ടു നോക്കിയാലും, വടക്കും, വടക്കുപടിഞ്ഞാറും, പടിഞ്ഞാറും, ഭാഗങ്ങളിലായി അത്യുന്നതന്മാരായ മൂന്നു ഗിരിവര്യന്മാർ ചക്രവാളത്തിൽ തലയെടുത്തുപിടിച്ചു നിൽക്കുന്നതു കാണാം. എല്ലാം 35 മൈൽ ചുററളവിനുള്ളിലാണു്. എല്ലാംതന്നെ 4000 അടിയിലധികം ഉയരമുള്ളവയുമാണു്. വടക്കുവശത്തു കാണുന്നതാണു് ഏററവും ഉന്നതശീർഷനായ മല. വാസ്തവം പറഞ്ഞാൽ അതു് ഒററമലയല്ല. മൂന്നു മലകളുടെ സാനുപ്രദേശങ്ങളുടെ സംയുക്തസാന്നിദ്ധ്യമാണവിടെയുള്ളതു്. നന്ദിദുർഗ്ഗമെന്നറിയപ്പെടുന്ന ഗിരിസങ്കേതം അതാണു്. ദുർഗ്ഗമെന്നാൽ ഗിരിമുകളിലുള്ള കോട്ടയെന്നർത്ഥം. ഈ മൂന്നു കൊടുമുടികളിൽ കിഴക്കേ അററത്തുള്ളതിൻെറ നിറുകയിൽ ഒരു പഴയ കോട്ടയും കാണാം. മൈസൂർ വ്യാഘ്രമെന്നറിയപ്പെട്ടിരുന്ന

പ്രസിദ്ധ മുസ്ളീം സൈനികനേതാവായ ടിപ്പു സുൽത്താൻ പണികഴിപ്പിച്ച ആ കോട്ട ഇന്നും നല്ല നിലയിൽ സംരക്ഷിക്കപ്പെട്ടുപോരുന്നു. ഏതാണ്ട് അറുനൂറടി കുത്തനെ നിൽക്കുന്ന ഒരു ശിഖരശീർഷത്തിലാണ് കോട്ടയുടെ സ്ഥാനം. 'ടിപ്പുഗർത്തം' എന്നാണ് കോട്ടയുടെ ചുവട്ടിലെ അഗാധസ്ഥാനത്തിൻെറ പേരു്. തൻെറ നീരസത്തിനു പാത്രീഭവിച്ചിരുന്നവരെ ആ പ്രസിദ്ധ സൈനികൻ ആ ഗർത്തത്തിനുമേൽ നീട്ടി ഉറപ്പിച്ചിട്ടുള്ള ഇളകിയാടുന്ന ഒരു പലകവഴി കണ്ണു മൂടിക്കെട്ടി നടക്കാൻ കല്പിച്ചിരുന്നുവത്രേ. ആ പലകയുടെ അങ്ങേയററംവരെ ചെന്നിട്ട മടങ്ങിയെത്താൻ കഴിയുന്നവർക്കു മാപ്പു നൽകിയിരുന്നു. പക്ഷേ ഈ പരീക്ഷയിൽ ആരും വിജയിച്ചു മടങ്ങിയെത്തിയതായി അറിവില്ല. ഒരുവേള പലക അധികം ഇളകിയാട്ടമായിരുന്നിരിക്കാം—അല്ലെങ്കിൽ കൂടുതൽ ഇളകിയാട്ടമാറു വല്ല വിദ്യയും പ്രയോഗിക്കപ്പെട്ടിരുന്നിരിക്കാം. ആർക്കറിയാം നേരു്? ചരിത്രകാരന്മാരിൽ നിന്നു് ഇക്കാര്യത്തെപ്പററി വ്യക്തമായി ഒന്നും അറിയാൻ കഴിയുന്നില്ല.

ബാംഗ്ലൂരിൽനിന്നു വടക്കുമാറി കാണുന്നതാണ് ശിവാനഗംഗ എന്ന മല. ഇതിൻെറ മുകളററത്തു് ഒരു ക്ഷേത്രമുണ്ട്. ഹിന്ദുക്കളുടെ ഒരു തീർത്ഥാടന കേന്ദ്രമാണിതു്. മലയുടെ മുകൾഭാഗത്തു് ഒരു കിണറുള്ളതു് അത്യഗാധമാണ്. അവസാനമില്ലാത്തത്ര അഗാധമാണെന്നാണ പറയപ്പെടുന്നതു്. ആ കിണററിനെപ്പററിയുള്ള മറെറാരു കഥ, ബാംഗ്ലൂർ വരെയുള്ള 35 മൈൽ ദൂരം വരെ മുഴവൻ നീണ്ടുകിടക്കുന്ന ഒരു രഹസ്യ ഗുഹാമാർഗ്ഗത്തിൻെറ ആരംഭസ്ഥാനമാണ് അതെന്നുള്ളതാണ്.

പടിഞ്ഞാറുവശത്തുള്ളതാണ് മഗഡിമല. ബാംഗ്ലൂരിലെ ഉയർന്ന സ്ഥാനത്തുനിന്നു നോക്കുമ്പോൾ ഒരു പഞ്ചസാരക്കട്ടയുടെ ആകൃതിയാണ് ഇതിനു തോന്നുക. പക്ഷേ അടുത്തു ചെന്നു നോക്കുമ്പോഴാണ് ഒട്ടകത്തിൻെറ മുതുകത്തെ മുഴകൾപോലെ രണ്ടുയർന്ന സ്ഥാനങ്ങൾ ഇതിനു

ണ്ടെന്നു മനസ്സിലാകുന്നതു്. ഈ രണ്ടു മുഴകൾക്കുമിടയിലായി നീരന്ധ്രനിബിഡമായി വൃക്ഷങ്ങൾ വളർന്നു നിൽക്കുന്ന മലയിടുക്കാണു്. അങ്ങോട്ടു കടന്നുകൂടുക പ്രയാസമാണു്. ഭൂമിയാകെ ഇഴക്കലോടുകൂടി തെന്നിത്തെറിച്ചാണു കിടക്കുന്നതു്. അവിടെയെങ്ങാൻ കാൽവഴുതിപ്പോയാൽ നന്ദിദുർഗ്ഗത്തിൽ ടിപ്പുവിൻെറ വിനോദാർത്ഥം കണ്ണുകെട്ടി പലകയിൽ നടക്കേണ്ടിവന്ന നിർഭാഗ്യവാന്മാരുടെതിനെക്കാൾ വളരെയൊന്നും വ്യത്യസ്തമായിരിക്കില്ല, നിങ്ങളുടെ അനുഭവവും.

ഈ മലയിടുക്കിലൂടെ വേണ്ടിയിരിക്കുന്നു, എനിക്കെൻെറ കഥയിലേക്കു കടന്നുവരാൻ. മഗഡിയെ മുഴുവൻ കിടുകിടെ വിറപ്പിച്ചിരുന്ന പുലിയുടെ മട ഈ മലയിടുക്കിലായിരുന്നുപോൽ.

മഗഡിമലയുടെ ചുററിലും ഇടതിങ്ങി വൃക്ഷങ്ങൾ വളർന്നുനിന്നിരുന്ന മലമ്പ്രദേശങ്ങളാണു്. തെക്കുഭാഗത്തു് പല മലകളിലായി പരന്നുകിടക്കുന്ന റിസർവ്വ് വനമാണു്. എഴുപതുമൈൽ ദൂരെയുള്ള കാവേരിനദിയിലെ സംഗമം എന്ന സ്ഥാനംവരെ തെക്കോട്ടു വ്യാപിച്ചാണു് ഈ വനത്തിൻെറ കിടപ്പു്. വിസ്തീർണ്ണം ഇത്രയില്ലെങ്കിലും അതിൻെറ ഒരു ഭാഗം റിസർവ്വ് വനമാണു്. ബാക്കിഭാഗം കുററിക്കാടുകൾ ഇടതൂർന്നു് വളർന്നുനിൽക്കുന്ന ഭൂമിയും.ഈ ഗിരിശൃംഖലയുടെ ഏതാണ്ടു മദ്ധ്യഭാഗത്തായി ക്ലോസ്പെട്ട്, കാണകാണപിള്ളി എന്നീ പട്ടണങ്ങളുടെ ഇടയ്ക്കു് ഗിരിശൃംഗങ്ങൾ അടുത്തടുത്തും അധികം ഉയരത്തിലും നിലകൊള്ളുന്നു. അവിടെ പുലികൾ ധാരാളമാണു്. എൻെറ മകൻ ഡൊണാൾഡിനു പ്രത്യേകം താല്പര്യമുള്ള മൃഗയാവിനോദസങ്കേതമാണിതു്. അവിടെനിന്നു് അവൻ നാല്പതു പുലികളെയും ഒരു ഡസനിലധികം കരടികളെയും വെടിവച്ചിട്ടുത്തിട്ടുണ്ടെന്നു തോന്നുന്നു. കഷ്ടിച്ചു് ഇരുപത്തിമൂന്നു വയസ്സും കഴിഞ്ഞിട്ടേയുള്ളുതാനും, അവനു്.

മഗഡിയുടെ പടിഞ്ഞാറുമാറി, ഉയരംകുറഞ്ഞ കുററിക്കാടുകൾ വളർന്നുനിൽക്കുന്ന സമതലഭൂമിയാണു്. കൃഷ്ണ

മൃഗം, മുയൽ; കാട്ടുകോഴി, ക്രൗഞ്ചം, എരണ്ട തുടങ്ങിയ പല ഇനം പക്ഷികൾ എന്നിവയൊക്കെ അവിടെ സുലഭമാണു്. മലകൾ വടക്കോട്ടു തുടർന്നു പോകുന്നുണ്ടെങ്കിലും അവിടെ അവയ്ക്കു് ഉയരം കുറവാണു്. കിഴക്കോട്ടു പിന്നെയും മലമ്പ്രദേശങ്ങളുംഏതാണ്ടു 35 മൈലെത്തുമ്പോൾ ബാംഗ്ലൂരുമാണു്. താരതമ്യേന ചെറിയൊരു പുഴയായ അർക്കാവതിനദി 23-ാം മൈൽക്കുററിക്കു സമീപത്തുവച്ചു ബാംഗ്ലൂർ റോഡിനെ മുറിച്ചു കടന്നുപോകുന്നു. ആ സ്ഥാനത്തു നദിയിൽ അണക്കെട്ടു നിർമ്മിച്ചിട്ടുണ്ടു്. ഏററവും കൊടിയ വേനലിൽപോലും ബാംഗ്ലൂർ നഗരത്തിനു ജലക്ഷാമമനുഭവപ്പെടാത്തതരത്തിൽ ജലം ലഭിക്കുമാറു വിശാലമാണു് അതിൻെറ ജലാഗമസ്ഥാനം. ടിപ്പഗൊണ്ഡഹള്ളി എന്നാണു് ആ അണക്കെട്ടിനു പേരു നൽകിയിട്ടുള്ളതു്. വലിയ പമ്പുകളുടെ സഹായത്തോടെ 23 മൈൽ അകലെയുള്ള ബാംഗ്ലൂരിലേക്കു് ഇവിടെ നിന്നും വെള്ളം കൊണ്ടുപോകുന്നു.

പുലിയെ ആദ്യമായി കാണാനിടയായ പ്രദേശത്തിൻെറ ഒരു പൊതുദൃശ്യമാണു് ഈ വിവരണത്തിലുള്ളതു്.

ഞാൻ വിവരിക്കാൻ തുടങ്ങുന്ന സംഭവങ്ങൾ നടന്നതു് കഴിഞ്ഞ മഹായുദ്ധത്തിനു മുമ്പാണു്.

ഈ പുലി, മഗഡിമലയുടെ ചുവട്ടിൽ അങ്ങിങ്ങായി താമസിക്കുന്ന കുടിപാർപ്പുകാരുടെ വക ഏതാനും ആടുകളെയും ഒന്നുരണ്ടു പട്ടികളെയുമൊക്കെ കൊന്നുതിന്നുകയുണ്ടായി. ഇതൊന്നും ആരും അത്ര കാര്യമായിട്ടെടുത്തില്ല. ആ പ്രദേശങ്ങളിലൊക്കെ പല തലമുറകളായിട്ടു് പുലികളിൽനിന്നു് ഇത്തരം ചില്ലറശല്യങ്ങൾ ഉണ്ടാകാറുള്ളതാണു്. പുലികളും മനുഷ്യരും പൊരുത്തക്കേടുകൂടാതെ ഒരുമിച്ചുതന്നെ ജീവിച്ചുപോരുകയായിരുന്നു.

കാലം കടന്നുപോകുംതോറും ആ പുലിക്കു് ആത്മവിശ്വാസം വർദ്ധിച്ചുതുടങ്ങി. അതു് ചില കാളകളെ മാത്രമല്ല, പശുക്കളെയും ആക്രമിച്ചു കൊന്നുതിന്നു.

പശു ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു വിശുദ്ധ മൃഗമാണു്. ഒററ ഹിന്ദുവെങ്കിലും അതിൻെറ

മാംസം ഭക്ഷിക്കുകയുമില്ല. എന്നാൽ കാളയെക്കൊണ്ടു് എല്ലാത്തരം കഠിനാദ്ധ്വാനങ്ങളും ചെയ്യിക്കാൻ വിരോധമൊന്നുമില്ല. നിലമുഴവാനും വണ്ടിവലിക്കാനുമൊക്കെ കാളയെ ഉപയോഗിക്കും. ചുണ്ണാമ്പുപൊടിക്കുന്നതിനുപയോഗിക്കുന്ന ചൂളയുടെ വലിയ കരിങ്കൽ ചക്രമുരുട്ടുന്ന ജോലിക്കു പോലും കാളയെ ഉപയോഗിക്കാൻ വിരോധമില്ല. ഇങ്ങനെ പല ഉപയോഗങ്ങളുള്ളതും സാമാന്യം നല്ലവില കിട്ടുന്നതുമായ നല്ലജന്തുവാണു് കാളയെന്നിരിക്കിലും പുലി വല്ലപ്പോഴുമൊക്കെ തങ്ങളുടെ ഒരു കാളയെ പിടിച്ചുകൊണ്ടുപോകുന്നതിൽ ഗ്രാമവാസികൾ വളരെയൊന്നും വല്ലായ്മപ്പെട്ടുകയില്ല. പുലി അമിതമായ ദുരാഗ്രഹം പ്രകടിപ്പിക്കാതിരുന്നാൽ മതി. എന്നാൽ പാലും വെണ്ണയും നൽകുന്ന പശുവിനെ കൊന്നുതിന്നാൻ പുലി മുതിരുമ്പോൾ—വെണ്ണയിൽ നിന്നാണു് ഇന്ത്യയിലുടനീളം പാചകത്തിനുപയോഗിക്കുന്നതും വിശിഷ്ടഗുണയുക്തവുമായ ഉരുക്കു നെയ്യുണ്ടാക്കുന്നതു്—അതു് അക്ഷന്തവ്യമായ ഒരു പാതകമായി ഗണിക്കപ്പെട്ടുകയും എന്തെങ്കിലും കാര്യമായ നടപടിയെടുക്കേണ്ട സംഗതിയായി ശ്രദ്ധിക്കപ്പെട്ടുകയും ചെയ്യുന്നു.

"മാന്യന്മാർക്കു മൃഗയാവിനോദത്തിൽ വഴികാട്ടി" യായി പ്രവർത്തിക്കുകയാണു തന്റെ തൊഴിൽ എന്നവകാശപ്പെട്ടുന്ന 'മുനുസ്വാമി' എന്നൊരു വ്യക്തി ബാംഗ്ലൂരിലുണ്ടു്—ഉണ്ടു് എന്നു ഞാൻ പറയുന്നതു് അയാൾ ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടു് എന്നതു കൊണ്ടാണതാനും. അയാൾ ഒരു ശുദ്ധ ഭോഷ്ക്കനാണു്. അയാളുടെ ജോലി, മൃഗങ്ങളെ വെടിവയ്ക്കാനുള്ള സൗകര്യങ്ങളെപ്പററി പട്ടണത്തിലെത്തി വാർത്ത പ്രചരിപ്പിച്ചു് ഈ വിഷയത്തിൽ വേണ്ടത്ര പരിചയമില്ലാത്ത ശുദ്ധാത്മാക്കളെ വഞ്ചിച്ചു പണം പിടുങ്ങുന്നതാണു്. "യജമാൻ, നാല്പതോളമുള്ള ഒരുപററം കാട്ടുപന്നി ഇവിടെനിന്നു് ഇരുപതു മൈലകലെ വൈററ്ഫീൽഡിലുണ്ടു്. വെടിവയ്ക്കാൻ ബഹുസൗകര്യം!" എന്നോ, അല്ലെങ്കിൽ, "യജമാനേ, മഗഡിറോഡിൽ പത്താംമൈലിലും മൈസൂറിലേയ്ക്കുള്ള

റോഡിൽ പതിനെട്ടാംമൈലിലും അനേകം പററം കൃഷ്ണ മൃഗം ചുററി നടക്കുന്നു. ഓരോ പററത്തിലും അമ്പതിൽ കുറവില്ല. വെടിവയ്ക്കാൻ എന്തെളുപ്പമെന്നോ!" എന്നോ ഒക്കെയാവും ചതഞ്ഞു മുറിഞ്ഞ ഇംഗ്ലീഷിൽ അയാൾ തട്ടി വിടുക. ഈ അറിവു കൊടുക്കുന്നതിന്ന് ഒരു ന്യായമായ പ്രതിഫലം അയാൾ മുൻകൂറായി ആവശ്യപ്പെട്ടും. എന്നിട്ട് നിശ്ചിത തീയതിയിൽ വഴി കാണിക്കാൻ മുനു സ്വാമി കൃത്യമായി വന്നെത്തുന്ന പക്ഷം ആ കാട്ടുപന്നി ക്കൂട്ടത്തിനും കൃഷ്ണമൃഗവ്യൂഹത്തിനുമൊക്കെ എന്തു സംഭ വിച്ചുപോയി എന്നമ്പരക്കേണ്ടി വരും, പരിചയസമ്പ ന്നനല്ലാത്ത നമ്മുടെ പുതുനായാട്ടുകാരന്ന്. പക്ഷേ മുനു സ്വാമി മോശക്കാരനും മററുമല്ല. നല്ല പ്രത്യുൽപന്നമതി ത്വമുള്ളവനും വേഗം കള്ളം ചമച്ചുപറയാൻ വിരുതനു മാണ്, അയാൾ. "കണ്ടോ യജമാനേ! പററിയ പററു്!" അയാൾ സമാധാനം പറഞ്ഞുതുടങ്ങും. "ഞാൻയജമാ നോട്ട് എന്നേ പറഞ്ഞു തുടങ്ങിയതാണ്, നേരത്തേ വര ണം,വരണം, എന്നു്. യജമാൻ വകവച്ചില്ല. എന്തു പററി? ഇന്നലെ ഒരുപാട്ട പട്ടാള സായ്പന്മാരെല്ലാംകൂടെ കാറിൽ ഇങ്ങു വന്നുചാടി. രണ്ടു പന്നിയെ അവർ വെടി വച്ചുകൊന്നു. പന്നിക്കൂട്ടം അതോടെ ചാടിയോടി ഒളിച്ചു കളഞ്ഞു. അപ്പോൾ ഇനി മറെറാരവസരത്തിൽ വരാ മെന്നു വയ്ക്കുകതന്നെ, അല്ലേ യജമാനേ?"

കാട്ടുപന്നിയും കൃഷ്ണമൃഗവുമൊക്കെ മുനുസ്വാമിയെ സംബന്ധിച്ചിടത്തോളം ഒരു കൊത്തിക്കൊറിയുടെ വട്ടമേ ആകുന്നുള്ളു. അയാളുടെ കഴിവു് അതിൻെറ ശരി യായ അളവിൽ അനുഭവപ്പെടണമെന്നുണ്ടെങ്കിൽ ഒരു പുലിയെപ്പററിയുള്ള കഥയുമായി ഏതെങ്കിലും ശുദ്ധ ഗതിക്കാരനെ സമീപിക്കുന്ന സമ്പ്രദായം തന്നെ കണ്ടു മനസ്സിലാക്കണം. ആ പാവം ജീവിതകാലത്തു മറക്കാൻ കഴിയാത്ത പാഠം പഠിക്കാൻ പോകയാണ്. ഏതാ ണ്ടിങ്ങനെ പറഞ്ഞുകൊണ്ടായിരിക്കും അയാൾ സായി പ്പിനെ ബംഗ്ലാവിൽ ചെന്നു കാണുകയൊ അഥവാ വഴി യിൽവച്ചു കണ്ടു വണങ്ങുകയോ ചെയ്യുന്നതു്. "സാർ,

മാന്യന്മാരായ നായാട്ടുകാരുടെ വഴികാട്ടി ഞാനാണ്. യജമാനനു ശിക്കാറിനു പോകണമെന്നുണ്ടെങ്കിൽ, കൃഷ്ണമൃഗങ്ങളെയൊ കാട്ടുപന്നികളെയൊ മയിലിനെയൊ മുയലിനെയൊ പ്രാവിനെയൊ കുരുവിയെയൊ എന്തിനെവേണമെങ്കിലും കാണിച്ചുതരാം. അതല്ല, കാട്ടുതാറാവിനെയൊ മറേറാ ആണ് യജമാനന് വെടിവയ്ക്കാനിഷ്ടമെന്നുണ്ടോ? ഡിസംബർ മാസമാകുമ്പോഴേയ്ക്കു അവയൊക്കെ ധാരാളമാണ്; ക്രിസ്മസ്സ്കാലത്തു ധാരാളം കിട്ടും. അതോ, യജമാനന് വലിയപുലിയെ വേട്ടയാടാൻ താല്പര്യമുണ്ടോ? വളരെ വലിയ ഒരെണ്ണത്തിനെ വെടിവയ്ക്കാൻ സൗകര്യമുണ്ടു്. ഇവിടെനിന്നു 15 മൈൽ പോയാൽ മതി. കങ്കണാളി റോഡരികിലാണ് സ്ഥലം. യജമാൻ ഒരു പതിനഞ്ചു രൂപാമുൻകൂർ ഏല്പിച്ചു തന്നാൽ ഞങ്ങൾ കഴുതയെ കെട്ടിനിറുത്താം. പുലി വന്നു കഴുതയെ കൊന്നാലുടൻ യജമാനന് അറിവുതരാം. ഒന്നാന്തരമായിട്ടു നായാട്ടുമഞ്ചം തീർക്കാനും എനിക്കറിയാം. പുലിയെ യജമാനന് ഒരു പ്രയാസവും കൂടാതെ വെടിവച്ചിട്ടുക്കാം.

ലോകപരിചയക്കുറവുള്ള പുതിയ മൃഗയാവിനോദഭ്രാന്തൻ, അത്ഭുതംകൊണ്ടു കണ്ണുമിഴിച്ചുപോകുന്നു. ജീവനുള്ള ഒരിരയെ വാങ്ങാൻ പതിനഞ്ചുരൂപാ മതിയെന്നോ? പതിനഞ്ചു മൈലിനുള്ളിൽ ഒരു പുലിയെ വെടിവയ്ക്കാൻ സൗകര്യമുണ്ടെന്നോ? മൃഗങ്ങളെ വേട്ടയാടുക വളരെയധികം വ്യയകരമോ ശ്രമകരമോ ആയ കാര്യമാണെന്ന് ആരാണു പറഞ്ഞതു്?.

മുനുസ്വാമിയെ ഏല്പിച്ചു പതിനഞ്ചുരൂപാ കൊടുക്കുന്നു. അപ്പോഴാണ് പുതിയ ചില ഇനങ്ങൾ അയാൾ ഓർമ്മിച്ചു തുടങ്ങുന്നതു്. നായാട്ടിനുള്ള മൃഗത്തെപ്പററിയുള്ള വിവരവുമായി വരുന്ന ആവശ്യത്തിനു ബസ്സുകൂലിക്ക് ഒരു മൂന്നു രൂപയും മുനുസ്വാമിയുടെ ഭക്ഷണച്ചെലവിനു രണ്ടു രൂപയും കൂടെ വേണ്ടിയിരിക്കുന്നു. നമ്മുടെ നായാട്ടുഭ്രമക്കാരൻ മറയൻ ഇതു വളരെ മിതമായൊരു തുകയായി ഗണിച്ച് മറെറാരഞ്ചുരൂപാകൂടെ നൽകുന്നു. മുനുസ്വാമി വളരെ സംതൃപ്തനായിട്ടു മടങ്ങും.

അവിടെ നിന്നു പുറപ്പെട്ടാൽ മുനുസ്വാമി ആദ്യം പോവുക, അടുത്തുള്ള കള്ളുകടയിലേക്കാണു്. കള്ളു മാത്രമേ അയാൾ കുടിക്കൂ. ചാരായം തുടങ്ങിയവയൊന്നും വേണ്ട. അവയൊക്കെ തനിക്കു പററാത്തവിധം ലഹരി കൂടിയവയാണു്, എന്നാണയാൾ പറയുക. മൂന്നു കുപ്പി കള്ളു് ഉള്ളിലാക്കും. തെങ്ങിൻകള്ളാണു്. എന്നിട്ടു മുനുസ്വാമി സുഖമായിട്ടു കിടന്നൊന്നുറങ്ങും.

അടുത്തദിവസം ഉണർന്നെണീററാലുടനെ പുലിക്കുള്ള ഇരയെ അന്വേഷിച്ചു പുറപ്പെടുകയായി; ശരിക്കും ഗൗരവബുദ്ധിയോടെ തന്നെ. അലഞ്ഞുനടക്കുന്ന കഴുതകൾ, കന്നുകാലികൾ, പട്ടികൾ എന്നിവയെ പിടിച്ചു കെട്ടുന്നതിനുള്ള പൗണ്ടുണ്ടു്, ബാംഗ്ലൂരിൽ. നിങ്ങളുടെ കഴുതയെ ഇങ്ങനെ പിടിച്ചുകെട്ടിയിട്ടുള്ള പക്ഷം അതിനെ അവകാശപ്പെട്ടു മടക്കിവാങ്ങുമ്പോൾ ഒരു രൂപാ പിഴ കൊടുക്കണം. പത്തു ദിവസംവരെ ഒരു മൃഗത്തെ അവകാശപ്പെടാൻ ആരുമില്ലാതെവന്നാൽ അതിനെ ലേലംചെയ്യും. ഇങ്ങനെയാണു് അതിൻെറ പത്തു ദിവസത്തെ ഭക്ഷണച്ചെലവിനും മററും വേണ്ടിവരുന്ന തുക വസൂലാക്കുന്നതു്. ഇങ്ങനെ ആഴ്ചയിൽ രണ്ടുപ്രാവശ്യം വീതം ലേലമുണ്ടാകും. ഇത്തരം ലേലത്തിൽ സംബന്ധിച്ചു് ഏതാണ്ടു രണ്ടുരൂപാ മുടക്കി ഒരു കഴുതയെ സമ്പാദിക്കാൻ മുനുസ്വാമിക്കു പ്രയാസമില്ല. അല്ലെങ്കിൽ ഇങ്ങനെയുള്ള ഏതെങ്കിലും മൃഗത്തിൻെറ ഉടമസ്ഥനാണെന്നു ഭാവിച്ചു് അതിനെ കൈവശപ്പെടുത്താനും മുനുസ്വാമിക്കു മടിയില്ല. ഒരു കഴുതയെയും മറെറാരു കഴുതയെയും തമ്മിൽ തിരിച്ചറിയാൻ സാധാരണഗതിയിൽ മാർഗ്ഗമൊന്നുമില്ല. അതുകൊണ്ടു മുനുസ്വാമിയുടെ അവകാശവാദം ശരിയൊ തെറെറാ എന്നു നിർണ്ണയിക്കാൻ പൗണ്ടിലെ ഉദ്യോഗസ്ഥനു നിർവാഹമില്ല; പ്രത്യേകിച്ചും മററാരെയെങ്കിലും ആൾപ്പേരായി അയച്ചാണു് ഈ അവകാശവാദം ഉന്നയിക്കുന്നതെങ്കിൽ.

അങ്ങനെ രണ്ടുരൂപാമുടക്കി കഴുതയെ സമ്പാദിച്ചു് സായിപ്പുകൊടുത്ത പതിനഞ്ചു രൂപയിൽ പതിമൂന്നും

ലാഭിക്കുന്നു. ഈ വിധം തന്റെ ആദ്യത്തെ മുതൽ മുടക്കിന്മേൽ 650 ശതമാനം ലാഭമായി. ഒരു നല്ല തുടക്കം തന്നെ.

എന്നിട്ട് പുലിയുടെ സഞ്ചാരകേന്ദ്രമെന്ന് സായിപ്പിനെ ധരിപ്പിച്ചിട്ടുള്ളത് എവിടമാണെന്നുവച്ചാൽ അങ്ങോട്ട്—അതെത്രമൈൽ അകലെയായാലും—ഒരു നീണ്ട നടപ്പാരംഭിക്കയായി, അയാൾ. അവിടെയെത്തി കഴുതയെ രണ്ടു ദിവസം കെട്ടിനിറുത്തും. മൂന്നാം ദിവസമാകുമ്പോഴേയ്ക്കു കഴുതയെ അയാൾ തന്നെ കൊല്ലും. അതിന്റെ രീതി, ചുവടെ വിവരിക്കും പ്രകാരമാണ്. അയാളുടെ പക്കൽ, ഏതാണ്ട് ഒരു ഡസൻ ഉപകരണങ്ങൾ ഘടിപ്പിച്ചിട്ടുള്ള ഒരു വലിയ പേനാക്കത്തിയുണ്ട്. അതിന്മേലുള്ള ഉപകരണങ്ങളിലൊന്ന്, നല്ല കൂർത്ത മുനയുള്ള ഒരുരുണ്ട സാധനമാണ്. കുതിരയുടെ കുളമ്പിൽ തറഞ്ഞു കയറുന്ന കല്ലുകളും മററും കുത്തിയെടുത്തുകളയാനുള്ളതാണ് അതെന്നു തോന്നുന്നു. ഏതായാലും എന്നെ ധരിപ്പിച്ചതങ്ങനെയാണ്. വാസ്തവമറിഞ്ഞുകൂടാ. ഈ അപരിഷ്കൃതായുധം അയാൾ കഴുതയുടെ തോളോടുചേർന്ന ഭാഗത്തു കഴുത്തിൽ കുത്തിയിറക്കുന്നു. കഴുത താഴെവീണു കഴിയുമ്പോൾ വീണ്ടും കുത്തുന്നു. അങ്ങനെ ആകെ നാലു മുറിവുകൾ കഴുത്തിന്റെ ഇരുവശത്തുമായി ഉണ്ടാക്കുന്നു. എന്നിട്ട്, പേനാക്കത്തികൊണ്ട് അതിന്റെ വയർ കുത്തിക്കീറി കുടലും പണ്ടിയുമൊക്കെ വലിച്ചു പുറത്തിട്ട് മാംസം കുറെയൊക്കെ അറുത്തുനീക്കംചെയ്യുന്നു. പിന്നെ മരക്കമ്പുകൾ വെട്ടിയെടുത്തു കഴുതയുടെ മൃതദേഹം മൂടിയിടും. ഒടുവിലായി തന്റെ അഴുക്കടിഞ്ഞ സഞ്ചിയിൽനിന്ന് ഒരത്ഭുത സാധനം അയാൾ പുറത്തെടുക്കുന്നു. എന്താണതെന്നു നിങ്ങൾക്ക് ഊഹിക്കാൻ കഴിയുന്നുണ്ടോ? മുനുസ്വാമിയുടെ കൗശലത്തിലെ മുഖ്യാംശം ഇതാണ്. പുലിയുടെ പാദം മുറിച്ചെടുത്തു് അതിൽ വയ്ക്കോൽ തിരുകിക്കയററി സൂക്ഷിച്ചിരിക്കയാണ്. ഇതുപയോഗിച്ച് അയാൾ ഭൂമിയിൽ അങ്ങിങ്ങ്, പുലി നടന്നതായി തോന്നുമാറുള്ള ചുവട്ടടി അടയാളങ്ങൾ സൃഷ്ടിക്കുന്നു.

ഇങ്ങനെ തൻെറ വിദഗ്ദ്ധ ദൃഷ്ടികൾക്കു തൃപ്തികരമാകുമാറു രംഗം സജ്ജമാക്കിയശേഷം എല്ലാതാനും അണമുടക്കി വല്ല ലോറിയിലും കയറിപ്പററി അയാൾ പട്ടണത്തിലെത്തുന്നു. വളരെയധികം ഉദ്വേഗമഭിനയിച്ചുകൊണ്ടു് സായിപ്പിനെ അങ്ങോട്ടു പുറപ്പെടാൻ ക്ഷണിക്കുന്നു. ആ പാവം എന്തെന്നില്ലാത്ത ഉദ്വേഗത്തിനു വശഗനാകുന്നു. സാൻഡ്വിച്ചു തയാറാക്കാൻ അദ്ദേഹം ഭാര്യയെ ശട്ടംകെട്ടുന്നു: ചായ തിളപ്പിച്ചു തെർമോസ് ഫ്ളാസ്ക്കിൽ നിറയ്ക്കുന്നു; റൈഫിൾ തുടച്ചു മിനുക്കുന്നു; തോട്ടാകൾ ശരിപ്പെടുത്തി വയ്ക്കുന്നു; ഫ്ളാഷ് ലൈററു്, ബാറററികൾ തുടങ്ങി പലസാധനങ്ങൾ ഒരുക്കുന്നു—ആവശ്യമുള്ളതും, ഇല്ലാത്തതും, ഒരു പരിതഃസ്ഥിതിയിലും ഉപയോഗിക്കേണ്ടി വരില്ലെന്നുറപ്പുള്ളതുമായി, പണ്ടപ്പുരപ്പുകൾ പലതും. ഒടുവിൽ 'പുലി' 'മൃഗത്തെ പിടികൂടി കൊന്ന' സ്ഥാനത്തേക്കു് മുനുസ്വാമിയെയും കൂട്ടിക്കൊണ്ടു് കാറിൽ അതിവേഗം ഓടിച്ചു പോവുകയായി.

തറയിൽ പതിഞ്ഞുകാണുന്ന പുലിയുടെ കാൽപ്പാടുകളും കഴുതയുടെ കഴുത്തിൽ ദംഷ്ട്രകൾ തുളഞ്ഞിറങ്ങിയ മുറിവുകളുമൊക്കെ മുനുസ്വാമി ചൂണ്ടിക്കാണിച്ചു കൊടുക്കുന്നതോടെ സായിപ്പിനു തൃപ്തിയാകും. രണ്ടു കൂലിക്കാരെ വിളിച്ചു് മുനുസ്വാമിതന്നെ ചുമതലപ്പെട്ടു നായാട്ടുമഞ്ചം കെട്ടിയുറപ്പിക്കുന്നു. ആളൊന്നുക്കു രണ്ടു രൂപാപ്രകാരം കൂലി അയാൾ ഈടാക്കും; കൂലിക്കാർക്കു് അയാൾ കൊടുക്കുന്നതു പന്ത്രണ്ടണ വീതവും. ഒടുവിൽ സായിപ്പ് നായാട്ടുമഞ്ചത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി, മുനുസ്വാമി, തൻെറ സമ്മാനമെന്തായിരിക്കണമെന്നതിനെപ്പററി സായിപ്പുമായി ഒരു വ്യവസ്ഥ ചെയ്യുന്നു. യജമാനു പുലിയെ വെടിവയ്ക്കാൻ സാധിച്ചാൽ ഇരുപതു രൂപ കൊടുക്കണം; അഥവാ സാധിച്ചില്ലെങ്കിൽ —അങ്ങനെ വന്നാൽ അതു യജമാൻെറ കുററമെന്നല്ലാതെ വിശ്വസ്തദാസനായ മുനുസ്വാമിക്കെന്തുചെയ്യാൻ കഴിയും?—പത്തുരൂപയും. ഇനി വല്ല കാരണവശാലും പുലി വരാതിരുന്നാലും—പുലികൾ വളരെ സൂത്രശാലി

കളായ ജന്തുക്കളാണെന്നും ചിലപ്പോൾ അവ കൊന്നിട്ട ഇരയുടെ സമീപത്തേക്കു മടങ്ങാൻ കൂട്ടാക്കാറില്ലെന്നും യജമാൻ ഓർമ്മിക്കണം—പാവപ്പെട്ട മുനുസ്വാമി കൊട്ടും വെയിലത്തു് യജമാനുവേണ്ടി വളരെ ക്ലേശിച്ചതാണെന്നോർമ്മിച്ച് അഞ്ചുറുപ്പയെങ്കിലുംകൊടുക്കണം. വ്യവസ്ഥയെല്ലാം സമ്മതിക്കപ്പെട്ടുന്നു.

യജമാൻ മുനുസ്വാമിയെ വിശ്വസിക്കണമെന്നു പ്രതീക്ഷിക്കപ്പെട്ടുന്നതുപോലെ തന്നെ മുനുസ്വാമി, യജമാനനെയും വിശ്വസിക്കുന്നു.

പുലി വരുന്നില്ല. അതിനു മതിയായ കാരണവുമുണ്ടല്ലോ—അങ്ങനെയൊരുപുലിയുണ്ടായിരുന്നിട്ടുവേണ്ടേ? പക്ഷേ തൻെറ അഞ്ചുറുപ്പാ അവകാശപ്പെട്ടു വാങ്ങാൻ മുനുസ്വാമി മറക്കാറില്ല. പുലികളുടെ സ്വഭാവത്തെപ്പററിയൊന്നും മുൻകൂട്ടി പ്രവചിക്കുക സാദ്ധ്യമല്ലെന്നും, അതുകൊണ്ടു് യജമാൻ ഇപ്രാവശ്യത്തെ പരാജയംകൊണ്ടു നിരാശപ്പെടേണ്ടതില്ലെന്നും, അടുത്ത പ്രാവശ്യം യജമാൻെറ ഭാഗ്യം തെളിയാതിരിക്കയില്ലെന്നുമൊക്കെപ്പറഞ്ഞു് അയാൾ യജമാനെ സമാധാനിപ്പിക്കുന്നു. താൻ മറെറാരു കഴുതയെ കെട്ടിനിറുത്തി പുലിയെ ആകർഷിക്കാമെന്നു് ഉറപ്പുപറയുന്നു. ഈ കഥ ഇങ്ങനെ പിന്നെയും പിന്നെയും ആവർത്തിക്കപ്പെട്ടുന്നു. ഒടുവിൽ ആ മണ്ടൻ ശിക്കാറി തനിക്കു പുലിയെ ഒന്നു കാണാൻ പോലുമുള്ള ഭാഗ്യമുണ്ടാവില്ലെന്നുറച്ചു വല്ല കാട്ടുതാറാവിനെയോ ക്രൗഞ്ചത്തേയോ ഒക്കെ വെടിവയ്ക്കുന്നതിൽ തൻെറ മൃഗയാവിനോദം പരിമിതപ്പെട്ടുത്താമെന്നു തീരുമാനിക്കുന്നതുവരെ ഈ വിദ്യ ഇങ്ങനെ തുടരും. ഇങ്ങനെയൊക്കെയാണെങ്കിലും മുനുസ്വാമിയെക്കൊണ്ടു പ്രയോജനമൊന്നുമില്ലെന്നു പറഞ്ഞുകൂടാ.

"മുനുസ്വാമിയെക്കുറിച്ചു് ഇക്കഥയൊക്കെ നിങ്ങൾക്കെങ്ങനെ അറിയാം?" എന്നു നിങ്ങൾ ചോദിച്ചേക്കാം. ഒരു കാലത്തു ഞാനും ഇങ്ങനെ മണ്ടൻകളിക്കുന്ന ഒരു വിഡ്ഢിയായിരുന്നു. നാലുപ്രാവശ്യമെങ്കിലും അയാൾ എന്നെ ഈ രീതിയിൽ വഞ്ചിച്ചിട്ടുണ്ടു്. ഒരു പ്രാവശ്യം മുനുസ്വാമിക്കു് ഒരപകടം

പററി. അയാൾ എനിക്കു 'പുലിയുടെ കാൽപാടുകൾ' കാണിച്ചുതന്നുകൊണ്ടു് നിൽക്കുകയായിരുന്നു. എങ്ങുനിന്നോ വന്ന ഒരു ചെത്തിലപ്പട്ടി ഞങ്ങളുടെ നടപടികളൊക്കെ താല്പര്യപൂർവം നോക്കിനിൽക്കുന്നുണ്ടായിരുന്നു. പെട്ടെന്നു് അതു കുററിക്കാട്ടിനിടയിലേക്കു് ഓടിപ്പോയി ഒരു തുണിസഞ്ചിയും കടിച്ചെടുത്തുകൊണ്ടു ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. പരിഭ്രാന്തനായ മുനുസ്വാമി പട്ടിയുടെ പുറകേയെത്തി. പട്ടി ഓട്ടം തുടങ്ങി. സഞ്ചി അഴിഞ്ഞു് അതിൽനിന്നു് പുള്ളിയടയാളങ്ങളുള്ള എന്തോ ഒന്നു താഴെ വീണു. മുനുസ്വാമി അതു കൈവശപ്പെടുത്താനായി ഓടി; കൂടെത്തന്നെ ഞാനും. അതു പുലിയുടെ കാലായിരുന്നു. ക്രൂരമായ കൊലക്കു്—കഴുതയുടേതിനെക്കാൾ ക്രൂരമായ കൊലക്കു്—വിധേയനാക്കപ്പെടുമെന്ന ഭീഷണിയുടെ മുമ്പിൽ ചൂളിപ്പോയ മുനുസ്വാമി, നേരൊക്കെ എന്നോടു തുറന്നു സമ്മതിച്ചു. താൻ ഈ വിദ്യയിൽ സ്വീകരിക്കാറുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങളൊക്കെ അയാൾ വിവരിച്ചു കേൾപ്പിച്ചു. ഏതാണ്ടു ഞാനിപ്പോൾ വിവരിച്ച രീതിയിലായിരുന്നു, അയാളുടെ വിശദീകരണം.

ജീവിക്കയും, ജീവിക്കാൻ അനുവദിക്കുകയും ചെയ്യുക എന്ന തത്വത്തിൽ വിശ്വസിക്കുന്ന ആളാണു് ഞാൻ. എന്നെപ്പോലുള്ള മണ്ടന്മാർ വഞ്ചിക്കപ്പെടാൻ തയാറായി കഴിഞ്ഞുകൂടുന്നുണ്ടെങ്കിൽ, മുനുസ്വാമിക്കു് എന്തുകൊണ്ടു് അങ്ങനെയുള്ളവരെ വഞ്ചിച്ചു കഴിഞ്ഞുകൂടിക്കൂടാ? അതുകൊണ്ടു് ഞാൻ അയാളുടെ കള്ളിപൊളിക്കാൻ മുതിർന്നില്ല. എന്നോടു മുനുസ്വാമിക്കു വളരെ താല്പര്യവുമാണു്.

ഈ കഥ ഇങ്ങനെ വിവരിച്ചതുകൊണ്ടു് ഞാൻ അയാളുടെ കപടവിദ്യ വെളിപ്പെടുത്തുകയാണു് ചെയ്തതു് എന്നൊന്നും നിങ്ങൾ വിചാരിക്കണ്ട. എന്തുകൊണ്ടെന്നാൽ ബാംഗ്ലൂരിൽ ധാരാളമായിട്ടുള്ള ശിക്കാറി സംഘത്തിൽ പുതുതായി വന്നു ചേരുന്ന ഓരോരുത്തരെയും സമീപിക്കുമ്പോൾ ഓരോ പുതിയ പേരാണു് മുനുസ്വാമി

സ്വീകരിക്കാറു്. രാമയ്യായോ, പൂർണ്ണയ്യായോ പുന്നയ്യായോ, അതുപോലെ ശതക്കണക്കിലുള്ള പേരുകളിലേതിൻെറയെങ്കിലും ഉടമസ്ഥനോ ആയിട്ടാണു് അയാൾ പ്രത്യക്ഷപ്പെടാറു്. പക്ഷേ നിങ്ങൾ എപ്പോഴെങ്കിലും ബാംഗ്ലൂരിൽ വരാനോ, ഞങ്ങളുടെ സംഘത്തിൽ ഉൾപ്പെടാനോ ഇടയുണ്ടെങ്കിൽ ഓർമ്മയിൽ വച്ചിരിക്കാൻവേണ്ടി ഞാൻ അയാളുടെ ഒരു സാമാന്യ വിവരണം ഇവിടെ നൽകിയേക്കാം. നിങ്ങൾക്കു കരുതിയിരിക്കാമല്ലൊ. ഇംഗ്ലീഷ് സംസാരിക്കുന്ന—'മാന്യന്മാരുടെ ശിക്കാർ സഹായി' എന്നു സ്വയം പരിചയപ്പെടുത്തിക്കൊണ്ടു നിങ്ങളെ സമീപിക്കുന്ന — കൃശഗാത്രനും ദീർഘകായനും സാമാന്യം വൃദ്ധനുമായ—നല്ലപോലെ കറുത്ത—നീണ്ട മുടി പിന്നോക്കം പിടിച്ചു വച്ചു തലയുടെ പിന്നിൽ കെട്ടിയിട്ടുള്ള–പുറത്തേക്കു തള്ളിനിൽക്കുന്ന വലിയ മിഴികളോടുകൂടിയ — ഒരുവനെ പരിചയപ്പെടാൻ ഇടയാകുന്ന പക്ഷം, അയാൾ തലപ്പാവോ തൊപ്പിയോ ധരിച്ചു ധോത്തിയും ലങ്കോട്ടിയുമായിട്ടാണു വരുന്നതെങ്കിലും, നീണ്ടതോ കുറിയതോ ആയ കാലുറകളാണു് ധരിച്ചിട്ടുള്ളതെങ്കിലും, തൻെറ പേരു് ജാക്കു് ജോൺസൺ എന്നാണെന്നാണവകാശപ്പെടുന്നതെന്നു വരുകിൽ പോലും, അയാളെ അടുത്തെങ്ങും വരാൻ സമ്മതിക്കരുതു്; നിങ്ങളുടെ പണസഞ്ചി മേശയ്ക്കുള്ളിൽ ഭദ്രമായി വച്ചുപൂട്ടുകയും ചെയ്യുക. അതു് ആരെയും കബളിപ്പിക്കാൻ പോന്ന 'വിരുതൻശങ്കു'വായ എൻെറ പഴയ സ്നേഹിതൻ മുനുസ്വാമിയായിരിക്കാനാണിട.

ഈ മനുഷ്യനെപ്പററിയുള്ള പ്രതിപാദനത്തിൽ എൻെറ കഥാവസ്തുവിൽനിന്നു ഞാൻ ബഹുദൂരം വ്യതിചലിച്ചുപോയി എന്നു നിങ്ങൾക്കു തോന്നാനിടയുണ്ടു്. വാസ്തവത്തിൽ അങ്ങനെയല്ല. എന്തെന്നാൽ ഈ കഥയുടെ ആരംഭത്തിലും അവസാനത്തിലും അയാൾ മുഖ്യഭാഗമഭിനയിക്കുന്നുണ്ടു്. അതുമല്ല, അസാധാരണനും അതുല്യനുമായ ഈ വ്യക്തിയെ പരിചയപ്പെടാൻ കഴി

ഞ്ഞതു് നിങ്ങൾക്കു രസകരമായ ഒരനുഭവമായിരിക്കുമെന്നെനിക്കു് ഉറപ്പു തോന്നുന്നുമുണ്ടു്.

മഗഡിമലയുടെ പരിസരങ്ങളിൽ കാളകളെയും പശുക്കളെയും കൊന്നു തിന്നുന്നതിൽ വ്യാപരിച്ചിരുന്ന പുലിയെപ്പററിയുള്ള വർത്തമാനം നമ്മുടെ മുനുസ്വാമിയുടെ കാതിലുമെത്തി. സ്വന്തമായി പുലികളെ സൃഷ്ടിക്കുന്ന വ്യവസായക്കാരനായിരുന്നു എന്നിരിക്കിലും ശരിയായ പുലികളെപ്പററി ഒന്നുമറിയാത്തവനാണു മുനുസ്വാമിയെന്നു് ആരും ധരിച്ചുപോകരുതു്. വാസ്തവത്തിൽ വിവരമുള്ളവനാണു് അയാൾ. അയാൾക്കു ചെറുപ്പവും സാഹചര്യങ്ങൾ കുറെക്കൂടെ അനുകൂലവുമായിരുന്ന പഴയകാലത്തു് അയാൾതന്നെ നല്ലൊരു നായാട്ടുകാരനായിരുന്നു; പുലികളെപ്പററിയുമൊക്കെ നല്ല വിവരമുള്ള കൂട്ടത്തിലുമായിരുന്നു. അതുകൊണ്ടു് മഗഡിയിലെ പുലിയെപ്പററി കേട്ട ഉടനെ അയാൾ ബസ്സിൽ കയറി അവിടെ എത്തി നേരിട്ടുതന്നെ ഒരന്വേഷണം നടത്തിയതിൽ അയാൾക്കറിയാൻ കഴിഞ്ഞു, ഈ പുലി ആട്ടുകളെയും കന്നുകാലികളെയും ഇടയ്ക്കിടെ പിടിച്ചു തിന്നാറുണ്ടു് എന്നു്.

മുനുസ്വാമിയുടെ വാക്കുകേട്ടു് പുലിനായാട്ടിനു പുറപ്പെട്ടവരിലാരും പുലിയെയാകട്ടെ മററതെങ്കിലും ജന്തുവിനെയാകട്ടെ കണ്ടിട്ടില്ലെന്നതിനാൽ ഒരു നായാട്ടു വഴികാട്ടിയെന്ന നിലയിൽ അയാളുടെ സൽപേരു കുറെ കളങ്കപ്പെട്ടിരുന്നുവെന്നതു സ്വാഭാവികമാണല്ലൊ. ശിക്കാർ പ്രേമികളുടെ ഭവനങ്ങളിൽ— യൂറോപ്യന്മാരുടെതായാലും നാട്ടുകാരുടെതായാലും—ഏതാണ്ടു പകുതിയെണ്ണത്തിലും അയാൾക്കു പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. പഴമക്കാരുടെയും പുതുശിക്കാറികളുടെയുമൊക്കെ ഇടയിൽ അയാൾ വർജ്ജ്യനായിരുന്നു. മുനുസ്വാമിയെ സംബന്ധിച്ചിടത്തോളം നില പരുങ്ങലിലായി. പണമൊന്നും കിട്ടാൻ മാർഗ്ഗമില്ലാതായി; പശിയടക്കാനും. ഇതിനൊരു പരിഹാരമുണ്ടാക്കി, തനിക്കേർപ്പെട്ട ദുഷ്കീർത്തി നിർമ്മാർജ്ജനം ചെയ്യാൻ നല്ലൊരവസരമാണു കൈവന്നിരിക്കുന്നതു്.

ഈ പുലി നല്ല ധൈര്യത്തോടുകൂടിയും ഇടവിട്ടിടവിട്ട ധാരാളമായും നാട്ടിമ്പുറത്തിറങ്ങി ഇര തേടുന്നതുകൊണ്ടു്, അതിനെ വെടിവയ്ക്കുക എളുപ്പമാണെന്നും മുനസ്വാമിക്കു തോന്നി. അയാളിൽ ഉറങ്ങിക്കിടന്നിരുന്ന നായാട്ടകൗശലം ഉണർന്നുവശായി. താൻ തന്നെ പുലിയെ വെടിവച്ചു്, അതിൻെറ ജഡം വണ്ടിയിൽ കയററി വച്ചു് വാദ്യമേളത്തോടെ ഒരു പട്ടണ പ്രദക്ഷിണം നടത്തി ജയഭേരി മുഴക്കണമെന്നു് അയാൾ തീരുമാനിച്ചു. അതല്ലെങ്കിൽ കൊല്ലപ്പെട്ട പുലിയുടെ സമീപത്തു നിൽക്കുന്ന നിലയിൽ തൻെറ ഫോട്ടോ എടുത്തു് അതിൻെറ പ്രതികൾ ഇപ്പോഴും തന്നോടു തീരെ മുഷിഞ്ഞിട്ടില്ലാത്ത തൻെറ ഇടപാടുകാർക്കെല്ലാം നേരിൽ കണ്ടു കൊടുക്കുന്നതു കുറേക്കൂടെ നന്നായിരിക്കുമെന്നും അയാൾക്കു തോന്നി. തന്നോടു പിണങ്ങിയിരിക്കുന്നവർക്കെല്ലാം ചിത്രത്തിൻെറ ഓരോ പ്രതി തപാലിലയയ്ക്കാം. ഇന്നസ്ഥലത്തു വച്ചു് ഇന്ന തീയതി ശിക്കാറി മുനുസ്വാമി വെടിവച്ചു കൊന്ന പുലിയുടെ പടമാണിതെന്നും താൻ എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുത്തിട്ടും സായിപ്പന്മാർക്കാർക്കും അതിനെ കൊല്ലാൻ കഴിയാതെ വന്നതിനാൽ താൻ തന്നെ ആ ജോലി ഏറെറടുത്തതാണെന്നും ഓരോ ഫോട്ടോയുടെയും പുറകുവശത്തു് ഓരോ കുറിപ്പും ചേർക്കണം.

ഓർക്കുംതോറും ഈ ആശയം മുനുസ്വാമിയെ കൂടുതൽ ഉന്മേഷവാനാക്കി. അതു് അവരെയൊക്കെ ഒന്നിരുത്തി ചിന്തിപ്പിക്കും. തളർന്നു തുടങ്ങിയ തൻെറ പ്രശസ്തിക്കു പുനരുജ്ജീവനം ലഭിക്കയും ചെയ്യും.

സ്വന്തം തോക്കു നേരത്തെതന്നെ വിററുപോയിരുന്നതിനാൽ ഒരു പഴയ ഇരട്ടക്കുഴൽ തോക്കു് അയാൾ വായ്പ വാങ്ങി. എന്നിട്ടു് അയാൾ ഗ്രാമത്തിൽ മടങ്ങിയെത്തി അവിടെയുള്ള ആളുകളോടായി പറഞ്ഞു, ഒരു കാലത്തു വൈസ്രോയിമാരുടെയും ഗവർണ്ണർമാരുടെയും കൂടെ പണിയെടുത്തിട്ടുള്ള പഴയ ശിക്കാറിയായ മുനുസ്വാമി, ഇതാ, ഗ്രാമത്തിലുള്ളവർക്കു വൻപിച്ച നഷ്ടം സംഭവിപ്പിച്ചുകൊണ്ടിരിക്കുന്ന ക്രൂരമൃഗത്തെ വകവരുത്തു

വാനായി ആഗതനായിരിക്കുന്നു, എന്നു്. മഗഡിമലയിൽ നിന്നു നാലുമൈൽ തെക്കുകിഴക്കുഭാഗത്തുള്ള മഗഡിഗ്രാമത്തിൽ താമസിച്ചുകൊണ്ടു് താൻ ഈ മഹാകാര്യം നിർവഹിക്കാൻ തീരുമാനിച്ചിരിക്കയാണെന്നും, ഇനി ആരുടെയെങ്കിലും വളർത്തുമൃഗത്തിനെ പുലിപിടിക്കുന്ന പക്ഷം വിവരം തന്നെ അറിയിക്കണമെന്നും കൂടെ അയാൾ ഗ്രാമവാസികളോടു പറഞ്ഞു.

പുലി മററൊരു പശുവിനെക്കൂടെ പിടികൂടിയവിവരം രണ്ടുദിവസം കഴിഞ്ഞപ്പോൾ ലഭിച്ചു. മുനുസ്വാമി തോക്കും തിരകളുമായി ആ സ്ഥലത്തെത്തി നായാട്ടുമഞ്ചം കെട്ടിയിരുന്നു്, പുലിയെ വെടിവയ്ക്കുകതന്നെ ചെയ്തു. ശരിയായ ഫലംകിട്ടാൻ വേണ്ടി രണ്ടുകുഴലിലെയും നിറ ഒരുമിച്ചാണൊഴിച്ചതു്. ഒരുണ്ട പുലിയുടെ തോളിലേററു. മററെകുഴലിൽ നിന്നുള്ള വെടിയും പുലിയെ പരുക്കേൽപ്പിച്ചു എന്നു നിശ്ചയം. പക്ഷേ പുലി കടന്നുകളഞ്ഞു. പിന്നെ ഇരുന്നാലോചിച്ചപ്പോൾ മുനുസ്വാമിക്കു തോന്നി, മുറിവേററ പുലിയെ പിൻതുടർന്നു ചെല്ലാൻ തനിക്കു പ്രായം കടന്നു പോയി, എന്നു്. അതുമല്ല, രക്തം ചിന്തിയിരിക്കുന്ന വഴിനോക്കിമുറിവേററ മൃഗത്തെത്തേടിപ്പോകുന്നതിൽ അന്തർഭവിക്കുന്ന അപകടസാദ്ധ്യതയും സ്വന്തം ഭാവനയെ ഉദ്ദീപിപ്പിച്ച പ്രചരണപ്രക്രിയയിൽ നിന്നുല്പന്നമാകാവുന്ന പ്രയോജനവും തമ്മിൽ തട്ടിച്ചു നോക്കിയതിലും പുലിയുടെ പിന്നാലെ പോകാനുള്ള പ്രേരണ തിരസ്കരിക്കാനാണു് മുനുസ്വാമിക്കു തോന്നിയതു്. അതുകൊണ്ടു് മടങ്ങി ബാംഗ്ലൂർക്കു പൊയ്ക്കളയാം എന്നു തീരുമാനിച്ചു.

ഏതാനും ആഴ്ചകൾ കടന്നുപോയി. ഇത്തരം സാഹചര്യങ്ങളിൽ എപ്പോഴും സംഭവിക്കാറുള്ളതുതന്നെ ഇവിടെയും ആവർത്തിക്കപ്പെട്ടു. മഗഡിയിൽ നിന്നു ക്ലോസ്പെട്ടവരെ നീണ്ടുകിടക്കുന്ന ഇരുപത്തിരണ്ടു മൈൽ ദൂരം റോഡിൻെറ അരികിലുള്ള ഗ്രാമങ്ങളിലെ പട്ടിയെയും ആടിനെയുമൊക്കെ പിടിച്ചു തിന്നുന്ന ഒരു പുലിയുടെ ആവിർഭാവമുണ്ടായി. തങ്ങളുടെ മൃഗങ്ങളെ

രക്ഷിക്കാൻ ശ്രമിച്ചവരെ പുലി മാന്തിപ്പൊളിച്ച രണ്ടവസരങ്ങളും ഉണ്ടായി. ഒരു പുരുഷനും ഒരു കുട്ടിക്കും ഇങ്ങനെ പരുക്ക പററി.

തുടർന്നു് ഒരു ജഡ്ക്കാക്കാരനും അയാളുടെ കുതിരയും കഥാപാത്രങ്ങളായിട്ടു് ഒരു സംഭവമുണ്ടായി. മൈസൂറിൽ നിന്നുള്ള വൈകിട്ടത്തെ വണ്ടിക്ക വന്ന മൂന്നു യാത്രക്കാർ ഒരു രാത്രി ക്ലോസ്സ്പെട്ടു് തീവണ്ടിയാഫീസിലിറങ്ങി. അവിടെ നിന്നു പത്തു മൈൽ അകലെയുള്ള ഗ്രാമത്തിലാണു് അവർക്കു പോകേണ്ടിയിരുന്നതു്. ആ സമയത്തു് ആ വഴിക്ക ബസ്സർവ്വീസില്ലാത്തതിനാൽ ഒരു ജഡ്ക്കാ പിടിച്ചു് അങ്ങോട്ടു പോകാമെന്നുതന്നെ അവർ തീരുമാനിച്ചു. ജഡ്ക്കാ എന്നു വച്ചാൽ എന്താണെന്നറിയാത്തവർക്കുവേണ്ടി അതു് ഒന്നു വിവരിക്കാം. മുളയും പരമ്പുംകൊണ്ടുണ്ടാക്കിയ കമാനമായ മേൽക്കൂടോട്ടുകൂടിയതും, രണ്ടു ചക്രത്തിന്മേൽ ഉരുളുന്നതും, ഈ പ്രത്യേക ആവശ്യത്തിനുവേണ്ടി വളർത്തപ്പെട്ടുന്ന ഒരുതരം ചെറിയ കുതിര വലിക്കുന്നതുമായ ഒരു വാഹനമാണിതു്. ജഡ്ക്കാകുതിരകൾ സാധാരണ ഗ്രാമങ്ങളിൽ പണിയെടുപ്പിക്കാൻ ഉപയോഗിക്കുന്നതരം ചെറു കുതിരതന്നെയാണു്; വാലിനും കുഞ്ചിരോമത്തിനും നീളം കുറെക്കൂടെ കുറവായിരിക്കുമെന്നു മാത്രം.

ജഡ്ക്കാ അതിന്റെ ലക്ഷ്യസ്ഥാനത്തെത്തി യാത്രക്കാരെ ഇറക്കി. രാത്രി ആ ഗ്രാമത്തിൽതന്നെ കിടന്നുറങ്ങിയിട്ടു് ക്ലോസ്സ്പെട്ടിലേക്കു് അടുത്ത ദിവസം രാവിലെ പോയാൽ മതിയെന്നു വണ്ടിക്കാരൻ തീരുമാനിച്ചു. അയാൾ കുതിരയെ വണ്ടിയിൽ നിന്നഴിച്ചുമാററി, വണ്ടിയുടെ ചുവട്ടിൽ കെട്ടിത്തൂക്കിയിരുന്ന ചാക്കിൽനിന്നു കുറെ കച്ചിയെടുത്തു് അതിനു തിന്നാനിട്ടുകൊടുത്തു. എന്നിട്ടയാൾ കിടന്നുറങ്ങി. തിന്നാൻ കൊടുത്ത കച്ചി തീർന്നപ്പോൾ, വല്ലേടത്തും കൂടുതൽ പുല്ലു കിട്ടാനുണ്ടോ എന്നു തേടിക്കൊണ്ടായിരിക്കണം, കുതിര ഗ്രാമത്തിലെ തെരുവിലൂടെ അലഞ്ഞു മുമ്പോട്ടു നീങ്ങി.

അങ്ങനെ നടന്നു നടന്നു കുതിര ആ ചെറു ഗ്രാമത്തിൻെറ സീമയിലെത്തി.

അവസാനത്തെ കുടിലിൻെറ പിന്നിൽ നിന്ന് എന്തോ ഒന്ന് അതിൻെറ പുറത്തു ചാടി വീണ് കഴുത്തു കടിച്ചു കീറിത്തുടങ്ങി. ഉറക്കെ കരഞ്ഞുകൊണ്ട് കുതിര ഗ്രാമത്തിലേക്കുതന്നെ തിരിഞ്ഞോടി. അതിനെ ആക്രമിച്ച ആ എന്തോ ഒന്ന് പിടിവിടാതെ കടിച്ചു തൂങ്ങാൻ ശ്രമിച്ചുവെങ്കിലും തെറിച്ചു വീണുപോയി. പക്ഷേ പിടി വിട്ടുവിക്കാൻ കഴിയുന്നതിനുമുമ്പു കുതിരയ്ക്കു നല്ല പരുക്കുപററിക്കഴിഞ്ഞിരുന്നു. ആക്രമണകാരിയായ ആ എന്തോ ഒന്ന് പുലിയായിരുന്നു.

ഭയന്നുപോയ കുതിരയുടെ മുറവിളിയും പുലിയുടെ മുരൾച്ചയും കേട്ട ജഡ്ക്കാക്കാരൻ ഉണർന്നു. അയാൾ നോക്കിയപ്പോഴുണ്ട് കുതിര തൻെറ അട്ടത്തേക്കു പാഞ്ഞു വരുന്നു. ഭയംകൊണ്ടു സർവ്വാംഗം വിറച്ചും കഴുത്തിൽ നിന്നു ചോരയൊഴുക്കിയും കൊണ്ട് കുതിര അയാളുടെ അട്ടത്തെത്തി നിന്നു. വണ്ടിക്കാരൻ കിടന്നു മുറവിളി കൂട്ടി.

വണ്ടി വലിച്ചു നീങ്ങാൻ കഴിവില്ലാത്തവിധം കുതിര അവശയായിപ്പോയി. അതുകൊണ്ട് ജഡ്ക്കാക്കാരൻ അട്ടത്ത ദിവസം രാവിലെ അതിനെ നടത്തിക്കൊണ്ട് പെട്ടവരെ കൊണ്ടുചെന്ന് പോലീസിൽ വിവരം അറിവുകൊടുത്തു. ഈ വർത്തമാനം എല്ലായിടത്തും പരന്നു. വളരെ വേഗം നരഭോജിയായി പരിണമിക്കാനിടയുള്ള ഒരു പുലി ആ പ്രദേശങ്ങളിൽ ചുററിനടക്കുന്നുണ്ടെന്ന് എല്ലാവർക്കും ബോദ്ധ്യമായി.

അധികകാലം കഴിയുന്നതിനുമുമ്പ് മഗഡിഗ്രാമത്തിൽനിന്ന് ഏതാണ്ടു രണ്ടു മൈലിനുള്ളിലുള്ള ഒരു സ്ഥലത്തുവച്ച് പുലി ഒരു മനുഷ്യൻെറമേൽ ചാടി വീണ് അയാളെ മാന്തിപ്പൊളിക്കയുണ്ടായി. അല്പമകലെ പാടത്തിൽ പണിയെടുത്തുകൊണ്ടിരുന്നയാളുകൾ ഓടിക്കൂടിയപ്പോൾ, പുലിയുടെ പല്ലും നഖവും കൊണ്ടുവല്ലാതെ ക്ഷതമേററിരുന്ന അയാൾ അവശനായി

വീണുകിടക്കുകയായിരുന്നു. അവർ അയാളെ എടുത്തു മഗഡിയിലെത്തി ലോക്കൽഫണ്ടു് ആശുപത്രിയിൽ പരിചരണത്തിനേൽപ്പിച്ചു പോലീസിലും വിവരമറിയിച്ചു, ആ ഗ്രാമത്തിലെ ഏററവും ഉയർന്ന പോലീസ് അധികാരി ഡഫേദാരാണു്. ഏതാണ്ടു് ഒരു സാർജൻറിൻെറ പദവിയുള്ള ഇയാൾക്കാണു് സ്ഥലത്തെ പോലീസ് ചൗക്കിയിലെ ആധിപത്യം, ഡഫേദാർ ഉടൻതന്നെ, ഒരു പോലീസുകാരനെയും കൂട്ടി പുറപ്പെട്ടു്, നേരിട്ടുള്ള അന്വേഷണത്തിനായി സംഭവസ്ഥലത്തെത്തി.

പുലിയുടെ ആക്രമണംകൊണ്ടു പരുക്കേററയാളെ കൃഷിപ്പണിക്കാർ കണ്ടെടുത്ത സ്ഥലത്തേക്കു് അയാളെ വഴികാണിച്ചു കൂട്ടിക്കൊണ്ടുപോയി. ഡഫേദാർ അവിടെ രക്തം വീണുകിടന്ന പാടുകളും പുലിയുടെ കാൽ പതിഞ്ഞ പാടുകളുമൊക്കെ പരിശോധിക്കയും പോലീസുകാരുടെ സാധാരണ സമ്പ്രദായത്തിൽ ഒരു നെടുങ്കൻ റിപ്പോർട്ടു തയാറാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ ആരോ അകലത്തിൽ ദൃഷ്ടി പായിച്ചുകൊണ്ടു പറഞ്ഞു, രണ്ടു ഫർലോംഗ് അകലെയുള്ള കുന്നിൻപുറത്തെ ഒരു പാറക്കെട്ടിൽ പുലി കിടക്കുന്നതായി തനിക്കു കാണാമെന്നു്. ഡഫേദാരും അങ്ങോട്ടുനോക്കി. കാര്യം ശരിയാണു്; പുലി അവിടെയുണ്ടു്. അയാൾ കൂടെയുണ്ടായിരുന്ന പോലീസുകാരൻെറ സൈക്കിൾ വായ്പവാങ്ങി അതിവേഗം ഗ്രാമത്തിലേക്കു പാഞ്ഞുപോയി. ചൗക്കിയിലെ മൂന്നു സർവ്വീസ് റൈഫിളുകളിലൊന്നു് എടുത്തുകൊണ്ടു വരാൻ വേണ്ടിയായിരുന്നു ഈ തിരക്കിട്ട പാച്ചിൽ.

അയാൾ വളരെവേഗം തന്നെ മടങ്ങിയെത്തി. ഇതിനിടയിൽ പുലി കിടന്നിരുന്നേടത്തുനിന്നെഴുന്നേററു് മലയുടെ മറുവശത്തേക്കു പോയിക്കഴിഞ്ഞിരുന്നു. അങ്ങനെയാണു് പോലീസുകാരനും കൂടെ അവിടെയുണ്ടായിരുന്ന ഗ്രാമീണനും പറഞ്ഞതിൽനിന്നു് അയാൾക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്. ആ കുന്നിൻെറ മറുവശംവരെ കുറുക്കുവഴിയിലൂടെ ഒന്നു ചുററിവരാൻ വിരോധമി

ല്ലാത്തപക്ഷം പുലിയുടെ പുഃരാഗതി പ്രതിബന്ധിക്കാൻ കഴിയുമെന്നു് ആ ഗ്രാമീണൻ പറഞ്ഞു. ദൂരം സാരമില്ലെന്നാണു് അയാൾ അഭിപ്രായപ്പെട്ടതു്.

ഡഫേദാർ ധൈര്യശാലിയും ഊർജ്ജസ്വലനുമായിരുന്നു. കുറുക്കുവഴി കാണിച്ചുകൊടുക്കാൻ ഗ്രാമവാസികളിലൊരാളെ കൂട്ടിക്കൊണ്ടു് അയാൾ മലകയറിത്തുടങ്ങി. ഇതിനിടയിൽ റൈഫിൾ നിറച്ചു തയാറാക്കുകയും ചെയ്തു. ഇന്ത്യയിലെ പോലീസുകാരുടെ ഉപയോഗത്തിനു നൽകിയിട്ടുള്ളതു് പട്ടാളക്കാർക്കു നൽകിയിരിക്കുന്ന തരം റൈഫിൾ തന്നെയാണു്. വല്ല പ്രാദേശിക വഴക്കുകളെയൊ ലഹളകളെയൊ നേരിടേണ്ടിവരുന്ന സന്ദർഭത്തിൽ വെടിവയ്ക്കലിൽ രസം കയറിയ വല്ല അവിവേകിയായ പോലീസുകാരനും അമിതപ്രയോഗത്തിനൊരുങ്ങാനിടയാകരുതെന്നു കരുതി, പോലീസുകാരുടെ റൈഫിളിൽ നിന്നു് ഒന്നിലധികം തിരനിറയ്ക്കാനുള്ള മാഗസിൻ എടുത്തു നീക്കം ചെയ്തിട്ടുണ്ടെന്നു മാത്രമെ വ്യത്യാസമുള്ളൂ. അതുകൊണ്ടു് ഡഫേദാരുടെ കയ്യിലുണ്ടായിരുന്ന റൈഫിളിൽ ഒരു വെടിക്കുള്ള തിരയെ നിറച്ചിരുന്നുള്ളൂ. രണ്ടുമൂന്നു വെടിക്കുകൂടെയുള്ള വക അയാളുടെ കീശയിലുണ്ടായിരുന്നു.

അവർ നടന്നു കുന്നിൻെറ മറുവശത്തെത്തി. പക്ഷേ പുലിയുടെ പൊടിപോലും അവിടെയെങ്ങും കാണാനുണ്ടായിരുന്നില്ല. അങ്ങിങ്ങായി പാറക്കെട്ടുകൾ പലതുണ്ടായിരുന്നു. പുലി അവിടെയെവിടെയെങ്കിലുമുണ്ടായിരിക്കാനിടയുള്ളതുകൊണ്ടു് കുന്നിൻെറ മുകളിലേക്കു കുറെദൂരംകൂടെ കയറി നോക്കുന്നതു നന്നായിരിക്കുമെന്നു് കൂടെയുണ്ടായിരുന്ന ഗ്രാമീണൻ അഭിപ്രായപ്പെട്ടു. അവർ വീണ്ടും കയററം കയറി നടന്നുതുടങ്ങി. ഒരു പാറക്കെട്ടിൻെറ ഇടയിൽ നിന്നോ പിന്പുറത്തുനിന്നോ എന്നു നിശ്ചയമില്ല, പുലി പെട്ടെന്നു പ്രത്യക്ഷപ്പെട്ടു. ആകസ്മികമായ ഈ സംഭവവികാസം കൊണ്ടു പരിഭ്രമിച്ചുപോയ ഡഫേദാർ, വേണ്ടത്ര ഉന്നം നോക്കാൻ നിൽക്കാതെ വെടിവച്ചു. അതു പുലിക്കേററില്ല. അടുത്ത നിമിഷത്തിൽ

പുലി അയാളുടെമേൽ ചാടിവീണുകഴിഞ്ഞു. നിലംപതിച്ച അയാളുടെ നെഞ്ചത്തും കൈകളിലുമൊക്കെ പുലി മാന്തുകയും കടിക്കുകയും ചെയ്തു. കൂടെയായിരുന്നയാൾ നിലവിളി കൂട്ടിക്കൊണ്ട് കുന്നിറങ്ങി നെട്ടോട്ടംപിടിച്ചു.

ആദ്യത്തെ ഏതാനും നിമിഷംകൊണ്ടു രോഷത്തിന് ഒട്ടൊരടക്കം വന്ന പുലി, പരുക്കേററ ഡഫേദാരെ അവിടെ വിട്ടിട്ടു പാറക്കെട്ടിനിടയിലേക്കു തന്നെ കടന്നു മറഞ്ഞു. അതു് ഒരു നരഭോജിയായിക്കഴിഞ്ഞിരുന്നില്ല. വല്ലാതെ പരുക്കേററ പോലീസുദ്യോഗസ്ഥനാകട്ടെ പുലി ഉപേക്ഷിച്ചുപോയ അവസ്ഥയിൽ അവിടെത്തന്നെ കിടന്നു.

ഇതിനിടയ്ക്കു് ഡഫേദാരുടെ കൂടെയുണ്ടായിരുന്ന ഗ്രാമീണൻ, ഓടിക്കിതച്ചു്, തൻെറ കൂട്ടുകാരനും പോലീസുകാരനുംകൂടെ നിന്നിരുന്ന സ്ഥലത്തെത്തി. ഉണ്ടായ കാര്യമൊക്കെ വിവരിച്ചു. പോലീസുകാരൻ ഉടനെതന്നെ സൈക്കിളിൽ ചാടിക്കയറി ഗ്രാമത്തിലെ പോലീസ് ചൗക്കിയിലെത്തി, അവിടെ ജോലിനോക്കുന്ന മററുമൂന്നു പോലീസുകാരെക്കൂടെ വിളിച്ചുകൂട്ടി തങ്ങളുടെ ഡഫേദാർ ഒരുവേള കൊല്ലപ്പെട്ടിരിക്കുമെന്നുള്ള വിവരമറിയിച്ചു.

അവിടെ ശേഷിപ്പുണ്ടായിരുന്ന രണ്ടു റൈഫിളും രണ്ടു ലാത്തിയുമെടുത്തു്, നീതിപാലകന്മാർ നാലുപേരും കൂടെ ഡഫേദാരെ പുലി ആക്രമിച്ച കുന്നിലേക്കു പുറപ്പെട്ടു. അവരുടെ ഒപ്പം ഗ്രാമവാസികളിൽപലരും. ഒടുവിൽ പത്തുപേരുൾപ്പെട്ട ആ സംഘം അവിടെയെത്തി ഡഫേദാരെ കണ്ടെടുത്തപ്പോൾ അയാളുടെ നില സാമാന്യം പരുങ്ങലിലായിരുന്നു. അവർ അയാളെ എടുത്തു് ലോക്കൽ ഫണ്ടു് ആശുപത്രിയിൽ കൊണ്ടുചെന്നാക്കി. അടുത്ത ദിവസം ബാംഗ്ലൂരിൽനിന്നും ഒരു ആംബുലൻസ് വണ്ടി വരുത്തി അയാളെ നഗരത്തിലെ വിക്ടോറിയാ ആശുപത്രിയിൽ എത്തിച്ചു.

പുലിയുടെ കയ്യേററങ്ങളെപ്പററി മുമ്പുകിട്ടിയ റിപ്പോർട്ടുകളെല്ലാം യഥാകാലം രേഖപ്പെടുത്തിയിട്ടുണ്ടാ

യിരുന്നു. എന്നാൽ, തങ്ങളിലൊരാളെത്തന്നെ—അതും ഒരു ഡഫേദാരെ — പുലി ആക്രമിച്ചു എന്നു വന്നപ്പോൾ, പോലീസ് സൈന്യം ഊർജ്ജിതമായ നടപടികളെടുത്തു തുടങ്ങി. ഈ കുഴപ്പങ്ങൾക്കെല്ലാം കാരണക്കാരനാരാണെന്ന ന്വേഷിച്ചു കണ്ടുപിടിക്കാൻ അവർക്ക് അധികംകാലം വേണ്ടിവന്നില്ല. ഈ ഘട്ടംമുതൽ, ശിക്കാറികളെ കബളിപ്പിച്ചു കഴിഞ്ഞുകൂടുന്ന കള്ളൻ മുനുസ്വാമിമൂപ്പൻ വീണ്ടും രംഗത്തുവരുന്നു.

പോലീസുകാർ അയാളെ പിടികൂടി. അയാൾ നായാട്ടമഞ്ചം കെട്ടി പുലിയെ വെടിവയ്ക്കാൻ കാത്തിരുന്നതായി ചില സാക്ഷികൾ മൊഴികൊടുത്തു. അയാൾ പുലിയെ പരുക്കേല്പിച്ചതായും അവരിൽനിന്ന് അറിവു കിട്ടി. ഇതയാൾ ചെയ്തുവെങ്കിൽ അതിനൊരു തോക്കുപയോഗപ്പെടുത്തിയിരിക്കണം. അയാൾക്കു തോക്കുണ്ടോ? തോക്ക് ഉപയോഗിക്കാൻ ലൈസൻസുണ്ടോ? അയാൾ തോക്കു വാസ്സു വാങ്ങിയതാണോ? ആരോടു വാങ്ങി? എന്തിന്? എപ്പോൾ? എവിടെവച്ച്? അതിൻെറ ഉടമസ്ഥന് തോക്കു കൈവശം വച്ചിരിക്കാൻ ലൈസൻസുണ്ടോ? അയാൾ എത്ര തോട്ടാ കയ്യിൽ കൊണ്ടുപോയിരുന്നു?

അങ്ങനെയൊരു നൂററിയൊന്നു ചോദ്യങ്ങൾക്ക് അയാൾ ഉത്തരം പറയണം. ആകെക്കൂടെ താൻ കുഴപ്പത്തിൽപ്പെട്ടിരിക്കുന്നു എന്നു പാവം മുനുസ്വാമിക്കു ബോദ്ധ്യമായി. അയാളുടെ പേരിൽ ആരോപിക്കപ്പെടുന്ന കുററങ്ങൾ അനവധിയാണ്. ഡഫേദാർ അയാൾക്കേററിട്ടുള്ള ക്ഷതങ്ങൾ മൂലം മരിക്കാനിടയാകുന്നുവെങ്കിൽ മനുഷ്യൻെറ മരണത്തിനു കാരണമാകാവുന്ന പ്രവൃത്തി ചെയ്തുവെന്ന കുററം അയാളുടെമേൽ ചുമത്തപ്പെടും. നെടുനാളത്തെ തടവുശിക്ഷയനുഭവിക്കാൻ അയാൾ ജയിലിലടയ്ക്കപ്പെടുകയും ചെയ്യും.

ജന്മസിദ്ധമായ പ്രത്യുൽപന്നമതിത്വം ഈ ഘട്ടത്തിൽ മുനുസ്വാമിയുടെ സഹായത്തിനെത്തി. ഒരു പ്രത്യേക വ്യവസ്ഥയിൽ അയാൾ മോചനത്തിനഭ്യർത്ഥിച്ചു

നാലു ദിവസത്തിനകം ആ പുലിയെ വെടിവച്ച് അതിന്റെ ജഡം ഡി. എസ്. പി. യുടെ പാദങ്ങളിൽ സമർപ്പിച്ചുകൊള്ളാമെന്ന് അയാൾ പ്രതിജ്ഞ ചെയ്തു. ഇക്കാര്യത്തിൽ പരാജയപ്പെടുന്ന പക്ഷം പോലീസ് എന്തു ചെയ്യുന്നതും അയാൾക്കു സമ്മതമാണ്. വിജയിക്കുന്ന പക്ഷം അയാൾക്കു കുററച്ചാർജ്ജിൽനിന്നു മോചനം നൽകണം.

പ്രായോഗികമതിയായ ഒരുദ്യോഗസ്ഥനായിരുന്നു, ആ ഡി. എസ്. പി. മുനുസ്വാമിയെ പ്രോസിക്യൂട്ടു ചെയ്യുന്നതിനെക്കാൾ അദ്ദേഹത്തിന് താല്പര്യം ആ പുലിയെ എങ്ങനെയെങ്കിലും വകവരുത്തുന്നതിലായിരുന്നു. എന്തുകൊണ്ടെന്നാൽ, ഈ പുലി വളരെ വേഗം നരഭോജിയായിരൂപാന്തരപ്പെട്ടുമെന്ന് വ്യക്തമായിരുന്നു; എത്രയൊക്കെ കള്ളനായാലും മുനുസ്വാമി അതിനോളം അപകടകാരിയായിത്തീരാനിടയില്ലതാനും. അതുകൊണ്ട് നാലു ദിവസത്തെ സാവകാശമനുവദിച്ച് മുനുസ്വാമിയെ തൽക്കാലം വിട്ടയച്ചു.

അന്നു വൈകുന്നേരംതന്നെയാണ്, ആരോ ഒരാൾ എന്റെ വീട്ടുവാതിൽക്കൽ നിന്നുകൊണ്ട്, 'സാർ, സാർ', എന്നു നിറുത്താതെ ആവർത്തിച്ചാവർത്തിച്ചു വിളിക്കുന്നതു കേൾക്കായി. നമ്മുടെ മുനുസ്വാമിയായിരുന്നു അതു്. കുടുകുടാ കണ്ണീരൊഴുക്കിക്കൊണ്ട്—ഇങ്ങനെ നിമിഷത്തിനുള്ളിൽ കണ്ണിൽനിന്നു് വെള്ളമൊഴുക്കാൻ കഴിയുന്നതിലെ കൗശലമെന്താണെന്നുള്ള രഹസ്യം അയാൾ എന്നോടു വിട്ടുപറഞ്ഞിട്ടില്ല—അയാൾ തന്റെ നിർഭാഗ്യാവസ്ഥയുടെ നിജസ്ഥിതി മുഴുവൻ എന്നെ പറഞ്ഞു കേൾപ്പിച്ചു. ആ പുലിയെ സംബന്ധിച്ച് അയാൾക്ക് നേരിട്ടറിയാവുന്നതും മററുള്ളവർ പറഞ്ഞു കേട്ടതുമായി ഉള്ള വസ്തുതകളും മുഴുവൻ വിവരിച്ചു. അതു് ഒട്ടൊക്കെ മുകളിൽ വിവരിച്ചമാതിരി തന്നെയാണ്.

അയാൾക്കു നാലു ദിവസം മാത്രമേ പുലിയെ വെടിവയ്ക്കാനുള്ള അവധിയായി നൽകിയിട്ടുള്ളു. അതിനുള്ളിൽ അക്കാര്യം സാധിച്ചിട്ടില്ലെങ്കിൽ—അയാളുടെ സ്വന്തം ഭാഷയിൽ പറഞ്ഞാൽ—അയാൾ 'പെരിയ ജെയിലി'ൽ

പോകേണ്ടി വരും. എന്നാൽ പിന്നെ, വല്ലേടത്തും ഒളിച്ചുപൊയ്ക്കളയരുതേ എന്നു് ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു. അതു താൻ ആലോചിക്കായ്കയില്ലെന്നു് അയാൾ സമ്മതിച്ചു. പക്ഷേ ഇന്ത്യയിലൊട്ടാകെ നോക്കിയാലും മററെവിടെയാണു് ഇങ്ങനെ കയ്യയച്ചു സംഭാവന ചെയ്യുന്ന മൃഗയാവിനോദകുതുകികളായ സായ്പന്മാരുള്ളതു്; രണ്ടുരൂപയ്ക്കും മററും ജീവനുള്ള കഴുതകളെ മററെവിടെ ലേലത്തിൽ കിട്ടും? അതുപോലെ എന്തെല്ലാം, എന്തെല്ലാം സൗകര്യങ്ങളുള്ള പട്ടണമാണു് ബാംഗ്ലൂർ! ഇത്രയും പറയുമ്പോഴേയ്ക്കു് വൃദ്ധൻ ആകെ തളർന്നുപോയി. കണ്ണുകളിൽനിന്നു ജലം മുമ്പെപ്പോഴത്തെക്കാളും അധികമായി പ്രവഹിച്ചു തുടങ്ങി. ആ കണ്ണീരിൻെറ ഏതാനും അംശമെങ്കിലും ആത്മാർത്ഥതയിൽനിന്നുടലെടുത്തതാണെന്നു വിശ്വസിക്കാൻ എനിക്കു വൈമുഖ്യം തോന്നിയില്ല.

ആ പുലിയെ വെടിവച്ചു കൊല്ലാൻ എനിക്കു കാരുണ്യമുണ്ടാകുമോ? ഞാൻ അയാളെ രക്ഷിക്കണം. അതുമല്ല, ആ പുലിയുടെ വായിൽപെട്ടു മരിക്കാനിടയുള്ള എത്രയോ പേരുടെ ജീവനെയല്ലേ ആ പുണ്യപ്രവൃത്തി കൊണ്ടു് ഞാൻ രക്ഷപെടുത്തുന്നതു്!

ഈ രണ്ടാമതു പറഞ്ഞതിൽ അല്പം കാര്യമുണ്ടെന്നു് ഞാൻ സമ്മതിച്ചു; പക്ഷേ ആദ്യത്തെ കാര്യത്തിൽ എനിക്കു വലിയ താല്പര്യം തോന്നുന്നില്ലെന്നുകൂടെ ഞാൻ പറയാതിരുന്നില്ല. അയാൾക്കു് അതുകൊണ്ടും വല്ലായ്മയൊന്നും തോന്നിയില്ല. ഒരു വ്യവസ്ഥയിൽ അയാളെ സഹായിക്കാമെന്നു് ഞാൻ ഏററു. ഈ കുഴപ്പത്തിൻെറയെല്ലാം മൂലകാരണം അയാളാകകൊണ്ടു് പുലിയെ വെടിവയ്ക്കുമ്പോൾ അയാൾ കൂടെ എൻെറ അടുത്തുണ്ടാകണം; ഓടിപ്പോകാൻ പാടില്ല.

കിഴവൻ ചിരിച്ചുകൊണ്ടു് സമ്മതം മൂളി. അത്ഭുതമെന്നു പറയട്ടെ, അയാളുടെ കണ്ണുനീരൊക്കെ നിമിഷാർദ്ധത്തിനുള്ളിൽ അപ്രത്യക്ഷമായി.

ഞാൻ അന്നു വൈകുന്നേരം തന്നെ അയാളെയും കൂട്ടിക്കൊണ്ടു് ഡി. എസ്. പി. യുടെ വീട്ടിൽ പോയി.

മുനുസ്വാമി എന്റെ അടുത്തുവന്നുകൂടിയ സാഹചര്യങ്ങളെപ്പററി പറഞ്ഞു് ഞങ്ങൾ കുറെയേറെ ചിരിച്ചു. പുലിയെ കൊല്ലാൻ മുനുസ്വാമിക്കു ക്ലിപ്തമായി നാലു ദിവസത്തെ സാവകാശം മാത്രമനുവദിച്ചിരിക്കുന്നതു് കാര്യമായിട്ടു തന്നെയാണോ എന്നു് ഞാൻ ആ പോലീസ് ഉദ്യോഗസ്ഥനോടന്വേഷിച്ചു. അതു് അങ്ങനെയാണെന്നുണ്ടെങ്കിൽ അല്പമൊരു പ്രയാസത്തിനു കാരണമായേക്കുമെന്നും സൂചിപ്പിക്കുകയും ചെയ്തു. എന്തെന്നാൽ പുലിയെ വെടിവയ്ക്കുന്നതിനു് എനിക്കു് ആ കള്ളക്കിഴവന്റെ സഹായമാവശ്യമുണ്ടു്. അഞ്ചാം ദിവസമാകുമ്പോഴേയ്ക്കു പോലീസുകാർ വന്നു് അയാളെയും തൂക്കിയെടുത്തു കൊണ്ടുപോയാൽ അതു മഹാ ശല്യമായിത്തീരും.

കാര്യം നടത്താൻ അയാൾക്കു നാലു ദിവസത്തെ സാവകാശം നൽകാനേ താൻ വാസ്തവത്തിൽ ഉദ്ദേശിച്ചിരുന്നുള്ളുവെന്നും, എന്നാൽ പുലിയെ കൊല്ലുന്നതിനുള്ള എന്റെ ശ്രമത്തെപ്പററി ഇപ്പോൾ അറിഞ്ഞ സ്ഥിതിക്കു് അതിനിടയിൽ ഒന്നും ചെയ്യാതിരുന്നേക്കാമെന്നും ഡി. എസ്. പി. പറഞ്ഞു. ഒരു കത്തും അദ്ദേഹം എഴുതി എന്റെ പക്കൽ തന്നു. ആ കത്തു കാണുന്ന ഏതു പോലീസ് ഉദ്യോഗസ്ഥനും, ഞാൻ ആവശ്യപ്പെടുന്ന സഹായങ്ങളെല്ലാം നൽകിക്കൊള്ളണമെന്ന നിർദ്ദേശമാണു് അതിലുണ്ടായിരുന്നതു്.

പക്ഷേ, ഇതൊന്നും ഞാൻ മുനുസ്വാമിയെ അറിയിച്ചില്ല എന്നു പറയേണ്ടതില്ലല്ലോ. കാര്യമറിഞ്ഞുപോയാൽ അയാൾക്കു പിന്നെ ഉത്സാഹം കുറയും. അയാൾക്കു നാലു ദിവസത്തെ സാവകാശമനുവദിച്ചുപോയതിൽ ഡി. എസ്. പി. സായിപ്പു വ്യസനിക്കുന്നതായും കാലാവധി മൂന്നു ദിവസമായി വെട്ടിക്കുറയ്ക്കാൻ വിചാരിക്കുകയാണെന്നും ഒക്കെയാണു പറഞ്ഞതെന്നും, പിന്നെ ഞാൻ വളരെയൊക്കെ പറഞ്ഞു് ആദ്യം സമ്മതിച്ചപ്രകാരമുള്ള നാലു ദിവസത്തെ സാവകാശംതന്നെ അനുവദിപ്പിച്ചിരിക്കയാണെന്നുമാണു്, ഞാൻ മുനുസ്വാമിയെ ധരിപ്പിച്ചതു്.

ഇതോടെ മുനുസ്വാമിക്കു് എന്നോടുള്ള കൃതജ്ഞത മുമ്പെപ്പോഴത്തെക്കാളും അധികമായിത്തീർന്നു. പുലി നായാട്ടിനു പുറപ്പെടാൻ കൂടുതൽ തിടുക്കവുമായി. ഞങ്ങൾ എന്റെ സ്റ്റുഡിബേക്കർ കാറിൽ കയറി അടുത്ത ദിവസം പ്രഭാതത്തിൽ മഗഡിമലയിലെത്തി, മുനുസ്വാമി പുലിയെ വെടിവച്ചു ക്ഷതപ്പെടുത്തിയതുൾപ്പെടെ മലയടിവാരത്തിലുള്ള പല സ്ഥലങ്ങളിലും അന്വേഷണങ്ങൾ നടത്തി. ഇങ്ങനെ പലരെ കണ്ടും ചോദിച്ചുമാണു് ഞങ്ങൾ മഗഡിഗ്രാമത്തിലെത്തിയതു്. അവിടെ വച്ചു് ഞാൻ, ഡഫേദാരെ രക്ഷപ്പെടുത്തിയ പോലീസ് കോൺസ്റ്റബിൾമാരോടും ചില അന്വേഷണങ്ങളൊക്കെ നടത്തി. അവിടെ നിന്നു ഞങ്ങൾ ക്ലോസ്പെട്ടിലേയ്ക്കുള്ള വഴിയെ കാർ വിട്ടു. വഴിയരികിലുള്ള ഓരോ ഗ്രാമത്തിലും ചില അന്വേഷണങ്ങൾ നടത്തിക്കൊണ്ടാണു് ഞങ്ങൾ പോയതു്. ഇങ്ങനെ ഞങ്ങൾ കുതിരയെ പുലി ആക്രമിച്ച ഗ്രാമത്തിൽ ചെന്നെത്തി. ഒടുവിൽ ക്ലോസ്പെട്ടു് പട്ടണമായി. ഡി. എസ്. പി. യുടെ കത്തു് ഞാൻ അവിടത്തെ സബ്ഇൻസ്പെക്ടറുടെ പക്കൽ കൊടുത്തു. അയാൾ ഉടൻ തന്നെ ആളയച്ചു ജഡ്ക്കാക്കാരനെ വരുത്തി. ഞാൻ അയാളോടു ചോദിച്ചു്, കുതിരയെ പുലി ആക്രമിച്ചതു സംബന്ധിച്ചു് അയാൾക്കു പറയാനുണ്ടായിരുന്ന കഥയും കേട്ടു.

ഇപ്രകാരം ആളുകളെ കണ്ടും അന്വേഷണം നടത്തിയും നേരം നന്നെ വൈകുംവരെ കഴിച്ചുകൂട്ടിയിട്ടും പുലിയുടെ അള എവിടെയാണെന്നോ, ആ മൃഗത്തിന്റെ സ്വഭാവത്തിലെ പ്രത്യേകതകൾ എന്താണെന്നോ പറഞ്ഞുതരാൻ കഴിയുന്ന ആരെയും കണ്ടുകിട്ടിയില്ല. അങ്ങനെ തിരക്കു കൂട്ടേണ്ട ആവശ്യമൊന്നുമില്ലെന്നു് എനിക്കറിയാമെന്നിരിക്കിലും, സാവകാശമനുവദിക്കപ്പെട്ടിട്ടുള്ള നാലു ദിവസങ്ങളിലൊന്നു് കാര്യമായ പ്രയോജനമൊന്നും ചെയ്യാതെ കടന്നു പോയപ്പോൾ മുനുസ്വാമിയുടെ മുഖത്തു കൂടുതൽ ചുളിവുകളുളവായി.

ഞങ്ങൾ തിരിച്ചു മഗഡിഗ്രാമത്തിലെത്തി അവിടത്തെ ട്രാവലേഴ്സ് ബംഗ്ലാവിൽ കിടന്നുറങ്ങി.

അടുത്ത ദിവസം രാവിലെ അതികൃശഗാത്രനായ ഒരുവൻ എന്നെ കാണാനായി വന്നു. ചുററുമുള്ള മലകളിലെ തേൻ ശേഖരിച്ചും മരുന്നുകൾ പറിച്ചു വിററും സൗകര്യം കിട്ടുമ്പോൾ മുയൽ, പ്രാവ് തുടങ്ങിയവയെ കെണിവച്ചു പിടിച്ചുമൊക്കെയാണ് താൻ ഉപജീവനം നടത്തുന്നത് എന്നയാൾ പറഞ്ഞു. മുനസ്വാമിയും ഞാനും കൂടെ തലേന്നാൾ പുലിയുടെ അള എവിടെയാണെന്നന്വേഷിച്ചു നടക്കുന്നതായി അറിവു കിട്ടിയതുകൊണ്ടു താൻ വന്നതാണെന്നാണ്, അയാൾ പറഞ്ഞത്. മഗഡിമലയിലെ രണ്ടു കുന്നുകൾക്കിടയിൽ ഉള്ള മലയിടുക്കിലെ ഒരു ഗുഹയിലാണ് പുലിയുടെ താവളമെന്ന കാര്യത്തിൽ തനിക്ക് ഏതാണ്ടുറപ്പാണെന്നും അയാൾ പറഞ്ഞു.

അക്കാര്യത്തിൽ അയാൾക്കിത്ര ഉറപ്പുണ്ടാകാൻ കാരണമെന്താണെന്നു ഞാൻ ചോദിച്ചു. ഏതാനും വാരങ്ങൾക്കു മുമ്പു താൻ മരുന്നു പറിക്കാൻ ആ വഴിക്കു പോയിരുന്നപ്പോൾ, ചോരയൊഴുക്കിക്കൊണ്ട് ഏതോ മൃഗം പാറകൾ വഴി കടന്നുപോയിരിക്കുന്നതിന്റെ അടയാളം താൻ വ്യക്തമായി കാണുകയുണ്ടായി എന്നായിരുന്നു, അയാളുടെ മറുപടി. ആ അടയാളങ്ങളെ പിൻതുടർന്നു ചെന്നു നോക്കിയപ്പോൾ പാറയുടെ അപ്പുറത്തുള്ള മണ്ണിൽ ചുവട്ടടിപ്പാടുകൾ കണ്ടതിനാൽ താൻ അന്വേഷണം മതിയാക്കി മടങ്ങുകയാണുണ്ടായതെന്നും അയാൾ പറഞ്ഞു. തലേന്നാൾ ആരോ ഒരാൾ ഒരു പുലിയെ അടുത്ത സ്ഥലത്തെവിടെയോ വച്ചു മുറിവേല്പിച്ചതായി അയാൾ പിന്നീടു കേൾക്കുകയുണ്ടായി. ആ 'ആരോ ഒരാൾ' മുനസ്വാമിയായിരുന്നു.

പുലിയുടെ ഗുഹ അയാൾക്കറിയാം. ആ ഗുഹാപരിസരങ്ങളിലെ തേനീച്ചക്കൂട്ടുകളിൽ നിന്ന് അയാൾ തേനെടുത്തിട്ടുണ്ട്. രണ്ടു ദിവസം മുമ്പ്, അതായത്, ഡഫേദാരെ പുലി ആക്രമിച്ച് അധികം താമസിയാതെ, അയാൾ ആ ഗുഹയുടെ സമീപത്തു പോയിരുന്നു. തേനീച്ചകൾ വീണ്ടും കൂടുകെട്ടിയിട്ടുണ്ടോ എന്നു നോക്കാനാണ് അയാൾ അവിടെ എത്തിയത്. ഒരാഴ്ചയായിട്ട്

ക്ലോസ്പെട്ടിലായിരുന്നതിനാൽ ഇടക്കാലത്തുണ്ടായ വിശേഷങ്ങളൊന്നും അയാളറിഞ്ഞിരുന്നില്ല. ഗുഹയിൽനിന്നു കുറെയകലെയൊരിടത്തെത്തിയപ്പോൾ തന്നെ പുലിയുടെ മുറുമ്മൽ കേട്ടു തുടങ്ങി. ഏതാനും ആഴ്ചകൾക്കുമുമ്പു കാണാനിടയായ രക്തത്തിൻെറ രേഖയെപ്പററി ഓർമ്മിച്ചപ്പോൾ അയാൾ കഴിവുള്ളത്ര വേഗത്തിൽ ആ മലയിടുക്കിൽ നിന്നു പിൻവാങ്ങിക്കളകയാണു ചെയ്തതു്.

ഇതു് വിലപ്പെട്ട അറിവുതന്നെയായിരുന്നു.

ഞാൻ അയാളോട്ട് കാര്യങ്ങളൊക്കെ വിശദമായിത്തന്നെ അന്വേഷിച്ചു. മലയിടുക്കിലുള്ള ഗുഹയിലെത്താൻ കാൽമുട്ടുകളിന്മേലിഴഞ്ഞു് ഒരു ഫർലോംഗിലധികം ദൂരം അരിപ്പൂച്ചെടിക്കൂട്ടത്തിലൂടെ സഞ്ചരിക്കാൻ തയ്യാറുള്ള പക്ഷം എന്നെ അവിടെ കൂട്ടിക്കൊണ്ടു പോകാമെന്നു് അയാളേററു.

ഞാൻ സമ്മതിച്ചു. പുലിയെ പരുക്കേല്പിച്ചതിൻെറ പാപപരിഹാരാർത്ഥം, പുലിയെ വെടിവയ്ക്കുന്ന സന്ദർഭത്തിൽ എൻെറ കൂടെയിരുന്നു സഹായിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞ നിറവേററാൻ കാലമായിരിക്കുന്നു എന്നു ഞാൻ മുനുസ്വാമിയെ അറിയിച്ചു. അയാളിൽ ഭയത്തിൻെറ വല്ല ലാഞ്ഛനയുമുണ്ടാകുമെന്നു് ഞാൻ പ്രതീക്ഷിച്ചിരുന്നുവെങ്കിൽ അതു് അസ്ഥാനത്തായിപ്പോയി. നാലു ദിവസത്തിനുള്ളിൽ പുലിയെ വെടിവയ്ക്കാതിരുന്നാലുണ്ടാകാൻ പോകുന്ന അനുഭവത്തെപ്പററി പറഞ്ഞു് പോലീസുകാർ അയാളെ അത്രയധികം ഭയപ്പെടുത്തിയിരുന്നതിനാൽ, പുലിയെ അഭിമുഖീകരിക്കുന്ന അപകടത്തെ അയാൾ താരതമ്യേന അഗണ്യമായിക്കരുതി.

വെയിലിൻെറ ചൂടു വർദ്ധിക്കാൻ കാത്തിരിക്കുന്നതിനിടയിൽ ഞാൻ സാവകാശമായി രാവിലത്തെ ഭക്ഷണം കഴിക്കുകയായിരുന്നു. പുലി ഗുഹയ്ക്കുള്ളിൽ കിടന്നു് പകലുറക്കമാരംഭിക്കട്ടെ എന്നു കരുതിയാണു് വെയിൽ മൂക്കാൻ കാത്തതു്. ഞാൻ ചെല്ലുന്നതു് അധികം നേരത്തെയായിപ്പോയാൽ, ആളുടുത്തുചെല്ലുന്നതറിഞ്ഞുകൊണ്ടു പുലി മാറിക്കളയാനിടയുണ്ടു്.

ബംഗ്ലാവിൽ നിന്നു പകൽ പത്തുമണിക്കു ഞങ്ങൾ കാറിൽ കയറി പുറപ്പെട്ടു. പതിനഞ്ചുമിനിട്ടുതന്നെ വേണ്ടിവന്നില്ല, ഞങ്ങൾക്കു് ആ മലയിടുക്കിനെതിരെയുള്ള ഭാഗത്തുചെന്നെത്താൻ. എനിക്കു വിവരം നൽകിയ കൃശഗാത്രൻ—അല്ലിമുത്തുവെന്നാണയാളുടെ പേർ—പറഞ്ഞതു് അവിടെ മുതൽ കാറിൽ നിന്നിറങ്ങി കാൽ നടയായിട്ടേ പോകാൻ തരമുള്ളുവെന്നാണു്. കാർ വഴിയിൽ നിന്നല്പം മാററി ഒരു മരത്തിൻെറ തണലിലിട്ടിട്ടു് ഞങ്ങൾ മൂവരും കാറിൽനിന്നിറങ്ങി. ഞാൻ റൈഫിളിൻെറ കാഞ്ചിയൊന്നു പരിശോധിച്ചുനോക്കി; അതു തടസ്സം കൂടാതെ പ്രവർത്തിക്കുമെന്നുറപ്പുവരുത്താൻ. അല്ലിമുത്തുവും മുനുസാമിയും ഞാനും കൂടെ ഗുഹയെ ലക്ഷ്യമാക്കി നടപ്പാരംഭിച്ചു.

റോഡിൽ നിന്നു രണ്ടുമൈൽ ദൂരം നടക്കണം, ആ മലയുടെ ചുവട്ടിലെത്താൻ. ഞങ്ങൾ അവിടെ എത്തിയ ശേഷം മലയിടുക്കിലെത്താൻ വേണ്ടി കയററം കയറിത്തുടങ്ങി. ചുററും മരങ്ങൾ ഇടതിങ്ങി വളൎന്നിരുന്നതിനാൽ ഇപ്പോൾ മലയിടുക്കു കാണാമായിരുന്നില്ല. രണ്ടു മലകളുടെ അഗ്രഭാഗം മാത്രം ഞങ്ങളുടെ ഇടത്തും വലത്തും വശങ്ങളിലായി മരത്തലപ്പുകളുടെ മുകളിലൂടെ ഉയരത്തിൽ കാണാം.

ഒരു മണിക്കൂർ തുടർച്ചയായി ഞങ്ങൾ മലകയറി. നല്ല ഞുക്കായ കയററം. ഒടുവിൽ സമുദ്രപ്പരപ്പുപോലെ അരിപ്പുക്കാടു് വളർന്നു നിൽക്കുന്ന ഒരു സ്ഥാനത്തെത്തി. അല്ലിമുത്തു പറഞ്ഞു, ഇവിടെ മുതലാണു് ഏതാനും ദൂരം വരെ ഇടതൂൎന്നു വളർന്നു നിൽക്കുന്ന അരിപ്പുവനത്തിലൂടെ ഇഴഞ്ഞു നീങ്ങേണ്ടതായിട്ടുള്ളതെന്നു്.

പിന്നെ തുടർന്നുള്ള ഒരു ഫർലോംഗിലധികം ദൂരം പിന്നിട്ടതു് അത്യധികം ക്ലേശിച്ചിട്ടാണു്. അവിടെ എത്തുമ്പോൾ തന്നെ ഞങ്ങൾ നന്നായി വിയർത്തിരുന്നു; ശരീരത്തിലാകെ മുള്ളുകൊണ്ടു കീറുകയും ചെയ്തിരുന്നു. അല്ലിമുത്തുവായിരുന്നു മുമ്പിൽ; തൊട്ടു പുറകിൽ ഞാനും അതിനും പുറകിൽ മുനുസാമിയും എന്ന ക്രമത്തിലാണു്

ഞങ്ങൾ ഇഴഞ്ഞു നീങ്ങിയിരുന്നതു്. ആ അരിപ്പൂച്ചെടിക്കാട്ടിലൂടെയുള്ള യാത്ര പൂർത്തിയാക്കിയപ്പോഴേയ്ക്കു് ഞങ്ങൾ വിയർപ്പിൽ കുളിച്ചു കഴിഞ്ഞു. എൻെറ കാക്കി ഷർട്ടും പാൻററ്സും പലേടത്തു കീറിപ്പൊളിഞ്ഞു. അരിപ്പൂച്ചെടിയുടെ ഓരോ ശാഖയിലുമുള്ള വളഞ്ഞ മുള്ളുകളിൽ പലതിലും എൻെറ മുഖത്തിൻെറയും കഴുത്തിൻെറയും കൈകളുടെയും ചെറിയ ചെറിയ അംശങ്ങൾ നിക്ഷേപിച്ചു കൊണ്ടാണു ഞാൻ മുൻപോട്ടു പൊയ്ക്കൊണ്ടിരുന്നതെന്നു് എനിക്കുറപ്പുണ്ടു്.

ഒടുവിൽ ഒരു പ്രകാരത്തിൽ ആ അരിപ്പൂക്കാട്ടിൻെറ മറുവശത്തെത്തി ഞങ്ങൾ മലയിടുക്കിലേക്കു പ്രവേശിച്ചു. അവിടെ സർവ്വത്ര പാറക്കെട്ടുകളാണു്. വളർന്നുയർന്നു നിൽക്കുന്ന ഞാങ്ങണംപുല്ലുകൊണ്ടു പകുതിയും മറഞ്ഞിട്ടാണു് പാറക്കെട്ടുകൾ നിൽക്കുന്നതു്. മലയിടുക്കിൻെറ ഏതാണ്ടു മുക്കാൽ ഭാഗമാകുന്നിടത്തു് ഇടതുവശത്താണു് പുലിയുടെ ഗുഹ എന്നു് അല്ലിമുത്തു എന്നോടു് അടക്കം പറഞ്ഞു. പുലിയെ കണ്ടുപിടിച്ചു വെടിവയ്ക്കാൻ ഇതിനെക്കാൾ അസൗകര്യപ്രദമായ ഒരു സ്ഥലം മററുണ്ടായിരിക്കില്ല. ഒരു ഡസൻ കടുവാകൾ നമ്മുടെ വളരെ സമീപത്തെത്തിയാൽ പോലും അവയുടെ സാന്നിദ്ധ്യം തിരിച്ചറിയാൻ കഴിയാത്ത പരിസരങ്ങൾ.

ഇവിടെ മുതൽ ഏററവും മുമ്പിൽ ഞാൻ നടന്നു തുടങ്ങി; എൻെറ പുറകിൽ അല്ലിമുത്തുവും ഏററവും പുറകിലായി മുനുസ്വാമിയും. ഞാൻ വലത്തോട്ടു തിരിഞ്ഞു് വലതുവശത്തെ കുന്നിനെ ചുററി നീങ്ങിത്തുടങ്ങി. പുലി അതിൻെറ ഗുഹയിൽ നിന്നോ ഞങ്ങളുടെ ഇടതുവശത്തുള്ള വല്ല പൊന്തക്കാടിൻെറയും പിന്നിൽ നിന്നോ ആക്രമിക്കുന്ന പക്ഷം അതിൻെറ വരവു കാണാൻ കഴിയണമെന്ന കരുതലിലാണു് ഇങ്ങനെ ചെയ്തതു്. ഞങ്ങൾ ഗുഹയുടെ മുമ്പിലെത്തി. അതിൻെറ മുകൾഭാഗത്തായി മുമ്പോട്ടു തള്ളിനിൽക്കുന്ന ഒരു പാറക്കെട്ടുണ്ടായിരുന്നു. ആ പാറക്കെട്ടിനടിയിലായി പഴയ തേനീച്ചക്കൂടുകളുടെ മെഴുകു പററിപ്പിടിച്ചിരിക്കുന്നതു കാണാമായിരുന്നു. പുതു

തായി കൂടൊന്നും വച്ചിട്ടില്ല. ഉയരത്തിൽ വളർന്നു നിൽക്കുന്ന ഞാങ്ങണംപുല്ലും മുകളിൽ നിന്നുരുണ്ടുവന്നുവീണുകിടക്കുന്ന പാറകളും കാരണം ഗുഹയുടെ ഉൾഭാഗം കാണാൻ തരമില്ലായിരുന്നു.

അപ്പോൾ അതു കേൾക്കായി; ക്രൂരമായ ഒരു മുരൾച്ചയുടെ ഭീകരരവം. അല്ലിമുത്തു കൈനീട്ടി എൻെറ തോളിൽ സ്പർശിച്ചു. എനിക്കു മുന്നറിവു തരാൻവേണ്ടി ആയിരുന്നു, അതു്. പക്ഷേ ഞാൻ അതിനു മുമ്പുതന്നെ ആ ശബ്ദം തിരിച്ചറിഞ്ഞു കഴിഞ്ഞിരുന്നു.

അതു് ഒരു പുലി മുരളുന്ന ശബ്ദമാകാം—അല്ലെങ്കിൽ കരടിയിൽ നിന്നും പുറപ്പെടുന്നതുമാകാം.

ഞാൻ അവിടെ തറച്ചു നിന്നു. എന്താണു് അടുത്തതായി ചെയ്യേണ്ടതെന്നാലോചിക്കണം. രണ്ടുമാർഗ്ഗങ്ങളുണ്ടു്. ആ മുരളൽ കേട്ടതു മുൻഭാഗത്തുനിന്നാണു് എന്നതിനു സംശയമില്ല—ഒന്നുകിൽ ഗുഹയ്ക്കകത്തുനിന്നു്; അല്ലെങ്കിൽ വളരെ അടുത്തു് എവിടെയോ നിന്നു്. ശബ്ദം കേട്ട സ്ഥലത്തെ ലക്ഷ്യമാക്കി കല്ലുവലിച്ചെറിയുകയോ അല്ലെങ്കിൽ ഇതേവരെ വന്നരീതിയിൽ തന്നെ കുറെക്കൂടെ മുമ്പോട്ടു നടന്നടുക്കുകയോ ചെയ്യാം. ഈ രണ്ടാമത്തെ മാർഗ്ഗം സ്വീകരിക്കാൻ എനിക്കു ഭയമായിരുന്നു. ആ ജന്തുവിനു്—അതെന്തുതന്നെയായാലും—ഉയർന്ന സ്ഥാനത്തുള്ള ഗുഹയിൽ നിന്നു് എൻെറ മേൽ ചാടിവീഴാൻ എളുപ്പമാണു്. പുല്ലിൻെറയോ പാറക്കെട്ടിൻെറയോ ഇടയിലൂടെ അതു സമീപിക്കുന്നതു കാണാൻ കഴിയാതിരിക്കുകയോ എൻെറ ആദ്യത്തെ വെടിയുടെ ഉന്നം പിഴയ്ക്കുകയോ ചെയ്തുപോയാൽ ഞാൻ കുഴപ്പത്തിൽ പെടുമെന്നുള്ളതു നിശ്ചയം.

വിവേകം തന്നെ സാഹസികതത്തിൻെറ മേൽ വിജയം നേടി. ശബ്ദം കേട്ട സ്ഥലത്തെ ലക്ഷ്യമാക്കി കല്ലുവലിച്ചെറിയാൻ ഞാൻ അടക്കിയ സ്വരത്തിൽ കൂട്ടുകാർക്കു നിർദ്ദേശം കൊടുത്തു.

അനക്കമില്ല.

73038

റൈഫിൽ തയാറാക്കി, കാഞ്ചിയിൽ വിരൽവച്ച്, മുമ്പിൽ ഉററു നോക്കിക്കൊണ്ട്, ഞാൻ തയാറായിനിന്നു. ലേശമായ ചലനങ്ങൾക്കുപോലും ജാഗ്രത്തായിരുന്നു, എൻെറ ദൃഷ്ടികൾ.

കൂട്ടുകാർ പിന്നെയും കല്ലുപെറുക്കിയെറിഞ്ഞു. എന്നിട്ടുമില്ല, അനക്കം.

അപ്പോൾ വലതുഭാഗത്ത്, കുറച്ചകലെ, ഗുഹാമുഖത്തിനപ്പുറത്ത്, ഭൂമിയുടെ ചെരിവിൽ പുൽക്കൂട്ടത്തിനിടയിൽ ഒരനക്കം കാണായി.

ആ അനക്കം, കാററു തട്ടി പുൽത്തലപ്പിളകിയിട്ടുണ്ടായതാവാം; അല്ലെങ്കിൽ വല്ല ജന്തുവും കരുതലോടെ പുല്ലിനിടയിലൂടെ നീങ്ങി വരുന്നതുമാവാം. ഒരു കാര്യം എനിക്കുറപ്പായി. ഏതായാലും കരടിയല്ല, അതു്: ദക്ഷിണേന്ത്യൻ കരടി കറുപ്പുനിറക്കാരനാണു്. അടുത്തു വരുന്നതു കരടിയാണെങ്കിൽ ആ തവിട്ടുനിറമാർന്ന പുല്ലിനിടയിൽ അതിൻെറ കറുത്ത രൂപം എനിക്കു നിശ്ചയമായും തിരിച്ചറിയാൻ കഴിഞ്ഞേനെ. അതുമല്ല, കരടിക്കു് ഇങ്ങനെ പതുങ്ങിപ്പതുങ്ങി നീങ്ങാൻ സാദ്ധ്യവുമല്ല—എത്രയൊക്കെ ശ്രമിച്ചാലും. കരടി സ്വതേ ഒരു ലഹളക്കാരനാണു്. ഒരു രംഗത്തേക്കു കടന്നുവരുമ്പോഴായാലും അവിടെ നിന്നു നിഷ്ക്രമിക്കുമ്പോഴായാലും ലഹള കൂട്ടിക്കൊണ്ടായിരിക്കും അതു്.

ഞാൻ ശ്രദ്ധിച്ചു നോക്കിക്കൊണ്ടു നിന്നു. പുള്ളിക്കുത്തുള്ള ആ ശരീരം ഗുഹാമുഖത്തിനു മുകളിലുള്ള പാറക്കെട്ടിനടിയിൽ എനിക്കു തിരിച്ചറിയാൻ കഴിഞ്ഞു.

അതു് അനക്കമില്ലാതെ നിൽക്കുകയാണു്. ആ പുല്ലിനിടയിലൂടെ അതിൻെറ തലയൊ മുഖമൊ എനിക്കു തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിലും, പുലി ഞങ്ങളെത്തന്നെ ഉററു നോക്കിക്കൊണ്ടാണു നിൽക്കുന്നതെന്നു് എനിക്കുറപ്പായിരുന്നു. രണ്ടു നിമിഷത്തിൻെറ മാററം വന്നാൽ അതു് അപ്രത്യക്ഷമായേക്കും.

ആ പുള്ളിക്കുത്തുകൾ കാണുന്ന ഭാഗത്തു് ഉന്നമുറപ്പിച്ചുകൊണ്ടു ഞാൻ കാഞ്ചിയിൽ വിരലമർത്തി.

73038

പുലി വെടിയേററു് ഒന്നുയർന്നു ചാടി, ചെമ്മീൻ പോലെ ചുരുണ്ടുകൂടി കീഴോട്ടുരുണ്ടു് പുൽക്കാട്ടിൽ മറഞ്ഞു. ഒരു പാറക്കെട്ടിൽ പിടിച്ചുകയറി നിന്നുകൊണ്ടു ഞാൻ താഴത്തേക്കു നോക്കി. ഒന്നും കാണാൻ വയ്യ.

പത്തു മിനിട്ടു സമയം ഞാൻ കാത്തു നിന്നു. അല്ലിമുത്തുവിനെയും മുനുസ്വാമിയെയും എൻെറ പുറകെ സൂക്ഷിച്ചു നോക്കി നീങ്ങിക്കൊള്ളാൻ ആംഗ്യംകൊണ്ടു നിർദ്ദേശിച്ചിട്ടു് ഞാൻ സാവധാനത്തിൽ മുൻപോട്ടു നീങ്ങി. ഇടയ്ക്കിടയ്ക്കു് ഞാൻ ഓരോ പാറക്കെട്ടിൻെറ മുകളിൽ കയറിനിന്നു സൂക്ഷിച്ചുനോക്കുന്നുമുണ്ടായിരുന്നു— പുലിയെ അവിടെങ്ങാനും കാണാനുണ്ടോ എന്നു്.

ഒടുവിൽ പുലിയെ കണ്ടുകിട്ടി. എൻെറ കരുതലൊക്കെ നിഷ്ഫലമായി. എന്തുകൊണ്ടെന്നാൽ പുലി നിശ്ശേഷം ചത്തു കഴിഞ്ഞിരുന്നു. ഊഹം വച്ചുകൊണ്ടുള്ള എൻെറ വെടി ശരിക്കു ഫലിച്ചു. വെടിയുണ്ട, പുലിയുടെ കഴുത്തു തുളച്ചുകൊണ്ടു തലയ്ക്കകത്തെത്തിയിരുന്നു.

മുനുസ്വാമിയുടെ വെടി പുലിയുടെ തോളെല്ലുകളുടെ ഇടയിൽ കുറെ മുകളിലായിട്ടാണു് ഏററിരുന്നതു് എന്നു് പരിശോധനയിൽ വെളിവായി. ആ വെടിയുണ്ട കടന്നുപോയ സ്ഥാനത്തു് വൃത്താകാരമായ ഒരു വലിയ വ്രണമുണ്ടായിരുന്നതു പഴുത്തു പുഴവരിച്ചു തുടങ്ങിയിരുന്നു. ചെറിയ ചില്ലുകൾ ഏററ സ്ഥാനത്തും തൊലി മുറിഞ്ഞിരുന്നുവെങ്കിലും, ആ മുറിവുകളൊക്കെ കരിഞ്ഞു തുടങ്ങിയിരുന്നു. ആ വലിയ മുറിവു് നിശ്ചയമായും കാലക്രമത്തിൽ അതിൻെറ മരണത്തിനിടയാക്കുമായിരുന്നു. അതിനിടയിൽ അതൊരു നരഭോജിയായിത്തീരാൻ സാദ്ധ്യതയുണ്ടായിരുന്നു, എന്നുമാത്രം. ഏഴടിയിലധികം നീളമില്ലാത്ത ഏതാണ്ടു മദ്ധ്യപ്രായമെത്തിയ ഒരു പുലിയായിരുന്നു, അതു്.

ആ നശിച്ച അരിപ്പൂച്ചെടിക്കൂട്ടത്തിനിടയിലൂടെ പുലിയുടെ ശരീരം വലിച്ചുകൊണ്ടു പോരുന്നതു് വളരെ ക്ലേശകരമായൊരു കാര്യമായിരുന്നു. പക്ഷേ കൂട്ടുതൽ

വിയർപ്പൊഴുക്കി ഞങ്ങൾ ഒരു പ്രകാരത്തിൽ അതിനെ വലിച്ചു പുറത്തു കൊണ്ടുവന്നു.

അന്നു വൈകുന്നേരം ഞങ്ങൾ ആ പുലിയുടെ മൃതദേഹം ഡി. എസ്. പി. യുടെ പാദങ്ങളിൽ സമർപ്പിച്ചു. നാലു ദിവസ കാലാവധി വേണ്ടിവന്നാൽ നീട്ടിക്കൊടുക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചിട്ട് ഇപ്പോഴേയ്ക്കു കൃത്യം നാലുത്തെട്ടു മണിക്കൂറുകളെ കഴിഞ്ഞിരുന്നുള്ളു. പറഞ്ഞിരുന്നതിൻെറ പകുതി സമയത്തിനുള്ളിൽ മുനുസ്വാമിയും ഞാനും, ഞങ്ങളേററ ജോലി നിർവ്വഹിച്ചു. ഡി. എസ്. പി. യുടെ മുഖം പുഞ്ചിരികൊണ്ടു വികസിച്ചു.

---

# 4

## ശിവനിപ്പള്ളിയിലെ കരിമ്പുലി

എനിക്കു് ഏററവും ഇഷ്ടപ്പെട്ട സ്ഥലങ്ങളിലൊന്നാണു് ശിവനിപ്പള്ളി. ഒന്നാമതു് അതു ബാംഗ്ലൂരിനടുത്താണു്. അതുകൊണ്ടു് ഒരു വാരാന്ത്യ വിഹാരത്തിനൊ ചന്ദ്രികാചർച്ചിതമായ രാവുകളിലെ അലസസഞ്ചാരത്തിനൊ ഒക്കെ പററിയൊരു സങ്കേതമാണതു്. ബാംഗ്ലൂരിൽ നിന്നു നാല്പത്തിയൊന്നു മൈൽ മാത്രം ദൂരമുള്ള ദേങ്കനിക്കോട്ടവരെ കാറിൽ യാത്ര ചെയ്യുക. അവിടെ നിന്നു പിന്നെ നാലു മൈൽ ദൂരം കൂടെ കാറിൽതന്നെ പോകാം. പിന്നെ ഒരു അഞ്ചു മൈൽ കൂടെ ഒരു നാട്ടപാതയിലൂടെ നടന്നാൽ ശിവനിപ്പള്ളിയിലെത്തിക്കഴിഞ്ഞു. ഒരു റിസർവ്വ് വനത്തിൻെറ അതിരിലാണു് ഈ ഗ്രാമത്തിൻെറ സ്ഥാനം.

ഈ ചെറു ഗ്രാമത്തിൽനിന്നു് ഉദ്ദേശം മൂന്നു മൈൽ പടിഞ്ഞാറെത്തുമ്പോൾ ഒരു മുന്നൂറടി താഴ്ചയിൽ വരെ ഭൂമി ചരിഞ്ഞു ചരിഞ്ഞു ചെന്നു് ചുവട്ടിലൊഴുകുന്ന ഒരു തോട്ടിലവസാനിക്കുന്നു. ഈ ഗ്രാമത്തിൻെറ തെക്കുവശത്തായി മറെറാരു തോട്ട കിഴക്കുപടിഞ്ഞാറായി ഒഴുകുന്നുണ്ടു്. അനേകം നീർചാട്ടങ്ങളോടെ ഉഗ്രവേഗതയിലൊഴുകുന്ന ഈ തോട്ട് പടിഞ്ഞാറെ മലയടിവാരത്തിലൂടെയൊഴുകുന്ന മുൻപറഞ്ഞ തോടിനോട്ട ചെന്നു ചേരുന്നു. ശിവനിപ്പള്ളി ഗ്രാമത്തിനു കിഴക്കുമാറി ഏതാണ്ടു് അഞ്ഞൂറടി ഉയരത്തിൽ കുന്നിൻപള്ളയിൽ ഫോറസ്ററു് ഡിപ്പാർട്ടുമെൻറു വക ഒരു ബംഗ്ലാവു നിൽക്കുന്നുണ്ടു്. ഉൾഹാട്ടി ബംഗ്ലാവെന്നാണതിനു പേർ. ഈ ബംഗ്ലാവിനും ശിവനിപ്പള്ളിക്കും ഇടയ്ക്കു കിടക്കുന്ന

സ്ഥലം മുഴുവൻ കാടാണു്. ഗുൽഹാട്ടിയിൽ നിന്നു കിഴക്കുമാറി ആയ്യൂർ എന്ന സ്ഥലത്തു് വനംവകുപ്പുകാരുടെ മറെറാരു ബംഗ്ലാവുണ്ടു്. ഗുൽഹാട്ടിയിൽ നിന്നു നേരെ ആയ്യൂരേക്കുള്ള ദൂരം നാലര മൈലേ വരൂ. അവിടെനിന്നു പിന്നെയും ഒരു നാലു മൈൽ വടക്കുകിഴക്കു മാറി കുച്ചുവാഡി മലയിൽ വനംവകുപ്പുകാരുടെ വക ഒരു ഷെഡ്ഡുമുണ്ടു്. ചന്ദനമരം ധാരാളമായി വളരുന്നൊരു പ്രദേശമാണിതു്. വനത്തിൽനിന്നു വെട്ടിക്കൊണ്ടുവരുന്ന ചന്ദനമരത്തടികൾ ദേങ്കനിക്കോട്ടയിലുള്ള ഫോറസ്ററു ഡിപ്പാർട്ടുമെൻറു വക ഗോഡൗണിലേക്കയയ്ക്കുന്നതിനു മുൻപു്, അതിൻെറ മുറിച്ച കഷണങ്ങൾ ഈ ഷെഡ്ഡിലുള്ള വളരെ പഴക്കംചെന്ന ഭീമൻ തുലാസ്സുകളിൽ കയററി വച്ചു് തൂക്കത്തിൻെറ കണക്കെടുക്കുന്ന പതിവുണ്ടു്.

ശിവനിപ്പള്ളിയിൽ നിന്നും വടക്കോട്ടു്, അഞ്ചു മൈലകലെയുള്ള, കാർചെല്ലുന്ന റോഡുവരെയും, അതിനപ്പുറത്തേയ്ക്കും കുററിക്കാടുകൾ വളർന്നു നിൽക്കുന്ന ഭൂമിയാണു്. റോഡിൽ കാർ നിറുത്തിയിട്ടു കാൽനടയായി വേണം ശിവനിപ്പള്ളിയിലെത്താൻ.

കഷ്ടിച്ചു് അരഡസൻ കുടിലുകളേ ശിവനിപ്പള്ളിയിലുള്ളു. ഒരു ഗ്രാമമെന്നു പറയാൻ മാത്രമൊന്നുമില്ല. ഇവിടെ നിന്നു മൂന്നു മൈൽ വടക്കുമാറി, പ്രധാന നിരത്തിൽ നിന്നു പകുതിയിലധികം ദൂരം ഇപ്പുറത്തു് കുറെക്കൂടെ വലിയ ഒരു ഗ്രാമമുള്ളതിൻെറ പേർ ശാലിവരം എന്നാണു്.

ശിവനിപ്പള്ളിയുടെ നാലുഭാഗത്തും വനം വകുപ്പുകാരുടെ നിരോധനമേഖല സൂചിപ്പിക്കുന്ന അതിരുണ്ടു്. ഗ്രാമത്തിൽനിന്നു് അരമൈൽമുതൽ ഒരുമൈൽ വരെ പല അകലത്തിലുള്ള ഈ അതിർത്തിരേഖ റിസർവ്വ് വനത്തിൻെറ പരിധി സൂചിപ്പിക്കുന്നതാണു്. തെക്കുകിഴക്കെ കോണിൽ ഇത്തരം രണ്ടതിർത്തി രേഖകൾ തമ്മിൽ സന്ധിക്കുന്ന സ്ഥാനത്തിനടുത്തു് ഒരു ഓലിയുണ്ടു്. മുന്നൂറടി താഴ്ചയിൽ കുന്നിൻെറ അടിവാരത്തിലൊഴുകുന്ന രണ്ടു

തോട്ടകൾ ഗ്രാമത്തിൻെറ പടിഞ്ഞാറുഭാഗത്തു് ഒന്നിച്ചു ചേർന്നു് നിബിഡമായ വനഭൂമിയില്യടെ ഒഴുകി ശിവനിപ്പള്ളിയിൽ നിന്നു് ഏതാണ്ടു് എട്ടു മൈലകലെ തെക്കു പടിഞ്ഞാറു ഭാഗത്തു സ്ഥിതിചെയ്യുന്ന കുറെക്കൂടെ വലിയ ഒരു ഗ്രാമത്തിൽ ചെന്നു ചേരുന്നു. ആ ഗ്രാമത്തിൻെറ പേരു് അഞ്ചേററി എന്നാണു്.

ഞാൻ വിവരിക്കാൻ തുടങ്ങുന്ന സാഹസസംരംഭങ്ങളുടെ രംഗമായ പ്രദേശത്തിൻെറ ഒരു വിശദരൂപം വായനക്കാരൻെറ മനോഭിത്തിയിൽ ആലേഖനം ചെയ്യാൻ വേണ്ടിയാണു് ഇത്രയൊക്കെ വിവരിച്ചു സ്ഥലവർണ്ണന നടത്തുന്നതു്.

പുലിയുടെ പരാക്രമങ്ങൾക്കു് ഏററവും അനുകൂലമായ സാഹചര്യങ്ങളൊത്തിണങ്ങിയ പ്രദേശമാണിതു്. എല്ലാഭാഗത്തേയ്ക്കും പരന്നുകിടക്കുന്ന നിറഞ്ഞ കുന്നുകൾ, കുററിക്കാട്ടുകൾ, വൻകാട്ടുകൾ, തോട്ടകൾ—പോരെങ്കിൽ ഒരോലിയും. പുലിക്കു മാത്രമല്ല, അതിൻെറ ഇരകളായ മററു മൃഗങ്ങൾക്കും ദാഹശാന്തിക്കുള്ള സ്ഥിരമായ ജലസൗകര്യം ഈ തോട്ടകളും ഓലിയും നൽകുന്നു. ഒരിക്കലും വററാത്ത ജലത്തിൻെറ സാന്നിദ്ധ്യം നിമിത്തം സാമാന്യം വലിയൊരു കന്നുകാലിക്കൂട്ടം ശിവനിപ്പള്ളിയിൽ സംരക്ഷിക്കപ്പെട്ടു പോരുന്നുണ്ടു്. ഇവയുടെ സാന്നിദ്ധ്യവും മാർജ്ജാരവർഗ്ഗത്തിൽപെട്ട ഈ ദുഷ്ടമൃഗങ്ങൾക്കു് കൂട്ടതൽ ആകർഷണത്തിനു് ഒരു കാരണമാണല്ലൊ!

ഇതൊക്കെക്കൊരണം ഈ പ്രദേശത്തെ ചുററിപ്പററി പാർക്കുന്ന പുലികൾ കുറെ അധികമുണ്ടു്. 1919-ൽ ആദ്യമായി ശിവനിപ്പള്ളിയിൽ ചെല്ലാനിടയായ സന്ദർഭത്തിൽ തന്നെ ആ സ്ഥലത്തോട്ടു കൂട്ടതൽ ഒരാകർഷണം എന്നിലുളവാക്കിയ പ്രത്യേക സാഹചര്യം ഇതായിരുന്നു.

അവിടത്തെ വനഭൂമിയുടെ സ്വഭാവം വൈവിദ്ധ്യമിയന്നതാണു്. ഓലിക്കു സമീപം തിങ്ങി വളരുന്ന മുളങ്കാട്ടുകൾ; തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ഇടതൂർന്നു വളർന്നുയർന്നു നിൽക്കുന്ന വൃക്ഷങ്ങൾ നിറഞ്ഞ ഘോര

കാന്താരം; തെക്കും വടക്കും ഭാഗങ്ങളിൽ ഇടയ്ക്കിടെ ചന്ദന മരങ്ങൾ വളർന്നു നിൽക്കുന്ന കുററിക്കാടുകളും അധികം വൃക്ഷങ്ങളില്ലാത്ത കാട്ടു പ്രദേശവും.

അവിടത്തെ പ്രകൃതിദൃശ്യം അതിമനോഹരമാണ്. പടിഞ്ഞാറെ ചക്രവാളത്തിലെ ക്രകചതുല്യവും അവ്യക്തസുന്ദരവുമായ നീലരേഖയിൽ ചെന്നവസാനിക്കുന്ന ഗിരിപരമ്പരകളുടെ കാഴ്ച അത്യന്തം ഹൃദയഹാരിയാണ്. കാനന ഭൂമിയിൽ നിന്നുയർന്ന് ഒഴുകിയൊഴുകി ചെല്ലുന്ന ധൂമികാ പാളിയാൽ ആവൃതമാകയാൽ, പ്രഭാതത്തിൽ ഈ മലകളുടെ അടിഭാഗമെല്ലാം അദൃശ്യമായിരിക്കും. അങ്ങിങ്ങായി ഉയർന്നു നിൽക്കുന്ന ഗിരിശൃംഗങ്ങൾ അപ്പോൾ കണ്ടാൽ മൃദുവായ വെൺരോമത്താൽ നിർമ്മിതമായ ഒരു സമുദ്രത്തിൽ ചില നിരപ്പില്ലാത്ത ദ്വീപുകൾ ഒഴുകിനടക്കുന്ന പ്രതീതിയാണുണ്ടാവുക. കാർമേഘാവൃതമായ അന്തരിക്ഷമാണെങ്കിൽ ഇതിനു നേരേ വിപരീതമായൊരു കാഴ്ചയാണു ലഭിക്കുക. കാർമേഘപടലങ്ങൾ ഈ ഗിരിസാനുക്കളിൽ ചെന്നടിഞ്ഞുകൂടുന്നതോടെ കുന്നുകൾ കാഴ്ചപ്പാടിൽ നിന്നു പൂർണ്ണമായി മറയുന്നു; മലഞ്ചെരിവിൻെറ അടിവാരം മാത്രം തെളിഞ്ഞു കാണപ്പെടുകയും ചെയ്യുന്നു; അപ്പോൾ അങ്ങോട്ടുനോക്കിയാൽ വിശാലമായ ഒരു സമതലത്തിൻെറ പ്രതീതിയാണു തോന്നുക.

നറുനിലാവൊഴുകുന്ന പല രാത്രികളിലും ഞാൻ ചെറുഗ്രാമമായ ശിവനിപ്പള്ളിയിലെ വനഭാഗങ്ങളിൽ ചുററിനടന്നു രസിച്ചിട്ടുണ്ട്. കാട്ടുപോത്തൊഴികെയുള്ള വന്യ മൃഗങ്ങൾ മിക്കതും ഈ വനങ്ങളിലുണ്ട്. ചന്ദ്രികയിൽ കുളിച്ചു നിൽക്കുന്ന കാനനലക്ഷ്മിയുടെ സൗന്ദര്യമാസ്വദിച്ചു നടക്കുന്നതിനിടയിൽ കാട്ടാനയെ കണ്ടുമുട്ടാനിടയുണ്ട്; കടുവായുടെ മോങ്ങലൊ, പുലിയുടെ മുരൾച്ചയൊ, നിങ്ങളെക്കണ്ടു പേടിച്ചു മണ്ടുന്ന കലമാനിൻെറ കാടുതകർക്കുന്ന ശബ്ദമൊ ഒക്കെ കേൾക്കാനിടയുണ്ട്. ആനയൊഴിച്ചു മററു മൃഗങ്ങളെ നിങ്ങൾക്കു കാണാൻ തരപ്പെട്ടെന്നു വരികയില്ല. കടുവായും പുലിയും

കലമാനുമൊക്കെ, നിങ്ങൾ അവരെ കാണുന്നതിനു മുൻപു നിങ്ങളെ കാണുകയൊ അല്ലെങ്കിൽ നിങ്ങളുടെ ആഗമനശബ്ദം കേൾക്കുകയൊ ചെയ്ത് മാറിക്കളയുന്ന കൗശലക്കാരാണ്.

ചിതൽപ്പുററു തേടിയോ, വള്ളികിഴങ്ങിനും വേണ്ടിയോ ഭൂമിയിൽ ഊർജ്ജിതമായി മാന്തിപ്പൊളിക്കുന്ന വല്ലകരടിയെയും യാദൃച്ഛികമായി കണ്ടു മുട്ടിയെന്നവരാം. ചിലപ്പോൾ കരടി ചീററിയും ചിണുങ്ങിയും ആടിയാടി നടന്നു നീങ്ങുന്നതാവും കാണുക. ചന്ദ്രപ്രകാശത്തിൽ നരച്ച് അലൗകികഭാവം കൈക്കൊണ്ടെന്ന പോലെ കാണപ്പെടുന്ന അവ്യക്തവും അവ്യവസ്ഥിതവുമായ ഹരിതപശ്ചാത്തലത്തിൽ ഒരു കറുത്ത രൂപമായി പ്രത്യക്ഷപ്പെടുന്നതിനു മുമ്പുതന്നെ, ശബ്ദഘോഷങ്ങൾ കൊണ്ട് മൂപ്പരുടെ ആഗമനം നിങ്ങൾ അറിഞ്ഞു കഴിഞ്ഞിട്ടുണ്ടാവും.

1934-ൽ ശിവനിപ്പള്ളിയിൽ ഒരത്ഭുതം സംഭവിച്ചു. കന്നുകാലികളെയും കൊണ്ടു വനത്തിൽ പോയിട്ടു മടങ്ങുന്ന ഒരുവൻ ഒരു കരിമ്പുലി ഓലിയിൽ നിന്നു വെള്ളം കുടിച്ചു കൊണ്ടു നിൽക്കുന്നതായി കാണാനിടയായി. വനത്തിൽ മേയാൻപോകുന്ന കന്നുകാലികളെ കൂട്ടിലാക്കാൻ തിരിച്ചു ഗ്രാമത്തിലേയ്ക്കു കൂട്ടിക്കൊണ്ടു പോരുന്ന പതിവു സമയമാണപ്പോൾ—വൈകുന്നേരം അഞ്ചു മണി. രാവിലെ കന്നുകാലികളെ വനത്തിലേക്കു തെളിച്ചു കൊണ്ടു പോകുമ്പോൾ ഒമ്പതുമണി കഴിയും. വൈകുന്നേരം ഇരുട്ടുന്നതിനു കുറെമുമ്പുതന്നെ അവയെ വനത്തിൽ നിന്നു കൊണ്ടു പോരികയുമാണു് പതിവ്. രണ്ടുനേരവും പശുക്കളെ കറക്കേണ്ടതുള്ളതിനാലാണ് രാവിലെ വനത്തിലേക്കുള്ള യാത്ര താമസിപ്പിക്കുന്നതും വൈകിട്ടു വനത്തിൽ നിന്നുള്ള മടക്കയാത്ര കാലേക്കൂട്ടിയാക്കുന്നതും.

കന്നുകാലികളെ തെളിച്ചു കൊണ്ടുപോയയാൾ പുലിയെക്കണ്ടപ്പോൾ അഞ്ചുമണി കഴിഞ്ഞിട്ടേയുള്ളു. അപ്പോഴും നല്ല പകൽ വെളിച്ചമുണ്ടായിരുന്നു. പുലി ഒരു

പൊന്തക്കാടിനോടു ചേർന്നു നിന്നുകൊണ്ടു ശാന്തമായി ഓലിയിൽ നിന്നു വെള്ളം കുടിക്കയായിരുന്നു. കരി പോലെ കറുത്തൊരു പുലിയായിരുന്നു അതെന്ന് അയാൾ എന്നോടു സത്യം ചെയ്തു പറഞ്ഞു. അയാളെ അവിശ്വസിച്ചിട്ടു കാര്യമില്ല. അങ്ങനെയൊരു കള്ളം പറഞ്ഞിട്ട് അയാൾക്ക് ഒന്നും നേടാനില്ല. കന്നുകാലിക ളുടെ കൂട്ടം സമീപിച്ചപ്പോൾ പുലി ഒന്നു തലയുയർത്തി നോക്കി. പക്ഷേ കൂട്ടത്തിൽ സൂക്ഷിപ്പുകാരനെക്കൂടെ കണ്ട മാത്രയിൽ പുലി കടന്നുകളഞ്ഞു.

കരിമ്പുലി പ്രത്യേകിച്ചൊരു വർഗ്ഗമൊ പുലിവ ർഗ്ഗത്തിലെ പ്രത്യേകവിഭാഗമൊ ഒന്നുമല്ല. ത്വക്ഗ്ര ന്ഥികളിലെ നിറമേകുന്ന പ്രക്രിയയുടെ ഒരു പരിണാമ ഭേദമായി ഇതു കണക്കാക്കിയാൽ മതിയാകും. ചില പ്പോൾ ഒരു പുലിയുടെ പ്രസവത്തിൽ സാധാരണ നിറത്തിലും വലിപ്പത്തിലുമുള്ള കുഞ്ഞുങ്ങളുടെ കൂട്ടത്തിൽ കറുത്ത നിറത്തിൽ ഒരു കുട്ടി കൂടെ ഉണ്ടായെന്നു വരാം. മലയാ, ബർമ്മാ, ആസാം എന്നീ പ്രദേശങ്ങളിലും, ഏതാ ണ്ട് സാമ്യമുള്ള സ്ഥലങ്ങളിലും, ആണ് കരിമ്പുലികളെ സാധാരണ കാണാറു്; ഈ പ്രദേശങ്ങളിലല്ല. ഇന്ത്യ യിലെ പശ്ചിമ പർവ്വതനിരകളിലും ചിലപ്പോൾ അവയെ കാണപ്പെട്ടിട്ടുണ്ട്; അപൂർവ്വമായി വെടിവയ്ക്കപ്പെ ട്ടിട്ടുമുണ്ട്. കൂടുതൽ ഇരുണ്ട അന്തരീക്ഷം നിലവിലുള്ള നിത്യഹരിത വനങ്ങളിൽ, കറുപ്പുനിറമുള്ള അവക്ക് ഒളി ച്ചു ജീവിക്കാനും അന്യദൃഷ്ടിയിൽ പെടാതെ പാത്തും പതുങ്ങിയും സഞ്ചരിക്കാനും കൂടുതൽ അവസരമുള്ളതുകൊ ണ്ടാകാം, സാധാരണയായി അങ്ങനെയുള്ളേടങ്ങളിൽ അ വയെ കാണുന്നതു് എന്ന അഭിപ്രായഗതിയെ അംഗീക രിക്കാനാണു ന്യായം കാണുന്നതു്. എന്നാൽ ത്വക്ഗ്ര ന്ഥികളിലെ വല്ല പ്രക്രിയകളുടെയും ഫലമായാണ് പുലി കളിൽ യാദൃച്ഛികമായി ഈ നിറവ്യത്യാസം സംഭവി ക്കുന്നതെങ്കിൽ പുലികൾ പാർക്കുന്ന ഏതുസ്ഥാന ത്തും — അവിടത്തെ വനത്തിൻെറ സ്വഭാവമെന്തു തന്നെയായിരുന്നാലും— കറുത്ത പുലികൾ ഉണ്ടാ

യിരിക്കാവുന്നതുമാണു്. പക്ഷേ അനുഭവം അതല്ല. ഇതിനെക്കൂടാതെ ഒരു കരിമ്പുലിയെക്കൂടെ മാത്രമേ ഞാൻ വനത്തിൽ കാണുകയുണ്ടായിട്ടുള്ളു. ഒരു ദിവസം വൈകുന്നേരം ഉദ്ദേശം ആറു മണിക്കു് പന്നഗ്രാമിനും മുത്തുരിനുമിടയ്ക്കുള്ള ഫ്ലാറ്റ്സെക്ഷൻ റോഡിൽ കൂടെ കുറുകെ പാഞ്ഞുപോവുകയായിരുന്നു, ആ കരിമ്പുലി. പ്രകൃതിയുടെ—കുറെക്കൂടെ ശരിയായിപ്പറഞ്ഞാൽ വനഭൂമിയുടെ—ഇതേവരെ തൃപ്തികരമായി വ്യാഖ്യാനിക്കപ്പെടാതെ ശേഷിക്കുന്ന അത്ഭുതപ്രതിഭാസങ്ങളിലൊന്നാണു് കരിമ്പുലി.

മൃഗശാലയിൽ കിടക്കുന്ന കരിമ്പുലിയെ അടുത്തുചെന്നു പരിശോധിക്കുക. സാധാരണ ഇനം പുലിയുടെ ശരീരത്തിൽ കാണുന്ന പുള്ളിക്കലകൾ ആ കറുത്ത രോമത്തിനിടയിലായാലും അവ്യക്തമായിട്ടെങ്കിലും നിലവിലുണ്ടെന്നു നിങ്ങൾക്കു കാണാൻ കഴിയും.

കരിമ്പുലിയെ കാണാനിടയായ കാര്യം ആ മാട്ടിടയൻ ഗ്രാമത്തിലെത്തിയ ഉടനെ പരസ്യപ്പെടുത്തി. കരിമ്പുലിയെ ആ പ്രദേശത്തെങ്ങും ആരും അതിനുമുമ്പു കണ്ടിട്ടില്ലായിരുന്നതിനാൽ അയാളുടെ കഥ പൊതുവിൽ അവിശ്വസിക്കപ്പെട്ടു. പക്ഷേ തന്റെ കണ്ണുകൊണ്ടു തന്നെ കണ്ട കാര്യമാകയാൽ ആ മാട്ടിടയനു്, അക്കാര്യത്തിൽ സംശയമുണ്ടായിരുന്നില്ല. എന്നാൽ തന്നെപ്പോലുള്ള പാവങ്ങളെ ഭയപ്പെടുത്താൻ വേണ്ടി പല രൂപങ്ങളിൽ വനത്തിൽ പ്രത്യക്ഷപ്പെടുന്ന ചെകിത്താന്റെ മറെറാരു രൂപവിശേഷമായിരിക്കില്ലേ താൻ കണ്ടതു് എന്നു മാത്രം അയാൾ സംശയിച്ചു.

ഏതാനും ആഴ്ചകൾ കടന്നുപോയി. എന്നിട്ടും കരിമ്പുലി പിന്നെ പ്രത്യക്ഷപ്പെടുകയാകട്ടെ, അതിനെപ്പററി ആരെങ്കിലും എന്തെങ്കിലും പറഞ്ഞു കേൾക്കുകയാകട്ടെ, ഉണ്ടായില്ല. ആ മാട്ടിടയൻ പറഞ്ഞുകേട്ട കഥ ആളുകൾ മറന്നു തുടങ്ങി.

ഏതാനും മാസങ്ങൾ കഴിഞ്ഞു. ഒരു ദിവസം മദ്ധ്യാഹ്നത്തിൽ ഉജ്ജ്വലപ്രഭനായ സൂര്യൻ ആകാശത്തിൽ

നിന്നു് അഗ്നിവർഷം ചെയ്തുകൊണ്ടിരിക്കെ, മറെറാരു കൂട്ടം കന്നുകാലികൾ വൃക്ഷച്ഛായകളിൽ കിടന്നു വിശ്രമിക്കുകയായിരുന്നു. കാൽമടക്കി, കണ്ണുകൾ പൂട്ടി, അർദ്ധനിദ്രാവസ്ഥയിൽ കിടന്നിരുന്ന അവ, തികട്ടിച്ചവച്ചുകൊണ്ടിരുന്നു. രണ്ടുമുതൽ അരഡസൻ വരെയുള്ള സംഘങ്ങളായിട്ടാണു് അവർ പലേടത്തു കിടന്നിരുന്നതു്. വൃത്തികെട്ടതുണിക്കഷണത്തിൽ പൊതിഞ്ഞു കയ്യിൽ കൊണ്ടുവന്നിരുന്ന റാഗിയുരുളകളും കറിയും കഴിച്ചിട്ടു് സുഖനിദ്രയിൽ ലയിച്ചു് അടുത്തടുത്തു കിടക്കുകയായിരുന്നു, മാട്ടിടയന്മാർ.

വളരെ പ്രശാന്തസുന്ദരമായൊരു ദൃശ്യം. ഉഷ്ണമേഖലയിലെ ഉഗ്രപ്രഭാവനായ സൂര്യൻ തെളിഞ്ഞ ആകാശത്തിൽ നിന്നു പൊഴിക്കുന്ന ആഗ്നേയരശ്മികൾ ഭൂമിയിൽ തട്ടി പ്രതിഫലിക്കുമ്പോൾ അന്തരീക്ഷം വിറപൂണ്ടിരുന്നു. കന്നുകാലിസംഘം അലസമായും അശ്രദ്ധമായും അർദ്ധസുഷുപ്തിയിലാമഗ്നരായി കിടക്കുകയാണു്. ഈ മുഹൂർത്തത്തിലാണു് ശിവനിപ്പള്ളിയിലെ കരിമ്പുലി അതിന്റെ അക്രമപ്രവത്തനങ്ങളുടെ നാന്ദി കുറിച്ചതു്.

അവിചാരിതമായി പ്രത്യക്ഷപ്പെട്ട പുലി, പകുതി വളർച്ചയെത്തിയ ഒരു വെളുത്ത പശുവിന്റെ മേൽ ചാടിവീണു് അതിന്റെ കഴുത്തിൽ ദംഷ്ട്രകൾ കിഴിച്ചിറക്കി. പശു വേദനയോടെ നിലവിളിച്ചുകൊണ്ടു ചാടിയെണീററു. കഴുത്തിലെ പിടിവിട്ടിട്ടില്ലാതിരുന്ന പുലിയെയുംകൊണ്ടാണതു പിടഞ്ഞെണീററതു്.

പശുവിന്റെ വേദനപൂണ്ട നിലവിളി കേട്ടു മാട്ടിടയരിലൊരുവൻ ഉണർന്നു. തന്റെ മുന്നിൽ കണ്ട കാഴ്ച അവനെ അത്ഭുതസ്തബ്ധനാക്കിക്കളഞ്ഞു. പിശാചു് ഒരു പുതിയ രൂപത്തിൽ അവതരിച്ചിരിക്കുന്നതു കാണാനായി അവൻ തന്റെ കൂട്ടുകാരനെ വിളിച്ചുണർത്തി. പശു മറിഞ്ഞുവീണു് കൈകാലുകളിട്ടടിച്ചു തുടങ്ങി. കരിമ്പുലി പിടിയയയ്ക്കാൻ കൂട്ടാക്കിയില്ല. അങ്ങനെ പശു ചത്തു. മാട്ടിടയന്മാർ ചാടിയെണീററു.

സാധാരണ ഗതിയിലാണെങ്കിൽ, കന്നാലിക്കൂട്ടത്തിനിടയിൽ പുലിയുടെ ആക്രമണമുണ്ടായാൽ, കയ്യിലെ കമ്പുകൾ വീശിയും ഉറക്കെ കൂവിവിളിച്ചും അവർ പുലിയെ ഓടിച്ചു വിടാൻ മുതിരുമായിരുന്നു; ആക്രമണത്തിനിരയായ ജന്തുവിനെ ഒരു വേള രക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ തന്നെയും അതിൻെറ ജഡം പുലി വലിച്ചുകൊണ്ടു പോകാതിരിക്കും.

പക്ഷേ ഈ സന്ദർഭത്തിൽ ആ മാട്ടിടയന്മാർ രണ്ടുപേർക്കും അങ്ങനെയൊന്നും ചെയ്യാനുള്ള ധൈര്യമുണ്ടായില്ല. അത്ഭുതം കൊണ്ടു തരിച്ചുനിന്നു പോയ അവർ വികസിച്ച നയനങ്ങളോടെ എല്ലാം നോക്കിനിൽക്കുക മാത്രം ചെയ്തു. ചത്തുകഴിഞ്ഞ പശുവിൻെറ കഴുത്തിലെ പിടിവിട്ടിട്ട് പുലി തിരിഞ്ഞു് അവരുടെ നേരെ ഒന്നു നോക്കി. ഏതാണ്ട് അമ്പതുവാരയകലെയാണു് അവർ നിന്നിരുന്നതെങ്കിലും പശുവിൻെറ കഴുത്തിലെ മുറിവിൽ നിന്നു ചുവന്ന രക്തം കുത്തിയൊഴുകുന്നതും കറുത്ത രോമത്തിൻെറ പശ്ചാത്തലത്തിൽ മിന്നിത്തിളങ്ങുന്ന പുലിയുടെ ആരക്തമായ ക്രൂരദംഷ്ട്രകളും അവക്കു വ്യക്തമായി കാണാമായിരുന്നു.

ഭയന്നുപോയ അവർ തിരിഞ്ഞോടി.

ശിവനിപ്പള്ളി ഗ്രാമത്തിലെത്തി അവർ കഥയൊക്കെ വിവരിച്ചു. പക്ഷേ ആ ഗ്രാമത്തിൽ അധികം ആളുകളില്ല. പുലി കൊന്ന പശുവിൻെറ അവശിഷ്ടങ്ങൾ കണ്ടെടുക്കാൻ കാട്ടിലേക്കു പോകുന്ന കാര്യത്തിൽ അവക്കു ധൈര്യമുണ്ടായിരുന്നില്ല. സാധാരണ ഇനത്തിൽപെട്ട പുലിയുടെ ആക്രമണമാണുണ്ടായിരുന്നതെങ്കിൽ അവർ തീർച്ചയായും ഉടനെതന്നെ വനത്തിലേക്കു പുറപ്പെട്ടുമായിരുന്നു. പക്ഷേ മുമ്പെങ്ങും കേട്ടിട്ടില്ലാത്ത തരത്തിൽ പെട്ട ഈ കറുത്ത ഭീകരസത്വത്തെപ്പററിയുള്ള കഥ, അവരെ ആകെ അധീരരാക്കിക്കളഞ്ഞു. കരിപോലെ കറുത്ത ഒരു പുലി ഓലിക്കരയിൽ നിന്നു വെള്ളം കുടിക്കുന്നതു കണ്ടതായിട്ടായിരുന്നു, മുമ്പൊരു മാട്ടിടയൻെറ കഥ. ഇപ്പോഴിതാ രണ്ടു മാട്ടിടയന്മാർ വന്നു് ഒരു കരിമ്പുലിയുടെ

കഥ പറയുന്നു. രണ്ടുപേരും ഒന്നുതന്നെ പറയുന്നു. അപ്പോൾ കരിമ്പുലിയെപ്പററി മുമ്പു പറഞ്ഞു കേട്ടതു വാസ്തവം തന്നെയാണെന്നു വരുമോ?

ഇതേത്തുടർന്നു് ആ കറുത്ത കൊള്ളക്കാരൻ ശിവനിപ്പള്ളിയിലെ കന്നുകാലികളുടെ മേൽ തുടർച്ചയായി ആക്രമണമാരംഭിച്ചു. അതിനെ പല അവസരങ്ങളിലായി പലരും കണ്ടുകഴിഞ്ഞിരുന്നതിനാൽ അതിൻെറ ആസ്തിത്വത്തെയോ നിറത്തെയോ പററി ആക്കുമിപ്പോൾ സംശയമൊന്നും ശേഷിച്ചിരുന്നില്ല.

ഇങ്ങനെയൊരു പുലി വനത്തിലുണ്ടെന്ന വസ്തുത അവരുടെ കന്നുകാലികളുടെ മേൽ തുടർച്ചയായി നടന്നുകൊണ്ടിരുന്ന ആക്രമണങ്ങളിലൂടെ ബോദ്ധ്യമായതോടെ. ഗ്രാമവാസികളുടെ ജന്മസിദ്ധമായ അലസതയും അലക്ഷ്യഭാവവും മാറിയിട്ടു് അവർ കൂടുതൽ കരുതലോടെ പെരുമാറിത്തുടങ്ങുകയും ഈ ആപത്തിൽനിന്നു നിവാരണം നേടുന്നതിനു മാർഗ്ഗമെന്തുണ്ടെന്നു് ആലോചനയാരംഭിക്കയും ചെയ്തു. ഒടുവിൽ കന്നുകാലികളെ ഗ്രാമത്തിൽനിന്നു കാൽ മൈലിനുള്ളിലല്ലാതെ പുറത്തു മേയാൻ കൊണ്ടുപോകാത്ത ഒരു നിലയിലെത്തി.

തൻെറ ആഹാരമാർഗ്ഗത്തിനു മുട്ടു വന്നു തുടങ്ങിയതോടെ, കരിമ്പുലി, സ്വന്തം പ്രവർത്തനമേഖല കുറെക്കൂടെ വിശാലമാക്കി. തെക്കുപടിഞ്ഞാറു ഭാഗത്തുള്ള അഞ്ചററിയിൽ നിന്നും കിഴക്കുഭാഗത്തുള്ള ഗുൽഹട്ടിയിലും ആയൂരിലും നിന്നുമുള്ള കന്നുകാലിക്കൂട്ടങ്ങളിൽപെട്ട ഓരോന്നിനെയും ഇടയ്ക്കിടെ മൂപ്പർ കൊന്നുതിന്നു തുടങ്ങി. ശിവനിപ്പള്ളിക്കു വടക്കു മാറി റിസർവ്വ് വനഭൂമിയുടെ പരിധിക്കപ്പുറത്തു കിടക്കുന്ന ശാലിവരത്തുനിന്നുപോലും ഒരു കഴുതയെ തട്ടിക്കൊണ്ടു പോകാൻ അതു ധൈര്യപ്പെട്ടു.

ഏതാണ്ടിക്കാലത്തു് ഒരു സ്നേഹിതനുമൊത്തു ഞാൻ ശിവനിപ്പള്ളിയിൽ പോകാനിടയായി. ഒരു ഞായറാഴ്ച ദിവസം ഉച്ചയ്ക്കു ശേഷമാണതു്. വനത്തിലൂടെ വൈകുന്നേരം ഒന്നു ചുററിയടിക്കാമെന്നേ വിചാരമുണ്ടായിരുന്നുള്ളു. തരപ്പെട്ടാൽ വല്ല കാട്ടുകോഴിയെയോ മററൊ വെടി

വയ്ക്കാമെന്നും ഉദ്ദേശിക്കാതിരുന്നില്ല. കരിമ്പുലിയുടെ ആഗമനത്തെയും ആക്രമണങ്ങളെയും പററിയുള്ള വാർത്ത എന്നിൽ വളരെ താല്പര്യമുളവാക്കി. മൃഗശാലയിലല്ലാതെ ഞാൻ ഒരു കരിമ്പുലിയെ കാണാനിടയായിട്ടുള്ളതു് ഒരിക്കൽ മാത്രമാണു്. അതുകൊണ്ടു് ഇവിടെ വന്നുപെട്ടിരിക്കുന്ന ഈ മൃഗത്തെ കഴിവുള്ളപക്ഷം വെടിവച്ചെടുക്കണമെന്നു ഞാൻ മനസ്സിൽ ഉറപ്പിച്ചു.

ഇനി അടുത്തു് ആ പുലിയുടെ ആക്രമണത്തിനിരയാകുന്ന മൃഗത്തിൻെറ ശരീരം വീണുകിടക്കുന്ന നിലയിൽ തന്നെ സംരക്ഷിച്ചുകൊണ്ടു് വിവരം എനിക്കറിവു തരുന്ന പക്ഷം ആ മൃഗത്തിൻെറ വില ഞാൻ കൊടുക്കാൻ തയാറാണെന്നു് ഗ്രാമവാസികളെ അറിയിച്ചു. കന്നുകാലിവളർത്തൽകേന്ദ്രം സ്ഥാപിച്ചിരുന്ന ചെറുപട്ടണമായ ഹൊസൂറിലെത്തി അവിടെയുള്ള കമ്പിയാഫീസിൽ നിന്നു് ബാംഗ്ളൂരിലെ എൻെറ മേൽവിലാസത്തിൽ ഒരു കമ്പി സന്ദേശമയച്ചാൽ മതി. ഈ പുലിയുടെ ശല്യമനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാ പ്രദേശങ്ങളിലും എൻെറ ഈ പ്രസ്താവനയ്ക്കു നല്ല പ്രചരണം നൽകാനും ഞാൻ ഏർപ്പാടു ചെയ്തു. പുലിയുടെ ആക്രമണത്തിനിരയാകുന്ന മൃഗത്തിൻെറ വിലയ്ക്കു പുറമെ, എൻെറ മേൽപറഞ്ഞ നിർദ്ദേശങ്ങൾ താല്പര്യപൂർവ്വം, അനുസരിച്ചു പ്രവർത്തിക്കുന്ന ആളിനു് പ്രത്യേക സമ്മാനമായി ഒരമ്പതു രൂപാകൂടെ കൊടുക്കുന്നതാണെന്നും ഞാൻ അവരെ അറിയിച്ചു.

അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ അറിയിപ്പുകിട്ടാനിടയുണ്ടെന്നുള്ള പ്രതീക്ഷയിൽ കമ്പി കിട്ടിയ ഉടൻ പുറപ്പെടാൻ പാകത്തിൽ എൻെറ നായാട്ടുപകരണങ്ങളൊക്കെ ഞാൻ ഒരുക്കിവച്ചുകൊണ്ടു് ബാംഗ്ളൂരിൽ കാത്തിരുന്നു. മടക്കി കയ്യിൽകൊണ്ടുനടക്കാൻ പാകത്തിലുള്ള എൻെറ നായാട്ടുമഞ്ചം, തുടങ്ങിയതൊക്കെ സജ്ജമാക്കിവച്ചു. പക്ഷേ രണ്ടു് ആഴ്ച കഴിഞ്ഞാണു കമ്പി വന്നതു്; അതുതന്നെ, സമയംതെററിയും. ഏതാണ്ടു് നാലുമണിയോടടുത്ത സമയത്താണു് കമ്പി എൻെറ

കൈവശം വന്നു ചേർന്നതു്; 4–45—നു് തന്നെ ഞാൻ പുറപ്പെട്ടു ശിവനിപ്പള്ളിയിൽ എത്തിയപ്പോഴേക്കു് 7. 15 ആയി. നേരം നല്ലപോലെ ഇരുട്ടിയിരുന്നു.

ഹൊസൂർ കമ്പിയാഫീസിൽ കമ്പികൊടുത്തേല്പിച്ചതു് ഉച്ചയ്ക്കുശേഷം ഒന്നരമണിയായപ്പോഴാണു് എന്നതു് എൻെറ ശ്രദ്ധയിൽപെട്ടു. അതുതന്നെ വളരെ താമസമായിപ്പോയി. അതിനു പുറമെ ബാംഗ്ലൂരിലും കുറെ വിളംബം നേരിട്ടു. ഞാൻ പറഞ്ഞിരുന്നതുപോലെ എക്സ്പ്രസ്സായി കമ്പിസന്ദേശമയയ്ക്കുന്നതിനു പകരം സാധാരണ ഗതിയിലുള്ള ഒരു കമ്പിയായിരുന്നു അതെന്നതാണു് താമസത്തിനിടയാക്കിയതു്.

മുമ്പു രണ്ടു മൂന്നു പ്രാവശ്യം എനിക്കു നായാട്ടിൽ സഹായിയായി പ്രവർത്തിച്ചിട്ടുള്ള രംഗസ്വാമിയെന്നൊരുവനുണ്ടു്, ശിവനിപ്പള്ളിയിൽ. അയാളാണു് അന്നു രാവിലെ ഒരു പശുവിനെ പുലി പിടിച്ചിരിക്കുന്നു എന്ന വിവരത്തിനു് ഹൊസൂറിൽ നിന്നു കമ്പി അടിച്ചിരുന്നതു്. ചത്ത പശുവിൻെറ വിലയ്ക്കു പുറമേ ഒരു തുക സമ്മാനമായും നൽകുന്നതാണെന്ന എൻെറ പ്രതിജ്ഞയെപ്പററി അറിഞ്ഞിരുന്ന മാട്ടിടയൻ ബുദ്ധിപൂർവ്വം പെരുമാറി. പശുവിൻെറ മൃതദേഹത്തിൽ തൊട്ടുകപോലും ചെയ്യാതെ അയാൾ ശിവനിപ്പള്ളിയിൽ ഓടിയെത്തി രംഗസ്വാമിയെ വിവരം ധരിപ്പിച്ചു. രംഗസ്വാമി വളരെ ശ്രമപ്പെട്ടു് പന്ത്രണ്ടേകാലിൻെറ ബസ്സിൽ കടന്നുകൂടാൻ തക്കവിധം ധേങ്കനിക്കോട്ടയിലെത്തുകയും ചെയ്തുവെങ്കിലും ഹൊസൂറിലെത്തി കമ്പിയാഫീസിൽ സന്ദേശമേൽപ്പിച്ചു കൊടുത്തപ്പോഴേക്കു് മണി ഒന്നായിപ്പോയി.

വാർത്ത എന്നെ അറിയിക്കുന്നതിനു് സത്വരനടപടികളെടുത്ത മാട്ടിടയനെയും രംഗസ്വാമിയെയും ഞാൻ പ്രശംസിച്ചു. ഇരുട്ടിൽ പുലിയെത്തേടിപ്പോയി ഫ്ളാഷ് ലൈററിൻെറ സഹായത്തോടെ അതിനെ വെടിവയ്ക്കാനൊരുമ്പെടണമോ, അതോ പിറേറന്നാൾ രാത്രിവരെ ക്ഷമിച്ചു്, പശുവിൻെറ മൃതദേഹത്തിനു സമീപം നായാട്ടുമഞ്ചം കെട്ടിയിരുന്നു പുലിയെ കാക്കണമോ എന്നതായി,

എൻെറ ആലോചന. ആ രാത്രിതന്നെ പശുവിൻെറ മൃതദേഹമാഹരിക്കാൻ പുലി വരുമോ എന്നതു് ഉറപ്പില്ലാത്ത കാൎയ്യമാകയാൽ ആദ്യത്തെ മാർഗ്ഗം സ്വീകരിക്കുന്നതു് വെറുമൊരു ഊഹവ്യാപാരമാണു്. പുലി അവിടെയോ അടുത്തെവിടെയെങ്കിലുമോ ഉണ്ടായിരിക്കുമെന്നതിനു് എന്താണുറപ്പു്? എന്നാൽ അടുത്ത ഇരുപത്തിനാലു മണിക്കൂർ സമയം യാതൊരു പ്രവൃത്തിയുമില്ലാതെ ഗ്രാമത്തിൽ കുത്തിയിരിക്കുന്നതിനും അൎത്ഥമില്ലെന്നെനിക്കു തോന്നി.

പുലിയുടെ ആക്രമണം ഒടുവിൽനടന്ന രംഗത്തെപ്പററി ഞാൻ അന്വേഷണം നടത്തി. മൂന്നു മൈൽ അകലെയുള്ള തോട്ടിലേയ്ക്കുള്ള മലഞ്ചെരിവിൽ, കുത്തനെയുള്ള ഇറക്കത്തിൽ വച്ചാണു് പശുവിനെ പുലി പിടിച്ചതെന്നും അങ്ങോട്ടേയ്ക്കു് ഗ്രാമത്തിൽനിന്നു കഷ്ടിച്ചു് അരമൈൽ അകലമേയുള്ളുവെന്നും അറിയാൻ കഴിഞ്ഞു. ഇതു് വളരെ ആകർഷകമായ ഒരു സ്ഥിതി വിശേഷമായിട്ടുതോന്നി, എനിക്കു്. ചത്തപശുവിനെ തിന്നാൻ പുലി വരുന്ന പക്ഷം, ആ രാത്രിതന്നെ അതിനെ വെടിവയ്ക്കാൻ ശ്രമിക്കണമെന്നു നിർബന്ധമായ പ്രേരണ മനസ്സിലുദിച്ചു. പശുവിൻെറ ശവശരീരം കിടക്കുന്ന സ്ഥലത്തുനിന്നു കാൽമൈലിനുള്ളിൽ എന്നെക്കൊണ്ടുവിട്ടിട്ടു്, ഏതുഭാഗത്താണു് പശു കിടക്കുന്നതെന്നു ചൂണ്ടിക്കാണിച്ചുതന്നാൽ ആ രാത്രിതന്നെ ഒരു ശ്രമം നടത്തിനോക്കാമെന്നു ഞാൻ പറഞ്ഞു. ആ സ്ഥാനം മുതൽ മുമ്പോട്ടുള്ള നീക്കത്തിൽ സ്വന്തം ശ്രവണശക്തിയുടെയും വിവേചനബുദ്ധിയുടെയും സഹായം മതിയാവും എന്നു ഞാൻ കണക്കാക്കി.

പക്ഷേ രംഗസ്വാമിയും മാട്ടിടയനും എൻെറ ഈയഭിപ്രായത്തോടനുകൂലിച്ചില്ല. അടുത്ത ദിവസം രാത്രിവരെ കാക്കുന്നതാണു നന്നെന്നു് അവർ ശക്തിയായി വാദിച്ചു. എങ്കിലും ആ രാത്രിതന്നെ ഒരു ശ്രമം നടത്തിനോക്കാൻ തന്നെയാണു് ഉദ്ദേശിക്കുന്നതു് എന്നു ഞാൻ വെളിപ്പെടുത്തി.

ഇത്രയൊക്കെ ആലോചന കഴിഞ്ഞപ്പോഴേയ്ക്കു സമയം എട്ടിനു പത്തുമിനിട്ടേ ഉണ്ടായിരുന്നുള്ളൂ. നഷ്ടപ്പെടുത്താൻ സമയമൊട്ടുമില്ല. ഒരു വേള പുലി ഇപ്പോൾ തന്നെ പശുവിനെ തിന്നുകൊണ്ടിരിക്കുകയാണെന്നു വരാം. അദൃശ്യമായിരിക്കാൻ വേണ്ടി കറുപ്പു ചായം തേച്ചുപിടിപ്പിച്ചിരുന്ന മൂന്നു സെൽ ഫ്ളാഷ്ലൈററ് റൈഫിളിൻെറ കുഴലിനോടു ചേർത്തു ബന്ധിച്ചു. കൂടുതലായി മൂന്നു ബാററികൂടെ പോക്കററിൽ കരുതി. റൈഫിളിൽ നാലുവെടിക്കാവശ്യമായ തിരകൾ നിറച്ചു; മൂന്നെണ്ണം മാഗസിനിലും ഒന്നു ബ്രീച്ചിലും. അഞ്ചു തിരകൾ നിറയ്ക്കുത്തക്ക വിഞ്ചെസ്റ്റർ റൈഫിളായിരുന്നു എൻെറതെങ്കിലും, ഞാൻ എപ്പോഴും നാലുവെടിയ്ക്കുള്ള തിരകളെ നിറയ്ക്കാറുള്ളൂ. അണ്ടർ[redacted] തെരുതെരെ പ്രവർത്തിപ്പിക്കുമ്പോൾ തിരകൾ തമ്മിൽ ഞെരുങ്ങി ജാമായിട്ടു വെടിപൊട്ടാത്ത അവസ്ഥയുണ്ടാകരുതെന്നു കരുതിയിട്ടാണു് ഈ പതിവു സ്വീകരിച്ചിരുന്നതു്. അഞ്ചു ചുററു വെടിക്കുകൂടെയുള്ള വക പോക്കററിലും കരുതിയിരുന്നു. അവസാനമായി എൻെറ [redacted]ൽ കിടന്നിരുന്ന ബ്ല[redacted] മാററി പകരം കട്ടികുറഞ്ഞ റബർ [redacted] ധരിച്ചു. നിശ്ശബ്ദമായി [redacted] നീങ്ങുന്നതിനു് അതു സഹായിക്കും. കാക്കി ഷർട്ടും പാൻറുമായിരുന്നു, എൻെറ വേഷം. പതിവായി [redacted]മഞ്ചത്തിൽ ഉപയോഗിക്കാറുള്ള ഒരു കറുത്ത ഉടുപ്പും ഞാൻ എടുത്തണിഞ്ഞു.

രംഗസ്വാമിയും മാട്ടിടയനും വരണ്ടുകിടന്ന ഒരു തോടിൻെറ സമീപത്തുവരെ എൻെറ കൂടെ വന്നു. അവിടെവച്ചു് ആ മാട്ടിടയൻ പറഞ്ഞു, ആ തോടു് നേരെ പടിഞ്ഞാറോട്ടാണു് കിടക്കുന്നതെന്നും, രണ്ടു വളവുകൾ കഴിയുന്ന സ്ഥാനത്താണു് പശുവിനെ പുലി പിടിച്ചതെന്നും. എന്നിട്ടു് ഇരുനൂറുവാര ദൂരംവരെ വനത്തിൻെറ ഉള്ളിലേക്കു പശുവിൻെറ മൃതദേഹം വലിച്ചിഴച്ചുകൊണ്ടുപോയിട്ടുണ്ടു്. തോടിൻെറ രണ്ടാമത്തെ വളവിൽ ഏതാണ്ടു വടക്കുമാറിയിട്ടാണു് ആ സ്ഥാനം.

എനിക്കു നൽകപ്പെട്ട സ്ഥലവിവരണം സംശയ രഹിതമാംവണ്ണം വ്യക്തമായിരുന്നു. അത്ര വിശദമായ വിവരണം നൽകുന്നതിനു സഹായകമായി ആ തോട്ടില്പ ണ്ടായിരുന്ന വളവുകളോട് എനിക്കു കൃതജ്ഞതതോന്നി. ശിവനിപ്പള്ളിയിലേക്കു വഴിതെററാതെ ചെന്നുപററാൻ എനിക്കു കഴിയുമെന്നുള്ളതുകൊണ്ടു് കൂട്ടുകാരെ ഞാൻ മടക്കി അയച്ചു. എന്നിട്ടു ഞാൻ എൻെറ സാഹസികോ ദ്യമത്തിനുള്ള പുറപ്പാടായി.

ആ വരണ്ട തോട്ടിൽക്കൂടെ മുമ്പോട്ടു പോകുന്നതായി രിക്കും കൂടുതൽ ബുദ്ധിപൂർവ്വം എന്നെനിക്കുതോന്നി. ഞാൻ മുമ്പോട്ടു നീങ്ങുന്നതിൽ നിന്നു ശബ്ദമുയരാനുള്ള സാദ്ധ്യത അവിടെ കുറഞ്ഞിരിക്കും. അഥവാ വല്ല ചെ റിയ ശബ്ദവുമുയർന്നാൽ തന്നെ തോട്ടിലായിരിക്കു മ്പോൾ അതു പുലിയുടെ ചെവിയിലെത്താൻ എ ളുപ്പമല്ല; ശബ്ദം അവിടെത്തന്നെ അമർന്നടിഞ്ഞുകൊ ള്ളുകയും ചെയ്യും. അതുമല്ല, നടന്നുനീങ്ങുന്നതു തോട്ടിൽ കൂടെയാകുമ്പോൾ, തോടിൻെറ ഗതിപിടിച്ചു്, ഫ്ളാഷ് ലൈററു തെളിക്കാതെ തന്നെ എനിക്കു മുമ്പോട്ടുപോകാൻ കഴിയും. ആകാശം മേഘാച്ഛാദിതമായിരുന്നതിനാൽ ഇരുട്ടു കലശലായിരുന്നു; നക്ഷത്രങ്ങളുടെ നേരിയ വെളിച്ചം പോലുമില്ല. ആ സ്ഥിതിക്കു്, തോടിൻെറ കരവഴി നീങ്ങിയാൽ ഇടതൂർന്നു വളരുന്ന കുററിക്കാടുകളുടെയും പടർപ്പുകളുടെയും ഇടയിൽക്കൂടെ കടന്നു പോകാൻ ഫ്ളാഷ് ലൈററിൻെറ പ്രകാശത്തെ ആശ്രയിക്കാതെ തരവുമില്ലായിരുന്നു.

ഞാൻ വളരെയധികം ശ്രദ്ധിച്ചും കരുതലോടുകൂടി യും മുമ്പോട്ടു നടന്നു. വേഗംതന്നെ തോടിൻെറ ആദ്യത്തെ വളവു് എനിക്കനുഭവപ്പെട്ടു. അവിടെത്തൊട്ടു തെക്കു പടിഞ്ഞാറോട്ടു തിരിയുകയാണു്. അല്പംകൂടെ ചെന്ന പ്പോൾ വീണ്ടും വടക്കോട്ടു തിരിഞ്ഞിട്ടു നേരെ പടിഞ്ഞാ റോട്ടുതന്നെയായി, തോടിൻെറ ഗതി. അങ്ങനെ ആ മാട്ടി ടയൻ പറഞ്ഞ ആദ്യത്തെ വളവു കടന്നുകൂടി.

അധികനേരം കഴിഞ്ഞില്ല, അടുത്ത വളവായി. ഇപ്രാവശ്യം വടക്കോട്ടാണു തിരിഞ്ഞു പോകുന്നതു്. വല്ല ഇളകിക്കിടക്കുന്ന ഉണ്ടക്കല്ലിലൊ പാറയിലൊ ചവുട്ടി ശബ്ദമുണ്ടാകാതിരിക്കാൻ കഴിവുള്ളത്ര കരുതലെട്ടത്താണു് ഞാൻ മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതു്. എനിക്കു നൽകപ്പെട്ടിരുന്ന വിവരമനുസരിച്ചു്, ചത്ത പശു കിടക്കുന്നതു്, പിന്നെയും മുന്നൂറോളം വാരയകലെയാണെങ്കിലും, പുലികൾ വളരെയധികം ശ്രവണസൂക്ഷ്മതയുള്ള ജന്തുക്കളാകയാൽ, ഞാൻ വെടിവയ്ക്കാൻ ഉന്നുന്ന മൃഗം യഥാർത്ഥത്തിൽ പശുവിനെ തിന്നുന്ന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കയല്ലെന്നുള്ള പക്ഷം, ഏററവും നേരിയ ശബ്ദംപോലും അതിൻെറ ചെവിയിൽ ചെന്നുപെടാനും അതു കടന്നു കളയാനും ഇടയുണ്ടു് എന്നെനിക്കറിയാമായിരുന്നു.

ഭാഗ്യവശാൽ തോടിൻെറ ഈ ഭാഗത്തു് പാറക്കൂട്ടങ്ങളൊ കുററിക്കാടുകളൊ ഒന്നുമില്ലായിരുന്നതുകൊണ്ടു് എനിക്കു് യാതൊരു ശബ്ദവുമുണ്ടാക്കാതെ തന്നെ മുമ്പോട്ടു പോകാൻ കഴിഞ്ഞു. അല്പദൂരം കഴിഞ്ഞപ്പോൾ വടക്കോട്ടുള്ള തിരിവു കഴിഞ്ഞു തോടിൻെറ ഗതി തെക്കോട്ടായി; ഏതാനും വാരകൾക്കപ്പുറം വീണ്ടും നേരെ പടിഞ്ഞാറോട്ടും.

ഞാൻ അവിടെ നിന്നു. പുലി, പശുവിനെ പിടികൂടിയ സ്ഥാനത്തെത്തിയിരിക്കയാണു ഞാൻ. അവിടെ നിന്നാണു് വടക്കോട്ടു് ഇരുനൂറുവാരയകലെവരെ പശുവിനെ വലിച്ചിഴച്ചുകൊണ്ടു പോയിരിക്കുന്നതു്. ഇവിടെ മുതൽ തോട്ടിൽനിന്നു കരയ്ക്കുകയറി കുററിക്കാടുകൾക്കിടയിലൂടെ പതുങ്ങിപ്പതുങ്ങി നീങ്ങേണ്ടിയിരിക്കുന്നു. ചത്ത പശുവിൻെറ മാംസം തിന്നുകൊണ്ടു നിൽക്കുന്ന പുലിയുടെ മുമ്പിൽ ആകസ്മികമായി പ്രത്യക്ഷപ്പെട്ടു് അതിനെ വെടിവയ്ക്കണമെന്നായിരുന്നു, എൻെറ ലക്ഷ്യം. ആ കുററിരുട്ടിൽ എൻെറ ബോധേന്ദ്രിയത്തിൻെറ സഹായത്തെ മാത്രം ആശ്രയിച്ചു വേണം, എനിക്കു വഴി തെററാതെ മുമ്പോട്ടു പോകാൻ.

പെരുവിരലൂന്നി നടന്നു് ഞാൻ തോടിൻെറ വടക്കേക്കരയോടടുത്തു. അവിടെ എൻെറ നെഞ്ചിനൊപ്പമുയരമേയുള്ള കരയ്ക്കു്. തോട്ടിലെ മണലിൽ തന്നെ കാലുറപ്പിച്ചു നിന്നുകൊണ്ടു ഞാൻ വളരെപതുക്കെ, എൻെറ റൈഫിൾ തോട്ടുകരയിൽ വച്ചു. തിണ്ടോടു ചാരി, നെഞ്ചിൽ കൈകൾ പിണച്ചുകെട്ടിനിന്നുകൊണ്ടു് എന്തെങ്കിലും ശബ്ദങ്ങൾ കേൾക്കാനുണ്ടോ എന്നു ഞാൻ ചെവികൂർപ്പിച്ചു ശ്രദ്ധിച്ചു.

അഞ്ചുമിനിട്ടു കടന്നുപോയി. ആ നിശ്ശബ്ദതയെ ഭഞ്ജിക്കുന്ന ഒന്നും തന്നെ കേൾക്കാനില്ല. ഒരുവേള പശുവിനെ പുലി തിന്നുന്നതിൻെറ ശബ്ദം ഞാൻ നിൽക്കുന്നിടത്തെത്താൻ വയ്യാത്തത്ര അകലത്തിലാണു് പശു കിടക്കുന്ന സ്ഥാനമെന്നുവരാം. പുലി അവിടെയെത്തിയിട്ടുണ്ടെന്നും അതു പശുവിനെ തിന്നുകൊണ്ടിരിക്കയാണെന്നുമുള്ള സങ്കല്പത്തിലാണു് ഞാൻ ഇങ്ങനെ ചിന്തിക്കാനാരംഭിച്ചതു്.

വടക്കേതോട്ടുകരയിൽ കൈകളൂന്നി എൻെറ ഭാരം മുഴുവൻ അവയിൽ നിക്ഷേപിച്ചുകൊണ്ടു്, ഞാൻ പതുക്കെ മേലോട്ടുയർന്നു. ഒരു ശബ്ദവുമുണ്ടായില്ല. റൈഫിൾ തറയിൽ നിന്നെടുത്തുകൊണ്ടു ഞാൻ പതുക്കെ—വളരെ പതുക്കെ—മുമ്പോട്ടു നീങ്ങിത്തുടങ്ങി. ഇരുട്ടു് അതികലശലായിരുന്നു. പുലി ഒരുവേള എന്നെ കാണാനിടയായാൽ പോലും അപകടമൊന്നുമുണ്ടാകാനിടയില്ലെന്നു് എനിക്കറിയാമായിരുന്നു. ഒന്നാമതു് അതൊരു നരഭോജിയല്ല; ഇതേവരെ മനുഷ്യരെ ആക്രമിക്കാനുള്ള പ്രവണത കാണിച്ചിട്ടുമില്ല. എന്നൊക്കെയിരിക്കിലും ഒരു കരിമ്പുലിയുമായി ഞാൻ സമ്പർക്കപ്പെടുന്നതു് ഇതാദ്യമായിട്ടാണു്. കരിമ്പുലികൾ അസാധാരണമാംവിധം ആപൽക്കാരികളാണെന്നുള്ളതിനെപ്പററി പല കഥകളും ഞാൻ കേട്ടിട്ടുമുണ്ടായിരുന്നു. ആ ചിന്ത എന്നെ വല്ലാതെ ചഞ്ചലമനസ്കനാക്കിക്കൊണ്ടിരുന്നു എന്നതു തുറന്നു സമ്മതിക്കാൻ ഞാൻ മടിക്കുന്നില്ല.

ഓരോ ഇഞ്ചായിട്ട മുമ്പോട്ട നീങ്ങിക്കൊണ്ടിരുന്നതിനിടയിൽ ഇടയ്ക്കിടയ്ക്ക ഞാൻ നിന്ന ചെവിയോർത്തുകൊണ്ടിരുന്നു; പുലി തീററതിന്നുന്ന ശബ്ദം വല്ലതും കേൾക്കുന്നുണ്ടോ എന്നറിയാൻ. അങ്ങനെ വല്ല ശബ്ദത്തെയും ആശ്രയിച്ചല്ലാതെ മുമ്പോട്ട നീങ്ങിക്കൂടാ. വെടിയേൽപിക്കാൻ തക്ക അകലത്തിനുള്ളിൽ എത്തുന്നതുവരെ ഫ്ളാഷ്ലൈററു് തെളിക്കാൻ വയ്യാ. ആ ഇരുട്ടിൽ ഒന്നും തന്നെ കണ്ടുകൂടായിരുന്നുതാനും. ഫ്ളാഷ്ലൈററിൻെറ നൈമിഷികമായ പ്രകാശംപോലും പുറപ്പെട്ടുകൂടാ; പുലി കടന്നു കളയും.

ഞാൻ ഇങ്ങനെ അനക്കമില്ലാതെ അനങ്ങിക്കൊണ്ടിരുന്നു; ഈ യാത്രയ്ക്കു് അവസാനമില്ലെന്നു തോന്നിപ്പോയി. ഏതാണ്ടു് എഴുപത്തഞ്ചു വാരയോ അതിലല്പം കൂടുതലൊ ദൂരം മുമ്പോട്ട നീങ്ങിക്കഴിഞ്ഞു് വല്ലശബ്ദവും കേൾക്കുന്നുണ്ടോ എന്നറിയാൻ ചെവികൊടുത്തു ശ്രദ്ധിച്ചു നിന്നപ്പോൾ എനിക്കു തോന്നി, മുൻവശത്തു് അല്പം ഇടതുമാറിയ ഭാഗത്തുനിന്നു് എന്തോ അവ്യക്തമായ ശബ്ദം കേട്ടുവെന്നു്. ഞാൻ ചെവികൂർപ്പിച്ചുകൊണ്ടു് കുറെനേരംകൂടെ അവിടെത്തന്നെ നിന്നു. പക്ഷേ ആ ശബ്ദം ആവർത്തിക്കപ്പെട്ടില്ല.

ചുററും വൃക്ഷങ്ങളും കുററിക്കാടുകളും ഇടതൂർന്നു് വളരുന്ന സ്ഥലത്താണു് ഇപ്പോൾ ഞാൻ എത്തിയിട്ടുള്ളതു്. കുററിക്കാടുകളെ ഞെരിച്ചുകൊണ്ടു് എൻെറ ശരീരം മുമ്പോട്ടു് അടുക്കുമ്പോൾ, എത്രയൊക്കെ കരുതൽ ഞാൻ എടുത്തിട്ടും, അല്പാല്പം ശബ്ദമുണ്ടാകുന്നുണ്ടായിരുന്നു. കാലുകൾ തറയിൽ ചവിട്ടുമ്പോഴും ചെറിയതോതിൽ ശബ്ദമുയർന്നുകൊണ്ടിരുന്നു. കാലുകൾ തറയിൽനിന്നു നേരെ മേല്പോട്ടുയർത്തുകയും പതുക്കെ ഇഴച്ചു നീട്ടിവയ്ക്കുകയും ചെയ്തുകൊണ്ടിരുന്നിട്ടും സമ്പൂർണ്ണ നിശ്ശബ്ദമായ ചലനത്തിനുള്ള ശ്രമം ഫലിച്ചിരുന്നില്ല. കാലുകൾ ഈ രീതിയിൽ മുൻപോട്ട നീക്കിവച്ചുകൊണ്ടു ഞാൻ നീങ്ങിയിരുന്നതിൻെറ ഉദ്ദേശം എൻെറ ചലനശബ്ദം പുറത്തുകേൾക്കാതെകഴിക്കണമെന്നുള്ളതു മാത്രമായിരുന്നില്ല.

വല്ല കാരണവശാലും ആ ശബ്ദം പുലിയുടെ ചെവിയിൽ പെട്ടിരുന്നാൽ തന്നെയും, അതു മനുഷ്യചലനമൊഴികെ മറെറന്തെങ്കിലും കാരണവശാൽ ഉയരുന്നതാണെന്നു പുലിക്കു തോന്നണമെന്നുകൂടെ ഞാൻ കരുതി. ഇഴയുകയോ നിരങ്ങി നീങ്ങുകയോ ചെയ്യുന്നതുപോലെയുള്ള വല്ല ശബ്ദവും കേട്ടാൽ, അതു മനുഷ്യൻ നടക്കുന്നതുകൊണ്ടുണ്ടാകുന്നതാണെന്നു പുലി നിശ്ചയമായും വിചാരിക്കില്ല; നിശാസഞ്ചാരിയായ വല്ല ചെറിയ ജന്തുവും പുല്ലിലും ചെടിപ്പടർപ്പിനിടയിലുംകൂടെ നീങ്ങിക്കൊണ്ടിരിക്കയാണെന്നേ കരുതൂ. നേരെമറിച്ച് തറയിൽ കാൽകുത്തി നടക്കുന്നതുപോലെയുള്ള ശബ്ദം കേട്ടാൽ സമീപത്തെവിടെയോ മനുഷ്യൻ സഞ്ചരിക്കുന്നുണ്ടെന്ന് അതു മനസ്സിലാക്കും. ഇരുളിൽ തപ്പിത്തടയുന്നതിനിടയിൽ വിഷമുള്ള വല്ല പാമ്പിൻെറയും പുറത്തു കയറി ചവുട്ടിപ്പോയാൽ അതിൻെറ വിഷപ്പല്ലിൽനിന്നും സംരക്ഷണം നൽകാൻ അപ്രാപ്തമായതരം റബ്ബർചെരിപ്പാണു കാലിൽ കിടക്കുന്നതെന്ന അസുഖകരമായ വിചാരം, ഈ സമയത്തു മനസ്സിൽ നുഴഞ്ഞു കയറി. ആ ചിന്തയെ ഒരു പ്രകാരത്തിൽ മനസ്സിൽ നിന്നു മാററി നിറുത്തിയിട്ട് ഞാൻ മുമ്പിൽ കണ്ട കുററിക്കാട്ടുകളെ ഒഴിഞ്ഞുമാറി നടന്നു നീങ്ങിത്തുടങ്ങി. നേരെ വടക്കോട്ടു നടന്നുവേണം ചത്ത പശുവിൻെറ അട്ടത്തെത്താൻ എന്നായിരുന്നു നിർദ്ദേശം. പക്ഷേ കുററിക്കാട്ടുകളെ ഒഴിഞ്ഞു മാറാനുള്ള ശ്രമത്തിൽ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗത്തിൽ ഭ്രംശം വന്നുപോയി.

ഇടയ്ക്കിടയ്ക്കു ഞാൻ നിന്നു ചെവിയോർത്തു നോക്കി. പക്ഷേ മുമ്പു കേട്ട ശബ്ദം പിന്നീട്ട് ആവർത്തിക്കപ്പെട്ടുകയുണ്ടായില്ല. തോട്ടിൽ നിന്നു് ഇരുനൂറുവാര അകലെയാണ് പശു കിടക്കുന്നതെന്നാണു പറഞ്ഞിരുന്നത്. പക്ഷേ ഞാൻ അതിനെക്കാൾ വളരെയധികം ദൂരം നടന്നു കഴിഞ്ഞിരിക്കുന്നു എന്നെനിക്കു ബോദ്ധ്യമായി. കാർമേഘാവൃതമായ ആകാശത്തിനടിയിൽ, കുററിക്കാട്ടും വൻമരങ്ങളും ഇടതൂർന്നു നിൽക്കുന്ന ഈ വനത്തിൽ,

കുററാക്കുററിരുട്ടിൽ, എനിക്ക് ആകെ ദിഗ്ഭ്രമം ബാധിച്ചിരിക്കുന്നുവോ എന്നു തോന്നിപ്പോയി.

ഇങ്ങനെയിരിക്കെ, യാതൊന്നു കേൾക്കുവാൻ എൻെറ ചേതന എപ്പോഴും ജാഗ്രത്തായിരുന്നുവോ, ആ ശബ്ദം വീണ്ടും കേട്ടു—മാംസം കടിച്ചുകീറുകയും അസ്ഥികൾ കടിച്ചുപൊട്ടിക്കുകയും ചെയ്യുന്ന ശബ്ദം തന്നെ; സംശയമില്ല.

ഭാഗ്യം തന്നെ. പുലി പശുവിൻെറയടുത്തുതന്നെയുണ്ട്; പോരെങ്കിൽ പശുവിനെ കടിച്ചുകീറിത്തിന്നുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുകയുമാണ്. വെടിയേല്പിക്കത്തക്ക ദൂരംവരെ നീങ്ങിച്ചെന്ന് ഫ്ളാഷ്ലൈററു തെളിച്ചുകൊണ്ടു വെടിവയ്ക്കുകയേ വേണ്ടൂ. ഇതെല്ലാം വിചാരിക്കുക, എളുപ്പം കഴിഞ്ഞു. അത്രതന്നെ എളുപ്പമല്ലല്ലോ ആ വിചാരം പ്രയോഗത്തിൽ കൊണ്ടുവരുക എന്നുള്ളതു്.

ഒന്നാമതുതന്നെ, ഞാൻ നീങ്ങിക്കൊണ്ടിരുന്നതു് ഒരു ഭാഗത്തേയ്ക്കു്; ശബ്ദം കേട്ടുകൊണ്ടിരുന്നതു മറെറാരു ഭാഗത്തുനിന്നു്. എൻെറ ഇടതുഭാഗത്തു പുറകിൽ എവിടെനിന്നോ ആണു് ശബ്ദം പുറപ്പെട്ടിരുന്നതു്. അപ്പോൾ ഇരുട്ടിൽ എനിക്കു വഴി കുറെ തെററിപ്പോയിട്ടുണ്ടെന്നുള്ളതു നിശ്ചയം. പശു കിടന്നിരുന്നതിൻെറ വലതുഭാഗത്തുകൂടെ അവിടം കടന്നു ഞാൻ കുറെ മുമ്പോട്ടു പോന്നിരിക്കുന്നു. നേരത്തേ പുലി തീററതിന്നുന്ന ശബ്ദം കേൾക്കാതിരുന്നതു് ഒരു വേള ഇപ്പോൾ മാത്രമാണു് പുലി അവിടെ എത്തിയതു് എന്നതുകൊണ്ടാവാം. അല്ലെങ്കിൽ—അത്ര സുഖപ്രദമായൊരു ചിന്തയായിരുന്നില്ല, അതു്—ഇരുട്ടിലൂടെ ഞാൻ കടന്നുപോന്നതിൻെറ ശബ്ദം കേട്ടിട്ടു്, തൻെറ ഭക്ഷണപരിപാടിക്കു താൽക്കാലിക വിരാമമിട്ടുകൊണ്ടു പുലി അനങ്ങാതെ നിന്നതാണെന്നും വരാം.

ശബ്ദം ഏതുഭാഗത്തുനിന്നാണു കേൾക്കുന്നതെന്നുറപ്പുവരുത്താൻ വേണ്ടി ഞാൻഏതാനും നിമിഷം അനങ്ങാതെ നിന്നു. പുലി ഏതാണ്ടു് 50—100 വാര

ക്കുള്ളിലാണു നിൽക്കുന്നതെന്നു് ഇരുട്ടിൽ നിന്നു ശബ്ദം കേട്ടിരുന്നതിൻെറ അടിസ്ഥാനത്തിൽ ഞാൻ ഊഹിച്ചു.

ഞാൻ ആ ശബ്ദം കേട്ടിരുന്ന സ്ഥാനത്തെ ലക്ഷ്യമാക്കി, വളരെ വളരെ പതുക്കെ കാലുകൾ ഇഴച്ചു നീക്കിക്കൊണ്ടു നടന്നുതുടങ്ങി.

ചത്തമൃഗത്തെ വല്ല പൊന്തക്കാടിൻെറയും പിൻഭാഗത്തോ കുററിക്കാടിനുള്ളിലോ ആണു് പുലി വലിച്ചിഴച്ചുകൊണ്ടു ചെന്നിട്ടിരിക്കുന്നതെങ്കിൽ, എനിക്കു പ്രതീക്ഷയനുസരിച്ചു വെടിയേല്പിക്കാൻ കഴിഞ്ഞില്ലെന്നു വരും. നേരേമറിച്ചു ഞാൻ വെടിവച്ചു മുറിപ്പെടുത്തുന്ന പക്ഷം സാഹചര്യങ്ങളുടെ ആനുകൂല്യം പുലിക്കായിരിക്കും ഉണ്ടായിരിക്കുക. അതു് എന്നെ ആക്രമിക്കാനാണൊരുങ്ങുന്നതെങ്കിൽ ഞാൻ അപകടത്തിലാവും.

അടുത്ത സമയം, ഞാൻ മറെറാരു പ്രകാരത്തിൽ ആലോചിച്ചു സ്വയം സമാധാനപ്പെട്ടു. ഈ പുലി ഇതേവരെ മനുഷ്യരെ ആക്രമിച്ചിട്ടില്ല. എൻെറ ഫ്ളാഷ്ലൈററിൻെറ പ്രകാശം കാണുമ്പോൾ ഒന്നുകിൽ അതു ഭയന്നു് അനങ്ങാതെ നിൽക്കും; അല്ലെങ്കിൽ ഓടിപ്പൊയ്ക്കൊള്ളും.

തുടർന്നുവന്ന മിനിററുകളിലെ സംഭവങ്ങളെ യഥാതഥമായി വിവരിക്കാൻ എനിക്കു കഴിവില്ല; എന്തു ചെയ്തുവെന്നു് വിശദമായി ഓർമ്മിക്കാൻ കഴിയുന്നില്ല. എൻെറ മനസ്സും സമസ്തേന്ദ്രിയങ്ങളും അത്ര്യധികം ജാഗ്രത്തും ലക്ഷ്യവേധനപ്രവണവുമായിരുന്നതിനാൽ മാർഗ്ഗത്തിലുള്ള മരങ്ങളെയുമെല്ലാം ഞാൻ യാന്ത്രികമായി തരണം ചെയ്തു. പുലി തീററതിന്നുന്ന ശബ്ദം തുടർന്നു കേട്ടുകൊണ്ടിരുന്നിടത്തോളം സമയം അതിൽതന്നെ ആമഗ്നനായ മൂപ്പർ ഞാൻ സമീപിക്കുന്നതിൻെറ ശബ്ദം കേൾക്കുകില്ലെന്നു് എനിക്കുറപ്പുണ്ടായിരുന്നു. ഭക്ഷണം കഴിക്കുന്നതിൻെറ ശബ്ദം നിലച്ചാൽ മാത്രമേ ശങ്കിക്കേണ്ടതുള്ളു. അങ്ങനെയെങ്കിൽ പുലി എൻെറ സാന്നിദ്ധ്യം മനസ്സിലാക്കി, ഭക്ഷണം നിറുത്തിവച്ചു്, ചെവികൂർപ്പിച്ചു നിന്നു ശ്രദ്ധിക്കയാവണം.

പുലിയുടെ ഭക്ഷണകോലാഹല ശബ്ദം തുടർന്നു കേട്ടുകൊണ്ടിരുന്നു. ഞാൻ മുമ്പോട്ടുമുമ്പോട്ടടുത്തുകൊണ്ടുമിരുന്നു. ഇഴയുംപോലെയാണ് ഞാൻ നീങ്ങിയിരുന്നതു. ഓരോ ചുവടും നിലത്തുറപ്പിക്കുമ്പോൾ പെരുവിരൽ കൊണ്ടു തറയിൽ തപ്പിനോക്കി അതിന്റെ സ്വഭാവം നിർണ്ണയിച്ച ശേഷമായിരുന്നു. കാലിന്റെ അടിയിൽപെട്ട് ഒരിലയെങ്ങാൻ ഞെരിഞ്ഞു മർമ്മരശബ്ദമുയർത്തിയാൽ, അത്രപോലും ശബ്ദം കേൾപ്പിക്കാതെ കാൽ കുത്തുവാൻ പററിയ ഒരിടത്തിനുവേണ്ടി ഞാൻ തപ്പിത്തിരയുകയായി. ഈ സമയമത്രയും എന്റെ കണ്ണുകൾ മുമ്പിലുള്ള ഇരുട്ടിനെക്കീറി വല്ലതും കാണാൻ ഉററുനോക്കുകയായിരുന്നു; പുലി തീററ തിന്നുന്ന ശബ്ദത്തിൽ നിരന്തരം ജാഗ്രതയോടെ എന്റെ ശ്രവണേന്ദ്രിയങ്ങളും വർത്തിച്ചു.

ആകസ്മികമായി ആ ശബ്ദം നിലച്ചു. സമ്പൂർണ്ണവും ഭയാനകവുമായ നിശ്ശബ്ദത എന്നെ ആവരണം ചെയ്തു.

പുലി സ്വമേധയാ ഭക്ഷണത്തിനിടയ്ക്ക് അല്പസമയം പരിപാടിയൊന്നു് നിറുത്തിവച്ചതായിരിക്കുമോ? അതോ തീററ അവസാനിപ്പിച്ച് അതു് പൊയ്ക്കഴിഞ്ഞുവോ? ഒരുവേള ഇപ്പോൾ പൊയ്ക്കൊണ്ടിരിക്കയാവുമോ? അതോ ഞാൻ പാത്തുപാത്തു് അടുത്തെത്തിയതു ശബ്ദംകൊണ്ടറിഞ്ഞു് എന്നെ ആക്രമിക്കാൻ പുലി ഒരുങ്ങുകയാണെന്നുവരുമോ? ഈ വിവിധ സാദ്ധ്യതകൾ എന്റെ മനസ്സിലൂടെ അതിദ്രുതം പാഞ്ഞുപൊയ്ക്കൊണ്ടിരുന്നതിനിടയിൽ ഞാനും നിന്നേടത്തുതന്നെ അനങ്ങാതെ നിലയുറപ്പിച്ചു.

ഏതാനും സമയം ഞാനിങ്ങനെ അനക്കമില്ലാതെ, ശബ്ദമുണ്ടാക്കാതെ, നിന്നു. എത്ര നേരം എന്നെനിക്കോർമ്മയില്ല. പക്ഷേ ഒന്നു നിശ്ചയമുണ്ട്. അടുത്തതായി സ്വീകരിക്കേണ്ട നടപടിയെന്തു് എന്നതിനെപ്പററി ആയിരുന്നു, എന്റെ ആലോചന. പുലി ഭക്ഷണം നിറുത്തിവച്ചിരിക്കുന്ന ഈ സമയത്തു് മുമ്പോട്ടു നീങ്ങിയാൽ എന്റെ സാന്നിദ്ധ്യം അതു മനസ്സിലാക്കുമെന്ന കാര്യം നിശ്ചയമാണ്—ഒരുവേള, ഇപ്പോൾ തന്നെ മനസ്സിലാക്കി

കഴിഞ്ഞിട്ടില്ലെങ്കിൽ. എത്രതന്നെ കരുതലെടുത്തിരുന്നാലും, അനന്യസാധാരണമായ ശ്രവണശേഷിയുള്ള പുലിയുടെ ശ്രദ്ധയിൽപെടാതെ ഇരുട്ടിൽ നീങ്ങാൻ എനിക്കു കഴിവുണ്ടാകയില്ല. നേരെമറിച്ച്, ഞാൻ അവിടെത്തന്നെ അനങ്ങാതെ നിൽക്കുന്ന പക്ഷം പുലി അടുത്തേയ്ക്കു വരികയാണെങ്കിൽ, ശബ്ദംകൊണ്ട് എനിക്കതറിയാൻ കഴിഞ്ഞുവെന്നു വരാം—പുലി ഏററവും നിശ്ശബ്ദപാദനെന്നു പ്രസിദ്ധിയുള്ള മൃഗമാണെന്നിരിക്കിലും.

ഏതായാലും രണ്ടാമത്തെ മാർഗ്ഗം തന്നെ സ്വീകരിക്കാമെന്നു ഞാൻ നിശ്ചയിച്ചു. അനങ്ങാതെ അവിടെത്തന്നെ നിന്നു. ഞാൻ ആ തീരുമാനമെടുത്തതു് ബുദ്ധിപൂർവ്വമായിപ്പോയി എന്നു തുടർന്നു വന്ന സംഭവങ്ങൾ തെളിയിച്ചു.

ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ അവ്യക്തമായ ഒരു കിരുകിരശബ്ദം കേൾക്കായി. ഞാൻ ചെവികൂർപ്പിച്ചു നിൽക്കുകയായിരുന്നു. ആ ശബ്ദം അല്പസമയം കഴിഞ്ഞു നിലച്ചു. പിന്നെയും തുടങ്ങി. ഇരുളിലൂടെ എന്തോ ഒന്നു് എന്റെ നേരെ നീങ്ങിവരുകയാണു്. പക്ഷേ, ആ 'എന്തോ ഒന്നു്' എന്തുമാകാം. ഒരു പാമ്പോ മറേറാ കുററിക്കാട്ടിലും പുല്ലിലുംകൂടെ ഇഴഞ്ഞു നീങ്ങുമ്പോൾ ഉണ്ടാകുന്നതുപോലെ തുടർച്ചയായുള്ള ഒരു കിരുകിരശബ്ദം. എന്നാൽ നിലംപററിക്കിടന്നുകൊണ്ടു് ഒരു പുലിയിഴഞ്ഞാലും ഇതേ ശബ്ദമാണുണ്ടാവുക. അതോർക്കുകപോലും ഭയപ്രദമായ ഒരനുഭവമായിരുന്നു എന്നു തുറന്നു സമ്മതിച്ചുകൊള്ളട്ടെ.

ഒന്നു നിശ്ചയമായിരുന്നു. എലിയോ തവളയോ, അല്ലെങ്കിൽ വനത്തിലെ അതുപോലുള്ള ചെറുജീവികളിലേതെങ്കിലുമോ അല്ല എന്നെ സമീപിച്ചുകൊണ്ടിരിക്കുന്നതു്; രാപ്പക്ഷികളിലൊന്നുമല്ല. അങ്ങനെയെങ്കിൽ ആ ജീവി അനങ്ങുമ്പോഴൊക്കെ, ഓരോ ചലനത്തിനും വിട്ടുവിട്ടു ശബ്ദം കേൾക്കേണ്ടതാണു്. ഇതു് അങ്ങനെയല്ല. തുടർച്ചയായി മുമ്പോട്ടുള്ള നീക്കത്തെ സൂചിപ്പിക്കുന്ന തരത്തിലുള്ള ഇഴയുന്ന ശബ്ദമാണു്. ഇപ്പോൾ എനി

ക്കുറപ്പായി, ഈ ശബ്ദം, ഒന്നുകിൽ പാമ്പ്, അല്ലെങ്കിൽ പുലി, ഇവയിലൊന്ന് ഇഴഞ്ഞു നീങ്ങുന്നതിൻെറ സൂചനയാണെന്ന്.

ഇതെല്ലാം കുറെ സമയമെടുത്താണ് ഞാൻ നിങ്ങളോടു വിവരിച്ചത്. പക്ഷേ ഈ വിചാരങ്ങളെല്ലാം എൻെറ മനസ്സിലൂടെ പാഞ്ഞുപോയതു മിന്നൽവേഗത്തിലാകയാൽ, അശുഭസൂചകവും കൗശലയുക്തവുമായ ആ ഇഴഞ്ഞുകൊണ്ടുള്ള സമീപനത്തിൻെറ ശബ്ദം കേട്ടു തുടങ്ങി ചുരുങ്ങിയ നിമിഷങ്ങൾക്കുള്ളിൽ ഞാൻ എൻെറ പ്രവൃത്തിപദ്ധതി നിശ്ചയിച്ചുറപ്പിച്ചുകഴിഞ്ഞു.

ഏതാനും നിമിഷങ്ങൾ കൂടെ കഴിഞ്ഞു. പുലിയാണ് പതുക്കെപ്പതുക്കെ എൻെറ നേരെ ഇഴഞ്ഞുവരുന്നതെന്ന് എനിക്കുറപ്പായി. പക്ഷേ ഇഴയുന്ന ശബ്ദം തുടർന്നുകൊണ്ടിരിക്കുന്ന സമയത്തോളം ആക്രമണഭീതിക്കവകാശമില്ല എന്നെനിക്കറിയാമായിരുന്നു. പെട്ടെന്ന് ആ ശബ്ദം നിലച്ചു.

അടുത്തതായി, മൂർക്കൻപാമ്പു ചീറുന്ന മാതിരിയുള്ള ചിരപരിചിതമായ ആ ശബ്ദം കേൾക്കായി. ഇനി മുരളുകയോ ഗർജ്ജിക്കയോ ചെയ്തുകൊണ്ടുള്ള ആക്രമണോദ്യുക്തമായ ആ ചാട്ടം ഉടനെയുണ്ടാകും. ഈ ശബ്ദങ്ങളുടെ അനുക്രമമായ വരവു പലതവണ കേട്ടുപരിചയിച്ചിട്ടുള്ള എനിക്ക് അടുത്തതായി എന്താണു പ്രതീക്ഷിക്കേണ്ടതെന്നു നിശ്ചയമുണ്ടായിരുന്നു. റൈഫിൾ നീട്ടിക്കൊണ്ടു ഞാൻ പെട്ടെന്നു ഫ്ളാഷ് ലൈററു തെളിച്ചു.

ക്രൗര്യം മുററി നിൽക്കുന്ന—ചുവപ്പും വെളുപ്പും ഇടകലർന്ന- രണ്ടു കണ്ണുകൾ എൻെറ നേരെ തുറിച്ചുനോക്കുന്നു. പക്ഷേ ആ മൃഗത്തിൻെറ ബാക്കിഭാഗമൊന്നും കാണാനില്ല. കരിമ്പുലിയുമായാണിടപെടേണ്ടതെന്നും രാത്രിയിൽ അതിനെ തിരിച്ചറിയുക വിഷമമാണെന്നും എനിക്കോർമ്മവന്നു.

പ്രാരംഭഘട്ടത്തിൽ പുലിക്ക് ഒരു വേള ദ്രോഹോദ്ദേശമൊന്നുമില്ലായിരുന്നെന്നു വരാം. തൻെറ ഇരയുടെ സമീപം കേട്ട അനക്കം എന്തിൻേറതാണെന്നുള്ള

അന്വേഷണത്തിനുവേണ്ടി മാത്രം അതു പുറപ്പെട്ടതാണെന്നും വരാം. പക്ഷേ താൻ കേട്ട ശബ്ദം വെറുക്കപ്പെട്ട മനുഷ്യന്റെ ചലനങ്ങളിൽ നിന്നുത്ഭവിച്ചതാണെന്നു കണ്ടപ്പോൾ ആ കരിമ്പുലി ആക്രമണത്തിനൊരുങ്ങിക്കൊണ്ടുള്ള മുരൾച്ച ആരംഭിക്കയാണു ചെയ്തതു്. എന്റെ ടോർച്ചിലെ പ്രകാശത്തിനു നേരെ ഉററുനോക്കിയിരുന്ന ആ കണ്ണുകൾ ലേശമായി ഒന്നു ചിമ്മുകപോലും ചെയ്തില്ല.

ശ്രദ്ധിച്ചു് ഉന്നംനോക്കാൻ എനിക്കു ധാരാളം സമയമുണ്ടായിരുന്നു. ഞാൻ തോക്കിന്റെ നിറയൊഴിച്ചു.

ഞാൻ ആഗ്രഹിക്കയും പ്രതീക്ഷിക്കയും ചെയ്തിരുന്നതുപോലെ പുലി അവിടെത്തന്നെ ചത്തുവീഴുകയോ അല്ലാത്തപക്ഷം മരണവേദനകൊണ്ടു് വീണു പിടയ്ക്കുകയും മാന്തുകയും ചെയ്യുകയോ അല്ല ഉണ്ടായതു്. ഇടവിട്ടിടവിട്ടു് ഇടറിയ ഗർജ്ജനത്തോടെ അതു ചാടിയോടിക്കളകയാണു് ചെയ്തതു്. എന്റെ ഉന്നം തീരെ പിഴച്ചുവെന്നുണ്ടോ? അതോ, പുലിക്കു മുറിവേററുവോ?

ഉന്നം പിഴച്ചിരിക്കാനിടയില്ല എന്നെനിക്കുറപ്പു തോന്നി. പക്ഷേ നേരം പുലരാതെ അക്കാര്യം തീർച്ചപ്പെടുത്തിക്കൂടാ. ഞാൻ മടങ്ങിപ്പോകാനുറച്ചു തിരിഞ്ഞു.

ഇപ്പോൾ എനിക്കു ഫ്ളാഷ് ലൈററു് തെളിച്ചുകൊണ്ടുതന്നെ പോകുന്നതിനു തടസ്സമില്ല. അങ്ങനെ വെളിച്ചത്തിന്റെ സഹായത്തോടെ ഏതാണ്ടു വന്നവഴിയെ തന്നെ ഞാൻ മടക്കയാത്രയാരംഭിച്ചു.

പക്ഷേ എനിക്കു വഴി തെററിപ്പോയി. ഉദ്ദേശം അര മണിക്കൂർ സമയം എതിലെയൊക്കെയോ നടന്നിട്ടും ഞാൻ വനത്തിലേക്കു പ്രവേശിച്ച തോടിന്റെ സ്ഥാനം കണ്ടുപിടിക്കാൻ എനിക്കു കഴിഞ്ഞില്ല.

ഞാൻ തലയുയർത്തി ആകാശത്തിലേക്കു നോക്കി. ഇപ്പോഴും അവിടമെല്ലാം കാർമേഘാവൃതമാണു്. ശിവനിപ്പള്ളിയിലെത്താനുള്ള മാർഗ്ഗനിർണ്ണയം ചെയ്യാൻ തെല്ലെങ്കിലും സഹായകമാംവിധം ഒററനക്ഷത്രമെങ്കിലും അവിടെയെങ്ങും കാണ്മാനില്ല. അപ്പോൾ ഒരുകാര്യം എനി

ക്കോർമ്മ വന്നു. ഗ്രാമത്തിൽനിന്നു ഭൂമി ക്രമേണ പടിഞ്ഞാറോട്ട ചരിഞ്ഞു ചരിഞ്ഞു വന്ന് രണ്ടു പുഴകളും സന്ധിക്കുന്ന മലയിടുക്കിലെത്തുകയാണു ചെയ്യുന്നതു്. ആ സ്ഥിതിക്കു ക്രമേണയുള്ള കയററം കയറിച്ചെന്നാൽ വലിയ തെററു പററാനിടയില്ലെന്നും ഗ്രാമത്തിലൊ അതിൻെറ സമീപത്തെവിടെയെങ്കിലുമൊ ചെന്നെത്താൻ കഴിയുമെന്നും ഞാൻ ഊഹിച്ചു.

ഞാൻ മല കയറിത്തുടങ്ങി.

എന്നാൽ ശിവനിപ്പള്ളിയിലൊ അതിനടുത്തെവിടെയെങ്കിലുമൊ എനിക്കു ചെന്നെത്താൻ കഴിഞ്ഞില്ല. പ്രതീക്ഷകളെല്ലാം തെററി. രാത്രി പതിനൊന്നര മണി കഴിഞ്ഞപ്പൊഴേക്കു ഞാൻ ചെന്നെത്തിയതു വടക്കോട്ടു ശാലിവരമ്പത്തേക്കു കിടക്കുന്ന മലമ്പാതയുടെ പകുതിഭാഗത്തിനപ്പുറത്താണു്. അപ്പൊഴേക്കു് എനിക്കു ദിക്കു നിശ്ചയം വന്നു. പിന്നെ അര മണിക്കൂറിനുള്ളിൽ ഞാൻ ഗ്രാമത്തിലെത്തി.

രംഗസ്വാമിയെ വിളിച്ചു വരുത്തി വിവരങ്ങളൊക്കെ പറഞ്ഞു രാത്രിയിൽ ആ അസമയത്തു കൂടുതലായി ചെയ്യാനൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടു കിടന്നുറങ്ങാമെന്നു തീർച്ചപ്പെടുത്തി.

ശിവനിപ്പള്ളി ചെറിയൊരു ഗ്രാമമാണു് എന്നു ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ഏതാണ്ടു് അരഡസൻ കുടിലുകളേ അവിടെയുള്ളു. പല ഭാര്യമാരും കുട്ടികളുമൊക്കെയായിട്ട് വമ്പിച്ചൊരു കുടുംബമാണു് രംഗസ്വാമിയുടേതു്. ആ സ്ഥിതിക്കു അയാളുടെ കുടിലിലേക്കു എന്നെക്കൂടെ ക്ഷണിക്കുമെന്നു പ്രതീക്ഷിക്കേണ്ടതില്ലല്ലൊ. അതുകൊണ്ടു ഞാൻ പ്രധാനപാതയിൽ നിന്നു് അല്പം വടക്കുമാറി കാണപ്പെട്ട വൈക്കോൽകുണ്ടയിൽ കയറി ഉറങ്ങാൻ കിടന്നു. തണുപ്പിൽ നിന്നു രക്ഷപെടാൻവേണ്ടി മഞ്ഞു വീണു നനഞ്ഞിരുന്ന കുറെ വൈക്കോൽ വാരി പുതയ്ക്കുകയും ചെയ്തു.

ദക്ഷിണേന്ത്യൻ വനഭാഗങ്ങളിൽ ധാരാളമായി കാണപ്പെടുന്ന ചെള്ളിൻെറ കടിക്കു് ഇരയാകുന്ന സജീ

വാനുഭവത്തിനുള്ള മോഹം നിങ്ങൾക്കു വല്ലപ്പോഴും തോന്നുന്നവെങ്കിൽ ശിവനിപ്പള്ളിയിലെത്തി വൈക്കോൽക്കുണ്ടയിൽ കിടന്നു് ഒരു രാത്രി ഉറങ്ങാൻ ഞാൻ ശുപാർശ ചെയ്യുന്നു. നിങ്ങൾക്കു നിശ്ചയമായും മോഹഭംഗത്തിനിടയാവില്ല. ഒരു മൊട്ടുസൂചിയുടെ മൊട്ടിനെക്കാളധികം വലിപ്പമില്ലാത്ത ഒരു ചെറുപ്രാണിയാണു് ഈ ചെള്ളു്. നിങ്ങളുടെ രക്തം കുടിച്ചു നിറയുന്നതോടെ അതു സാമാന്യത്തിലധികം വീർത്തുവശാകുന്നു. എങ്കിലും തീരെ കൃതജ്ഞതാബോധമില്ലാത്ത ഒരു ജീവിയാണിതു്. ഈ ചെള്ളു് നിങ്ങളുടെ രക്തം കുടിക്കുക മാത്രമല്ല, രക്തം കുത്തിയെടുത്ത സ്ഥാനത്തു് പഴുക്കുന്ന വ്രണമായി പരിണമിക്കുന്ന ഒരു ചെറിയ മുറിവു് അവശേഷിപ്പിക്കുകൂടെ ചെയ്യുന്നു. അതിൻെറ കടിയേററുണ്ടാകുന്ന അസഹ്യമായ ചൊറിച്ചിൽ പരിഹരിക്കാൻ നിങ്ങൾ മാന്തിപ്പൊളിക്കുന്നതിൻെറ തോതനുസരിച്ചു് മുറിവായ് വികസിക്കയും അകത്തു ചലവും പുറമെ പൊററയുമുള്ള വ്രണമായിത്തീരുകയും ചെയ്യും. ഈ പ്രാണികളിൽ അധികമെണ്ണത്തിൻെറ ആക്രമണത്തിനു് ഏകകാലത്തു തന്നെ നിങ്ങളുടെ ശരീരം വിധേയമായിപ്പോയാൽ വ്രണങ്ങൾക്കു പുറമെ ഒരു തരം പനിയും പിടിപെടും.

ആ നശിച്ച രാത്രി ഞാൻ ഉറങ്ങിയെന്നു തന്നെ പറയാനില്ല. ശരീരമാകെ ചൊറിഞ്ഞുകൊണ്ടു തന്നെ ഞാൻ രാത്രി കഴിച്ചുകൂട്ടി. നേരംവെളുത്തപ്പോൾ അത്യന്തം അസംതൃപ്തനും അപ്രസന്നനുമായിരുന്നു ഞാൻ. ശത്രുവിനോടു് —പുല്ലിൽ കാണുന്ന ചെള്ളിൻപടയായിരുന്നു ആ പ്രതിയോഗി—നിസ്സംശയമായി പരാജയപ്പെട്ട ഒരുവൻെറ നിസ്സഹായാവസ്ഥയായിരുന്നു, എൻേറതു്.

വളരെ അധഃപതിച്ചുപോയിരുന്ന എൻെറ മാനസികനിലവാരത്തിനു് ഒരു നവോന്മേഷം നൽകാൻ രാവിലെ ആദ്യമായി വേണ്ടിയിരുന്നതു് നല്ല ചൂടുള്ള അല്പം ചായയാണു്. അതുകൊണ്ടു ഞാൻ രംഗസ്വാമിയുടെ കുടിലിലേക്കു ചെന്നു. വീട്ടുകാർ കുറെ താമസിച്ചുണരുന്ന പതിവുകാരാണെന്നു തോന്നുന്നു. ഇതു് എനിക്കത്ര പന്തി

യാവുന്ന പരിതഃസ്ഥിതിയല്ലാത്തതുകൊണ്ടു് ഞാൻ വാതിലിൽ ശക്തിയായിത്തട്ടി ഉറക്കെ വിളിക്കുട്ടിത്തുടങ്ങി. കുറെ നേരത്തെ ശ്രമം കഴിച്ചപ്പോൾ അകത്തു് ആളുനങ്ങുന്ന ശബ്ദം കേൾക്കാറായി. ഒടുവിൽ അകത്തെ സാക്ഷാ നീക്കി വാതിൽ തുറന്നു്, പാറിപ്പറന്ന മുടിയും ഉറക്കം തൂങ്ങിയ മുഖവുമായി രംഗസ്വാമി പ്രത്യക്ഷപ്പെട്ടു.

ഞാൻ അയാളോടു തീകൂട്ടാൻ ആവശ്യപ്പെട്ടു. തെരുവിൻെറ എതിർവശത്തു മൂന്നു കല്ലുകൾ പെറുക്കിവച്ചു്, നനഞ്ഞ വിറകു കഷ്ണങ്ങളും, വൈക്കോലും ചേർത്തു് ആകെ പുകമയമായ ഒരഗ്നികുണ്ഡം രംഗസ്വാമി തയാറാക്കി. ഞാൻ പാത്രമൊന്നും കയ്യിൽ കരുതിയിട്ടില്ലായിരുന്നതിനാൽ രംഗസ്വാമിയുടെ വീട്ടിലെ മൺകലങ്ങളിലൊന്നു തൽക്കാലാവശ്യത്തിനു വായ്പ വാങ്ങി. അതു വളരെ സ്വച്ഛമായി സൂക്ഷിക്കുന്നതാണെന്നൊക്കെ അയാൾ പറഞ്ഞെങ്കിലും പാത്രം കണ്ടിട്ടു് ആ പ്രസ്താവന അപ്പാടെ അംഗീകരിക്കാൻ ഞാൻ തയ്യാറില്ലായിരുന്നു.

ഏതായാലും ഒടുവിൽ വെള്ളം തിളച്ചു. ഞാൻ എൻെറ വാട്ടർ ബോട്ടിലിൽ കുറെ തേയില എടുത്തിട്ടു് അതിൻെറ കൂടെ കുറെ തിളച്ച വെള്ളവുമൊഴിച്ചിട്ടു് ഇളക്കുന്നതിനു പകരം കുപ്പി നന്നായി കുലുക്കിത്തയാറാക്കി. ഇതിനിടയ്ക്കു മററു കുടിലുകളിലെ ആളുകളുമൊക്കെ ഉണർന്നെണീററു വന്നുതുടങ്ങി. അവരൊക്കെ എന്തോ താല്പര്യത്തോടെ ഉററു നോക്കിനിന്നു. ചിലർ എനിക്കു കുറെ പാൽ സൽക്കരിച്ചു. മററു ചിലർ കരുപ്പട്ടിച്ചക്കര തരാമെന്നു പറഞ്ഞു. പഞ്ചസാര കയ്യിൽ കരുതാൻ മറന്നുപോയ ഞാൻ ഇതിൽ വളരെ കൃതജ്ഞനായിരുന്നു. ഞങ്ങൾ പാലും തിളപ്പിച്ചെടുത്തു. എൻെറ കയ്യിലുണ്ടായിരുന്ന പാനപാത്രത്തിനകത്തു കുറെ ചക്കരയിട്ടു ചായയും പാലും ചേർത്തിളക്കി. നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഞാൻ പറയട്ടെ, ചായയോടു് ഏതാണ്ടു് സാമ്യമുള്ള ഒരു പാനീയമായിട്ടാണു് അതു പരിണമിച്ചതു്.

ഏതാനും മുട്ട വാങ്ങി പുഴുങ്ങിയെടുത്തു ഞാൻ പ്രഭാതഭക്ഷണം നിർവഹിച്ചു. ഏതാണ്ടു് ഏഴുമണി സമയ

മായപ്പോഴേക്ക് തലേന്നുരാത്രി നാശംപിടിച്ച ചെള്ളുകള്ളുമായി നടന്ന സമരത്തിൽ നേരിട്ട പരാജയത്തിൻെറ മനഃക്ഷീണത്തിൽ നിന്നു കുറെയൊക്കെ മുക്തനായിത്തീൎന്ന ഞാൻ സ്വന്തം കാൎയ്യത്തിൽ കുറെയൊക്കെ താല്പൎയ്യമെടുക്കത്തക്ക നിലയിലെത്തുകയും പുലിയെ കണ്ടുപിടിക്കുന്ന വിഷയത്തിൽ എടുക്കേണ്ട നടപടികളെപ്പററി ചിന്തിച്ചുതുടങ്ങുകയും ചെയ്തു.

തലേന്നാൾ ഞങ്ങളുടെ കൂടെയുണ്ടായിരുന്ന മാട്ടിടയൻ അതേവരെ വന്നെത്തിയിരുന്നില്ല. അവനെയൊ അല്ലെങ്കിൽ അവനെപ്പോലെയുള്ള മററാരെയെങ്കിലുമോ ശട്ടം കെട്ടി, കിട്ടുമെന്നുള്ള പക്ഷം കുറെ പോത്തുകളെ അഴിച്ചുവിട്ടു കാടിളക്കണമെന്നു ഞാൻ രംഗസ്വാമിയോടു പറഞ്ഞു. എൻെറ വെടി ലക്ഷ്യത്തിലേൽക്കാതെ പോയിട്ടില്ലെന്ന് എനിക്കുറപ്പുണ്ടായിരുന്നതിനാൽ, പോത്തുകൾ കാട്ടിലൂടെ ഓടുമ്പോൾ പുലി വല്ല പൊന്തക്കാട്ടിലും വീണുകിടക്കുന്നുണ്ടെങ്കിൽ കണ്ടുപിടിക്കാമെന്നുള്ളതായിരുന്നു, എൻെറ കണക്കുകൂട്ടൽ.

ശിവനിപ്പള്ളിയിൽ പോത്തിനെ കിട്ടാനില്ലെന്നാണ് അവിടെക്കൂടിയിരുന്നവരെല്ലാം പറഞ്ഞത്. അതുമല്ല, പുലിയുമായി സംഭാവ്യമായ ഏററുമുട്ടലിൻെറ അപകടത്തിനു തങ്ങളുടെ മൃഗങ്ങളെ വിട്ടു പരീക്ഷിക്കാൻ ആരും ഒരുക്കവുമില്ലായിരുന്നു. ഈ സമയമായപ്പോഴേക്ക് തലേന്നാൾ രാത്രി എനിക്കു കൂട്ടായി വന്നിരുന്ന മാട്ടിടയൻ വന്നുകൂടി. ശാലിവരത്തുള്ള തൻെറ സ്നേഹിതന് ഒരു തോക്കുണ്ടെന്നും, എൻെറകൂടെ തുണയ്ക്കുവരാൻ വേണ്ടി ആ തോക്കു വായ്പ വാങ്ങാമെന്നു കരുതി വെളുപ്പിനു തന്നെ ശാലിവരത്തു പോയിരുന്നതുകൊണ്ടാണ് വരാൻ താമസിച്ചതെന്നും, നിർഭാഗ്യവശാൽ സ്നേഹിതൻ അവിടെയില്ലാതെ വന്നതുകൊണ്ടു തോക്കുകിട്ടിയില്ലെന്നുമൊക്കെ അയാൾ പറഞ്ഞു.

എനിക്കു സഹായകരമായി പ്രവർത്തിക്കാൻ കരുതിക്കൊണ്ടുള്ള അയാളുടെ ഉദ്യമങ്ങൾക്കു ഞാൻ നന്ദിപറഞ്ഞു. എങ്കിലും അയാൾക്ക് തേടിപ്പോയ മത്സിൽ

ലോഡർ തോക്കുലഭിക്കാതെ പോയതിൽ ഞാൻ കൂടുതൽ കൃതജ്ഞനായിരുന്നു. വേണ്ടത്ര പരിചയമില്ലാത്ത ഒരാളിന്റെ പക്കൽ ഏററവും അപകടകരമായ ഒരായുധമാണു് മസിൽലോഡർ. അയാൾ ആ തോക്കുമായി എന്റെ പിന്നിൽ സഞ്ചരിച്ചുകൊണ്ടിരുന്നുവെങ്കിൽ എനിക്കു ലേശം മനഃസമാധാനമുണ്ടായിരിക്കില്ലായിരുന്നു എന്നു ഞാൻ തുറന്നു പറയട്ടെ.

പുലിയെ കണ്ടുകിട്ടുന്ന ആവശ്യത്തിനുവേണ്ടി കാടിളക്കാൻ പോത്തിനെക്കിട്ടുകയില്ലെന്നു വന്നപ്പോൾ ശിവനിപ്പള്ളി ഗ്രാമത്തിൽ പട്ടിയെ വളർത്തുന്നവരായിട്ടുള്ള ആളുകളുടെ സഹായം ഞാൻ അഭ്യർത്ഥിച്ചു. കുറെ നേരത്തെ മുക്കലും മൂളലുമെല്ലാം കഴിഞ്ഞു് എന്റെ മുമ്പാകെ ഹാജരാക്കപ്പെട്ടതു് ഒരേ ഒരു പട്ടിയെയാണു്; കൃശഗാത്രിയായ ഒരു പെൺപട്ടി. തവിട്ടുനിറവും വളരെ നീണ്ടു വളഞ്ഞ വാലുമുള്ള അതിന്റെ ചെവിരണ്ടും ചുവട്ടിൽ വച്ചു മുറിക്കപ്പെട്ടിരുന്നു. ശരിയായ ഒരു നാടൻ പറപ്പട്ടിയുടെ മാതൃക. ചെവിക്കകത്തും പുറത്തും പററിപ്പിടിച്ചുവളരുന്ന ചെള്ളിന്റെ ശല്യമുണ്ടാകാതിരിക്കാൻ വേണ്ടി ചെറുപ്രായത്തിൽത്തന്നെ ചെവിമുറിച്ചു നീക്കിയതാണു്. അങ്ങനെയാണുപോൽ പതിവു്. ഇടയ്ക്കിടയ്ക്കു പട്ടിയുടെ ചെവിയിലെ ചെള്ളുനീക്കിക്കളയാനുണ്ടാകുന്ന മിനക്കേടിനെക്കാൾ ഭേദം, ചെറുപ്രായത്തിൽതന്നെ ചെവിമുറിച്ചുകളഞ്ഞു് ചെള്ളിനു വളരാനുള്ള സാഹചര്യമില്ലാതാക്കുന്നതാണു് എന്നാണു് ഗ്രാമീണരുടെ സരളമായ യുക്തിബോധം അവരെ ഉപദേശിച്ചതു്.

'കുഷ്' എന്നായിരുന്നു ഈ നായുടെ പേരു്. എന്റെ പഴയ നായാട്ടുസുഹൃത്തായ പൂജാരി ബൈരാ യുടെ വക 'കുഷ്കുഷ്കരിയ' എന്ന നായുടെ കാര്യം ഞാൻ ഇപ്പോൾ ഓർമ്മിച്ചു പോയി. സേലം ജില്ലയിലെ വനപ്രദേശങ്ങളിൽ പാക്കുന്ന ആളുകൾ പട്ടിക്കു നൽകുവാൻ ഏററവുമധികം ഇഷ്ടപ്പെടുന്ന പേരുകളിലൊന്നാണിതു് എന്നതുകൊണ്ടാണോ, അതോ പട്ടിയുടെ ശ്രദ്ധയെ ആകർഷിക്കാൻ ഉപയോഗിക്കുന്നതിനോടു സാമ്യ

മുള്ള ഒരു ശബ്ദം ഈ പേരിൻെറ ഉച്ചാരണത്തിൽ നിന്നു ലഭിക്കുന്നു എന്നതുകൊണ്ടാണോ ഇവിടങ്ങളിലെ പട്ടികളുടെയിടയിൽ ഈ പേരു് ഇത്ര സർവസാധാരണമായിരിക്കുന്നതു് എന്നെനിക്കറിഞ്ഞുകൂടാ. ഈ രണ്ടാമതു പറഞ്ഞതായിരിക്കണം കാര്യം, എന്നാണെൻെറ ഊഹം. അതെങ്ങനെയായിരുന്നാലും, പേരിലെന്നപോലെ അത്യസാധാരണമായ ബുദ്ധികൗശലത്തിലും ബൈറായുടെ നാശ്ശ തുല്യമാണു് ഇതും, എന്നു ഞാൻ തീരെ കരുതിയിരുന്നില്ല.

ഒടുവിൽ രംഗസ്വാമി, മാട്ടിടയൻ, കുഷ് എന്ന നായ്, അതിൻെറ ഉടമസ്ഥൻ എന്നിവരെ കൂട്ടിക്കൊണ്ടു് പുലിക്കെന്തു സംഭവിച്ചു എന്ന അന്വേഷണത്തിനായി ഞാൻ പുറപ്പെട്ടു.

കഴിഞ്ഞ രാത്രി പോയ വഴിക്കുതന്നെയായിരുന്നു, യാത്ര. തോട്ടിൽ കൂട്ടുകാർ എന്നെ വിട്ടുപോയ സ്ഥാനത്തെത്തി, അവിടെമുതൽ ഞാൻ ഏകാകിയായി നടന്നുപോയ വഴിപിടിച്ചു തോട്ടിലൂടെ മുമ്പോട്ടുചെന്നു് രണ്ടു വളവുകളും തിരിഞ്ഞു് ഞാൻ കരയ്ക്കുകയറിയ സ്ഥാനത്തുതന്നെയെത്തി. ഞങ്ങൾ തോട്ടിൻെറ വടക്കേ കരയിലേയ്ക്കു കയറി.

അവിടെമുതൽ നിറയൊഴിക്കാൻ തക്കവിധം തോക്കു നീട്ടിപ്പിടിച്ചുകൊണ്ടു് ഞാൻ ഏററവും മുമ്പിലായി നടന്നു. നായുടെ ഉടമസ്ഥൻ ഏററവും പുറകിൽ. 'കുഷ്' ഞങ്ങളുടെ രണ്ടുപേരുടെയും ഇടയിലായി മുമ്പോട്ടും പുറകോട്ടും ഓടിക്കൊണ്ടിരുന്നു. ഞങ്ങളുടെ ഇടയ്ക്കായി മുമ്പിൽ രംഗസ്വാമിയും അയാളുടെ പുറകിൽ മാട്ടിടയനും നടന്നിരുന്നു.

തലേന്നാൾ രാത്രിതന്നെ ബോദ്ധ്യപ്പെട്ടിരുന്നതുപോലെ, കുററിക്കാടുകൾ ഇടതൂർന്നു വളർന്നിരുന്ന ആ ഭാഗത്തു്, ഏതുമാർഗ്ഗത്തിലൂടെയാണു് കഷ്ടിച്ചു പന്ത്രണ്ടു മണിക്കൂറുകൾക്കു മുമ്പു ഞാൻ നടന്നു പോയതെന്നു കണ്ടുപിടിക്കാൻ യാതൊരു മാർഗ്ഗവുമില്ലായിരുന്നു. ഞാൻ കടന്നുപോയതു് ഏതു ദിക്കിലേക്കാണെന്നു് എനിക്കു് ഏതാ

ണ്ടൊരൂഹമുണ്ടായിരുന്നെങ്കിലും തലേരാത്രിയിൽ ഏതേതു വൃക്ഷങ്ങളെയും പൊന്തകളെയും കടന്നാണു ഞാൻ പോയിരുന്നതെന്നു തിരിച്ചറിയാൻ കഴിഞ്ഞില്ല.

ചത്തപശു കിടന്നിരുന്ന സ്ഥലം ആ മാട്ടിടയനറിയാമായിരുന്നു. പക്ഷേ ഞാൻ എവിടെനിന്നുകൊണ്ടു പുലിയെ വെടി വെച്ചുവോ ആ സ്ഥാനം നിവൃത്തിയുള്ള പക്ഷം കൃത്യമായി കണ്ടുപിടിക്കണമെന്നായിരുന്നു എൻെറ ഉദ്ദേശം. അതു ഫലിച്ചില്ല. രാത്രിയിൽ കാണുന്നതിനേക്കാൾ വലിപ്പം, സ്ഥാനം, രൂപം എന്നിവയിലെല്ലാം എത്ര ചെറുതും വ്യത്യസ്തവുമായിട്ടാണ് കുററിച്ചെടികളും പൊന്തക്കാടുകളും പകൽ വെളിച്ചത്തിൽ പ്രത്യക്ഷപ്പെടുന്നതെന്ന് വനങ്ങളുമായി പരിചയമുള്ളവക്കറിയാം. ഇരുളിൽ വനത്തിലുള്ള എല്ലാററിനും കൂടുതൽ വലിപ്പം തോന്നും. അവയുടെ രൂപം തന്നെ ആകെ വ്യത്യാസപ്പെട്ട തോന്നും. അവ നിൽക്കുന്ന സ്ഥാനത്തെപ്പററിയും മിഥ്യാധാരണയാണുണ്ടാവുക.

ഒടുവിൽ ഞാൻ ആ മാട്ടിടയൻെറ സഹായത്തോടെ പശുവിൻെറ മൃതദേഹം കിടന്നിരുന്ന സ്ഥാനത്തു ചെന്നെത്തി. അയാൾക്ക് അവിടം കണ്ടുപിടിക്കാൻ പ്രയാസമൊന്നുമുണ്ടായില്ല. പശുവിൻെറ മാംസം പകുതിയും പുലി തിന്നു കഴിഞ്ഞിരുന്നു. ഞാൻ വെടിവക്കുന്നതിനു മുമ്പു തിന്നതാണോ അതോ എൻെറ ഉന്നം പിഴക്കയാൽ രക്ഷപെട്ട പുലി മടങ്ങി വന്ന് അത്രയും തിന്നു തീർത്തതായിരിക്കുമോ? അങ്ങനെ ഉന്നം പിഴച്ച കാരണത്താൽ വെടിയേൽക്കാതെ രക്ഷപെട്ട ചില പുലികൾ തങ്ങൾകൊന്ന മൃഗത്തിൻെറ മാംസംതിന്നാൻ മടങ്ങിയെത്തിയ ഉദാഹരണങ്ങളുണ്ട്. എന്നാൽ എൻെറ അനുഭവത്തിലെങ്കിലും ഇതു് അത്ര സാധാരണയായ ഒരു കാര്യമല്ല.

പശുവിൻെറ ജഡം കിടന്നിരുന്നിടത്തെത്തിയപ്പോൾ ഏതുഭാഗത്തുനിന്നാണു ഞാൻ അവിടേക്കു സമീപിച്ചതു് എന്നോർമ്മിക്കാൻ ഞാൻ ഒരു ശ്രമം നടത്തിനോക്കി. അങ്ങനെ തലേന്നു രാത്രിയിലെ എൻെറ ചല

നങ്ങളെ മനസ്സിലിട്ട് അപഗ്രഥനം ചെയ്ത് എവിടെ നിന്നുകൊണ്ടാണു നിറയൊഴിച്ചതെന്നു കണ്ടുപിടിക്കാനായിരുന്നു ഉദ്യമം. പുലി എത്ര ദൂരംവരെ എൻെറ നേരെ ഇഴഞ്ഞു എന്നതു നിർണ്ണയിക്കാൻ നിർഭാഗ്യവശാൽ എനിക്കു നിർവാഹമില്ലായിരുന്നു. പിന്നെ, അതു തീററ തിന്നുന്നതിൻെറ ശബ്ദം പുറപ്പെട്ടിരുന്നതു് ഞാൻ നിന്നിരുന്നേടത്തുനിന്നു് എത്ര അകലത്തിൽ നിന്നായിരിക്കാം എന്ന കാര്യത്തിൽ എൻെറ സ്വന്തം യുക്തിയെ ആശ്രയിച്ച് ഒരു നിഗമനത്തിലെത്താനേ കഴിയുമായിരുന്നുള്ളു. രാത്രികാലത്തു വനഭൂമിയിലുയരുന്ന ശബ്ദം—പ്രത്യേകിച്ചും ശബ്ദം പുറപ്പെടുവിക്കുന്നതും കേൾക്കുന്നതുമായവർ കുററിക്കാടുകളുടെ മറവിലായിരിക്കുമ്പോൾ—പലപ്പോഴും മനുഷ്യരെ വഴിതെററിക്കാൻ പോന്നതാണ്. ശബ്ദം പുറപ്പെടുന്ന സ്ഥാനത്തിൻെറ അകലത്തെപ്പററി ഊഹിക്കുക വളരെ ദുഷ്ക്കരമായിരിക്കും. ഞാൻ നിന്നിരുന്നതും പുലി തീററതിന്നിരുന്നതുമായ സ്ഥാനങ്ങൾ തമ്മിൽ പതിനഞ്ചു വാരയ്ക്കും അമ്പതുവാരയ്ക്കും ഇടയിൽ അകലമുണ്ടായിരുന്നിരിക്കണം എന്നാണെനിക്കു തോന്നിയതു .

ഞാൻ നിന്നിരുന്ന സ്ഥലത്തിൻെറ അകലത്തെപ്പററി ഏകദേശമായ ഒരൂഹക്കണക്കു വച്ചുകൊണ്ട് ഞാൻ ആ പതിനഞ്ചുവാര ദൂരം കാൽകൊണ്ടളന്നിട്ട് അവിടെ ഒരടയാളം വയ്ക്കാൻ കൂടെയുണ്ടായിരുന്നതിൽ ഒരുവനോടു പറഞ്ഞു. പിന്നെ മുപ്പത്തഞ്ചു വാരകൂടെയളന്നു ഞാൻ നിന്നതും പുലി തീററതിന്നു നിന്നിരുന്നതുമായ സ്ഥാനങ്ങൾ തമ്മിലുള്ള പരമാവധി അകലമായി ഞാൻ സങ്കല്പിച്ച അമ്പതുവാര തികച്ചു. അവിടെയും ഒന്നടയാളപ്പെടുത്തി.

ഈ രണ്ടടയാളങ്ങൾക്കിടയിൽ എവിടെയെങ്കിലും നോക്കിയാൽ എൻെറ വെടി പുലിക്കേററുവോ ഇല്ലയോ എന്നുള്ളതിൻെറ വല്ല ലക്ഷ്യവും കണ്ടുകിട്ടാനിടയുണ്ടെന്നു ഞാൻ കരുതി. ലക്ഷ്യങ്ങളൊന്നും കാണാത്തപക്ഷം എൻെറ ലാക്കു പൂർണ്ണമായി പിഴച്ചു എന്നു് അവസാനമായി തീരുമാനിക്കാമെന്നുമുദ്ദേശിച്ചു.

ഇത്രയൊക്കെയായപ്പോഴേക്ക് ഒരു കാര്യം കൂടെ എനിക്കുറപ്പായി; പുലിക്കു വെടിയേററിട്ടുള്ള പക്ഷവും അതു് അവിടെയടുത്തെങ്ങും പതിയിരിക്കുന്നില്ല. അങ്ങനെയുള്ള പക്ഷം ഞങ്ങളൊക്കെ അവിടെ ചുററിനടക്കുകയും സംസാരിക്കുകയും ചെയ്യുന്ന ശബ്ദം കേട്ടിട്ടു് അതു് അനങ്ങാതിരിക്കാൻ ഇടയില്ല. ഒന്നുകിൽ മുരണ്ടുതുടങ്ങുകയൊ അല്ലെങ്കിൽ ഞങ്ങളുടെനേരെ ആക്രമണോദ്യുക്തനായി ചാടിവരികയൊ ചെയ്യേണ്ടതാണു്. അത്തരം പ്രതികരണമൊന്നും കാണായ്കയാലും ചുററും നിറഞ്ഞുനിന്ന നിശ്ശബ്ദതകൊണ്ടും എനിക്കു തോന്നി, പുലിക്കു് ഒരു വേള എൻെറ വെടിയേററിട്ടുണ്ടെങ്കിൽ പോലും പരുക്കു നിസ്സാരമാകയാൽ അതു് ഓടി രക്ഷപെട്ടിട്ടുണ്ടു് എന്നു്.

അവിടെ മുഴുവൻ ചുററിനടന്നു് രക്തത്തുള്ളികൾ വീണ പാടുവല്ലതും കാണാനുണ്ടോ എന്നു നോക്കാൻ ഞാൻ കൂടെയുണ്ടായിരുന്ന മൂവരെയും ശട്ടംകെട്ടി. ഞാനും അവരുടെ കൂടെക്കൂടി അവിടയൊക്കെ പരിശോധിച്ചു തുടങ്ങി. അധികം താമസിയാതെ 'കുഷ്' എന്തിൻെറയൊ മണം പിടിക്കുന്നതായി അവളുടെ ഉടമസ്ഥൻെറ ശ്രദ്ധയിൽപെട്ടു. അന്വേഷിക്കുന്നതു കണ്ടുകിട്ടിയിരിക്കുന്നു എന്നു് അയാൾ വിളിച്ചു പറഞ്ഞു. ഞങ്ങളെല്ലാം അവിടെ ചുററും കൂടി. ഇഞ്ചിപ്പുല്ലിൻെറ ഒരിലയിൽ രക്തം വീണുണങ്ങി കാണപ്പെട്ടു.

എൻെറ ഉത്സാഹം വർദ്ധിച്ചു. ഞാൻ വച്ചവെടി ലക്ഷ്യത്തിലേൽക്കാതെ പോയില്ല എന്നതിനു തെളിവു് ലഭിച്ചിരിക്കുന്നു. രക്തംപുരണ്ടു കാണപ്പെട്ട സ്ഥാനത്തിനു തറയിൽ നിന്നുള്ള ഉയരം പരിഗണിച്ചതിൽ, വെടി പുലിയുടെ ശരീരത്തിൻെറ മുകൾഭാഗത്തെവിടെയെങ്കിലുമാണു് ഏററിട്ടുള്ളതെന്നു വിചാരിക്കണം. ഫ്ളാഷ്ലൈററു തെളിഞ്ഞപ്പോൾ പുലിയുടെ രണ്ടുകണ്ണുകൾ കണ്ടിട്ടു് അതിൻെറ ഒത്തമദ്ധ്യം ലക്ഷ്യമാക്കിയാണു് ഞാൻ തോക്കിൻെറ നിറയൊഴിച്ചതു്. അപ്പോൾ വെടി കൊണ്ടു പുലിയുടെ തലയ്ക്കു മുറിവേററിരിക്കണം. ഒരു വേള, പുലി നിലംപററി പതുങ്ങിപ്പതുങ്ങി വരുന്ന

സമയം അതിന്റെ ശരീരത്തിന്റെ പിൻഭാഗം ഉയർന്നു നിന്നിരുന്നുവെങ്കിൽ—പുലി മുമ്പോട്ടിഴഞ്ഞു നീങ്ങുമ്പോൾ അങ്ങനെയൊരു നില സ്വീകരിക്കുക അസ്വാഭാവിക മാണ്—വെടി അതിന്റെ പുറത്തു പിൻഭാഗത്തായിട്ടാണു കൊണ്ടതെന്നും വരാം.

ഇവിടെയാണ് 'കുഷ്' അവളുടെ സാമർത്ഥ്യം പ്രകടിപ്പിച്ചതു്. ഒട്ടും തന്നെ പരിശീലനം നൽകപ്പെട്ടിട്ടില്ലാത്ത നായായിരുന്നിട്ടുപോലും, തന്നിൽനിന്നും പ്രതീക്ഷിക്കുന്നതെന്തെന്ന് ഊഹിച്ചറിഞ്ഞിട്ടെന്നപോലെ അവിടെയെല്ലാം ഓടിനടന്നു മണംപിടിച്ചു നോക്കിയശേഷം അവൾ കുരച്ചുകൊണ്ടു ഞങ്ങളുടെ മുമ്പിൽ കടന്ന് ഓട്ടം തുടങ്ങി.

പട്ടിയുടെ പിന്നാലെ ചെന്ന ഞങ്ങൾക്കു് പുലി കടന്നുപോയ വഴിയിലെ പല ചെടികളുടെ ഇലകളിലും വീണുണങ്ങിയ രക്തത്തുള്ളികൾ പിന്നെയും പലേടത്തും കാണാൻ കഴിഞ്ഞു. ഉയർന്നുനിന്ന പുല്ലുകൾക്കിടയിൽ ചില സ്ഥാനത്തു തറയിലും രക്തത്തുള്ളികൾ വീണുകിടന്നിരുന്നു. ഏതായാലും കരളിനൊ അതുപോലെ പ്രധാനപ്പെട്ട ഏതെങ്കിലും അവയവത്തിനൊ വെടികൊണ്ടു മുറിവേററിട്ടില്ലെന്നു തോന്നി. അല്ലെങ്കിൽ രക്തസ്രാവം ഇത്ര ചുരുങ്ങിയ തോതിലായാൽ പോരാ.

'കുഷ്' നേരെ പടിഞ്ഞാറോട്ടു തിരിഞ്ഞു് അതിവേഗം പാഞ്ഞുതുടങ്ങി. മണം പിടിച്ചുപോകുന്ന അവളുടെ പിന്നാലെ ചെന്നാൽ, മലയുടെ അടിവാരത്തിലൂടെ പടിഞ്ഞാറോട്ടൊഴുകുന്ന പുഴയിൽ ചെന്നുചേരുന്ന തെക്കു വടക്കായി കിടക്കുന്ന പുഴയുടെ തടത്തിലേക്കു നയിക്കുന്ന കുത്തനെയുള്ള ഇറക്കത്തിലൂടെ താഴോട്ടാണു പോകേണ്ടിവരിക എന്നു വ്യക്തമായിരുന്നു. താഴെയുള്ള വലിയ നദിയിൽ ചെന്നുചേരുന്നതിനുമുമ്പുള്ള ഭാഗത്തു് ആ പുഴയുടെ പേരു് ആനക്കൽവാങ്കാ എന്നാണു്. രണ്ടു പുഴകളും ഒന്നുചേർന്നൊഴുകിത്തുടങ്ങുന്നിടം മുതൽ പിന്നെ നദിയുടെ പേരു് ദൊഡ്ഡഹള്ള എന്നും. കന്നഡഭാഷയിൽ ആ പേരിനു് അർത്ഥം 'വലിയഗിരിഗഹ്വര' മെന്നാണു്.

പുഴയുടെ പലഭാഗങ്ങളും അഞ്ചേററിഗ്രാമത്തെ കടന്നു പോകുന്ന ഭാഗത്തു് ഗിരിഗർത്തങ്ങളെയും ഗഹ്വരങ്ങളെയും കടന്നു് വളഞ്ഞുപുളഞ്ഞു് ദുർഘടയാത്ര നടത്തുന്നതിനാലാണു് അതിനു് ഈ പേരു സിദ്ധിച്ചതു്. അഞ്ചേററിയിൽവച്ചു് നദി പെട്ടെന്നു ഗതിമാററി തെക്കോട്ടുതിരിഞ്ഞൊഴുകി ഗുണ്ഡാലം കടന്നു ചെന്നു് കാവേരിയോടു ചേരുന്നു. ജൗളഗിരിയിലെ നരഭോജി വ്യാഘ്റത്തിൻെറ താവളം ഈ ദൊഡ്ഡഹള്ളാ പുഴക്കരതന്നെയാണു്. അതു വേറൊരു കഥയാണു്. കാവേരി നദിയിൽ ചെന്നു ചേരുന്ന സ്ഥാനംവരെയുള്ള ഈ പുഴയുടെ മാർഗ്ഗം മുഴുവൻ ഞാൻ വിശദമായി പഠിച്ചിട്ടുണ്ടു്. 'ഗുപ്തനദി' എന്നു ഞാൻ അതിനു് എൻെറ തന്നതായ ഒരോമനപ്പേരും നൽകിയിട്ടുണ്ടു്. അതിൻെറ കരയിലൂടെ അനേകം മൈൽ നീളത്തിൽ കിടക്കുന്ന ദുർഗ്ഗമമാർഗ്ഗം തരണം ചെയ്യാനുള്ള ബുദ്ധിമുട്ടു വിചാരിച്ചു് അധികമാരും ആ വഴി വരാത്തതിനാൽ ആ പുഴയുടെ തീരത്തു് ആനന്ദം മുററിനിൽക്കുന്ന ഹൃദയവുമായി ഒററയ്ക്കു ചുററിത്തിരിയാം; മനുഷ്യരെ കാണുകയൊ മനുഷ്യശബ്ദം കേൾക്കുകയൊ ചെയ്യാതെ ഏകാന്തസൗഖ്യമാസ്വദിക്കാം. പുഴയ്ക്കു് ആ ഓമനപ്പേരു നൽകാൻ പ്രേരകമായിരുന്ന ആദ്യത്തെ കാരണമതാണു്. ഈ പുഴയുടെ തീരങ്ങളിൽ ഭൂതത്വവിജ്ഞാനീയ സംബന്ധിയായ പല രഹസ്യങ്ങളും എനിക്കു കാണാൻ കഴിഞ്ഞിട്ടുണ്ടു് എന്നതാണു് പിന്നൊരു കാര്യം. ആ രഹസ്യങ്ങളൊന്നും പരസ്യപ്പെടുത്താൻ എനിക്കിഷ്ടമില്ല. പരസ്യപ്പെടുത്തിപ്പോയാൽ, സേലം ജില്ലയിലെ ഒററപ്പെട്ടു നിൽക്കുന്ന — ഏററവും ഹൃദയഹാരിയായ— വനഭൂമിയുടെ ചാരിത്രഭഞ്ജനത്തിനു് അതു വഴിതെളിക്കുമെന്നുള്ളതു നിശ്ചയമാണു്.

സംഭവങ്ങളെ നമുക്കു് അനുക്രമമായി പിൻതുടരുക. കുററിക്കാടു് ഇടതൂർന്നു വളർന്നു നിൽക്കുകയായിരുന്നു. പക്ഷേ 'കുഷി'ൻെറ തെററുപററാത്ത നൈസർഗ്ഗിക പ്രേരണയ്ക്കു് ഒരു പ്രതിബന്ധവും ഗണ്യമായിരു

ന്നില്ല—വാസ്തവം പറഞ്ഞാൽ അവളുടെ ഒപ്പമെത്തുകയെന്നുള്ളതായിരുന്നു വിഷമംപിടിച്ച കാര്യം. അവളുടെ ചെറിയ ശരീരം കുററിക്കാട്ടുകളിലും തൊട്ടാവാടിപ്പടർപ്പുകളിലുമൊക്കെ അനായാസമായി കയറിയിറങ്ങിക്കൊണ്ടിരുന്നു. പട്ടിയുടെ ഒപ്പമെത്താനുള്ള തവരയിൽ, പരുക്കേററ പുലി കാട്ടിലെങ്ങാനുമുള്ള പക്ഷം അതിൽ നിന്നുണ്ടാകാനിടയുള്ള ആകസ്മികാക്രമണത്തിൻെറ സാദ്ധ്യതയെപ്പററിപ്പോലും ഓർമ്മിക്കാതെ അതിവേഗം മുമ്പോട്ടു നീങ്ങിയിരുന്ന ഞങ്ങളുടെ കാലിലും കയ്യിലുമൊക്കെ മുള്ളുകൾ കൊണ്ടു കീറി. ആദ്യമൊക്കെ മുള്ളുകളുടെയും മററും തടസ്സംമൂലം ഞങ്ങളുടെ യാത്ര സാവധാനത്തിലായിരുന്നു. അപ്പോൾ പട്ടിയിൽ നിന്നു ഞങ്ങൾ വളരെ പിന്നിലായിപ്പോകയും അവളെ ഇടയ്ക്കിടെ കാണാതാകയും ചെയ്തുകൊണ്ടിരുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ പട്ടിയെ ചൂളം വിളിച്ചു തിര്യെ ഞങ്ങളുടെ അടുത്തേയ്ക്കു് ആകർഷിക്കേണ്ടിവന്നു. പക്ഷേ ഇങ്ങനെ വേണ്ടിവന്ന ഓരോ അവസരത്തിലും വീണ്ടും മണംപിടിച്ചു പുലി പോയ വഴി കണ്ടുപിടിക്കാൻ അവൾക്കു വളരെ വിഷമം നേരിടുന്നതു പോലെ കാണപ്പെട്ടു. അതുമല്ല, അവളെ പുറകോട്ടു വിളിച്ചു വരുത്തുന്നതിനു തന്നെ കുറെയേറെ നേരത്തെ പ്രയത്നം വേണ്ടിവന്നുകൊണ്ടുമിരുന്നു.

അവളുടെ കഴുത്തിൽ എന്തെങ്കിലുമൊന്നു ബന്ധിച്ചു പിടിച്ചു കൊള്ളാമെന്നു വച്ചാൽ, അതിനു ഞങ്ങളുടെ പക്കൽ കയറൊ ചരടൊ ഒന്നുമുണ്ടായിരുന്നില്ല. അതുകൊണ്ടു ഞാൻ കൂടെയുണ്ടായിരുന്ന മാട്ടിടയൻെറ തലപ്പാവിൻെറ തുണി അഴിച്ചുവാങ്ങി ഒരററത്തു കുടുക്കുണ്ടാക്കി 'കുഷി'നെ അതിൽ ബന്ധിച്ചു. തുണിയുടെ മറെറത്തുമ്പു് പട്ടിയുടെ ഉടമസ്ഥൻെറ കയ്യിലുമേൽപിച്ചു. പക്ഷേ ആ തലപ്പാവുതുണിക്കു നീളം കുറവായിരുന്നതിനാൽ, പട്ടി മുന്നോട്ടാഞ്ഞു് ഓടാൻ ശ്രമിക്കുമ്പോഴൊക്കെ, [redacted]യിലെ പിടിവിട്ടു പോകാതി

രിക്കാൻ വേണ്ടി അയാൾക്കു് കുനിഞ്ഞു നിന്നു പിടി മുറുക്കേണ്ടി വന്നു കൊണ്ടിരുന്നു.

ഈ രീതിയിൽ മുമ്പോട്ട ചെന്നു ഞങ്ങൾ ആനക്കൽവങ്കാപുഴയിലെയ്ക്കു ചെന്നെത്തുന്ന തൂക്കായ ഇറക്കമാരംഭിക്കുന്ന സ്ഥാനത്തെത്തി. അധിത്യകയിലെ സമതലഭൂമി അവിടെ അവസാനിക്കയാണു്. അവിടെ നിന്നാൽ, വളഞ്ഞു പുളഞ്ഞൊഴുകുന്ന പുഴയിലെ നീരൊഴുക്കിൽ സൂര്യപ്രകാശം തട്ടി ഒരു രജതഃശോഭയരുളുന്നതു് മരത്തലപ്പുകളുടെ മുകളിലൂടെ കാണാമായിരുന്നു. ഇക്കാലം പുഴ മുക്കാൽഭാഗവും വററിക്കിടക്കുകയാണു്.

അല്പംകൂടെ ചെന്നപ്പോൾ, പുലിക്കേററ പരുക്കിൻെറ ഗൗരവം അതിനെ ക്ഷീണിപ്പിച്ചു തുടങ്ങിയതിൻെറ വ്യക്തമായ തെളിവുകൾ ഞങ്ങൾക്കു കാണാറായിത്തുടങ്ങി. പുലി അവിടെ ഒരു മരത്തിൻെറ ചുവട്ടിൽ പുല്ലിൽ കിടന്നിരുന്ന ലക്ഷണങ്ങൾ കാണപ്പെട്ടു. മാത്രമല്ല, വേദനകൊണ്ടു് അവിടെക്കിടന്നു് ഉരുളുകയും പിരളുകയും കൂടെ ചെയ്തിരുന്നുവെന്നു് രക്തം അവിടെ പലേടത്തും പററിപ്പിടിച്ചിരിക്കുന്നതായി കണ്ടതിൽ നിന്നനുമാനിക്കാം. അവിടെ 'കുഷ്' കുറച്ചധിക നേരം ചുററിപ്പററി നിന്നു. അസാധാരണമായ ഒരു സ്വഭാവവിശേഷം കൂടെ ആ പട്ടിയിൽ കാണപ്പെട്ടു— അവിടെ കണ്ട രക്തം അതു നക്കിനുണയുകയുണ്ടായി. സാധാരണഗതിയിലാണെങ്കിൽ നാടൻപട്ടികൾക്കു പുലിയെ പേടിയാണു്. പക്ഷേ ഞാൻ പറഞ്ഞുവല്ലോ, 'കുഷ്' ഒരസാമാന്യ ജന്തുവായിരുന്നു. അവളെക്കൂടെ കാട്ടിൽ കൂട്ടിക്കൊണ്ടു വരാമെന്നു് അവളുടെ ഉടമസ്ഥൻ സമ്മതിച്ചതു ഭാഗ്യമായിപ്പോയി. സാധാരണഗതിയിലാണെങ്കിൽ, മുറിവേററ കടുവയെയൊ പുലിയെയൊ പിൻതുടർന്നു ചെന്നന്വേഷിക്കാൻ നാടൻപട്ടിയെ ഉപയോഗിക്കുന്നതു ക്രൂരമായ ഒരു പ്രവൃത്തിയായിട്ടാണു്, പട്ടിയുടെ ചെവി ചുവട്ടിൽവച്ചു മുറിച്ചുകളയാൻ മടിയില്ലാത്ത ഗ്രാമീണർ ഗണിക്കാറു്. ഏതായാലും, ഈ പട്ടിയുടെ സഹായമില്ലായിരുന്ന

വെങ്കിൽ, ആ രക്തത്തുള്ളികൾ കണ്ടുപിടിക്കാനോ പുലി പോയവഴി കണ്ടുപിടിച്ചു പിൻതുടർന്നു ചെല്ലാനോ ഞങ്ങൾക്കു് കഴിയുമായിരുന്നില്ല എന്നുറപ്പാണു്. ഇടതൂർന്നു വളർന്നു നിന്നിരുന്ന കുററിക്കാടിനിടയിൽ അങ്ങിങ്ങു് വീണു കിടന്നിരുന്ന ഓരോ രക്തത്തുള്ളികൾ മനുഷ്യദൃഷ്ടികൾകൊണ്ടു കണ്ടുപിടിക്കാൻ കഴിയുമായിരുന്നില്ല.

ഞങ്ങൾ ആ കൊടിയ ഇറക്കമിറങ്ങി വരുന്തോറും പച്ചത്തഴപ്പുകൾ കുറഞ്ഞു കുറഞ്ഞു കണ്ടുതുടങ്ങി. അവിടെ ഭൂമി പാറക്കെട്ടുകൾ നിറഞ്ഞു് നഗ്നസ്വഭാവത്തോടു കൂടിയതായിരുന്നു. അങ്ങുമിങ്ങും പള്ളപിടിച്ച പാറക്കൂട്ടങ്ങൾ. നീണ്ട ഇലകളോടുകൂടിയ ഇഞ്ചിപ്പുല്ലും അങ്ങിങ്ങു് ഉയന്നു നിൽക്കുന്നുണ്ടു്.

അങ്ങനെ മുമ്പോട്ടു ചെന്നു് വലുതും ചെറുതുമായ പാറക്കൂട്ടങ്ങൾ മാത്രമല്ലാതെ മററൊന്നും കാണാനില്ലാത്തതരം ഭൂമിയിലെത്തി. അവിടെ കുത്തനെയുള്ള ഇറക്കം ഏതാണ്ടു് അവസാനിക്കയുമായിരുന്നു. മഴക്കാലത്തു പുഴയിൽ ജലപ്പെരുപ്പമുണ്ടാകുമ്പോൾ വെള്ളം പരമാവധി പൊങ്ങാറുള്ളതു് ഈ നിരപ്പു വരെയാണു്.

പച്ചത്തഴപ്പവസാനിക്കയാൽ ചോരത്തുള്ളികളുടെ വഴിപിടിച്ചു മുമ്പോട്ടുള്ള പോക്കു കൂടുതൽ എളുപ്പമായി. മുറിവേററ മൃഗത്തിൻെറ ശരീരത്തിൽ നിന്നു രക്തമൊഴുകി വീണുണങ്ങിയ തവിട്ടു നിറത്തിലുള്ള പാടുകൾ പുലി പോയവഴിയിലുള്ള പാറകളിൽ കാണാനുണ്ടായിരുന്നു. ഞങ്ങൾ കടന്നുപോന്ന ദൂരവും വഴിയിൽ വീണുകിടന്ന രക്തത്തിൻെറ അളവും ചേർത്തു നോക്കുമ്പോൾ ഞാൻ ആദ്യം സങ്കല്പിച്ചിരുന്നതിനെക്കാളൊക്കെ ഗൗരവമായ മുറിവു പുലിക്കു് ഏററിട്ടുണ്ടെന്നുറപ്പിക്കാം. മുറിവിനു നല്ല ആഴമുണ്ടായിരിക്കണമെന്നു മാത്രമല്ല, ഏതെങ്കിലും രക്തധമനിക്കു തന്നെയാണു് മുറിവേററിരിക്കുന്നതെന്നും തോന്നി. മാംസളമായ ശരീരഭാഗങ്ങളിലെവിടെയെങ്കിലുമാണു മുറിവേററിരുന്നതെ

ങ്കിൽ. ഇതിനിടയിൽ തൊലിക്കടിയിലെ പ്രകൃതിദത്തമായ നെയ്യ് മുറിവിൻെറ മേൽ വന്നു മൂടിയിട്ട് രക്തസ്രാവം പൂർണ്ണമായി പ്രതിബന്ധിക്കയൊ അല്ലെങ്കിൽ ക്രമേണ കുറച്ചുകൊണ്ടു വരുകയൊ ചെയ്യേണ്ടിയിരുന്നതാണ്.

ഞങ്ങൾ ചെറിയതോതിൽ വെള്ളമൊഴുകിക്കൊണ്ടിരുന്ന തോട്ടിലെത്തി. ഇവിടെ വെള്ളം കുടിക്കാൻവേണ്ടി നീരൊഴുക്കിനു സമീപത്തു പുലി നിന്നിട്ടുണ്ട്. ഇവിടെ രണ്ടു സ്ഥാനത്തു രക്തം വീണിരിക്കുന്നതായികണ്ടു. രക്തം വീണു കിടന്നിരുന്ന സ്ഥാനങ്ങളിൽ ഒന്നു നീരൊഴുക്കിനോടു ചേർന്നും മററൊന്ന് അതിന് അല്പം പിന്നിലുമായിരുന്നു. വെള്ളത്തിനോടടുത്തു കാണപ്പെട്ടതിനെക്കാൾ കൂടുതലായി രക്തമൊഴുകിവീണിരുന്നത് പിന്നിൽ കാണപ്പെട്ട സ്ഥാനത്താണ്. ഇതു വളരെ അസാധാരണമായിട്ടു തോന്നി. ഞാൻ തോക്കിലെ ഒരു നിറയേ തലേ രാത്രി ഒഴിച്ചിട്ടുള്ളു എന്നതിനാൽ ഈ അസാധാരണ പ്രതിഭാസം ഒരു പ്രഹേളികപോലെ തോന്നി. പക്ഷേ ഒടുവിൽ കാരണം അറിഞ്ഞുകഴിഞ്ഞപ്പോൾ അതു കൂടുതൽ അത്ഭുതത്തിന് വകയായി.

സ്വന്തം രക്തത്തിൽ ചവുട്ടി നിന്നിരുന്ന പുലിയുടെ കാൽപാട്ട് തോട്ടിലിറങ്ങുന്നതിനടുത്ത സ്ഥാനത്ത് ഒരു പാറയിൽ വ്യക്തമായി പതിഞ്ഞുകാണാനുണ്ടായിരുന്നു. മുൻകാലുകളിലൊന്നു പതിഞ്ഞുണ്ടായതായിരിക്കണം, ആ രക്തമുദ്ര. അതു കണ്ടിട്ട് സാമാന്യവലിപ്പത്തിലുള്ള ഒരാൺപുലിയായിരിക്കണം അതെന്നു തോന്നി. പുലി തോടു കടന്നു മറുകരയിലെത്തിയപ്പോഴേക്ക് കാലിലെ രക്തം വെള്ളത്തിൽ കലങ്ങിപ്പോയിരുന്നതിനാൽ രക്തം പുരണ്ട പാദമുദ്ര മറുകരയിൽ കാണാനുണ്ടായിരുന്നില്ല. എങ്കിലും ഒഴുകി വീണുകിടന്നിരുന്ന രക്തത്തുള്ളികൾ മറുകരയിലും കല്ലുകളിലും മററും വീണുകിടന്നിരുന്നു.

തോടിൻെറ മറുകരയിൽ കയറിയിട്ടു പുലി പിന്നെ തോടിനു സമാന്തരമായി കരവഴി ഇരുനൂറു വാര ദൂരം വരെ പോയിരിക്കുന്നതായി കാണപ്പെട്ടു. അവിടെനിന്നും

പിന്നെ ഇടത്തോട്ടു തിരിഞ്ഞു് അടുത്ത കുന്നു കയറിത്തുടങ്ങിയിരിക്കയാണു്. ഉണ്ടക്കല്ലും പാറക്കെട്ടുമായുള്ള ഭൂപ്രകൃതി അവസാനിച്ചു് വീണ്ടും പച്ചത്തഴപ്പു വളർന്നു നിൽക്കുന്ന സ്ഥലങ്ങളായി. പിന്നെയും ഞങ്ങളുടെ യാത്ര ഉയരത്തിൽ വളർന്നു നിൽക്കുന്ന പുല്ലുകളും മുള്ളുള്ള കുററിച്ചെടികളും മുളക്കൂട്ടങ്ങളും മരങ്ങളും നിറഞ്ഞ ദുർഗ്ഗമ ഭൂമിയിലൂടെയായിത്തുടങ്ങി.

മലയുടെ കൂടുതൽ കൂടുതൽ ഉയർന്ന സ്ഥാനത്തേക്കു് കയറിപ്പോയിരിക്കയാണു് പുലി. ആ വഴി പിടിച്ചു തന്നെ ഞങ്ങളുടെ കൂടെയുള്ള നായും കയറിപ്പോകയാണു്. ഇത്തരം ജോലിക്കു് പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ളതുപോലെയായിരുന്നു അവളുടെ പെരുമാററം. ഒടുവിൽ ഞങ്ങൾ ധേങ്കനിക്കോട്ടയിൽനിന്നു് അഞ്ചേററിയിലേക്കുള്ള റോഡു് വനഭൂമിയെ മുറിച്ചുകടന്നുപോകുന്ന സ്ഥാനത്തു ചെന്നെത്തി. ശരിക്കു് ഒമ്പതാം മൈലിലാണു് ഞങ്ങൾ ചെന്നു കയറിയതു്. ഒമ്പതാം മൈൽക്കുററി റോഡിൽ ഞങ്ങൾക്കെതിരെ തുറിച്ചുനോക്കിക്കൊണ്ടു നിൽക്കുന്നുണ്ടായിരുന്നു. ഈ റോഡിൽത്തന്നെ അഞ്ചാം മൈൽക്കുററിയുടെ സമീപത്താണു് ശിവനിപ്പള്ളിയിലേക്കുള്ള നടപ്പാരംഭിച്ച സമയം തലേന്നാൾ എൻെറ കാറിട്ടിട്ടു പോന്നിരിക്കുന്നതു്.

തലേന്നു രാത്രിയിലും അന്നു പകലുമായി അനേകം വാഹനങ്ങൾ ആ വഴിക്കു കടന്നുപോയിട്ടുണ്ടു്. റോഡാണെങ്കിൽ തവിട്ടു നിറത്തിലുള്ള പൊടി നിറഞ്ഞതുമാണു്. അവിടെ രക്തം വീണതിൻെറ യാതൊരു ലക്ഷ്യവും അവശേഷിച്ചിരുന്നില്ല. അങ്ങനെ അല്പസമയത്തേക്കു് ഒരു വിഷമസന്ധി അനുഭവപ്പെട്ടെങ്കിലും റോഡിൻെറ എതിർവശത്തെത്തിയിട്ടു് പുലി പോയമാർഗ്ഗം പിന്നെയും കണ്ടുപിടിച്ചു് പിൻതുടരാൻ 'കുഷി'ക്കു വിഷമമുണ്ടായില്ല. ഞങ്ങൾ അവൾ പോയമാർഗ്ഗത്തിൽക്കൂടെ പിന്നെയും മുമ്പോട്ടു നീങ്ങി.

പുൽക്കാടും മുളങ്കാടുകളും കഴിഞ്ഞു് മുൾച്ചെടികളും അരിപ്പൂച്ചെടികളും നിറഞ്ഞു നിൽക്കുന്ന പ്രദേശമായി.

അവിടെക്കൂടെ കടന്നുപോകുമ്പോൾ ഞങ്ങളുടെ ദേഹത്തു പല ഭാഗത്തും കീറലുകളും പോറലുകളുമൊക്കെ ഏൽക്കുന്നുണ്ടായിരുന്നു. അരിപ്പൂച്ചെടിയുടെയും മററു മുൾച്ചെടികളുടെയും അടിയിലൂടെ പുലി കടന്നുപോയിട്ടുള്ളേടങ്ങളിൽ മാർഗ്ഗം മിക്കവാറും ദുർഗ്ഗമം തന്നെയായിരുന്നു. അതിനിടക്കൂടെയാകട്ടെ അതിനെ ഒഴിഞ്ഞുമാറിയാകട്ടെ, പോകാൻ തരമുണ്ടായിരുന്നില്ല. അതിൻെറ അടിയിൽക്കൂടെ മുട്ടിന്മേലിഴയുകയല്ലാതെ തരമില്ല.

എൻെറ കയ്യിലിരുന്ന റൈഫിൾ ഇത്തരം സ്ഥാനങ്ങളിൽ മുമ്പോട്ടു നീങ്ങുന്നതിനു് പ്രതിബന്ധമായിരുന്നു. മുള്ളുകൾ എൻെറ മുഖത്തും മുടിയിലും ഉടക്കുകയും കൈകാലുകളിലും ശരീരത്തിലും കൊണ്ടു മുറിയുകയും ചെയ്യുമ്പോഴൊക്കെ ഞാൻ ശാപവാക്കുകളുച്ചരിച്ചുകൊണ്ടിരുന്നു. എൻേറതിനേക്കാൾ കട്ടി കുറഞ്ഞതും അപര്യാപ്തവുമായ വസ്ത്രങ്ങൾ ധരിച്ചിരുന്ന എൻെറ കൂട്ടുകാരുടെ നില കൂടുതൽ പരുങ്ങലിലായിരുന്നു. അവരുടെ ത്വക്കിനു് ഒരു വേള കൂടുതൽ കട്ടിയുണ്ടായിരുന്നിരിക്കുമോ?— എനിക്കു നിശ്ചയമില്ല. പക്ഷേ ഞങ്ങളുടെ നാലുപേരുടെയും ചുണ്ടുകളിൽനിന്നുതിർന്നിരുന്ന വാക്കുകൾ ഏതു തെറിമത്സരത്തിലും സമ്മാനം നേടിത്തരാൻ പോന്നവയായിരുന്നു എന്നു നിശ്ചയമായി പറയാം. 'കുഷി'ന്നു മാത്രമാണു് ക്ലേശമില്ലായിരുന്നതു്. മുന്നോട്ടുള്ള നീക്കത്തിലെ ഞങ്ങളുടെ താമസവും പരുങ്ങലും കണ്ടിട്ടു് പരമപുച്ഛഭാവത്തിൽ അവൾ ഇടയ്ക്കിടെ തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നു.

കുണ്ടുകോട്ട ഗ്രാമത്തിൻെറ പിൻവശത്തു് അരമൈൽ മാറി സ്ഥിതി ചെയ്യുന്ന ഒരു വൻമലയിലേക്കാണു് മുറിവേററ മൃഗം കയറിപ്പോയിട്ടുള്ളതെന്നു് ഇപ്പോഴേക്കു് വ്യക്തമായി. ഞങ്ങൾ കടന്നുപോന്ന ഡേങ്കനിക്കോട്ട— അഞ്ചേററിറോഡിൽ ഏഴാം മൈൽക്കുററിക്കും എട്ടാം മൈൽക്കുററിക്കും ഇടയിലാണു് കുണ്ടുകോട്ട ഗ്രാമം. ആ വലിയ മലയിലാണെങ്കിൽ വലുതും ചെറുതുമായ ഗുഹകൾ അനേകമുണ്ടു്. വലിയ ഗുഹകളിൽ ചിലതിൻെറ വളഞ്ഞ മേല്പുരയിൽ വലിയ ഇനം തേനീച്ചകൾ കൂട്ട

കെട്ടി സുരക്ഷിതമായ താവളമുറപ്പിച്ചിട്ടുമുണ്ട്. അഞ്ചേററി യിലേക്കുള്ള റോഡിലൂടെ കാറിൽ കടന്നുപോകുമ്പോൾ ഈ തേനീച്ചക്കൂട്ടകൾ എൻെറ ശ്രദ്ധയെ ആകർഷിച്ചി ട്ടുണ്ട്. ആപൽക്കാരികളാണ് ആ തേനീച്ചകൾ.

ആകെക്കൂടെ നോക്കിയിട്ട് ആ കരിമ്പുലിയെ പിടി ച്ചെട്ടക്കാനുള്ള സാദ്ധ്യത വളരെ വിരളമാണെന്ന് എനിക്കു തോന്നിത്തുടങ്ങി. കച്ചിക്കെട്ടിനിടയിൽ സൂചി തിരയുന്നതിനു സമമായിരിക്കും ഈ പ്രദേശത്തു പുലി യെത്തേടുന്നത്. തേനീച്ച കൂട്ടകെട്ടി താവളമുറപ്പിച്ചി ട്ടുള്ള ഗുഹകളിലൊന്നിലാണ് പുലി കയറിപ്പററിയിട്ടു ള്ളതെങ്കിൽ ആ കാവൽപട്ടാളത്തിൻെറ സഹായവും അതിനുണ്ട്. പാറക്കെട്ടുകളിൽ താവളമുറപ്പിച്ചിട്ടുള്ള ഈയിനം തേനീച്ചകളുടെ സൈ്വരതയ്ക്കു ഭംഗം വരുത്തി യാൽ വളരെ ഭീഷണരായ പ്രതിയോഗികളായിരിക്കും അവ.

ഞങ്ങൾ നടന്നും വലിഞ്ഞും മുൻപോട്ടു നീങ്ങി. ശതവർഷങ്ങളായി മുകളിൽ നിന്നു ചുവട്ടിലോട്ടൊഴുകി ക്കൊണ്ടിരിക്കുന്ന മഴവെള്ളപ്പാച്ചിലിൻെറ ദീർഘകാല സമ്പർക്കംമൂലം കണ്ണാടിപോലെ മിനുസപ്പെട്ട ഉപരി തലത്തോടുകൂടിയ പാറക്കെട്ടുകൾ അനുസ്യൂതമായി ഉയർന്നു പൊയ്ക്കൊണ്ടിരുന്ന സ്ഥാനത്തു ചെന്നെത്തി, ഞങ്ങ ളിപ്പോൾ. അവിടെ മുൾച്ചെടികളോ കുററിക്കാടുകളോ ഒന്നും അധികമില്ല. ആ പാറക്കെട്ടിനു മുകളിലാണ് അനേകം ഗുഹകളുള്ളതു്

ഞങ്ങളുടെ മുൻഭാഗത്തായി ചരിഞ്ഞുയർന്നു നിന്നിരുന്ന പാറക്കെട്ടിൻെറ മുകളിൽ കാണപ്പെട്ട ഒരു ഗുഹയിലേക്കാണ് പുലി കയറിപ്പോയിരിക്കുന്നതെന്നു ലക്ഷണംകൊണ്ടു തോന്നി. ഏതാണ്ട് ഒരു വാര നീള ത്തിലും രണ്ടടി വണ്ണത്തിലുമുള്ള ഭീമൻ തേനീച്ചക്കൂട്ട കൾ ആ ഗുഹയുടെ മച്ചിൽ നിന്നു തൂങ്ങി നിൽക്കുന്നതു ഞങ്ങൾ നിന്നിരുന്ന സ്ഥാനത്തു നിന്നു കാണാമായി രുന്നു; അരഡസനിൽ കുറവല്ല. തേനീച്ചകൾ ഉപേ ക്ഷിച്ചുപോയ കൂട്ടകളുടെ അവശിഷ്ടങ്ങളും അങ്ങി

ങ്ങായി കാണാനുണ്ടായിരുന്നു; കൃഷ്ണവർണ്ണമായ തേനീച്ചക്കൂട്ടുകളുടെ ഇടയിൽ അങ്ങിങ്ങ് വെളുപ്പും മഞ്ഞയും കലർന്ന നിറത്തിൽ ത്രികോണാകൃതിയിൽ ചില മെഴുകുകട്ടകൾ.

കാൻവാസ് ചുവടോട്ടുകൂടിയ എൻെറ ചെരിപ്പുകൾ, ആ പാറമേൽ തപ്പിപ്പിടിച്ചു കയറുന്നതിനു സഹായകമായിരുന്നു. എൻെറ കൂട്ടുകാരുടെ നഗ്നപാദങ്ങൾ ഈ വിഷയത്തിൽ അവർക്കു കൂടുതൽ സൗകര്യപ്രദവുമായിരുന്നു. ഞങ്ങളുടെ മുമ്പിലായി കയറിക്കൊണ്ടിരുന്ന 'കുഷി'ൻെറ നഖങ്ങൾ, പാറയിൽ അള്ളിപ്പിടിച്ചു കയറുമ്പോൾ അസ്പഷ്ടമായ ഒരു പോറൽ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു.

ഞങ്ങൾ ഗുഹാമുഖത്തു ചെന്നെത്തി. താണ സ്ഥായിയിലുള്ള ഒരിരപ്പ് അവിടെ അവിരാമമായി ഉയർന്ന് അന്തരീക്ഷത്തിൽ നിറഞ്ഞുനിന്നിരുന്നു. അവിടെ തൂങ്ങിനിന്നിരുന്ന തേനീച്ചക്കൂട്ടുകളിലെ ലക്ഷോപലക്ഷം തേനീച്ചകൾ കൂട്ടുകളിൽനിന്നു പുറത്തേക്കും പുറത്തുനിന്നും കൂട്ടുകളിലേക്കും തുടർച്ചയായി സഞ്ചരിച്ചുകൊണ്ടിരുന്നതിൽനിന്നുയരുന്ന ശബ്ദമായിരുന്നു അത്. അതുപോലെതന്നെ തേൻ ശേഖരിക്കാൻ പുറത്തേക്കു പോകുന്നവരും തേൻ ശേഖരിച്ചുകൊണ്ടു തിരിച്ചു കൂട്ടുകളിലേക്കു മടങ്ങുന്നവരുമായ ഈച്ചകളുടെ ചിറകുകളുടെ ചലനത്തിൽനിന്നുല്പന്നമായ ഒരമർത്തിയ ആരവവും അവിടെ നിരന്തരം മുഴങ്ങിക്കൊണ്ടിരുന്നു.

ആ ചെറുപ്രാണികൾ അവരുടെ പ്രവൃത്തിയിൽ ഏകാഗ്രമായ ശ്രദ്ധയോടെ വ്യാപൃതരായിരുന്നതിനാൽ ഞങ്ങളുടെ സാന്നിദ്ധ്യം അറിഞ്ഞതേയില്ല. ഇപ്പോൾ ശാന്തശീലരും നിരുപദ്രവികളുമായി കാണപ്പെടുന്ന ഇതേ പ്രാണികൾതന്നെ അവർക്ക് അസഹ്യത നേരിട്ടാൽ അപ്രതിരോധ്യമായ ലാവാപ്രവാഹംപോലെ ഞങ്ങളുടെമേൽ പതിച്ച് ക്രൂരമായി ആക്രമിച്ച് ഏതാനും മിനിട്ടുകൾക്കുള്ളിൽ ഞങ്ങളെ വകവരുത്തിക്കളയുമെന്നും ഞങ്ങൾക്കു ബോദ്ധ്യമുണ്ടായിരുന്നു.

ഗുഹാമുഖത്തിൽ അങ്ങിങ്ങ് രക്തത്തുള്ളികൾവീണ് ഉണങ്ങിക്കിടന്നിരുന്നു. അധികമില്ല. പുലി ഗുഹയ്ക്കകത്തേക്കു കടന്നിട്ടുണ്ടെന്നു ഞങ്ങൾക്കു ബോദ്ധ്യമായി.

ഗുഹാമുഖം സാമാന്യം വിസ്താരമുള്ളതായിരുന്നു. ഏതാണ്ട് ഇരുപതടി വീതിയും അത്രയുംതന്നെ ഉയരവും വരും. ഏതാനും വാര ഉള്ളിൽവരെ സൂര്യ്യപ്രകാശത്തിനു കടന്നുചെല്ലാം. പിന്നെയങ്ങോട്ട് നിബിഡമായ അന്ധകാരവുമാണ്. പ്രവേശനദ്വാരത്തിനടുത്തുതന്നെ ഭീമാകാരങ്ങളായ ഒമ്പതു തേനീച്ചക്കൂട്ടുകൾ ഞാൻ എണ്ണി. തറ മുഴുവൻ പാറയായിരുന്നു. ഇത്തരം സ്ഥലങ്ങളിൽ സാധാരണ കാണാറുള്ള ഈർപ്പമില്ല, തറയ്ക്ക്. ഇതുകൊണ്ടാവണം, പുലിയും തേനീച്ചകളും ഈ ഗുഹയെ താവളമായി തിരഞ്ഞെടുത്തത് എന്നതിനു സംശയമില്ല. ഈ ജീവികൾ—പ്രത്യേകിച്ചു പുലികൾ—ഈർപ്പമുള്ള സ്ഥലങ്ങൾ ഇഷ്ടപ്പെടാത്ത കൂട്ടരാണ്.

കൂട്ടുകാർ മൂന്നുപേരും ഗുഹയുടെ പുറത്തു കാത്തുനിന്നാൽ മതി, എന്നു ഞാൻ അവർക്കു മൂന്നുപേർക്കും അടക്കിയ സ്വരത്തിൽ നിർദ്ദേശം കൊടുത്തു. ഗുഹാദ്വാരത്തിന്റെ മുകൾഭാഗത്തെത്തുവാൻ തക്കവിധം പാറക്കെട്ടിന്റെ പള്ളയിലൂടെ കയറിപ്പോകാൻ ഞാൻ അവരോടു പറഞ്ഞു. പുലി എന്നെക്കടന്നുപോകുന്ന പക്ഷം അതു ചുവട്ടിലേക്കായിരിക്കുമെന്നുള്ളതിനാൽ, യാതൊരു കാരണവശാലും അങ്ങോട്ടു നീങ്ങിക്കൂടാ എന്നു ഞാൻ അവരെ ഓർമ്മിപ്പിച്ചു. അവർ മുകളിലേക്കു കയറി അപ്രത്യക്ഷരായി എന്നു കണ്ടപ്പോൾ ഞാനും 'കുഷു'കൂടെ ഗുഹയിലേക്കു പ്രവേശിച്ചു.

തന്റെ മുൻഭാഗത്ത് അപകടം പതിയിരിക്കുന്നുണ്ടെന്ന കാര്യം അറിഞ്ഞവളെപ്പോലായിരുന്നു, ആ നിമിഷം മുതൽ 'കുഷി'ന്റെ പെരുമാററം. അവളുടെ ധൈര്യ്യമൊക്കെ പമ്പകടന്നു. അവൾ എന്റെ കാൽചുവട്ടിൽ പററിക്കൂടുകയും പലപ്പോഴും പിൻപിലേക്കു മാറിപ്പോകയും ചെയ്തിരുന്നു.

പുറത്തുനിന്നുള്ള അരണ്ട വെളിച്ചം അരിച്ചു കടന്നിരുന്ന ദൂരംവരെ ഞാൻ ഗുഹയ്ക്കുള്ളിലേക്കു കടന്നു. അതു കഷ്ടിച്ചു മുപ്പതടി ദൂരം വരും. അവിടെയെത്തി ഞങ്ങൾ നിന്നു. ഇത്തരമൊരു ഗുഹാന്തർഭാഗത്തു പുലി പ്രവേശിച്ചിരിക്കുമെന്നൊരു പ്രതീക്ഷയില്ലായിരുന്നതിനാൽ ഞാൻ ഫ്ളാഷ് ലൈററു കയ്യിൽ കരുതിയിരുന്നില്ല.

രണ്ടു കാര്യങ്ങളിലൊന്നേ ഇവിടെ കരണീയമായിട്ടുള്ളു. ഒന്നുകിൽ മുറിവേററ മൃഗത്തെ ശുണ്ഠിപിടിപ്പിച്ചു മുന്നോട്ടാകർഷിക്കണം. അല്ലെങ്കിൽ താരതമ്യേന അപകടരഹിതമായ സ്ഥാനത്തു നിൽക്കുന്ന കൂട്ടുകാരോട് എൻെറ അസാന്നിദ്ധ്യത്തിൽ പുലി ഗുഹവിട്ടു പോകുന്നുണ്ടോ എന്നു സൂക്ഷിച്ചുകൊണ്ടു ജാഗ്രതയായി കാവൽ നിൽക്കാൻ ഏർപ്പാടു ചെയ്തിട്ട് ഞാൻ മടങ്ങി ശിവനിപ്പള്ളിയിലെത്തി ഫ്ളാഷ് ലൈറെറടുത്തുകൊണ്ടു വരണം. നിശ്ചയമായും ഞാൻ തീരഞ്ഞെടുക്കേണ്ടതു് ഈ രണ്ടാമത്തെ പദ്ധതിയായിരുന്നു. അപകടസാദ്ധ്യത കുറവും വിജയസാദ്ധ്യത കൂടുതലും ഉള്ള മാർഗ്ഗം അതായിരുന്നു. പക്ഷേ ഈ ദൂരമത്രയും നടന്നു മടങ്ങുന്ന കാര്യത്തിൽ എനിക്കു തന്നെ മനംമടുപ്പും അലസതയും തോന്നിയിരിക്കണം. ആദ്യത്തെ പദ്ധതിതന്നെ ഒന്നു പരിശോധിച്ചു നോക്കാമെന്നു ഞാൻ തീരുമാനിച്ചു. ഗ്രാമത്തിലേക്കുള്ള നീണ്ട മുഷിപ്പൻ യാത്ര ഒഴിവാക്കുകയെങ്കിലും ചെയ്യാമല്ലോ.

ഞാൻ ചൂളമടിക്കുകയും ഉറക്കെ കൂവി വിളിക്കുകയുമൊക്കെ ചെയ്തു നോക്കി. ഒന്നും സംഭവിച്ചില്ല. ഞാൻ വീണ്ടും ഒച്ചയെടുത്തു. മുരുമ്മിക്കൊണ്ടു നിന്ന 'കുഷ്' കുരയ്ക്കാനാരംഭിച്ചു. എന്നിട്ടും അനക്കമൊന്നുമില്ല.

ഗുഹാമുഖഭാഗത്തുള്ളതിൻെറ ഏതാണ്ടു പകുതി വിസ്താരമേ ഇവിടെ ഗുഹയ്ക്കുണ്ടായിരുന്നുള്ളു. ഞങ്ങൾ പല ശ്രമങ്ങൾ നടത്തിനോക്കിയിട്ടും എങ്ങും ഒരനക്കവും ഇല്ല; ശബ്ദവുമില്ല. ഗുഹയുടെ അന്ധകാരാവൃതമായ അന്തർഭാഗത്തു് ശ്മശാന നിശ്ശബ്ദതയാണു നിലനിന്നിരുന്നതു്.

മുറിവേററ മൃഗം ഒരുവേള ഗുഹയുടെ അകത്തു കിടന്നു ചത്തുപോയിരിക്കുമോ? അതു സംഭവ്യമായി തോന്നിയില്ല. എന്തുകൊണ്ടെന്നാൽ ആനക്കൽവാങ്കാ തോടിനപ്പുറത്ത് ഒന്നു വിശ്രമിച്ചശേഷം പുലി വഴിയിൽ പിന്നെ എവിടെ എങ്കിലും കിടന്നിരുന്നതായ വല്ല ലക്ഷ്യവും കാണാനിടയായില്ല. ഞങ്ങൾ വന്നെത്തുന്നതിനുമുമ്പു പുലി ഗുഹയിൽ നിന്നു പുറത്തേക്കു കടന്നിട്ടുണ്ടെന്നു വരാമോ? അങ്ങനെ സംഭവിക്കാൻ വയ്യായ്കയില്ല. പക്ഷേ അങ്ങനെ കടന്നു പോയിട്ടുള്ളതായും ലക്ഷ്യങ്ങൾകൊണ്ടു് അനുമാനിക്കാമായിരുന്നില്ല.

ഗുഹയ്ക്കകത്തേക്കു വലിച്ചെറിയാൻതക്ക വല്ലതുമൊന്നിനുവേണ്ടി ഞാൻ ചുററും കണ്ണോടിച്ചു നോക്കി. ഒരു വലിയ കല്ലു് എൻെറ കാൽചുവട്ടിൽ കിടന്നിരുന്നു. അതു ഞാൻ ഇടതുകൈകൊണ്ടു പൊക്കിയെടുത്തു; നല്ല ഭാരം.

എറിയുന്നതിനും മററും ഇടതു കയ്യാണു് എനിക്കു പാങ്ങു്; വലതു തോളിൽ റൈഫിൾ ചേർത്തുവച്ചാണു് ഞാൻ വെടിവയ്ക്കാറുള്ളതെങ്കിലും. നിറയൊഴിക്കാൻ പാകത്തിൽ റൈഫിൾ വലതുകക്ഷത്തിൽ ചേത്തുപിടിച്ചുകൊണ്ടു് ഇടതു കയ്യിലിരുന്ന കല്ലു് കഴിവുള്ളത്ര ആയത്തിൽ ഞാൻ ഗുഹയ്ക്കുള്ളിലേക്കു പായിച്ചു. അതു് അന്ധകാരത്തിലൂടെ ചീറിപ്പാഞ്ഞുപോയി. കല്ലു് ഗുഹയുടെ കരിങ്കൽ തറയിൽ ചെന്നുവീണു ചാടിച്ചാടി ഉരുണ്ടു പോകുന്ന ശബ്ദം എൻെറ ചെവിയിൽപെട്ടു.

കവിണിൽ നിന്നു വിട്ട കല്ലു മാതിരി പുലി എൻെറ നേരെ ചാടിവരുന്നതു് ചിരപരിചിതമായ ആ ഗർജ്ജനം കൊണ്ടറിയാമായിരുന്നു. കരിമ്പുലി ആയതിനാൽ അതു് ഇരുളിലൂടെ കടന്നു് എൻെറ റൈഫിളിൻമുഖത്തു നിന്നു രണ്ടോ മൂന്നോ വാരയ്ക്കുള്ളിൽ വരുന്നതുവരെ അതിനെ എനിക്കു കാണാൻ കഴിഞ്ഞിരുന്നില്ല. കണ്ട നിമിഷത്തിൽ ഞാൻ നിറയൊഴിച്ചു. പാഞ്ഞുവന്ന വേഗതമൂലം പുലി പിന്നെയും മുന്നോട്ടായുന്നതുപോലെ തോന്നിയിട്ടു് ഞാൻ വീണ്ടും വെടിവച്ചു. ആ ഗുഹാന്തർഭാഗത്തു്

ആ വെടികളുടെ പ്രതിധ്വനി ഏറെനേരം അലച്ചു കൊണ്ടു നിന്നു.

തുടർന്നു നരകത്തിൻെറ വാതിലുകളെല്ലാം ഒരുമിച്ചു മലർക്കെ തുറക്കപ്പെട്ടു. ഉപബോധമനസ്സിലൂടെയെന്ന പോലെ എൻെറ ശ്രവണപഥത്തിൽ അവ്യക്തവും അവിരാമവുമായ ഒരു മൂളലായി മുഴങ്ങിക്കൊണ്ടുനിന്നിരുരുന്ന തേനീച്ചകളുടെ ആരവം പെട്ടെന്ന് അത്യുച്ച സ്ഥായിയിലേക്കുയർന്നു. പകൽ വെളിച്ചം കടന്നു വന്നിരുന്ന ഗുഹാമുഖം പെട്ടെന്ന് ഇരുളിലാണ്ടു; കറുത്ത എണ്ണമററ ഈച്ചകൾ അവിടെ പറന്നു നിറഞ്ഞു. അവയുടെ എണ്ണം വർദ്ധിക്കുന്ന തോതിൽ ശബ്ദഘോഷവും വർദ്ധിച്ചുകൊണ്ടുവന്നു. അവ എൻെറ നേരെ പാഞ്ഞെത്തി. അന്തരീക്ഷമാകെ അവരുടെ ചലനം കൊണ്ടു വിറപൂണ്ടു നിന്നു.

പുലിയുടെ കാര്യമൊക്കെ മറന്ന് ഞാൻ ഗുഹാമുഖത്തേക്കു പാഞ്ഞു. കാക്കിയുടുപ്പുകൊണ്ടു മുഖം മറച്ചുപിടിച്ചു കൊണ്ടാണ് ഞാൻ ഓടിയിരുന്നത്.

ഒരു ഹിമപ്രവാഹം എന്നപോലെയാണ് ഈച്ചകളുടെ സമൂഹം എൻെറ മേൽ പറന്നു വീണ് ആക്രമണമാരംഭിച്ചത്. അവ എൻെറ കൈകളിൽ കൊമ്പു കുത്തിയിറക്കി ഉടുപ്പിൻെറ മടക്കിനിടയിലൂടെ കടന്നു കയറി എൻെറ കഴുത്തിലും തലയിലും മുഖത്തുമൊക്കെ കുത്തി. ഒരെണ്ണം ഷർട്ട്കോളറിനിടയിലൂടെ കടന്നു ചെന്ന് എൻെറ പുറത്തുപോലും കുത്തി.

ഓരോ കുത്തും എന്നെ കലശലായി വേദനപ്പെടുത്തി.

അല്പസമയം മുമ്പുമാത്രം പൊത്തിപ്പിടിച്ചു കയറിയ പാറക്കെട്ടുവഴി ഞാൻ കീഴ്പോട്ട് ഊർന്നിറങ്ങി. വേദനപ്പെട്ടു നിലവിളിക്കുന്ന 'കുഷി'ൻെറ ശബ്ദം വിദൂരതയിൽ നിന്നെന്നപോലെ എനിക്കു കേൾക്കാമായിരുന്നു. ഞാൻ ഓടുന്നതിനൊപ്പംതന്നെ എൻെറ ചിറകുള്ള പ്രതിയോഗികളും എന്നെക്കാൾ വേഗതയിൽ തുടർന്നു വരുന്നുണ്ടായിരുന്നു. അവർ യുദ്ധവിമാനങ്ങളെപ്പോലെ ആകാ

ശത്തിൽ നിന്നു പറന്നു താണുവന്നു് എന്നെ തുടർച്ച യായും നിർദ്ദയമായും കുത്തിക്കൊണ്ടിരുന്നു. പ്രതിയോഗി യുടെ മേൽ ആക്രമണം നടത്തവേ സ്വന്തം ജീവനും വിമാനവും അപകടപ്പെടുത്തിക്കൊണ്ടു ശത്രുവിമാനത്തിൽ ചെന്നിടിച്ചു തകർന്നിരുന്ന ജപ്പാനിലെ 'ആത്മഹത്യാ വിഭാഗ'വൈമാനികരെ ഞാൻ ഓർമ്മിച്ചുപോയി. ശത്രു വിമാനത്തെ തകർക്കുന്നതോടൊപ്പം സ്വന്തം ജീവനും നശിപ്പിക്കുന്ന ആ വൈമാനികരെപ്പോലെ തന്നെ എന്നെ കുത്തിയ ഓരോ ഈച്ചയും അതോടെ സ്വന്തം ജീവൻ ഉപേക്ഷിക്കുകയായിരുന്നു. ഈ ഈച്ചകളുടെ കൊമ്പി ന്റെ അററം ചൂണ്ടമാതിരി വളഞ്ഞിട്ടാണു്. കുത്തിയേ ടത്തുനിന്നു വലിച്ചൂരാനുള്ള ശ്രമത്തിൽ കൊമ്പ് മുറിവാ യിൽ ഒടിഞ്ഞിരുന്നു പോകും. ആ കൊമ്പിലാണു് വിഷ സഞ്ചയം. അങ്ങനെ സ്വയം കേടുവരുത്തിക്കൊണ്ടു പ്രവ ൎത്തിക്കുന്ന തേനീച്ച അക്കാരണത്താൽ തന്നെ അധികം താമസിയാതെ ചത്തുപോകയും ചെയ്യുന്നു.

തേനീച്ചസൈന്യത്താൽ എമ്പാടും പൊതിയപ്പെ ട്ടുന്ന നിലയിൽ തന്നെ ഞാൻ പാറയുടെ ചുവട്ടിലെത്തി. ആകെ പരിഭ്രാന്തനായ ഞാൻ ഈച്ചകളിൽ നിന്നും രക്ഷയ്ക്കുവേണ്ടി അരിപ്പൂക്കൂട്ടത്തിലേയ്ക്കു നുഴഞ്ഞുകയറി. വനങ്ങളെയും നാട്ടിമ്പുറങ്ങളെയും ആക്രമിച്ചു കയറി നിരന്തരമായും നിരങ്കുശമായും നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ ചെടിയെ ഞാൻ എക്കാലവും ഒരു ശാപമായിട്ടേ ഗണിച്ചിട്ടും പറഞ്ഞിട്ടുമുള്ളു. അതിനൊക്കെ പുറമേ വല്ല മൃഗത്തെയും നിശ്ശബ്ദമായി പിൻതുടരേണ്ടിവരുന്നിടത്തു് അതിനൊരു പ്രതിബന്ധവുമായിരുന്നു, കാട്ടപിടിച്ചു നിൽ ക്കുന്ന ഈ ചെടികൾ. പക്ഷേ ഇപ്പോൾ എന്റെ ശാപ വാക്കുകളെല്ലാം പിൻവലിച്ചുകൊണ്ടു് ഞാൻ ആ ചെടി യുടെമേൽ അനുഗ്രഹവർഷം ചൊരിഞ്ഞുപോയി അതാ ണു് എന്റെ ജീവൻ രക്ഷിച്ചതു്. ഡൈവ്ബോംബർ വിമാനത്തിനെന്നപോലെ തേനീച്ചയ്ക്കും പറക്കുന്ന വഴിക്കു മാത്രമേ ആക്രമിക്കാനും കൊമ്പുകൊണ്ടു കുത്താനും കഴിയൂ. അവ ബുദ്ധിയുള്ള പ്രാണികൾ തന്നെയെങ്കിലും ഒരിടം

രതിരിപ്പുറപ്പിച്ചുകൊണ്ടു മുന്നോട്ടാഞ്ഞു കുത്താനുള്ള അറിവും കഴിവും അവക്കുില്ല. എൻെറ ശരീരം ലക്ഷ്യമാക്കിക്കൊണ്ടു നേരെ പറന്നടുക്കുന്നതിന് അരിപ്പുച്ചെടിയുടെ ഇലയും തണ്ടുമൊക്കെ പ്രതിബന്ധമായി നിന്നു. അവിടെ ഈ അരിപ്പുച്ചെടികളുടെ സാന്നിദ്ധ്യമില്ലായിരുന്നുവെങ്കിൽ തേനീച്ചകളുടെ ഈ സുശക്താക്രമണം എൻെറ മരണത്തിൽ കലാശിക്കുമായിരുന്നു എന്ന കാര്യത്തിനു സംശയമില്ല—മുമ്പു പലപ്പോഴും എൻെറ ശാപവചനങ്ങൾക്കു ശരവ്യമായിട്ടുള്ള അരിപ്പു!

ഞാൻ എത്രതന്നെ വേഗത്തിൽ ഓടിയിരുന്നാലും ഈച്ചകൾ അതിനെക്കാൾ വേഗത്തിൽ പിൻതുടർന്നു വന്ന് സഹസ്രക്കണക്കിലുള്ള വ്യൂഹങ്ങളായി എന്നെ ആക്രമിക്കുമായിരുന്നു.

ഒമ്പതു തേനീച്ചക്കൂട്ടുകളിലെയും ഈച്ചസൈന്യം മുഴുവൻ ഇളകിക്കഴിഞ്ഞിരുന്നു. കോപാകുലരായ ഈച്ചകളുടെ മൂളൽ ഞാനിരുന്നിരുന്ന സ്ഥാനത്തിനു മുകളിൽ അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഓട്ടത്തിനിടയിൽ ആ ചെറു പ്രാണികളേല്പിച്ച പല കുത്തലുകളുടെ നീററലും കഴപ്പും സഹിച്ചുകൊണ്ടു് ഞാൻ ആ ചെടിപ്പടർപ്പിനിടയിൽ പതുങ്ങിക്കിടന്നു.

ഈച്ചകൾ ആക്രമണപ്രവർത്തനമവസാനിപ്പിച്ചു പിൻവാങ്ങി അവരുടെ സാധാരണ പ്രവർത്തനങ്ങളിൽ ജാഗരൂകരാകാൻ രണ്ടു മണിക്കൂറിലധികം വേണ്ടിവന്നു. അവരുടെ വലിയ മുഴക്കം കെട്ടടങ്ങി. എനിക്കു വളരെ ക്ഷീണം തോന്നി. തേനീച്ചയുടെ കുത്തേററതിൻെറ വേദനയില്ലായിരുന്നെങ്കിൽ ഞാൻ അവിടെത്തന്നെ കിടന്നുറങ്ങിപ്പോകുമായിരുന്നു. കുത്തേററ ഓരോ സ്ഥാനത്തും നീക്കെട്ടുണ്ടായതോടെ പുകച്ചിൽ വർദ്ധിച്ചു.

അരിപ്പുക്കാട്ടിനിടയിൽനിന്നു പുറത്തുകടന്ന് കുന്നിറങ്ങി ഞാൻ നടന്നുതുടങ്ങിയപ്പോൾ ഉച്ചതിരിഞ്ഞു മൂന്നുമണിയായി. റോഡിലിറങ്ങി ഞാൻ കുണ്ടുകോട്ടു ഗ്രാമത്തിലേക്കു തിരിച്ചു. എൻെറ കൂട്ടുകാർ അവിടെയെത്തിക്കഴിഞ്ഞിട്ടുണ്ടായിരുന്നു. ഗുഹാമുഖത്തിനു മുകളി

ല്പുള്ള സുരക്ഷിതസ്ഥാനത്തിലായിരുന്ന അവർ ഈച്ച കളുടെ ശ്രദ്ധയിൽപെടാതെ രക്ഷപെട്ടു. ഈച്ചകൾ അവരുടെ മുഴവൻ ശ്രദ്ധയും അവരുടെ മുമ്പിൽ ചലിച്ചു കൊണ്ടിരുന്ന രൂപങ്ങളിൽ—എൻെറയും പാവപ്പെട്ട 'കുഷി'ൻെറയും മേൽ — കേന്ദ്രീകരിക്കയാണുണ്ടായതു്. 'കുഷും' ഇപ്പോൾ അവരുടെകൂടെയുണ്ടായിരുന്നു. അവളെ ഈച്ചകൾ കലശലായി കുത്തിയിരുന്നു. പുലിയെയും അവർ കാര്യമായി സൽക്കരിക്കാതിരുന്നിരിക്കില്ല എന്നെ നിക്കുറപ്പുതോന്നി.

തലേന്നാൾ കാറിട്ടിരുന്നേടത്തേയ്ക്കു ഞങ്ങളെല്ലാം കൂടെ നടന്നു. എല്ലാവരേയും കാറിൽ കയററിക്കൊണ്ടു് ഞാൻ ധേങ്കനിക്കോട്ടയിലേക്കു് ഓടിച്ചുപോയി. അവി ടെ ഒരു ലോക്കൽഫണ്ടു് ആസ്പത്രിയും ഡിസ്പെൻ സറിയുമുണ്ടു്. ഡോക്ടറെ ഞങ്ങൾ ചെന്നു കണ്ടപ്പോൾ നേരം നന്നെ വൈകിയിരുന്നു. അയാൾ എൻെറയും 'കുഷി'ൻെറയും ശരീരത്തിൽ തറഞ്ഞു കയറി ഒടിഞ്ഞി രുന്ന തേനീച്ചക്കൊമ്പുകളെല്ലാം ഒരു ചവണയുപയോ ഗിച്ചു് പുറത്തെടുത്തു. ഗുഹാവാസികളായ ആ മക്ഷികാ രാക്ഷസന്മാരുടെ കുന്തമുനകൾ യഥാക്രമം പത്തൊമ്പതും നാല്പതും വീതം എനിക്കും കുഷിനും ലഭിച്ചിരുന്നു. ഡോക്ടർ ഞങ്ങളുടെ മുറിവുകളിൽ അമോണിയാ പുരട്ടി തന്നു.

അന്നു രാത്രി ഞങ്ങൾ ധേങ്കനിക്കോട്ടയിലെ ഫോ റസ്റ്റ് ബംഗ്ലാവിൽ കിടന്നുറങ്ങി.

കിടക്കവിരിക്കാത്ത ഇരുമ്പുകട്ടിലാണ വിടെയുണ്ടായി രുന്നതു്. അതുകൊണ്ടു ഞാൻ ഒരു ചാരുകസേരയിൽ കിട ന്നുറങ്ങി. മററുള്ളവർ മൂവരും കുഷും വരാന്തയിലും.

ഈച്ചയുടെ കുത്തുകൊണ്ടതിൻെറ ഫലമായി ഒരു തരം വിറയും പനിയും പിടിപെട്ടു. കുഷിനും സുഖക്കേ ടായി. അവൾ അസ്വസ്ഥയായി മൂളിക്കൊണ്ടിരുന്നതു് എനിക്കു കേൾക്കാമായിരുന്നു. എൻെറ കഴുത്തിലും മുഖ ത്തും കൈകളിലുമൊക്കെ നീര്ക്കെട്ടിയിരുന്നു. ഒരീച്ച എൻെറ ഇടതുകണ്ണിൻെറ വാലിന്മേൽ നടത്തു്ു് വിജയകര

മായ ഒരാക്രമണം നടത്തിയതിൽവച്ചുണ്ടായ നീർക്കെട്ടു കൊണ്ടു് ആ കണ്ണു് പകുതി അടഞ്ഞുമാണിരുന്നിരുന്നതു്.

രാവിലെ ആ ബംഗ്ലാവിലെ പഴക്കംകൊണ്ടു നിറം മങ്ങിയ കണ്ണാടിയുടെ മുമ്പിൽ ചെന്നു നിന്നു നോക്കിയപ്പോൾ എനിക്കു് എന്നെപ്പററിത്തന്നെ സഹതാപം തോന്നിപ്പോയി; കൺപോളയടഞ്ഞും മുഖം നീർക്കോളു കൊണ്ടു് വീർത്തുമിരുന്നു.

പത്തുമണിവരെ താമസിച്ചിട്ടു് ഞങ്ങൾ ഒമ്പതാം മൈൽകുററിയുടെ അട്ടത്തേക്കു കാറോടിച്ചുപോയി. വീണ്ടും ഞങ്ങൾ തലേന്നാളത്തെ മല കയറിത്തുടങ്ങി. പക്ഷേ ഇപ്രാവശ്യം കന്നുകാലികളും മററും നടന്നു തെളിഞ്ഞ വഴിത്താരയിലൂടെയാണു പോയിരുന്നതെന്നുള്ളതുകൊണ്ടു ക്ലേശം കുറവായിരുന്നു. ഗുഹാമുഖത്തിനു ചുവട്ടിലുള്ള പാറക്കെട്ടിനടുത്തു ഞങ്ങൾ വീണ്ടും ചെന്നെത്തി.

തേനീച്ചകൾ അവയുടെ കൂട്ടകളിൽ പതിവുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കയാണു്. എല്ലാം ശാന്തവും പ്രസന്നവുമായിരുന്നു.

കൂട്ടുകാരെ പുറത്തു നിറുത്തിയിട്ടു് ഞാനും കുഷും കൂടെ തലേന്നാളത്തെപ്പോലെ വീണ്ടും ആ പാറയുടെ പള്ളവഴി പിടിച്ചുകയറി കരുതലോടെ ഗുഹാമുഖത്തെ സമീപിച്ചു. തേനീച്ചകളുടെ സൈ്വരതയെ ഭഞ്ജിക്കാത്തടത്തോളംകാലം അവരിൽനിന്നു ശല്യമുണ്ടാകില്ലെന്നു് എനിക്കറിയാമായിരുന്നു. തലേന്നാളത്തെ എന്റെ രണ്ടു വെടിയേററു് പുലി ചത്തിരിക്കുമെന്നും എനിക്കു് ഏതാണ്ടുറപ്പുണ്ടായിരുന്നു. അഥവാ വെടികൊണ്ടു ചത്തിട്ടില്ലെങ്കിൽതന്നെ തേനീച്ചകൾ എന്റെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടാവണം.

എനിക്കു തെററിപ്പോയില്ല. ഗുഹാമുഖത്തുനിന്നു് ഏതാനും അടി ഉള്ളിലായി ആ കരിമ്പുലി ചുരുണ്ടുകൂടി ഒരു പന്തിന്റെ ആകൃതിയിൽ കിടന്നിരുന്നു; ചത്തു മരവിച്ചു്. കുഷ് അതിൽനിന്നു് ഒരു വാരയകലെ മുറുമ്മിയും മണംപിടിച്ചും നിന്നു. ഭീകരമായ ആ തേനീച്ചക്കൂട്ടത്തെ ഒരിക്കൽക്കൂടെ പ്രകോപിപ്പിക്കാനിടയാക്കു

രുതെന്നു കരുതി ഞാൻ അവളുടെ വാപൊത്തിപ്പിടിച്ചു ശാന്തയായി നിൽക്കാൻ പ്രേരിപ്പിച്ചു.

ഗുഹയിൽ നിന്നു പുറത്തു വന്ന് ഞാൻ കൂട്ടുകാരെ അങ്ങോട്ടു കയറിവരാൻ മാടിവിളിച്ചു. ഞങ്ങളെല്ലാവരും കൂടെ പുലിയെ ആ പാറക്കൂട്ടത്തിൻെറ ചുവട്ടിലേക്കു വലിച്ചുകൊണ്ടു പോയി. മാട്ടിടയൻ കയ്യിലിരുന്ന കത്തികൊണ്ട് ഒരു മരക്കമ്പു മുറിച്ചെടുത്തു കാട്ടുവള്ളികൾ കൊണ്ടു പുലിയുടെ കാലുകൾ അതിനോടു ചേർത്തു ബന്ധിച്ചു. എന്നിട്ടു ഞങ്ങൾ നാലുപേരുംകൂടെ അതിനെ തോളിലെടുത്തു കാറിൻെറ സമീപത്തേക്കുകൊണ്ടുപോയി. പുലിയെ കാറിൻെറ മഡ്ഗാർഡുകൾക്കിടയിലായി ബോണററിൻെറ പുറത്തിട്ടാണ് അവിടെ നിന്നു പിന്നെ കൊണ്ടുപോയത്.

ധേങ്കനിക്കോട്ട ഫോറസ്റ്റ് ബംഗ്ലാവിൽ വച്ച് ഞാൻ അതിൻെറ ചർമ്മം ഉരിച്ചെടുത്തു. സാമാന്യം വളർച്ചയെത്തിയ ആ ആൺ പുലിക്ക് ആറടി ഏഴിഞ്ച് നീളമുണ്ടായിരുന്നു. കറുത്തരോമത്തിനിടയിലും അതിൻെറ പുള്ളികൾ വ്യക്തമായി തിരിച്ചറിയാമായിരുന്നു. ഞാൻ ആദ്യമായി വെടിവച്ച കരിമ്പുലി അതായിരുന്നു; ആകെ ഇങ്ങനെ ഒരു കരിമ്പുലിയെ മാത്രമെ ഞാൻ വെടിവച്ചിട്ടുള്ളുതാനും.

തേനീച്ച കുത്തിയ പാടുകൾ ആ കറുത്ത രോമത്തിനിടയിൽ തിരിച്ചറിയാൻ പ്രയാസമായിരുന്നു. എന്നാൽ അതിൻെറ ചർമ്മത്തിൽ നിന്നു കിട്ടുന്ന ഈച്ചക്കൊമ്പുകൾ കൃത്യമായി എണ്ണിത്തിട്ടപ്പെടുത്തണമെന്നു ഞാൻ ആൾക്കാരോട് ഏർപ്പാടു ചെയ്തിരുന്നു. കൊമ്പുകൾ തേടിപ്പിടിച്ചു പറിച്ചെടുക്കുന്ന ജോലിയുടെ മേൽനോട്ടം ഞാൻ തന്നെ വഹിക്കയും ചെയ്തു. ആകെ 273 കൊമ്പുകൾ കണ്ടു കിട്ടി. ഞങ്ങളുടെ ശ്രദ്ധയിൽപെടാതെ ഇനിയും വളരെ കൊമ്പുകൾ ആ രോമങ്ങൾക്കിടയിൽ ഉണ്ടായിരുന്നിരിക്കണം.

എൻെറ കൂടെ പ്രവൃത്തിയെടുത്തവർക്കെല്ലാം സമ്മാനങ്ങൾ നൽകിയിട്ട് ഞാൻ ബാംഗ്ലൂരേക്കു മടങ്ങി.

ഈച്ചകളുടെ ആക്രമണത്തിനു വിധേയനാകേണ്ടിവന്നു വെങ്കിലും എനിക്കു ധാരാളം സംതൃപ്തിക്കു വകയുണ്ടാ യിരുന്നു. എനിക്ക് ഒരു കരിമ്പുലിയുടെ ചർമ്മം നേടാൻ കഴിഞ്ഞു — അങ്ങനെയൊന്നു ലഭിക്കുക അസുലഭമായ ഭാഗ്യമാണ്. അതിനും പുറമെ അത്യസാധാരണമായ കഴിവുകളോടു കൂടിയ ഒരു നായെയും എനിക്കു കിട്ടി. ഏഴു രൂപാ വിലകൊടുത്ത് കുഷിനെ ഞാൻ അതിൻെറ ഉടമസ്ഥനിൽ നിന്നു വാങ്ങി സ്വന്തമാക്കി.

ഞാൻ ഒരു കാര്യം പറയാൻ വിട്ടുപോയി. ആന ക്കൽവാങ്കാ തോടിനടുക്കൽ രണ്ടു പ്രത്യേക രക്തരേഖകൾ കണ്ട കാര്യം ഞാൻ പറഞ്ഞിരുന്നുവല്ലോ. അതിൽ ഒരു സ്ഥാനത്തു കൂടുതൽ രക്തംവീണു കാണപ്പെട്ടിരുന്നുവെന്നും ഞാൻ ഒരു വെടിമാത്രമെ വച്ചിട്ടുള്ളു എന്നിരിക്കെ രണ്ടു രക്തച്ചാലുകൾ എങ്ങനെയുണ്ടായി എന്നു ഞാൻ അത്ഭുത പ്പെട്ടുവെന്നും സൂചിപ്പിക്കയും ചെയ്തിരുന്നു.

അതിൻെറ കാരണം ഇപ്പോൾ വ്യക്തമായി. പുലി യുടെ കണ്ണുകൾക്കിടയിൽ ലക്ഷ്യംവച്ചു പ്രയോഗിച്ച എൻെറ ഒററ വെടിയിലെ ഉണ്ട അല്പമൊന്നുന്നം പിഴ ച്ചുയാൽ ചെവിക്കും നെററിക്കുമിടയ്ക്കുകൂടെ ഒരു ചാൽ കീറിക്കൊണ്ടു ചെന്നു് പുലിയുടെ അരക്കെട്ടിൽ തറച്ചു കയറുകയാണു ചെയ്തതു്. ആ രണ്ടാമത്തെ മുറിവിലൂടെ യാണ് അധികം രക്തമൊഴുകിയിരുന്നതു്. ആദ്യത്തെ മുറിവു് തൊലിപ്പുറത്തു കീറലുണ്ടാക്കിയതേയുള്ളു. ഞാൻ ആ രാത്രിയിൽ വെടിവച്ചതു് പുലി എൻെറ നേരെ കുതിക്കാനായി ചുരുങ്ങിക്കൂടിക്കൊണ്ടു് ആയുന്ന കൃത്യ മുഹൂർത്തത്തിൽ തന്നെയായിരുന്നു എന്നതു വ്യക്തം.

ഗുഹയ്ക്കകത്തു വച്ചു രണ്ടുവെടി വച്ചുവല്ലോ. അതിൽ ആദ്യത്തേതു് പുലിയുടെ നെഞ്ചിലാണേററതു്. പുലി എൻെറ നേരെ ആഞ്ഞ സമയത്തു വച്ച രണ്ടാമത്തെ വെടി അതിൻെറ തുറന്നിരുന്ന വായിലൂടെ കടന്നു് കഴു ത്തിൻെറ പിൻഭാഗം തുളച്ചിരുന്നു.

## 5

### പാമ്പുകളും മററു വനജീവികളും

ഏതിനം വന്യജന്തുക്കളും വനവിഭവങ്ങളും ചിലരുടെ മനസ്സിനെ ഹഠാദാകർഷിക്കുന്നു. അങ്ങനെയുള്ളവരുടെ താല്പര്യത്തെ ഉദ്ദീപിപ്പിക്കാൻ പോന്ന ഇന്ത്യൻ വനജീവികളെപ്പററി വളരെയധികം എഴുതപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. പ്രതിഭാമതികളായ ഡൺബാർ–ബ്രാണ്ടർ, ചാമ്പിയൻ, ഗ്ലാസ്ഫർഡ്, ബെസ്റ്റ്, കോർബററ് തുടങ്ങി ഒട്ടധികം എഴുത്തുകാർ മാർഗ്ഗം തെളിച്ചിട്ടുകയും അവരുടെ സ്വന്തം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഈ ജന്തുക്കളുടെ പ്രത്യേകതകൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇവരിൽ ചിലർ ഏതാണ്ട് അരശതാബ്ദം മുമ്പാണ് ഗ്രന്ഥരചന നടത്തിയിട്ടുള്ളത്. അന്ന് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ വനങ്ങളിൽ വന്യമൃഗങ്ങൾ— പ്രത്യേകിച്ച് മാംസഭുക്കുകളായ ജന്തുക്കൾ– സമൃദ്ധിയായി ഉണ്ടായിരുന്നുവെന്നും ഓർമ്മിക്കേണ്ടതുണ്ട്. അവരുടെ ഗ്രന്ഥങ്ങൾ എല്ലാക്കാലത്തും ആളുകൾ ആസ്വദിച്ചിരുന്നു. എന്നാൽ ഇപ്പോൾ മാത്രമാണ് അവരുടെ അത്ഭുത ഗ്രന്ഥങ്ങളുടെ യഥാർത്ഥ മഹിമാതിരേകം അതിൻെറ ശരിയായ രൂപത്തിൽ അനുഭവപ്പെട്ടു വരുന്നത്. കാലം മുമ്പോട്ടു കടന്നു പോവുകയും, വന്യമൃഗസങ്കേതമെന്ന നിലയിൽ ഇന്ത്യയ്ക്കുള്ള പ്രശസ്തി, കഴിഞ്ഞുപോയ കാലത്തിൻെറ വിദൂരസ്മരണ മാത്രമായി അവശേഷിക്കയും ചെയ്യും. അപ്പോഴാണ് ഈ മഹാന്മാരുടെ ഗ്രന്ഥങ്ങളെ. എന്നും വർദ്ധിച്ചു കൊണ്ടിരിക്കുന്ന പ്രാധാന്യത്തോടു കൂടിയ വിജ്ഞാന ഭണ്ഡാഗാരങ്ങളായി ആളുകൾ കണ്ടറിയാൻ പോകുന്നത്. വിത്തംകൊണ്ടു നേടാ

നാകാത്ത വിശിഷ്ടമായ അറിവിൻെറയും അനുഭൂതിയുടെയും കലവറകളാണ് ഈ ഗ്രന്ഥങ്ങൾ.

ഇന്ത്യയിലെ ശിക്കാറികളും, ദക്ഷിണാഫ്രിക്കയിലെ പ്രശസ്ത നായാട്ടുകാരായ വെള്ളക്കാരുമൊക്കെ, അവരവരുടെ ജീവിതകാലത്തു തന്നെ, ഒരു കാലത്തു തങ്ങൾ വിനോദത്തിനു വേണ്ടിയോ, തൊഴിലെന്ന നിലയിലോ വേട്ടയാടിക്കൊണ്ടിരുന്ന മൃഗങ്ങളിൽ വാത്സല്യമുള്ളവരായി പരിവർത്തനപ്പെട്ടിരുന്നു എന്നതു് ശ്രദ്ധേയമായ കാര്യമാണ്. അവരിൽ മിക്കവരും മൃഗങ്ങളെ കൊല്ലുന്ന സ്വഭാവം കൈവെടിഞ്ഞു് അവയുടെ ഫോട്ടോ എടുക്കുകയും സ്വഭാവപഠനം നടത്തുകയും ചെയ്യുന്ന കൂടുതൽ അഭിലഷണീയവും അതേസമയം ശ്രമകരവുമായ ഉദ്യമത്തിലേർപ്പെടുകയുമാണ് ചെയ്തിട്ടുള്ളതു്.

പണ്ടൊക്കെ നായാട്ടിനു വേണ്ടി വനത്തിൽ സഞ്ചരിക്കുന്നതു് വളരെ അപകടംപിടിച്ച സംരംഭമായി ഗണിക്കപ്പെട്ടിരുന്നു. വേട്ടയാടപ്പെടുന്ന വന്യമൃഗങ്ങളിൽനിന്നു സംഭവ്യമായ ആപത്തുകൾക്കും പുറമെ—അതുതന്നെ ഗൗരവാവഹമായ തോതിലുണ്ടായിരുന്നു— പാമ്പുകൾ, തേളുകൾ, എട്ടുകാലികൾ തുടങ്ങിയ പല ഇനം വിഷജീവികളിൽ നിന്നു നേരിടാവുന്ന അപകടങ്ങളും, മലേറിയ, ബ്ളാക്ക്‌വാട്ടർഫീവർ തുടങ്ങി വനജീവിതത്തിൽ നിന്നുണ്ടാകാവുന്ന രോഗങ്ങളും ഒക്കെ ആളുകളിൽ ഭയമുളവാക്കാൻ പോന്നവയായിരുന്നു.

ഉദാഹരണമായി പറഞ്ഞാൽ, എൻെറ പിതാവിൻെറ കാലത്തു് നീലഗിരി പർവതങ്ങളുടെ ചുവട്ടിലുള്ള മലകളിലെ വനങ്ങളിലൊ, മൈസൂർ സംസ്ഥാനത്തെ ഷിമോഗാ, കഡൂർ എന്നീ ജില്ലകളിലെ കാടുകളിലൊ, പശ്ചിമഘട്ടങ്ങൾക്കു ചുഴവും കിടക്കുന്ന മലമ്പ്രദേശങ്ങളിലൊ, ഒക്കെ യാത്രയ്ക്കൊരുമ്പെടുന്നതു് വളരെ അപകടം നിറഞ്ഞ സംരംഭങ്ങളായിട്ടാണു ഗണിക്കപ്പെട്ടിരുന്നതു്. പ്രഭാതവേളകളിൽ ഈ പ്രദേശത്തെ പൊതിഞ്ഞു നിൽക്കുന്ന മൂടൽമഞ്ഞു്, നീരിളക്കം, ന്യൂമോണിയാ, എല്ലാററിനുമുപരിയായി മലേറിയാ, എന്നീ രോഗങ്ങളെ ഉല്പാദി

പ്പിക്കുന്നതായി വിശ്വസിക്കപ്പെട്ടിരുന്നു. വനത്തിലെ ജന്തുക്കളാണെങ്കിൽ ഏററവുമധികം ക്രൗര്യവും ശൗര്യവുമുള്ളവയായിരുന്നു എന്നുമാണ് പറഞ്ഞു കേട്ടിട്ടുള്ളത്.

നേരെമറിച്ച്, പഴയകാലത്തെ എഴുത്തുകാരുടെ ഗ്രന്ഥങ്ങളിൽനിന്നു നമുക്കു ഗ്രഹിക്കാൻ കഴിയുന്നതു്, വനത്തിലെ മൃഗങ്ങൾ പ്രായേണ ആക്രമണ വിമുഖരായിരുന്നുവെന്നും അവയ്ക്കു മനുഷ്യവർഗ്ഗത്തെ ഭയമായിരുന്നുവെന്നുമാണ്. വിഷമുള്ള ഇനം എട്ടുകാലികളൊ തവളകളൊ, ഗൗളികളൊ ഒന്നും ഇന്ത്യയിലില്ലെന്നു ശാസ്ത്രം നമ്മെ ഇപ്പോൾ പഠിപ്പിച്ചുകഴിഞ്ഞു; വിഷമുള്ള ഇനം പാമ്പുകൾതന്നെയും വളരെ കുറവാണ്. അതുപോലെതന്നെ, നീരിളക്കവും, ന്യൂമോണിയായും ഇൻഡ്യയിലെ ഏററവുമധികവും ചൂടുള്ളതും വരണ്ടതുമായ പട്ടണങ്ങളുൾപ്പെടെ എവിടെ താമസിച്ചാലും പിടിപെടാവുന്നതാണെന്നും തെളിഞ്ഞു. ഈർപ്പമുള്ള മൂടൽമഞ്ഞോ വനത്തിലെ വായുവൊ അല്ല മലേറിയയ്ക്കു കാരണമാക്കുന്നതെന്നും ഒരു പ്രത്യേകതരം കൊതുകാണ് ഈ രോഗാണുക്കളെ കൊണ്ടു നടന്നു വിതരണം നടത്തുന്നതെന്നും സർ റൊണാൾഡ് റോസ്സ് തെളിയിച്ചുതന്നു. ആ രോഗാണു വനത്തിൽ മാത്രമല്ല, നാട്ടിലുടനീളം വളരുന്നുണ്ടു്. ഒഴുക്കില്ലാത്ത വെള്ളത്തിലും മലിനജലമൊഴുകുന്ന അഴുക്കു ചാലിലുമൊക്കെയാണ് മലേറിയ പരത്തുന്ന കൊതുകു ജന്മമെടുക്കുന്നതു്. ഇത്തരം സാഹചര്യങ്ങൾ ഏററവും വലിയ നഗരങ്ങളിൽപോലുമുണ്ടുതാനും. ഈ കൊതുകുകളുടെ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള പദ്ധതികളും പരിപാടികളും അധികൃതർ സ്വീകരിച്ചു പ്രവർത്തിക്കയാൽ കൊതുകുശല്യം വളരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടു്. പെട്ടെന്നും ഫലപ്രദമായും രോഗമുക്തി ലഭിക്കത്തക്ക ചികിത്സകളും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു പണ്ടെന്നപോലുള്ള ഭയമൊന്നും ഇപ്പോൾ ഇത്തരം രോഗങ്ങളെപ്പററി ആളുകൾക്കില്ല.

വന്യമൃഗങ്ങളിലും പാമ്പുകളിലും നിന്നുള്ള ആപത്തിനെ സംബന്ധിച്ചിടത്തോളം സ്വന്തം അനുഭവപാഠങ്ങ

ളാണ് മനുഷ്യന് എപ്പോഴും ആശ്രയിക്കാവുന്ന ഗുരുക്കന്മാരായിരുന്നിട്ടുള്ളതു്. എല്ലാക്കാലത്തും അങ്ങനെതന്നെയായിരിക്കയും ചെയ്യും. എന്നാൽ വളരെക്കുറച്ചു വ്യത്യസ്തങ്ങൾ—അതും, ചില സ്ഥലങ്ങളിൽമാത്രം—ഒഴിവാക്കിയാൽ, ഏതെങ്കിലും നഗരത്തിലെ ഗതാഗതബാഹുല്യമുള്ള തെരുവിൽക്കൂടെ കുറുകെ കടന്നു പോകുന്നതിനു ശ്രമിക്കുന്നതിനെക്കാൾ അപകടകരമായ സംരംഭമൊന്നുമായിരിക്കില്ല, ഏററവും ഇടതിങ്ങിയ വനത്തിൽപോലുമുള്ള സഞ്ചാരം എന്നുറപ്പിച്ചു പറയാം. പഴയകാലത്തെ എഴുത്തുകാരെല്ലാം ഈ വസ്തുത തെളിയിച്ചിട്ടുണ്ടു്.

മൃഗയാവിനോദത്തിൽ വേണ്ടത്ര പരിചയമില്ലാത്ത ചില പുതിയ ആൾക്കാർ ചിലപ്പോൾ കുഴപ്പത്തിൽചെന്നു ചാടിപ്പോകുമെന്നുള്ളതു വാസ്തവം. പക്ഷേ ആ കുഴപ്പം അയാളുടെ പരിചയക്കുറവും അനവധാനതയും കൊണ്ടു സംഭവിക്കുന്നതാണ്. അനുഭവപരിചയമെന്നതു്-പ്രത്യേകിച്ചും പഠിക്കാൻ മനസ്സും താല്പര്യവുമുള്ളവർക്കു്—വേഗം സമ്പാദിക്കാവുന്നതാണ്.

ഗുജറാത്തിലെ ഗിർവനങ്ങളിൽ നന്നായി സംരക്ഷിക്കപ്പെട്ടുന്നതൊഴികെ ഇന്ത്യൻ വനങ്ങളിലെങ്ങും സിംഹത്തിനെ കാണാനില്ലാത്തതുകൊണ്ടാണ് കടുവായ്ക്കു് 'ഇന്ത്യയിലെ വനരാജൻ' എന്ന ബഹുമാന്യപദവി നൽകപ്പെട്ടിട്ടുള്ളതു്. കടുവാ ഗാംഭീര്യവും, അഴകും രാജസപ്രഭാവവും ഒത്തിണങ്ങിയ ഒരു മൃഗം തന്നെ. പക്ഷേ വലിപ്പവും കരുത്തും, ചിലപ്പോൾ പ്രവചനക്ഷമമല്ലാത്ത സ്വഭാവരീതിയുമൊക്കെയുള്ള ആനയാണ് വാസ്തവത്തിൽ ഇന്ത്യയിലെ വനരാജപദവിക്കർഹൻ. നിയമേന, കടുവായെക്കാൾ കൂടുതൽ ആപൽക്കാരിയായ മൃഗവും ആനതന്നെയാണ്. ആനയും,കടുവായും ധാരാളമുള്ള വനങ്ങളിൽ പാർപ്പുകാരായ ആദിവാസികൾ, കടുവായെ, അതു നരഭോജിയായിത്തീർന്നിട്ടില്ലാത്ത കാലത്തോളം, അവജ്ഞയോടെയാണു പരിഗണിക്കാറു്. എന്നാൽ ആനയെ സംബന്ധിച്ചടത്തോളം അങ്ങേഅററം മതിപ്പോടുകൂടിയേ അവർ പെരുമാറാറുള്ളൂ. ഈ ആദിവാസികളിലാരുടെയെങ്കിലുമൊപ്പം

വനപാതകളിൽക്കൂടെ സഞ്ചരിച്ചു നോക്കുക. വഴിക്കു വല്ല കട്ടവായെയൊ പുലിയെയൊ കാണാനിടയായാൽ തന്നെ അലസമായ ഒരവഗണനാഭാവത്തിലാണു് അതിനെ അവൻ നിങ്ങൾക്കു ചൂണ്ടിക്കാണിച്ചു തരുക. എന്നാൽ എവിടെയെങ്കിലും ഒരു മരക്കൊമ്പു വലിച്ചൊടിക്കുന്ന ശബ്ദം ചെവിയിൽ പെട്ടുപോയാൽ അവൻ ഉടനെ തന്നെ അവിടെനിന്നു് അവൻെറ ഭാഷയിൽ "ആന"യെ സൂചിപ്പിക്കുന്ന പേരു പറയുകയും, ചെവി വട്ടം പിടിച്ചു് എവിടെ നിന്നാണു ശബ്ദം പുറപ്പെട്ടുന്നതെന്നു ശ്രദ്ധിച്ചു ശേഷം ആന തീററതിന്നു നിൽക്കുന്ന പ്രദേശം ഒഴിഞ്ഞു മുമ്പോട്ടു പോകാൻ മറെറാരു വഴി കണ്ടുപിടിക്കാൻ ശ്രമിക്കുയും ചെയ്യും.

ജന്മസിദ്ധമായ ഈ കരുതൽ, അയാളുടെ പൂർവികരുടെയും അയാളുടെയും സഞ്ചിതാനുഭവസമ്പത്തിൽനിന്നുറന്നുകൂടിയതാണു്. ഈ കരുത്തന്മാരായ ജന്തുക്കളുടെ പ്രവചനക്ഷമമല്ലാത്ത സ്വഭാവപ്രത്യേകതകളെപ്പററി അറിയാവുന്ന അവർ, ആവശ്യമില്ലാതെ അപകടം വരിക്കാൻ തയാറില്ല.

അങ്ങനെയിരിക്കുമ്പോൾ പെട്ടെന്നൊരു ക്ഷോഭത്തിനൊ, ഭയത്തിനൊ, ഉദ്വേഗത്തിനൊ ഒക്കെ വശഗനായിപ്പോകുമെന്നുള്ളതു കഴിച്ചാൽ, കാട്ടാന വാസ്തവത്തിൽ നിരുപദ്രവിയായൊരു മൃഗമാണു്. ഈ പൊതുനിയമത്തിനു് നാലപവാദങ്ങളുണ്ടു്.

ഇന്ത്യൻ വനങ്ങളിലെ ആനകളെ സംബന്ധിച്ചിടത്തോളമുള്ള പ്രത്യേകത, അവ സംഘം ചേർന്നു സഞ്ചരിക്കുമ്പോൾ എണ്ണം എത്രയധികമായിരിക്കുന്നുവൊ അത്രയധികം നിരുപദ്രവികളായിരിക്കും സംഘത്തിലെ ഓരോ ആനയും എന്നുള്ളതാണു്. ഈ കാര്യത്തിൽ ആഫ്റിക്കൻ ആനകളുടേതിൽ നിന്നു തികച്ചും വ്യത്യസ്തമാണു് ഇന്ത്യൻ ആനകളുടെ സ്വഭാവം. ഏതെങ്കിലും മനുഷ്യനെ കൊന്നു് കൊലകൊമ്പനെന്ന ബിരുദം നേടിയ ആന, മദമിളകി നിൽക്കുന്ന കൊമ്പനാന, കൂട്ടം വിട്ടു് ഒററതിരിഞ്ഞു തീററതിന്നു നിൽക്കുന്ന ആന, കുട്ടിയുമായി

പോകുന്ന പിടിയാന—കുട്ടിയെ രക്ഷിക്കാനുള്ള ശ്രമത്തിൽ സ്വന്തം ജീവൻ ത്യജിക്കാൻ കൂടെയും തയാറായിരിക്കും ആ മാതാവു്—എന്നിവയാണു് മുൻപു പറഞ്ഞ പൊതുനിയമത്തിൻെറ നാലപവാദങ്ങൾ. ഈ നാലുദാഹരണങ്ങളിലും ആപൽക്കാരികളായിരിക്കുന്നതു് ഒററയാനകളാണു്, ആനക്കൂട്ടങ്ങളല്ല, എന്നതു ശ്രദ്ധിക്കണം. ആഫ്രിക്കൻവനങ്ങളിലെ ആനകൾ കൂട്ടംചേർന്നു നായാട്ടുകാരെ ആക്രമിക്കാനുള്ള പ്രവണതയും കഴിവുമുള്ളവയാണെന്നു പറയപ്പെടുന്നു. ഇന്ത്യയിലെ ആനകൾ ഇങ്ങനെ ചെയ്യാറില്ല.

എന്നാൽ മുകളിൽ വിവരിച്ച നാലു വ്യത്യസ്തങ്ങളിൽപെട്ട ഒരാന വളരെ ആപൽക്കാരിയായിട്ടുതീരാം; വളരെയധികം നശീകരണപ്രവണതയും അതു പ്രകടിപ്പിച്ചുവെന്നു വരാം. വളരെ ദൂരംവരെ ഒരു മനുഷ്യനെ അതു് ഓടിച്ചു പിടികൂടി കൊന്നുവെന്നു വരാം. വിടാതെ പിൻതുടർന്നു് ഒരു മൈൽ ദൂരംവരെയും മററും ആന മനുഷ്യരെ ഓടിച്ചിട്ടു പിടിച്ചിട്ടുണ്ടു്, അത്ര ദൂരം വരെ പിടികൊടുക്കാതെ ഓടാൻ മനുഷ്യനു കഴിഞ്ഞിട്ടുള്ള അവസരങ്ങളിൽ. പിടി കൂടിയാലൊ, അതു് ആളെ ചവുട്ടിപ്പിടിച്ചു വലിച്ചു കീറുകയൊ, നിലത്തിട്ടു ചവുട്ടിയരയ്ക്കുകയോ, തൂക്കിയെടുത്തു മരത്തിലൊ മറേറാ അടിക്കയോ, അല്ലെങ്കിൽ പൊക്കത്തിലേയ്ക്കു വലിച്ചെറിയുകയോ ചെയ്യും.

വനാന്തർഭാഗത്തുള്ള വല്ല ഓലിയുടെയും സമീപത്തു പാത്തിരിക്കുമ്പോൾ കാട്ടാനകളെ കബളിപ്പിച്ചു ഞാൻ പലപ്പോഴും രസിച്ചിട്ടുണ്ടു്. വെള്ളം കുടിക്കാൻ വേണ്ടി കാട്ടാനകൾ അവിടെയെത്തും. അപ്പോൾ ഞാൻ കടുവായുടെയോ പുലിയുടെയോ ശബ്ദത്തെ അനുകരിച്ചു് ഗർജ്ജിക്കുകയോ മുരളുകയോ ഒക്കെ ചെയ്തു നോക്കിയിട്ടുണ്ടു്. കടുവായുടെ ശബ്ദത്തെ അനുകരിച്ചു ശബ്ദം പുറപ്പെടുവിക്കുന്ന അവസരങ്ങളിൽ ആനകൾ—അവ കൂട്ടമായിട്ടാണു നിൽക്കുന്നതെങ്കിൽ ഉറക്കെ കൂവിക്കൊണ്ടു് കാടു തകർത്തു് ഓടിമറയും. ഓലിയുടെ സമീ

പത്തെവിടെയൊ പതിയിരിക്കുന്നതായി ശങ്കിക്കപ്പെട്ടുന്ന കട്ടുവായയിൽ നിന്നു് എത്രയും അകന്നുപോകാനുള്ള ഉൽക്കണ്ഠയിൽ പിടിയാനകൾ തങ്ങളുടെ കൊച്ചുകുഞ്ഞുങ്ങളെ വയറിനടിയിൽ അടുക്കിപ്പിടിച്ചു്, ഏതാണ്ടു് എടുത്തുകൊണ്ടെന്ന മട്ടിൽ, കൂടെക്കൂട്ടിക്കൊണ്ടു് അതിവേഗംപോകുന്ന കാഴ്ച ബഹുരസമാണു്. എന്നാൽ ഏതെങ്കിലും ഒരാന ഒററയ്ക്കാണു് ഇങ്ങനെ വെള്ളം കുടിക്കാനോ മറേറാ വരുന്നതെങ്കിൽ അതു കട്ടുവായുടെ ശബ്ദം കേൾക്കുമ്പോൾ അനങ്ങാതെ അവിടെത്തന്നെ നിന്നു് ശത്രുവിൻെറ സ്ഥാനം എവിടെയാണെന്നു തിട്ടപ്പെടുത്താൻ വേണ്ടി ചെവി വട്ടം പിടിക്കയും തുമ്പിക്കൈ ഉയർത്തി അന്തരീക്ഷത്തിൽ ചുഴററി മണംപിടിച്ചു നോക്കുകയും മാത്രമെ ചെയ്യൂ. എന്നിട്ടു തിരിഞ്ഞു നേരെ കാട്ടിലേക്കു കയറും. ചിലപ്പോൾ ചില ആനകൾ കുപിതരായി നിലത്തു ബലമായി ചവിട്ടുകയൊ തലയുയർത്തിപ്പിടിച്ചു് തുമ്പിക്കൈ അങ്ങോട്ടുമിങ്ങോട്ടും ആട്ടുകയൊ ചെയ്തുകൊണ്ടു് അവിടെത്തന്നെ അല്പസമയം ഉറച്ചുനിന്നുവെന്നും വരും. പക്ഷേ ഒന്നുരണ്ടു മിനിട്ടിനകം മൂപ്പരും രംഗത്തു നിന്നു മാറിക്കളയും. കട്ടുവായുടെ ശബ്ദത്തെ അനുകരിച്ചു ഞാൻ ശബ്ദിച്ചിട്ടുള്ളപ്പോൾ ഒരിക്കലെങ്കിലും ഒരാന ധൈര്യമായി ഉറച്ചു നിന്നതായ ഉദാഹരണം എനിക്കോർമ്മയില്ല. വലിപ്പവും കരുത്തുമൊക്കെ ആനയ്ക്കാണു കൂടുതലെങ്കിലും ഭീഷണനായ കട്ടുവായെ നേരിടാൻ അതിനു ധൈര്യമില്ലെന്നുള്ളതു വ്യക്തമാണു്. ആനയുടെ കണ്ണിനു്, അതിൽ പതിയുന്ന ഏതു രൂപവും പല ആവർത്തി ഇരട്ടിച്ച വലിപ്പത്തിൽ കാണാനുള്ള കഴിവുണ്ടെന്നു ഞാൻ എവിടെയൊ വായിച്ചിട്ടുണ്ടു്. അപ്പോൾ ആനയുടെ കണ്ണിൽ മനുഷ്യനും കട്ടുവായുമൊക്കെ യഥാത്ഥത്തിലുള്ളതിനെക്കാൾ ബൃഹദാകാരന്മാരായിട്ടായിരിക്കണം പ്രത്യക്ഷപ്പെടുന്നതു്. വാസ്തവത്തിൽ ഇതായിരിക്കണം കട്ടുവാകളെയും പുലികളെയും മനുഷ്യരെത്തന്നെയും ആന ഭയപ്പെടുന്നതിൻെറ കാരണം.

പുലിയുടെ ശബ്ദം കേൾക്കുമ്പോഴുള്ള പ്രതികരണം വ്യത്യസ്തമാണ്. ആനകൾ കൂട്ടംകൂടി നിൽക്കുകയാണെങ്കിൽ കൊമ്പനാനകൾ ആക്രമണപ്രവണതയോടെ നിലകൊള്ളുകയും കുട്ടിയാനകളെ സംരക്ഷിക്കാൻ തയാറാവുകയും ചെയ്യും. ഒററയാനയാണെന്നുള്ള പക്ഷം കടുവായുടെ ശബ്ദം കേൾക്കുമ്പോഴുള്ളത്ര തിട്ടക്കത്തിലല്ലെങ്കിലും വേഗം സ്ഥലം വിട്ടുപോകാനുള്ള ഉദ്യമമാണു കാണാറു്. ഒന്നോ രണ്ടോ എണ്ണം മാത്രം, വെള്ളത്തിൽ കാലിട്ടു ചവിട്ടുകയും തുമ്പിക്കൈ വീശിയടിക്കയുമൊക്കെ ചെയ്തു നീരസപ്രകടനം നടത്തിയിട്ടു തുടർന്നു വെള്ളം കുടിച്ചു നിൽക്കുന്നതും കണ്ടിട്ടുണ്ടു്. പക്ഷേ അപ്പോഴും അവ അസ്വസ്ഥരും ചഞ്ചലചിത്തരുമായിട്ടാണു നിൽക്കുന്നതെന്നു വ്യക്തമായിരുന്നു.

ആനകൾ ആകാരവൈപുല്യവും നല്ല കരുത്തുമുള്ള ജന്തുക്കൾ തന്നെയെങ്കിലും ധൈര്യമുള്ളവയല്ല എന്നു് എൻെറ ഈ രസകരമായ അനുഭവങ്ങൾ തെളിയിക്കുന്നു. നേരെ മറിച്ചു് അവ ഭീരുക്കളും ദുർബ്ബലചിത്തരുമാണു്. എല്ലാ 'മുട്ടാള'ന്മാരെയും പോലെ, തൻെറ പ്രതിയോഗിയിൽ ഭയത്തിൻെറ ലാഞ്ഛന കാണുമ്പോൾ മാത്രം ആ അവസ്ഥാവിശേഷത്തിൽ നിന്നു മുതലെടുക്കുന്ന കൂട്ടരാണു് ആനകളെന്നു് ഉറപ്പിച്ചു പറഞ്ഞാൽപോലും എനിക്കു വളരെ തെററിപ്പോയിരിക്കയില്ല. എന്നാൽ മുമ്പു പറഞ്ഞ നാലു വ്യത്യസ്തങ്ങളുടെ കാര്യത്തിലല്ലാതെ—പ്രത്യേകിച്ചും തിരിച്ചാക്രമിച്ചേക്കുമെന്നു സംശയിക്കുന്ന എന്തിനെങ്കിലുമെതിരായി—ആക്രമണത്തിനു മുതിരുകയെന്നതു്, സാധാരണഗതിയിൽ ഒരാനയിൽ നിന്നുണ്ടാകുന്നകാര്യമല്ല.

ആനകൾക്കു വെളുപ്പുനിറത്തോടു ജന്മസഹജമായ ഒരു വെറുപ്പുണ്ടെന്നു തോന്നുന്നു. ഇക്കാരണത്താൽ കാട്ടാനയുടെ സഞ്ചാരം ധാരാളമായുള്ള പ്രദേശങ്ങളിൽ മൈൽക്കുററികളും ഫർലോംഗ്കുററികളുമൊക്കെ കറുത്തചായമടിച്ചാണു നിറുത്തിയേക്കാറുള്ളതു്. വെളുത്ത നിറമാണു കാണുന്നതെങ്കിൽ ആ വഴിക്കു് ആദ്യം വരുന്നയാന

അതു പിഴതു ദൂരെയെറിയുമെന്നുള്ളതു നിശ്ചയമായ കാൎയ്യമാണ്. ഇക്കാരണത്താൽ തന്നെ ആനയുള്ള കാട്ടുകളിലൂടെ വെള്ളവസ്ത്രംധരിച്ചു നടക്കുന്നതു, ബുദ്ധിപൂൎവ്വമായിരിക്കില്ല; ആനയുടെ ആക്രമണത്തെ ക്ഷണിച്ചു വരുത്തുകയാണ് അതുകൊണ്ടു ചെയ്യുന്നതു്. പഴയ കാലത്തു് ആളുകൾ വനത്തിൽ സോളാർതൊപ്പിയാണ് പതിവായി ഉപയോഗിച്ചു വന്നതു്. അതു തലയിലിരുന്നാൽ സൂൎയ്യാതപം നേരിട്ടു തലയിൽ വന്നു തട്ടുകയില്ലെന്നു മാത്രമല്ല, സൂൎയ്യരശ്മികൾ അതിൻെറ ധവളിമയിൽ തട്ടി പ്രതിഫലിക്കയാൽ ധരിച്ചിരിക്കുന്ന ആളിൻെറ തലയ്ക്കു തണുപ്പുകിട്ടുകയും ചെയ്യും. എനിക്കു പരിചയമുള്ള ഒരു മാന്യൻ ഒരിക്കൽ ഈയിനം വെള്ളത്തൊപ്പിയും ധരിച്ചു് വനത്തിലൂടെ സഞ്ചരിക്കയായിരുന്നു. അതു ധരിക്കാൻ അയാളെ പ്രേരിപ്പിച്ച ചേതോവികാരം എന്തെന്നെനിക്കറിഞ്ഞുകൂടാ. എന്തുകൊണ്ടെന്നാൽ അതിനോട്ട് ആനകൾക്കു വെറുപ്പാണെന്നു മാത്രമല്ല, അകലെനിന്നു തന്നെ കാണാവുന്ന അത്തരമൊരു വെള്ളത്തൊപ്പിയും ധരിച്ചുകൊണ്ടു വന്യമൃഗങ്ങളെ കൗശലത്തിൽ സമീപിക്കാൻ സാദ്ധ്യവുമല്ല. ഏതായാലും അയാൾ ധരിച്ചിരുന്നതു് അത്തരമൊരു തൊപ്പിയാണ്. അയാളും വഴികാട്ടിയായ ഒരു ഷോളഗവൎഗ്ഗക്കാരനുംകൂടെ ഒരു മലഞ്ചെരുവിലൂടെ പോകുമ്പോൾ വനത്തിൽ ഏതാണ്ടു് ഇരുനൂറു വാരയകലെയായി അല്പം ഉയൎന്നസ്ഥലത്തു് ഒരു കാട്ടാന തീററതിന്നു നിൽക്കുന്നതു കാണാനിടയായി. ആ നിമിഷത്തിൽ തന്നെ ആന അവരെയും കണ്ടു. സാധാരണപരിതഃസ്ഥിതികളിലാണെങ്കിൽ ആന അവരെ കാണാനിടയില്ലാത്തതായിരുന്നു. എന്തുകൊണ്ടെന്നാൽ .ആനയ്ക്കു കാഴ്ചശക്തി നന്നെ കുറവാണ്. അതുമല്ല, കാററടിച്ചുകൊണ്ടിരുന്നതു് ആന നിന്നിരുന്നിടത്തേക്കല്ല, അവരുടെ നേരെയായിരുന്നുതാനും. ആ സ്ഥിതിക്ക് മണംപിടിച്ചിട്ടും അതു മനുഷ്യസാന്നിദ്ധ്യമറിയാനിടയില്ലായിരുന്നു. പക്ഷെ ആ വെളുത്തുമിന്നുന്ന തൊപ്പി, വനത്തിലെ ഹരിതവൎണ്ണപശ്ചാത്തലത്തിനെതിരെ വളരെ തെളിഞ്ഞു

നിന്നിരുന്നതിനാൽ അതു കണ്ണിൽപെടാതിരിക്കുക സാദ്ധ്യമല്ലായിരുന്നു. ആന കൂവിക്കൊണ്ടു് അവരുടെ നേരെ പാഞ്ഞെത്തി. നായാട്ടുകാരനും വഴികാട്ടിയും തിരിഞ്ഞു് ഓട്ടംപിടിച്ചു. ഭാഗ്യവശാൽ ആ വഴികാട്ടി നല്ല പരിചയസമ്പന്നനും സായിപ്പന്മാക്കു കാട്ടുകളിൽ സഹായം നൽകി പ്രസിദ്ധിഃനേടിയിരുന്നവനുമാണു്. അയാൾ തൻെറ കൂടെയുണ്ടായിരുന്ന ആളെ ഉപേക്ഷിച്ചോടിപ്പോയില്ല. ഓടേണ്ടവഴി നിർദ്ദേശിച്ചുകൊട്ടുത്തുകൊണ്ടു് അയാൾ നായാട്ടുകാരൻെറ പുറകിൽ ഓടിക്കൊണ്ടിരുന്നു. പക്ഷേ ആന അതിവേഗം അവരെ സമീപിച്ചുകൊണ്ടിരിക്കയായിരുന്നു. ഈ സമയം ആ ഷോലഗൻ പെട്ടെന്നെത്തിപ്പിടിച്ചു് നായാട്ടുകാരൻെറ തലയിലിരുന്ന തൊപ്പിയെടുത്തു നിലത്തെറിഞ്ഞു; നിറുത്താതെ ഓട്ടം തുടർന്നുകൊള്ളാൻ സായിപ്പിനോടും പറഞ്ഞു. തൊപ്പിയുടെ അടുത്തെത്തിയ ആനയ്ക്കു് തുടർന്നവരുടെ പിന്നാലെ ഓടാനുള്ള താല്പര്യമൊക്കെത്തീർന്നു; പക്ഷേ ആ ഭംഗിയുള്ള തൊപ്പി ആന ചവുട്ടിത്തേച്ചും ചുരുട്ടിക്കൂട്ടിയും നാശമാക്കിക്കളഞ്ഞു. അവരെ പിൻതുടരുന്നതിലൊ ഉപദ്രവിക്കുന്നതിലൊ ഒന്നും ആനയ്ക്കു് ഒരു താല്പര്യവും ഉണ്ടായിരുന്നില്ല. പക്ഷേ, തൊപ്പിയുടെ വെള്ളനിറംകണ്ടു ക്ഷമിച്ചുനിൽക്കാൻ അതിനുതീരെ സാദ്ധ്യമല്ലായിരുന്നു. അതിനെ നശിപ്പിക്കാതെ അടങ്ങിനിൽക്കാൻ വയ്യ.

കൊമ്പനാനകൾ തമ്മിലുള്ള ദ്വന്ദ്വയുദ്ധം തുടർച്ചയായി മൂന്നു ദിവസം വരെയും മററും നീണ്ടുനിന്ന കഥകൾ കേട്ടിട്ടുണ്ടു്; ഇത്തരം യുദ്ധത്തിനിടയ്ക്കു് ചുരുക്കം പ്രാവശ്യം വിശ്രമത്തിനുവേണ്ടി യുദ്ധത്തിനു താല്ക്കാലിക വിരാമമിട്ടുകൊണ്ടു വീണ്ടും ഉഗ്രമായ പോരു പുനരാരംഭിക്കുന്നതാണു്, ആനകളുടെ സമ്പ്രദായം. ഏതെങ്കിലുമൊരു കൊഴുത്ത ഗജതരുണിയുടെ കാമുകപദവിക്കവകാശം നേടാൻവേണ്ടിയാണു് രണ്ടു കൊമ്പന്മാർ തമ്മിൽ സമരത്തിനു മുതിരുന്നതെന്നുവരാം. പക്ഷേ അത്തരം ഉദാഹരണങ്ങൾ ചുരുക്കമാണു്. മദമിളകിയ കൊമ്പനാന പ്രേമാഹ്വാനവുമായി പിടിയാനകളെ ക്രമ

ത്തിലധികം ശല്യപ്പെടുത്തുന്ന അവസരത്തിൽ ആ കാമഭ്രാന്തനെ കൂട്ടത്തിൽനിന്നു തുരത്താനുള്ള ശ്രമത്തിലാണ് പലപ്പോഴും ഇത്തരം സമരങ്ങളുണ്ടാവുക. പ്രായപൂർത്തിയാകുന്നതോടെ ആകാരപുഷ്ടിയും കരുത്തുമൊക്കെ കൈവരുന്ന ചെറുപ്പക്കാരൻ കൊമ്പൻ സംഘനായകത്വത്തിനുവേണ്ടി സംഘത്തിലെ മൂപ്പനെ വെല്ലുവിളിക്കാൻ മുതിരുന്ന അവസരങ്ങൾ വലിയ സമരങ്ങളിലാണ് പര്യവസാനിക്കുക.

ഇത്തരം യുദ്ധത്തിൽ ആന തൻെറ നീണ്ടകൊമ്പുകൾകൊണ്ട് പ്രതിയോഗിയുടെ ശരീരത്തിൽ കഴിവുള്ളേടത്തൊക്കെ കുത്തിപ്പൊളിച്ച് അപരിഹാര്യമായ നാശം ചെയ്യാറുണ്ട്. ഇത്തരം സമരവേളകളിലും തുടർന്നും ആനകൾ അങ്ങേയററം കോപാകുലരായിരിക്കുമെന്നുള്ളതു പറയേണ്ടതില്ലല്ലോ. ഇങ്ങനത്തെ ഘട്ടത്തിൽ അവയുടെ മുമ്പിൽചെന്നുപെടുന്ന യാതൊരു ജീവിയും ബാക്കിവരില്ല.

സേലം ജില്ലയിലെ വനംവകുപ്പിൽ ജോലിനോക്കിയിരുന്ന ഒരു ഫോറസ്റ്റർ, രണ്ടു കൊമ്പനാനകൾ തമ്മിൽ നടന്ന ഇത്തരമൊരു സമരം കാണാനിടയായി. ദോഡ്ഡഹള്ള മലയോരത്തിൽ വച്ചാണിതു്. അസാധാരണമായ ഒരു സംഭവമാണ് തുടർന്നുണ്ടായതു്. സമരം ചെയ്തിരുന്ന കൊമ്പനാനകൾ പരസ്പരമുള്ള വിരോധത്തിൻെറ കാര്യം വിസ്മരിച്ചിട്ട് രണ്ടുപേരുംകൂടെ കൊലവിളി വിളിച്ചുകൊണ്ട് ഫോറസ്റ്ററെ ആക്രമിക്കാൻ പാഞ്ഞെത്തി. അയാളുടെ കൂട്ടുകാർ ചെന്നു കണ്ടെടുത്തപ്പോൾഫോറസ്റ്ററുടെ ശവശരീരം ആകെ താറുമാറാക്കപ്പെട്ട അവസ്ഥയിലായിരുന്നു.

ഒററയാൻ കൊലകൊമ്പനാനകളെപ്പററി മുമ്പു ചില അവസരങ്ങളിൽ ഞാൻ എഴുതിക്കഴിഞ്ഞിട്ടുള്ളതുകൊണ്ട് അവയെപ്പററി ഇവിടെ വളരെയൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. വനസഞ്ചാരത്തിൽ അഭിമുഖീകരിക്കേണ്ടിവരാവുന്ന പ്രതിയോഗികളിൽ വച്ച് ഏററവും അപകടംപിടിച്ച കൂട്ടർ അവരാണെന്നുമാത്രം പറഞ്ഞു,

വയ്യാം. രൗദ്രതയും വെറുപ്പും അലയടിക്കുന്ന—കുഴൽവിളി മാതിരിയുള്ള അവയുടെ ഘോരഗർജ്ജനങ്ങൾ കേൾക്കുകയും, തുമ്പിക്കൈ ചുരുട്ടിപ്പിടിച്ചുകൊണ്ടും, വാൽ ഉയർത്തിപ്പിടിച്ചുകൊണ്ടും ചെവികൾ വിടർത്തിപ്പിടിച്ചുകൊണ്ടും; പൊന്തക്കാട്ടുകളുംകാട്ടുചെടികളും ചവുട്ടിമെതിച്ചുകൊണ്ടും ആക്രമണോദ്യുക്തനായി പാഞ്ഞുവരുന്ന ആ ഭീമാകാരനെ കാണുകയും ചെയ്തിട്ടുള്ളപക്ഷം ആ അനുഭവം ഒരിക്കലും നിങ്ങളുടെ സ്മരണമണ്ഡലത്തിൽനിന്നു മാഞ്ഞുപോവുകയില്ല. ഒരു മനുഷ്യനെ കയ്യിൽ കിട്ടിയാൽ കാട്ടാന ശിക്ഷിക്കുന്ന രീതി പലതരത്തിലാണു് കണ്ടിട്ടുള്ളതു്. നീലഗിരി മലയടിവാരത്തിൽ വച്ചു് ഒരു ഫോറസ്റ്റ്ഗാർഡിനെ പിടികൂടിയ ഒരൊററയാൻആന അയാളെ തുക്കിയെടുത്തു് ആകാശത്തിൽ ഉയരത്തിലേക്കെറിയുകയാണു ചെയ്തതു്. കീഴോട്ടുള്ള പതനത്തിൽ, ഉയർന്നു നിന്നിരുന്ന ഒരു മുളങ്കുററിയിൽ ശരീരം തറഞ്ഞു കയറിയ അയാൾ ആ നിലയിൽ കിടന്നുകൊണ്ടുതന്നെ മരണപ്പെട്ടു. റവെറണ്ട് ബൾ വെടിവച്ചുകൊന്ന സെഗ്ഗുറിലെ ഒററയാനാന താരതമ്യേന വലിപ്പം കുറഞ്ഞ ഒരു മൃഗമായിരുന്നു. എങ്കിലും ബുദ്ധിശക്തിയിലും ക്രൂരതയിലും പ്രസിദ്ധിനേടിയൊരാനയായിരുന്നു, അതു്. മനുഷ്യനെ ശബ്ദമുണ്ടാക്കാതെ സാമർത്ഥ്യപൂർവം പിൻതുടർന്നു ചെന്നു് വല്ല പാറക്കെട്ടിൻെറയൊ മറെറാ ഇടയിൽ കുടുക്കിൽ പെടുത്തി പിടികൂടാനുള്ള കൗശലബുദ്ധിയുണ്ടായിരുന്നു, അതിനു്. സെഗ്ഗർറോഡിൽ വച്ചു് ഒരു കൂലിക്കാരിസ്ത്രീയെ പിടികൂടി ഭൂമിയിലിട്ടു ചവുട്ടിയരച്ചു കൊന്നശേഷം ആ ഒററയാൻ, ഒരു കൗതുകത്താൽ പ്രേരിതനായിട്ടെന്നോണം അവളുടെ കാലിൽ കിടന്ന വെള്ളിക്കൊലുസുകളും കഴുത്തിൽ കിടന്ന മണിമാലയും കഴററിയെടുത്തു ദൂരെയെറിയുകകൂടെ ചെയ്തു.

ഗിനിപ്പുഴ രോഗബാധയിൽ നിന്നുമുക്തി നേടിയിട്ടു് ശരിയായ ആരോഗ്യം വീണ്ടെടുക്കുന്നതിനുവേണ്ടി ചികിത്സയിലിരുന്നിരുന്ന ഒരു ഫോറസ്റ്ററുണ്ടായിരുന്നു, കോയമ്പത്തൂർ ജില്ലയിൽ. ദീർഘകാലം അവധിയെടുത്തു ചികിത്സയിലിരിക്കമൂലം അലസനായിത്തീർന്നിരുന്ന

അയാൾ പണിയെടുക്കുന്ന കാര്യത്തിൽ തീരെ വിമുഖനായിരുന്നു—അഥവാ, പണിയെടുക്കാൻ അപ്രാപ്തനായിത്തീർന്നിരുന്നു. അയാളെ ആനകൾ ധാരാളമുള്ള ബിലിഗിരിരംഗൻ പർവ്വതപ്രദേശത്തേയ്ക്കു സ്ഥലം മാററി നിയമിച്ചു. ഏറെനാൾ മുമ്പുതന്നെ കൊലകൊമ്പനെന്നു പ്രഖ്യാപിക്കപ്പെട്ടിരുന്ന ഒരു ഒററയാൻ അക്കാലങ്ങളിൽ ആ പ്രദേശത്തു ചുററിനടക്കുന്നുണ്ടായിരുന്നു. ഒരു ദിവസം നിർഭാഗ്യവശാൽ ആ കൊലകൊമ്പന്റെ മുമ്പിൽ ചെന്നുപെട്ടു, ആ ഫോറസ്റ്റർ. ആന അയാളെ ഇട്ടോടിച്ചു. ഓട്ടത്തിനിടയിൽ ഒരു തോട്ടു മുറിച്ചു കടക്കവെ അയാളുടെ കാലിടറി. ആന ഒപ്പമെത്തി അയാളെ പിടികൂടി ചവുട്ടിക്കീറിക്കളഞ്ഞു. ചിതറിക്കിടന്നിരുന്ന അയാളുടെ ശരീരാവശിഷ്ടങ്ങളെ ചുററിപ്പററി ആ ഒററയാൻ മൂന്നു ദിവസം മുഴവൻ അവിടെത്തന്നെ കഴിച്ചുകൂട്ടിയിരുന്നു. ആ വഴിക്ക് യാതൊരു ഗതാഗതവും സാദ്ധ്യമല്ലെന്നു വന്നു. മൂന്നു ദിവസങ്ങൾക്കശേഷം മാത്രമേ അന്തരിച്ചയാളിന്റെ ബന്ധുക്കൾക്ക് ശവശരീരമെടുത്തുകൊണ്ടുപോയി സംസ്കരിക്കാൻ കഴിഞ്ഞുള്ളൂ. അപ്പോഴേയ്ക്ക് അവിടെനിന്നു മാറിക്കൊടുക്കാനുള്ള കാരുണ്യം ആനയ്ക്കുണ്ടായി.

അതേ ജില്ലയിൽപെട്ട ബെയ്ലൂറിലുണ്ടായിരുന്ന ഒരു ഒററയാൻ ഒരു കാളവണ്ടിയെ കുത്തി മറിയ്ക്കുകയുണ്ടായി. കാളകളും വണ്ടിയുമെല്ലാംകൂടെ റോഡിന്റെ ഒരു വശത്തേയ്ക്കുമറിഞ്ഞുപോയി. മൈസൂറിലെപ്രസിദ്ധചർമ്മസംസ്കരണ വിദഗ്ദ്ധനായ മിസ്റ്റർ വാൻ ഇൻഗെൻ ആണ് അതിനെ വെടിവെച്ചുകൊന്നതു്.

ഞാൻ മുകളിൽ വിവരിച്ച ആക്രമണങ്ങളെല്ലാം ഒററയാൻ കൊലകൊമ്പന്മാർ നടത്തിയതാണെന്നോർമ്മിക്കണം. സാധാരണഗതിയിലുള്ള സംഭവങ്ങളല്ല, ഇതൊന്നും; ആന പൊതുവെ പറഞ്ഞാൽ ഒതുങ്ങി ജീവിക്കാനിഷ്ടപ്പെടുന്ന ഒരു ഭീരുവാണു്. ക്രൂരസലില്ലായ്മയും ശൗര്യവുമൊന്നും അതിന്റെ പ്രകൃതത്തിലെ സഹജഗുണവിശേഷങ്ങളല്ല.

മുറിവേററ കാട്ടുപന്നിയാണു് ഇന്ത്യൻ വനങ്ങളിലെ മൃഗങ്ങളെ ഒട്ടാകെ പരിഗണിച്ചാൽ ക്രൂരതയിലും ധീരതയിലും മുന്നിട്ടു നിൽക്കുന്നതു്. മററു വലിയ പല മൃഗങ്ങളുടെയും ആകാരവൈപുല്യത്തോടു താരതമ്യപ്പെടുത്തുമ്പോൾ ചെറിയൊരു മൃഗമാണു് കാട്ടുപന്നി എന്നിരിക്കിലും, ആ പരിമിതിക്കുള്ളിൽ, എനിക്കറിയാവുന്ന ഏതു മൃഗത്തേക്കാളുമധികം ചുണയും കരുത്തും കൊല്ലാനുള്ള പ്രവണതയും അതിനുണ്ട്. പരുക്കേല്പിക്കപ്പെട്ടു കഴിയുമ്പോൾ ഓടി രക്ഷപ്പെടാനാണു്, ആന, കാട്ടുപോത്തു്, കടുവാ, പുലി എന്നിവയുടെയെല്ലാം പ്രഥമശ്രമം. രക്ഷപെട്ടു പോകാൻ കഴിവില്ലാത്തവിധം വഴി മുട്ടിക്കപ്പെട്ടുമ്പോൾ മാത്രമാണു് അവ തിരിഞ്ഞാക്രമിക്കുന്നതു്. എന്നാൽ കാട്ടുപന്നിയെ ഒന്നു വെടിവച്ചു നോക്കൂ. നിങ്ങൾ എവിടെയാണു നിൽക്കുന്നതെന്നു വെളിപ്പെട്ടുത്തിപ്പോയാൽ പന്നി നിങ്ങളുടെ നേരെ പാഞ്ഞു വരുകയായി. ഇത്ര നിശ്ചയദാർഢ്യത്തോടും പതറാത്ത ധീരതയോടുംകൂടി മുറിവേല്പിച്ചയാളിനെയാക്രമിക്കുന്ന മറെറാരു ജന്തുവില്ല. ബാലക്ലാവായിലെ കുന്തധാരികളായ സൈനികരും ഈ വിഷയത്തിൽ കാട്ടുപന്നിയേക്കാൾ ഒരു പടി താഴെയേ നിൽക്കൂ.

ആന കഴിഞ്ഞാൽ ഇന്ത്യൻ വനങ്ങളിലെ ഏററവും ശ്രദ്ധേയനായ മൃഗം കടുവായാണു്. വളരെ ആകർഷണീയതയുള്ളൊരു ജീവിയായിട്ടാണു് ഞാൻ കടുവായെ ഗണിക്കുന്നതു്. വല്ലപ്പൊഴുമൊരിക്കൽ ഏതാനും ചതുശ്ശൈലുകൾക്കുള്ളിൽ ഭീതിപ്രദനായി ഉദയം ചെയ്യുന്ന ചില നരഭോജികളെയൊഴിവാക്കിയാൽ മൃഗലോകത്തിലെ ഒരു പ്രത്യേക വിഭാഗമെന്ന നിലയിൽ പൊതുവെ പരിഗണിക്കുമ്പോൾ 'മാന്യൻ' എന്ന ബിരുദത്തിനർഹനാണു്, കടുവാ.

മൃഗയാവിനോദത്തിൽ ഏററവും ഉൽകൃഷ്ടസ്ഥാനമർഹിക്കുന്ന അംശമാണു് കടുവാനായാട്ടു്. മുറിവേററ കടുവായെ പിൻതുടർന്നു ചെന്നു കൊല്ലുകയെന്നുള്ളതു് ഏററവും അപകടകരമായൊരു സംരംഭമാണു്. അതി

നൊരുമ്പെട്ടുന്ന നായാട്ടുകാരൻ നായാട്ടിൽ അത്യസാധാരണമായ പാടവം നേടിയ ആളുമായിരിക്കണം. എന്നാൽ പരുക്കേററ ഒരു കടുവായെ പിൻതുടർന്നുചെന്നു പൂർണ്ണമായി വകവരുത്താതെ പിൻവാങ്ങുന്നതു്, ആ സാധുമൃഗം സഹിക്കേണ്ടിവരുന്ന വേദനയെ പരിഗണിക്കുമ്പോൾ ക്രൂരവും, ആ പരിസരങ്ങളിൽ കുടിപാർക്കുന്ന പാവപ്പെട്ട ആളുകളുടെ പ്രാണരക്ഷയെപ്പററിയോർക്കുമ്പോൾ ഭീരുത്വപൂർണ്ണവുമായ നടപടിയാണു്. എന്തെന്നാൽ ആ പരുക്കായിരിക്കും ചിലപ്പോൾ കടുവായെ നരഭോജിയായി മാററുന്ന പരിവർത്തനോപാധി. അതുമല്ല, ധീരോദാത്തനായൊരു പ്രതിയോഗിയുമാണു്, കടുവാ. നിവൃത്തിയുണ്ടെങ്കിൽ ഒരു സംഘട്ടനമൊഴിവാക്കാൻ വേണ്ടി ഒഴിഞ്ഞുമാറിപ്പോകയേയുള്ളു, മൂപ്പർ. പിൻതുടർന്നു വഴിമുട്ടിച്ചു് ആക്രമിക്കാൻ ആരെങ്കിലും മുതിരുന്നപക്ഷം തിരിഞ്ഞുനിന്നു് അവസാനംവരെ പൊരുതാൻ മടിക്കയുമില്ല.

ബാംഗ്ലൂരിലെ പ്രസിദ്ധനായൊരു സൈനിക പുരോഹിതനായിരുന്ന റവറണ്ടു് ജർവിസ് ഒരിക്കൽ ഷിമോഗാജില്ലയിലെ കുംസിപ്രദേശത്തുവച്ചു് മുറിവേററ ഒരു കടുവായെ പിൻതുടരുകയുണ്ടായി. കടുവാ തിരിഞ്ഞു് അദ്ദേഹത്തെ ആക്രമിച്ചു് കടിച്ചും മാന്തിയും അവശനാക്കി. ഒരു കൈ കടിച്ചുചീന്തി നാശമാക്കിക്കളഞ്ഞു. ഇന്ത്യാക്കാരനായ ഡ്റൈവർ അദ്ദേഹത്തിന്റെ തോക്കു ചുമന്നുകൊണ്ടു കൂടെത്തന്നെയുണ്ടായിരുന്നു. നിർഭാഗ്യവശാൽ തോക്കുപയോഗിച്ചു വെടിവയ്ക്കാൻ ശീലിച്ചിട്ടില്ലായിരുന്ന അയാൾ ധീരമായി മുന്നോട്ടടുത്തു തോക്കിന്റെ പാത്തികൊണ്ടു കടുവായെ തല്ലിയോടിച്ചു് തന്റെ യജമാനനെ രക്ഷപ്പെടുത്തി. ഈ സാഹസികമായ ധീരപ്രവൃത്തിയെ അഭിനന്ദിച്ചുകൊണ്ടു് ഇടവകക്കാർ നൽകിയ പാരിതോഷികം അയാൾ തികച്ചും അർഹിച്ചിരുന്നു എന്നു പറയേണ്ടതുണ്ടു്. ഹതഭാഗ്യനായ ആ പാതിരിയെ കുംസി ട്രാവലേഴ്സ് ബംഗ്ലാവിലേക്കു നീക്കം ചെയ്യുകയും, ആ സ്ഥലത്തെ ഡാക്ടർ

അവിടെ ലഭ്യമായിരുന്ന പരിമിതമായ സൗകര്യങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി തകർന്നു താറുമാറായ അദ്ദേഹത്തിൻെറ കൈ മുറിച്ചു നീക്കുകയും ചെയ്തു. മുറിച്ച കൈ അവിടെത്തന്നെ ഒരു മരത്തിൻെറ ചുവട്ടിൽ കുഴിച്ചിട്ടു. ബാംഗ്ലൂരിലേക്കുള്ള അടുത്ത തീവണ്ടിയിൽതന്നെ ഒരു പ്രത്യേക വണ്ടി ബന്ധിച്ച് അതിൽ അദ്ദേഹത്തെ ബാംഗ്ലൂരിലേക്കു കൊണ്ടുപോയി ബൗറിംഗ് ആസ്പത്രിയിൽ എത്തിച്ചുവെങ്കിലും അടുത്ത ദിവസം അദ്ദേഹം മരണപ്പെടുകയാണുണ്ടായതു്. സൈനികോപചാരങ്ങളോടെ മൃതദേഹം അടക്കം ചെയ്യപ്പെട്ടു.

വലിപ്പം, കരുത്തു്, കാഴ്ചയിലുള്ള ഗാംഭീര്യം ഇവയിലൊന്നും കടുവായുടെ അടുത്തെങ്ങുമെത്തുകയില്ല, പുലി. ഹീനനായ ഒരു പ്രതിയോഗിയുമാണു് ഈ മൃഗം. മനുഷ്യമാംസത്തോടു മമതയുള്ള നരഭോജികളായ പുലികൾക്കുപോലും മനുഷ്യനെ ഭയമാണു്. മനുഷ്യനെപ്പററിയുള്ള ഈ ഭയം പുലി വർഗ്ഗത്തിനു പൊതുവിലുള്ള സ്വഭാവമാണു്. പുലി മുൻപിൽ കൂടെ വന്നാക്രമിക്കുന്നതു സാധാരണയല്ല. ഇരയുടെ പിന്നിൽക്കൂടെ പതുങ്ങിപ്പതുങ്ങി അടുത്തു ചെന്നിട്ടു് ആകസ്മികമായി ആക്രമിക്കുന്നതാണു് പുലിയുടെ സ്വഭാവം. ഇതിന്നു മാററമില്ലെന്നു തന്നെ പറയാം. ഇത്തരം ആക്രമണങ്ങൾ നടത്താൻ അവ സാധാരണ തിരഞ്ഞെടുക്കുന്നതു് നിശാവേളകളാണുതാനും.

പുലികൾക്കു സാധാരണ ശ്വാനമാംസത്തോടു വലിയ പ്രതിപത്തിയാണു്. അതു വളരെ സ്വാദേറിയ മാംസമായി പുലി ഗണിക്കുന്നുണ്ടെന്നു തോന്നുന്നു. കോയമ്പത്തൂർ ജില്ലയിലെ കൊല്ലഗൽ പട്ടണത്തിൽ നിന്നു് ഒരു മൈലകലെ, അഗ്രഭാഗത്തു് ഒരു ക്ഷേത്രം വഹിച്ചു നിൽക്കുന്നൊരു കുന്നുണ്ടു്. ആ കുന്നിൽ രണ്ടു പുലികൾ താവളമുറപ്പിച്ചു. ആ കുന്നിൻെറ ചുവട്ടിൽനിന്നു വളരെയകലെയല്ലാതെ പാർക്കുന്ന അമേരിക്കൻ മിഷനറിമാരുടെ പട്ടികളെ പിടിച്ചു കൊണ്ടുപോകുക പതിവാക്കിയിരുന്ന ഈ പുലികളുടെ സാന്നിദ്ധ്യം ഒരു

നിരന്തരശല്യമായി അനുഭവപ്പെട്ടു പോന്നു. ചരന്തതിന്റെ സ്ഥാനത്തു പുതിയ പട്ടിയെ കൊണ്ടുവന്നാൽ അതിനെയും പുലി പിടിക്കും. ഒടുവിൽ പുലിയുടെ ശല്യം തീരെ സഹിക്കാൻ വയ്യാതായപ്പോൾ ആ സ്ഥലത്തെ പോലീസു് ഇൻസ്പെക്ററും, കൂടെക്കൂടാൻ തയാറായ ഏതാനും ചെറുപ്പക്കാരും കൂടെ പുലിമടയിൽ തീയിട്ടു പുലികളെ വെളിയിൽ ചാടിച്ചു വെടിവച്ചു കൊല്ലാൻ തീരുമാനിച്ചു. അതിനു പ്രാരംഭമായി പുലിമടയുടെ ചുററുമുള്ള പുല്ലിനു തീകൊടുത്തു. അതു കൊണ്ടു പുലികൾക്കിളക്കമില്ലെന്നു കണ്ടപ്പോൾ, കത്തിച്ച ചൂട്ട പുലിമടയ്ക്കുള്ളിലേയ്ക്കു വലിച്ചെറിഞ്ഞു. അതിനു് ഉദ്ദേശിച്ച പ്രയോജനമുണ്ടായി. പുലികൾ പുറത്തേക്കു പാഞ്ഞെത്തി. തുടർന്നുണ്ടായ സമരത്തിൽ പുലികളിലൊന്നു ചത്തു; ചെറുപ്പക്കാരിൽ പലർക്കും പരുക്കേൽക്കുകയും ചെയ്തു. ആ കൂട്ടത്തിലുണ്ടായിരുന്നവരിൽ പ്രായമായ ഒരാളെ മാന്തിപ്പൊളിച്ചുകൊണ്ടു് മറേറ പുലി ഓടി രക്ഷപെട്ടു. ബുക്കനാൻ എന്നു പേരായ ഒരു മിഷനറി പുലിയെ പിന്തുടർന്നു നോക്കി. എങ്കിലും അദ്ദേഹത്തെ മാന്തിപ്പൊളിച്ചു കൊണ്ടു പുലി രക്ഷപെട്ടോടുകയാണുണ്ടായതു്.

ദക്ഷിണേന്ത്യൻ വനങ്ങളിൽ കാണുന്ന ഇനം കരടികൾ ദൂരക്കാഴ്ചയില്ലാത്തവയും ദ്രോഹബുദ്ധികളുമാണു്. ഒട്ടും ധൈര്യമില്ലാത്ത കൂട്ടരാണു് ഈ മൃഗങ്ങളെങ്കിലും വേഗം ക്ഷോഭിക്കും. സാധാരണഗതിയിൽ ഭീരുവാണു് ഈ മൃഗം. അടുത്തകാലത്തു് ഒരു കരടി കുടുംബം—അച്ഛനും അമ്മയും കുറെ മുതിർന്ന മകനും കൂടെ— ക്ലോസ്പെട്ടിനു സമീപത്തുള്ള ഒരു ഗുഹയിൽ ചെന്നു കയറി. നേരത്തെ തന്നെ ഒരു പുലി അവിടെ താമസമുറപ്പിച്ചിട്ടുണ്ടായിരുന്നു. കരടികളെ കണ്ടയുടനെ പുലി മൂവരുടെയും നേരെ ആക്രമണമഴിച്ചുവിട്ടു. മകൻ കരടി അപ്പോഴേ കടന്നു. അച്ഛനും അമ്മയും പുലിയോടു പൊരുതി നിൽക്കാൻ നോക്കി. എന്നാൽ കുപിതനായ പുലിയുടെ കത്തിക്കൊപ്പം മൂർച്ചയുള്ള നഖത്തിന്റെ സ്വാദറിഞ്ഞപ്പോൾ ധൈര്യമൊക്കെയുരുകി ഒഴുകിപ്പോയ അവരും

ഓടി. അതുമല്ല, ഓടി രക്ഷപ്പെടാനുള്ള പരിഭ്രമത്തിനിടയിൽ എങ്ങോട്ടാണോടുന്നതെന്നു ശ്രദ്ധിക്കാതെ പാഞ്ഞ ആൺ കരടി ഏതാണ്ടു നൂറടി ഉയരമുള്ള ഒരു പാറവഴി താഴോട്ടുരുണ്ടു വീണു് അതിൻെറ മുൻകാലുകൾ രണ്ടും ഒടിയുകയും ചെയ്തു. അടുത്തദിവസം രാവിലെ ഗ്രാമവാസികൾ അതിനെ കുന്തം കൊണ്ടു കുത്തിക്കൊന്നു.

മനുഷ്യർ അടുത്തു വരുന്നതു കാണുകയൊ ആ ശബ്ദം കേൾക്കുകയൊ ചെയ്താൽ കരടി അതിവേഗം ഓടിപ്പൊയ്ക്കുളയും. ആകസ്മികമായി വല്ല മൂലയിലും വച്ചു മനുഷ്യരുമായി നേരിൽ കണ്ടു മുട്ടിപ്പോയാൽ യാതൊരു പ്രകോപന കാരണവും കൂടാതെ തന്നെ കരടി കടന്നാക്രമിക്കും. ഇതു ധൈര്യം കൊണ്ടു ചെയ്യുന്നതല്ല; മനുഷ്യരെപ്പററിയുള്ള ഭയം കൊണ്ടു് അവരിൽ നിന്നു രക്ഷപെടാൻ വേണ്ടി മാത്രമാണു് ഈ അക്രമണോദ്യമം. രക്ഷപെടാൻ സമ്മതിക്കാതെ നിങ്ങൾ അതിനെ തടയുമെന്നാണു് കരടിയുടെ ഭയം. അതുകൊണ്ടു് സ്വന്തം തടി രക്ഷിക്കാനുള്ള പരിഭ്രമത്തിൽ കരടി നിങ്ങളുടെ മേൽ ചാടി വീണു നീണ്ട നഖങ്ങൾ കൊണ്ടു നിങ്ങളെ മാന്തിക്കീറാനാരംഭിക്കുന്നു. മനുഷ്യനെ കയ്യിൽ കിട്ടിയാൽ നിഷ്ക്കരുണം മാന്തിക്കീറുന്ന സ്വഭാവമാണു് കരടിക്കു്. നാലിഞ്ച്യ നീളമുള്ള ആ ക്രൂര നഖങ്ങൾ കുത്തിയിറക്കി മാന്തിക്കീറാൻ ആദ്യം തിരഞ്ഞെടുക്കുന്നതു കണ്ണുകളും മുഖവുമാണു്. അതു പോരാഞ്ഞിട്ടു് ശരീരത്തിലെമ്പാടും കടിച്ചു പറിക്കയും ചെയ്യും. കരടിയുടെ ആക്രമണത്തിനു വിധേയരായ വനവാസികളെ ഞാൻ കണ്ടിട്ടുണ്ടു്. അവർക്കേററ മുറിവുകൾ ഭയങ്കരങ്ങളും ജീവാവസാനം വരെ നിലനിൽക്കുന്ന വൈരൂപ്യമവശേഷിപ്പിക്കുന്നവയുമാണു്.

കിഴങ്ങുകൾക്കു വേണ്ടിയൊ ചിതലുകളെത്തേടിയൊ ഭൂമിയിൽ മാന്തിക്കുഴിച്ചു നിൽക്കുമ്പോൾ, കരടി ഏതാണ്ടൊരു വിദൂഷകൻെറ മട്ടിൽ പെരുമാറാറുണ്ടു്. പലപ്പൊഴും ബാഗ്പൈപ്പിൽ കാററുനിറയ്ക്കുന്നതിൻെറതു മുതൽ വിമാനത്തിൻെറ ഹുങ്കാരംവരെയും കുപിതരായ

കടന്നൽക്കൂട്ടത്തിൻെറ മൂളൽമുതൽ കൊല്ലൻെറ ആല യിലെ ഉലയൂതുന്നതിൻെറ ശബ്ദംവരെയും പല ഇന ത്തിലും തോതിലുമുള്ള ശബ്ദങ്ങൾ കരടിയിൽനിന്നു പുറപ്പെട്ടു കൊണ്ടിരിക്കും. ഈ ഒടുവിൽ പറഞ്ഞതു് മററു ശബ്ദങ്ങൾക്കു പശ്ചാത്തലമെന്നപോലെ ഒരു ശ്രുതിമീട്ടലിൻെറ മട്ടിലാണു് പുറപ്പെട്ടു കൊണ്ടി രിക്കുക. സ്വാദേറിയ കിഴങ്ങുകളിലൊ വിശിഷ്ടവിഭ വമായ ചിതലിലൊ ചെന്നെത്താൻ വേണ്ടി കരടി സ്വശരീരത്തെ ഏതെല്ലാം തരത്തിൽ വേണമെങ്കിലും വളയ്ക്കുകയും തിരിക്കുകയും ചെയ്യും. വലിയ ഉറക്കപ്രേ മിയാണു്, മൂപ്പർ. ഭൂമിയിലുണ്ടാകുന്ന ആഴംകുറഞ്ഞ കുഴികളിലൊ പാറകളുടെ വിള്ളലുകൾക്കിടയിലൊ ഗുഹ കളിലൊ മരത്തണലുകളിലൊ പുൽപരപ്പുകളിലൊ ഒക്കെയാണു് കിടന്നുറങ്ങുക. വളരെയകലെവരെ കേൾ ക്കത്തക്കവിധത്തിൽ ശബ്ദായമാനമാണു് കരടിയുടെ കൂർക്കംവലി. കൂർക്കംവലിക്കാതെ കിടന്നുറങ്ങുന്ന സമയ ത്താണെങ്കിൽ, കരുതലില്ലാതെ നടക്കുന്ന ഒരു മനുഷ്യൻ നടന്നു് അതിൻെറ പുറത്തുചെന്നു കയറി എന്നുപോലും വന്നു പോകാം. ഇങ്ങനെ ആകസ്മികമായി ഉണർത്ത പ്പെട്ടു പോകുമ്പോൾ ഞെട്ടിപ്പിടഞ്ഞെഴുന്നേൽക്കുന്ന കരടി ഒന്നുമാലോചിക്കാൻ നിൽക്കാതെ കടന്നാക്രമിക്കുമെന്നു ള്ളതും നിശ്ചയമാണു്.

കരടികളുമായിടപെടുന്ന വിഷയത്തിൽ അസാധാ രണമായ തൻേറടം കാണിക്കുന്ന കൂട്ടരാണു് കോയമ്പ ത്തൂരെ ഷോലഗർ. തങ്ങളുടെ നീളംകുറഞ്ഞ, മൂർച്ചയേറിയ മഴുകൊണ്ടു് ഈ മൃഗങ്ങളിൽ പലതിൻെറയും തലയോടു വെട്ടിപ്പൊളിച്ചിട്ടുണ്ടു്, ഇക്കൂട്ടർ. ഇരയുടെ മുഖത്തു കടന്നു പിടിക്കാൻ മുൻകാലുകളിൽ ഉയർന്നു നിൽക്കുന്ന കരടി അതോടെ സ്വന്തം തലയും മുഖവും കഴുത്തും നെഞ്ചു മെല്ലാം പ്രതിയോഗിയുടെ ആയുധപ്രയോഗത്തിനു തുറന്നു കൊടുക്കുകയാണു ചെയ്യുന്നതു്. ആ നിലയിൽ കരുത്തുള്ള കൈകൊണ്ടു് ആഞ്ഞൊരു വെട്ടുകൊടുത്താൽ അതു കരടിക്കു ശരിക്കു മാരകമായിത്തീരുകതന്നെ ചെയ്യും.

ഇടതുകയ്യിൽ ചുരുട്ടിപ്പിടിച്ചിട്ടുള്ള കരിമ്പടം മാത്രമാണു കരടിയുടെ ആക്രമണവേളയിൽ ഒരു ഷോലഗന്നു പരിചയായി പ്രയോജനപ്പെട്ടുക.

കിഴങ്ങുകളും ചിതലുമൊക്കെയാണ് കരടിയുടെ സാധാരണ ഭക്ഷണവിഭവങ്ങളെങ്കിലും ചീഞ്ഞ മാംസവും തിന്നാൻ അതിനു വിരോധമില്ല. കടുവായൊ പുലിയൊ കൊന്നിട്ടിട്ടുപോയ മൃഗങ്ങളുടെ അളിഞ്ഞ മാംസം മോഷ്ടിച്ചു ഭുജിക്കുന്ന നിലയിൽ പലപ്പോഴും കരടിയെ ഞാൻ കണ്ടിട്ടുണ്ടു്.

വനസഞ്ചാരത്തിൽ സംഭവ്യമായ അപകടങ്ങളിലൊന്നു് വിഷമുള്ളതെന്നു സങ്കല്പിക്കപ്പെട്ടുന്ന പാമ്പുകളിൽ നിന്നുള്ള ഉപദ്രവമാണു്. വനം സന്ദർശിക്കാറുള്ളവർ പാമ്പുകളെപ്പററി പറഞ്ഞുപരത്തുന്ന കഥകളിലധികവും അതിശയോക്തി നിറഞ്ഞതാണു്. വനപ്രദേശങ്ങളിൽ പാമ്പുകൾ—ഏതുവൎഗ്ഗത്തിൽ പെട്ടതായാലും—താരതമ്യേന കുറവാണു്; അവയെ കണ്ടുമുട്ടുക, അപൂർവവും. നെൽപാടങ്ങളുടെയും ഗ്രാമങ്ങളുടെയും പരിസരങ്ങളിലാണു് അവയെ അധികമായി കാണാറു്; അവിടങ്ങളിൽ ധാന്യം കൃഷിചെയ്യപ്പെട്ടുന്നു; അതു തിന്നാൻ ലക്ഷക്കണക്കിൽ എലികൾ അവിടെയൊക്കെ മാളമുണ്ടാക്കി പാർക്കുന്നു; എലികൾ പാമ്പിനു പഥ്യാഹാരവുമാണു്. ഇതാണു് വനത്തിലെന്നതിനെക്കാൾ കൂടുതലായി ഗ്രാമങ്ങളിലും വിളഭൂമികളിലും പാമ്പുകൾ കാണപ്പെട്ടുന്നതിൻെറ കാരണം.

മനുഷ്യനു് എത്രമാത്രം ആപൽക്കാരികളാണു് പാമ്പുകൾ എന്നു നോക്കാം. ഈ ഉപഭൂഖണ്ഡത്തിലൊട്ടാകെ കണക്കാക്കിയാൽ മനുഷ്യനു മാരകമായ തോതിൽ വിഷം വിസൎജ്ജിക്കാൻ കഴിവുള്ള അഞ്ചിനം പാമ്പുകളേയുള്ളു എന്നു പറയേണ്ടതുണ്ടു്. വിഷമുള്ള പാമ്പുകൾ വേറെയുമുണ്ടു്. പക്ഷേ അവ കടിച്ചാൽ കടിയേററ സ്ഥാനത്തിനു ചുററും നീർക്കെട്ടും വേദനയുമുണ്ടാകുമെന്നല്ലാതെ അതുകൊണ്ടു് മരണമുണ്ടാകില്ല. മാരകമായ വിഷമുള്ള ഇനങ്ങൾ കരിനാഗം, മൂർഖൻ, ചേനത്തണ്ടൻ,

ചുരുട്ടമണ്ഡലി, വളകഴപ്പൻ എന്നിവയാണു്. പവിഴപ്പാമ്പിനു നല്ല വിഷമുണ്ടു്. പക്ഷേ മനുഷ്യശരീരത്തിൻെറ എവിടെയെങ്കിലും പിടിയുറപ്പിക്കാൻ കഴിയാത്തവിധം അത്രചെറുതാണു് അതിൻെറ വായ്. അതുമല്ല അതിൻെറ പ്രകൃതം വളരെ നിരുപദ്രവവുമാണു്. കുഴിപ്പുളവനും വിഷമുണ്ടു്. പക്ഷേ അതിൻെറ കടി സാധാരണഗതിയിൽ മരണം സംഭവിപ്പിക്കാൻ പോന്നതല്ല. കടിയേററയാൾ മരിക്കുന്നുവെങ്കിൽതന്നെ രോഗബാധിതമായ ഹൃദയത്തിനു പെട്ടെന്നുണ്ടാകുന്ന ക്ഷോഭമായിരിക്കും അതിനു കാരണമായിരിക്കുക; അല്ലാതെ വിഷശക്തിയല്ല. കടൽപാമ്പുകളിൽ ചിലതു വളരെയധികം വിഷമുള്ളവയാണു്. ചിലതിൻെറ വിഷശക്തി മൂർഖൻേറതിൻെറ പന്ത്രണ്ടിരട്ടിവരും. പക്ഷേ കടലിൽ മാത്രമേ അവയെ കാണൂ എന്നൊരാശ്വാസമുണ്ടു്.

മൊത്തത്തിൽ പറഞ്ഞാൽ പാമ്പിൻവിഷത്തിൻെറ താരതമ്യേനയുള്ള ശക്തിയും മാരകപ്രഭാവവും ചുവടെ പറയുംപോലെയാണു്. ചേനത്തണ്ടൻെറ വിഷത്തിനു് ചുരുട്ടമണ്ഡലിയുടേതിനെക്കാൾ ഏതാണ്ട് രണ്ടിരട്ടി ശക്തിയുണ്ടു്. മൂർഖൻെറ വിഷത്തിനു് ചേനത്തണ്ടൻേറതിനെക്കാൾ മൂന്നിരട്ടിയും വളകഴപ്പൻെറതിനു് മൂർഖൻേറതിനെക്കാൾ രണ്ടിരട്ടിയും ശക്തിയുണ്ട്. കരിനാഗത്തിൻെറ വിഷത്തിനു് മൂർഖൻെറ വിഷത്തോളം മാരകശക്തിയില്ലെന്നിരിക്കിലും വിഷത്തിൻെറ വീര്യത്തിലുള്ള നിസ്സാരമായ ഈ കുറവു് വിസർജ്ജിക്കുന്ന വിഷത്തിൻെറ കൂടുതൽകൊണ്ടു് അതു പരിഹരിക്കും. കരിനാഗത്തിൻെറ നീളം പലപ്പൊഴും പതിനഞ്ചും അതിലധികവും അടിയായിരിക്കും. സാധാരണ മൂർഖൻെറതിനെക്കാൾ നാലിരട്ടി വിഷമാണു് അതു് ഒരു പ്രാവശ്യം വിസർജ്ജിക്കുന്നതു്. അതുകൊണ്ടു് ഈ പാമ്പിൻെറ കടിയേററാൽ —വിഷപ്പാമ്പുകളിൽ ലോകത്തിലെ ഏററവുംവലിയ ഇനം ഇതാണു് എന്നുകൂടെ പറയട്ടെ—സാധാരണ മൂർഖൻെറ കടിയേററാലുണ്ടാകുന്നതിനെക്കാൾ മൂന്നിരട്ടി വേഗത്തിലാണു് മരണം സംഭവിക്കുക.

ധാരാളം മഴയേററുകൊണ്ടിരിക്കുന്ന നിത്യഹരിത വനങ്ങളോടുകൂടിയ മലമ്പ്രദേശങ്ങളിലാണ് കരിനാഗത്തിനെ സാധാരണ കാണാറു്. അതു വനത്തിൽതന്നെ കഴിച്ചുകൂട്ടുകയല്ലാതെ മനുഷ്യവാസമുള്ള പ്രദേശങ്ങളിലേയ്ക്കു നിവൃത്തിയുള്ളപക്ഷം കടക്കാറില്ല. അതിൻെറ ആഹാരം മററു പാമ്പുകളാണ്. ഈ ഒരു കാര്യംകൊണ്ടു്, കരിനാഗത്തിനെ കൂട്ടിലാക്കി വളർത്തുന്നതു് വളരെ പ്രയാസമാണ്. ഈ ഇനത്തിൽപെട്ട ഒരു പാമ്പ് ഒരു കൊല്ലം മുഴവൻ നീണ്ടുനിന്ന നിരാഹാരവ്രതത്തിനു ശേഷം ഈയിടെ മൈസൂർ മൃഗശാലയിൽ കിടന്നു ചാവുകയുണ്ടായി. ഈ കാലയളവിനുള്ളിൽ വിഷമില്ലാത്ത വർഗ്ഗത്തിൽപെട്ട പലതരം പാമ്പുകളെ അതിനു കൊടുത്തു പരീക്ഷിച്ചുനോക്കിയെങ്കിലും അതെല്ലാം സ്ഥിരനിശ്ചയത്തോടെ തിരസ്കരിച്ചുകൊണ്ടു് ആ പാമ്പു പട്ടിണി കിടന്നു മരണം വരിക്കയാണുണ്ടായതു്. അതിൻെറ മരണം മൈസൂറിലെ പത്രപംക്തികളിൽ ഒരു കൊടുങ്കാററുതന്നെ അഴിച്ചുവിട്ടു. നഗരത്തിലെ ഒരു വിഭാഗം ജനങ്ങൾ, മതപരമായ കാരണങ്ങളാൽ, വികാരതൈക്ഷ്ണ്യത്തോടെ മൃഗശാലയുടെ ചുമതലക്കാർ കൈക്കൊണ്ട നടപടികളെ എതിർക്കാനാരംഭിച്ചതിനെ തുടർന്നാണ് പത്രങ്ങളിലെ കോലാഹലമാരംഭിച്ചതു്.

തവിട്ടു പച്ചനിറത്തിൽ വെള്ളവരകളോടു കൂടിയ വലിയ ഇനം പാമ്പാണ് കരിനാഗം അഥവാ രാജവെമ്പാല. ബർമ്മായിലും മലയാപ്രദേശങ്ങളിലുമൊക്കെ നല്ല കറുപ്പു നിറമാണ് ഈ പാമ്പിന് എന്നു പറയപ്പെടുന്നു. വെള്ളവരകൾ അവയ്ക്കുമുണ്ടു്. സാധാരണ മൂർഖൻെറതുപോലെ അത്ര വികസിച്ച പത്തിയോ പത്തിയിൽ ചിരപരിചിതമായ ഇരട്ടക്കണ്ണട അടയാളമൊ അതിനില്ല. വളരെ ആക്രമണപ്രവണതയുള്ള ഇനമാണ് ഈ പാമ്പെന്നു പറയപ്പെടുന്നു; പ്രത്യേകിച്ചും മുട്ടകൾ കാത്തു സൂക്ഷിക്കുന്ന പെൺപാമ്പ്. ഉണങ്ങി വീണു കിടക്കുന്ന ഇലകൾ കൊണ്ടാണ് ഇതു് മുട്ട സൂക്ഷിക്കാനുള്ള കൂടുണ്ടാക്കുന്നതു്. രണ്ടു പ്രാവശ്യം ഞാൻ കരിനാഗത്തിൻെറ വളരെ

അടുത്തു ചെന്നുപെട്ടുപോയിട്ടും അതിൻെറ പ്രസിദ്ധമായ ആക്രമണപ്രവണത എനിക്കനുഭവപ്പെടാനിടയായിട്ടില്ല എന്നു കൂടെ പറയാനുണ്ട്. പശ്ചിമഘട്ടങ്ങളിലെ അഗാധമായൊരു ഗിരികന്ദരത്തിനോടു ചേർന്നൊഴുകുന്ന അഗുംബെയെന്ന തോടിൻെറ വക്കിൽ നിന്നു് ബാംഗ്ലൂരിലെ എൻെറ ഉദ്യാനത്തിൽ വളർത്തേണ്ടതിലെയ്ക്കു ചില ഇനം അപൂർവമായ പന്നൽചെടികളും എൻെറ ജലചരശാലയിൽ സൂക്ഷിക്കേണ്ട ആവശ്യത്തിനു് ആ തോട്ടിൽ നിന്നു് അവിടെ കാണപ്പെട്ട ആഗ്നേയശോഭയോടു കൂടിയ വാലുള്ള ഒരിനം മത്സ്യത്തേയും ശേഖരിക്കുന്ന ശ്രമത്തിനിടയിലാണു് കരിനാഗവുമായി ആദ്യത്തെ സമ്പക്കമുണ്ടായതു്. ഒരു പന്നൽക്കൂട്ടത്തിനിടയിൽനിന്നു് ഉടുമ്പിൻേറതുപോലെ തോന്നുന്ന ഒരു തല എന്നെ ഉററുനോക്കിക്കൊണ്ടു് ഉയർന്നുനിൽക്കുന്നതു കാണപ്പെട്ടു. ഞാൻ തോട്ടിലെ വെള്ളത്തിലൂടെ തറയിൽചവുട്ടിക്കൊണ്ടു നീന്തുകയായിരുന്നു. ആ തല എന്തിൻേറതാണെന്നറിയാൻ കുറേക്കൂടെ അടുത്തു ചെന്നു. ആ കരിനാഗം— ഞാൻ ഊഹിച്ചതുപോലെ ഉടുമ്പായിരുന്നില്ല, അതു്—പെട്ടെന്നു് കരയിലുള്ള തൻെറ സ്ഥാനത്തുയർന്നുകൊണ്ടു്, എൻെറ തലയ്ക്കു മുകളിൽ ആറടി പൊക്കത്തിൽ ഫണം വിരിച്ചു നിന്നു. കോപം കൊണ്ടു വിറച്ചിരുന്ന ആ പാമ്പു് ഉഗ്രമായി ചീററിത്തുടങ്ങി. എൻെറ പക്കൽ ഒരു വടിപോലും ഉണ്ടായിരുന്നില്ല. ഞാൻ നിശ്ചലനായി നിന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ആ വിറയൽ അടങ്ങി; പത്തി ചുരുങ്ങിത്താണു. എന്നിൽനിന്നും അഞ്ചടിയിലധികം അകലെയല്ലാതെ തോടു മുറിച്ചു നീന്തി അതു് മറുകരയിലേക്കു കടന്നുപോകയും ചെയ്തു. തോടിൻെറ പകുതി ദൂരം പിന്നിട്ടു കഴിഞ്ഞപ്പോൾ, ഞാനെന്താണു ചെയ്യുന്നതെന്നറിയാനെന്നപോലെ അതു് യാത്രമുടക്കി നിന്നുകൊണ്ടു് ഒന്നു തിരിഞ്ഞുനോക്കി. ഞാൻ ഒന്നും ചെയ്തില്ല; അനങ്ങാതെനിന്നു. പാമ്പു യാത്രതുടന്നു് മറുകരയിലെത്തി പന്നൽക്കാടുകളുടെയിടയിൽ മറയുകയും ചെയ്തു.

ബാബാബുദാൻ മലകളിലെ ശാന്താവേരിക്ക സമീപം ഒരിടത്തു കട്ടവാനായാട്ടിലേർപ്പെട്ടിരിക്കെ ഞാൻ ഒരു മരത്തിൻെറ മറ പററിയിരിക്കയായിരുന്നു. പെട്ടെന്നു് എൻെറ പിന്നിൽ നിന്നു വളരെ പ്രത്യേകതയുള്ള ഒരു ചൂളം വിളി കേട്ടു. അപകടസൂചന നൽകുന്ന കാട്ടുപോത്തിൻെറ ശബ്ദത്തോട്ടു് അതിനു സാമ്യം തോന്നുകയാൽ എൻെറ മുമ്പിൽ ഉടനെ ഒരു കാട്ടുപോത്തു പ്രത്യക്ഷപ്പെടാൻ പോകുന്നു എന്നു ഞാൻ വിചാരിച്ചുകൊണ്ടിരിക്കെ ഒരു കരിനാഗം കാട്ടിൽനിന്നിഴഞ്ഞുവന്നു് എൻെറ വളരെ സമീപത്തുകൂടെ ഇഴഞ്ഞുപോയി. പക്ഷേ, യാതൊരു ചലനവും കൂടാതെയിരുന്നിരുന്ന എന്നെ പാമ്പു കണ്ടുവോ എന്നു തന്നെ സംശയമാണു്.

കരിനാഗങ്ങളുമായി കണ്ടുമുട്ടിയ ഈ രണ്ടു സന്ദർഭങ്ങളെപ്പററി ഞാൻ പറഞ്ഞു കേൾക്കാനിടയായ മിക്കവരും അഭിപ്രായപ്പെട്ടതു്, അനങ്ങാതിരുന്നതുകൊണ്ടു മാത്രമാണു് എൻെറ ജീവൻ രക്ഷപ്പെട്ടതെന്നും, വല്ലകാരണവശാലും ലേശമെങ്കിലും അനങ്ങിപ്പോയിരുന്നുവെങ്കിൽ പാമ്പു നിശ്ചയമായും ആക്രമിക്കുമായിരുന്നുവെന്നുമാണു്. ഒരിക്കലും ഈ വലിയ പാമ്പുകളാൽ ആക്രമിക്കപ്പെട്ടിട്ടില്ലാത്ത എനിക്കു് അഭിപ്രായമൊന്നും പറയാനാവില്ല. ഏതായാലും, ഏതോ മൃഗശാലയുടെ ആവശ്യത്തിനു വേണ്ടി രണ്ടു കരിനാഗങ്ങളെ ബന്ധിച്ചു കൊണ്ടുപോകാനായി ഏതാനും വർഷങ്ങൾക്കു മുമ്പു് അഗുംബെയിൽ എത്തിയിരുന്ന നിർഭാഗ്യവാനായ ജർമ്മൻ പ്രാണിശാസ്ത്രജ്ഞനെറ അനുഭവം കൂടാതെ ഞാൻ രക്ഷപെട്ടു. ആൺപാമ്പിനെ അദ്ദേഹം പ്രയാസമില്ലാതെ പിടിച്ചെടുത്തു. രണ്ടുദിവസത്തിനുശേഷം അദ്ദേഹം പെൺപാമ്പിനെയും ബന്ധിക്കാനുദ്യമിച്ചു. പക്ഷേ, പാമ്പു് അദ്ദേഹത്തിനെ കടിച്ചു. വനത്തിൽവച്ചുതന്നെ അദ്ദേഹം മരിക്കുകയും ചെയ്തു. 'പാമ്പിൻപെണ്ണുങ്ങളാണു് ആണുങ്ങളെക്കാൾ അപകടകാരികളെ'ന്ന പഴയ ചൊല്ലു് ഈ വിഷയത്തിൽ അന്വർത്ഥമായി ഭവിച്ചു. ബർമ്മായിലെ മെയ്മിയോവിൽ വഴിവക്കിലിരുന്നു പാമ്പുകളി നടത്തിക്കൊണ്ടിരുന്നു

ഒരു പാമ്പാട്ടിയുടെ കഥ ഞാൻ ഈയവസരത്തിൽ ഓർമ്മിക്കുന്നു. വളരെ വർഷങ്ങൾക്കു മുമ്പാണ് ഞാൻ ആ സംഭവത്തിനു ദൃക്സാക്ഷിയായിരുന്നതു്. ഒരു ബർമ്മാക്കാരി സ്ത്രീയായിരുന്നു പാമ്പാട്ടി; അവൾ അതിസുന്ദരിയുമായിരുന്നുവെന്നു ഞാൻ നന്നായി ഓർമ്മിക്കുന്നു. ഒരു കരിനാഗത്തെ കൂടയിൽ നിന്നു പുറത്തിറക്കി നിറുത്തിക്കൊണ്ട് അവൾ അതിൻെറ മുമ്പിൽ നൃത്തം ചെയ്യു തുടങ്ങി. പാമ്പ് പത്തി വിടർത്തി തറയിൽനിന്നും ഏതാനും അടി ഉയരത്തിൽ തലയാട്ടിക്കൊണ്ടു നിന്നു. അവൾ അടുത്തു ചെന്നു് പാമ്പിൻെറ അധരങ്ങളിൽ അമർത്തി ചുംബിച്ചു. പിന്നീട് ഞാൻ ആ പാമ്പിൻെറ അടുത്തു ചെന്നു പരിശോധിച്ചുനോക്കി. അതിൻെറ വായിലെ വിഷസഞ്ചിയുമൊന്നും എടുത്തു മാററിയിട്ടുണ്ടായിരുന്നില്ല. പക്ഷേ ആ കരിനാഗം ഒരാൺപാമ്പായിരുന്നു. അവൾ അതിസുന്ദരിയായ ഒരു സ്ത്രീയുമായിരുന്നുവല്ലോ. ഒരു വേള അതുകൊണ്ടാവാം നിർഭാഗ്യവാനായ ആ ജർമ്മൻ ശാസ്ത്രജ്ഞനു ലഭിച്ചതിൽ നിന്നു ഭിന്നവും, യോഗ്യവുമായ പെരുമാററം അവൾക്കു ലഭിച്ചതു്.

ഇന്ത്യയിലെ മൂർഖൻപാമ്പിനെപ്പററി ഇവിടെ പ്രത്യേകിച്ചൊരു വിവരണമാവശ്യമില്ല. അത്ര പ്രസിദ്ധനാണ് ഈ പാമ്പ്. മൂർഖൻപാമ്പിനെപ്പററി പല കഥകളും പറയപ്പെടാറുണ്ട്. എങ്കിലും അതിൽനിന്നൊക്കെ ഭിന്നമാണ് യാഥാർത്ഥ്യം. ആറടിയിൽ കൂടുതൽ നീളം മൂർഖനു സാധാരണയല്ല. ഇന്ത്യയിൽ രണ്ടിനം മൂർഖൻ പാമ്പിനെ കാണാറുണ്ട്. ഒന്നു് പ്രസിദ്ധമായ ഇരട്ടക്കണ്ണട അടയാളത്തോടു കൂടിയതും മറെറാന്നു കറുത്ത ഒരു വൃത്തരേഖയ്ക്കുള്ളിൽ ധവളവർണ്ണത്തിൽ ഒരു പൊട്ടുള്ളതും. ആദ്യത്തേതു "ബഃയാ സെല്ലേററു്" വർഗ്ഗമെന്നും രണ്ടാമത്തേതു് "മോണോസെല്ലേററു്" വർഗ്ഗമെന്നും അറിയപ്പെടുന്നു. ഈ അടയാളങ്ങളൊന്നുമില്ലാതെയും ഇടയ്ക്കു വല്ലപ്പോഴും ഒരു മൂർഖനെ കാണാൻ കഴിഞ്ഞുവെന്നു വരാം. നല്ലപോലെ വികസിച്ച പത്തിയുണ്ടായിട്ടുപോലും, മൂർഖൻെറ ഈ വർഗ്ഗമുദ്രയില്ലാതെ ചില പാമ്പുകളെ കണ്ടിട്ടുണ്ട്.

നിറംകൊണ്ടു് മൂർഖനെ തിരിച്ചറിയാൻ ശ്രമിക്കുന്നതിൽ വലിയ അത്ഥമില്ല. എന്തുകൊണ്ടെന്നാൽ നല്ല കറുപ്പു മുതൽ പലതരം തവിട്ടുനിറത്തിലും, ലേശം ചുവപ്പു കലർന്നും തെല്ലു വെളുപ്പോ പച്ചയോ ഒക്കെ നിറത്തിലും ഈ പാമ്പിനെ കാണാറുണ്ടു്. ചാരനിറവും തവിട്ടുനിറവുമാണു് സാധാരണ കാണാറുള്ളതു്. മുട്ടയിൽനിന്നു വിരിഞ്ഞിറങ്ങുന്ന ആറിഞ്ച്യ നീളമുള്ള മൂർഖൻകുഞ്ഞുങ്ങൾപോലും മാരകമായ വിഷശക്തിയുള്ളവയാണു്. അതുമല്ല, ജനിച്ചു് ആദ്യത്തെ രണ്ടുകൊല്ലക്കാലം അതു കൂടുതൽ ആക്രമണപ്രവണത കാണിക്കുകയും ചെയ്യും. പ്രായം കൂടുന്തോറും അതിൻെറ സ്വഭാവത്തിനു പാകത വരുന്നു. വളരെ പ്രായമായവ, നല്ല പ്രകോപനം കൂടാതെ ആരെയും കടിക്കില്ലതാനും. ഈ പതനത്തിൽ വിഷപ്പല്ലും വിഷസഞ്ചിയുമൊക്കെയിരിക്കെത്തന്നെ അവയെ പൂർണ്ണമായി മെരുക്കിയെടുക്കാനും കഴിയും.

മൂർഖൻപാമ്പിൻെറ മുട്ടകൾ വളരെ കട്ടി കുറഞ്ഞ പുറംതോടോടുകൂടി, ഏതാണ്ടു മാടപ്രാവിൻെറ മുട്ടയുടെ വലിപ്പത്തിലുള്ളവയാണു്. ആഴം കുറഞ്ഞ വല്ല കുഴിയിലുമൊ ചീഞ്ഞ ഇലകൾക്കിടയിലൊ ആണു് അവ മുട്ടയിടുക. നേരിട്ടു പതിക്കാതെ ലഭിക്കുന്ന സൂര്യൻെറ ഔഷ്മാവും ഈർപ്പവും ഈ മുട്ടകൾ വിരിച്ചെടുക്കുന്നതിനു് ആവശ്യമാണു്. ഈർപ്പമില്ലെങ്കിൽ മുട്ടകൾ ചുങ്ങിപ്പോകും.

വളകഴപ്പന്നു് ഏതാണ്ടു മൂന്നടി നീളം വരും. വണ്ണം കുറഞ്ഞ ഈ കറുത്ത പാമ്പിൻെറ ശരീരത്തിൽ വെളുത്ത വളയങ്ങൾ കാണാം. അതിവേഗം സഞ്ചരിക്കുന്ന ഈ പാമ്പു് സ്വതെ ഭീരുവാണു്. ഇതിനെ ബന്ധനത്തിലാക്കിയാൽ രണ്ടുമൂന്നു ദിവസത്തിലധികം ജീവിച്ചിരിക്കില്ല. അതിൻെറ കാരണമെന്തെന്നറിഞ്ഞുകൂടാ.

കരിനാഗം, മൂർഖൻ, വളകഴപ്പൻ എന്നിവയെല്ലാം സർപ്പവർഗ്ഗത്തിൽപ്പെട്ട പാമ്പുകളാണു്. അവയുടെ വിഷത്തിൻെറ പ്രത്യേകത, സിരാപടലത്തെയാകെ സ്തംഭിപ്പിച്ചുകളയുന്ന അതിൻെറ സ്വഭാവമാണു്. ഉറച്ച രണ്ടു വിഷപ്പല്ലുകൾ വീതമുണ്ടു്, ഈയിനം പാമ്പുകൾക്കെല്ലാം.

സാധാരണ മൂർഖൻെറ വിഷപ്പല്ലിന് ഏതാണ്ട് കാലിഞ്ചും, കരിനാഗത്തിൻെറതിന് അരയിഞ്ചും, വളകഴപ്പൻെറതിന് ഉദ്ദേശം അരസ്ക്കാലിഞ്ചും നീളം കാണും.

'മണ്ഡലി'വർഗ്ഗമാണ് ചേനത്തണ്ടനും ചുരുട്ടമണ്ഡലിയും. അവയ്ക്കും രണ്ടു വീതം വിഷപ്പല്ലുകളുണ്ടെങ്കിലും സാധാരണ അവസരങ്ങളിൽ അവ അകത്തേക്കു വളഞ്ഞ് വായുടെ മുകൾത്തട്ടിൽ പതിഞ്ഞിരുന്നുകൊള്ളും. ആവശ്യം വരുമ്പോൾ നിവർത്തി ചുഴററാൻ പാകത്തിലാണ് അവയുടെ ഘടന. വലിയ ചേനത്തണ്ടൻെറ വിഷപ്പല്ലിന് ഒരിഞ്ചുവരെ നീളമുണ്ടാകും. കട്ടികുറഞ്ഞ തുകൽ ചെരിപ്പിനെയോ പട്ടീസിനെയോ കട്ടിയുള്ള സ്റ്റോക്കിംഗ്സിനെയോ ഒക്കെ തുളച്ചുകടക്കാനുള്ള കഴിവ് അതിനുണ്ട്. മൂർഖൻെറയോ വളകഴപ്പൻെറയോ ഒക്കെ വിഷപ്പല്ല് ചുവട്ടിൽ ഉറച്ചുനിൽക്കുന്നവയാകയാൽ അവയുടെ പല്ലിന് ഈ കഴിവില്ല. ഏതാണ്ട് അഞ്ചടിയിലധികം നീളത്തിൽ വളരുന്ന ഒരു തടിയൻപാമ്പാണ് ചേനത്തണ്ടൻ. അതിൻെറ പുറത്ത് നടുവിലും ഇരുവശങ്ങളിലുമായി ഡയമണ്ട് ആകൃതിയിലുള്ള മൂന്നുവരി അടയാളങ്ങൾ കാണാം. ചങ്ങലമാതിരി പരസ്പരം കോർത്തുബന്ധിപ്പിച്ചുകാണുന്ന ഈ അടയാളങ്ങൾക്ക് ഇരുണ്ട തവിട്ടുനിറമാണ്. ഇക്കാരണത്താൽ ഇതിനെ ചിലപ്പോൾ 'ചെയിൻവൈപ്പർ' എന്നും പറയാറുണ്ട്.

ചുരുട്ടമണ്ഡലിക്ക് രണ്ടടിയിലധികം നീളം കാണില്ല. തവിട്ടുനിറക്കാരായ ഈ പാമ്പിൻെറ പുറത്തു വെളുത്ത അടയാളങ്ങൾ കാണാം. പുറകോട്ടുയർന്നു നിൽക്കുന്ന പരുക്കൻ ചെതുമ്പലാണ് ഇവയ്ക്കുള്ളതെന്നതാണ് ഈ പാമ്പുകളുടെ പ്രത്യേകത. ദേഷ്യംവന്നു ചുരുളുകയും പുളയുകയും ചെയ്യുമ്പോൾ ആ പരുക്കൻചെതുമ്പലുകൾ കൂട്ടിയുരുമ്മിയിട്ട് അരംകൊണ്ടു രാകുമ്പോഴുണ്ടാകുന്നതരം ഒരു വലിയ ശബ്ദം ഈ പാമ്പിൽനിന്നുയരാറുണ്ട്.

'സർപ്പ'വംശജരായ പാമ്പുകൾക്ക് അവയുടെ വിഷപ്പല്ലിനോടു ചേർന്നു മോണയിൽ ഒരു ചാലുള്ളതിലൂടെയാണ് വിഷസഞ്ചിയിൽ നിന്നുള്ള വിഷം പുറത്തേക്ക്

വരുന്നതു്. 'മണ്ഡലി' വംശത്തിനാകട്ടെ, വിഷപ്പല്ലിനുള്ളിലൂടെത്തന്നെയാണു് വിഷം വിസർജ്ജിക്കുന്ന ചാലുള്ളതു്. കുത്തിവയ്ക്കാനുപയോഗിക്കുന്ന ഹൈപ്പോഡെർമിക്ക് സിറിഞ്ചിന്റെ കുഴലുള്ള സൂചിയിലൂടെ മരുന്നിറങ്ങിവരുന്നതുപോലെ തന്നെയാണു് ഈയിനം പാമ്പുകളുടെ വിഷപ്പല്ലുകൾക്കകത്തുകൂടെയും വിഷമിറങ്ങിവരുന്നതു്. ഇക്കാരണത്താൽ മണ്ഡലിവർഗ്ഗത്തിൽപെട്ട പാമ്പുകളുടെ കടിയേൽക്കുമ്പോൾ കട്ടിയുള്ള സോക്സോ, പട്ടീസോ, നീണ്ട ട്രൗസേഴ്സോ, കട്ടികുറഞ്ഞ ചെരിപ്പോ ഒന്നും ധരിച്ചിരിക്കുന്നതു് രക്ഷാകരമാകയില്ല. എന്നാൽ സർപ്പവർഗ്ഗത്തിൽപെട്ടവയുടെ വിഷം മോണയിലെ വിഷസഞ്ചിയിൽനിന്നു വിഷപ്പല്ലിന്റെ പുറത്തുകൂടെ കിനിഞ്ഞുവരുന്നതാകയാൽ ആ വിഷത്തിൽ അധികഭാഗവും കടിയേററ സ്ഥാനത്തുള്ള തുണിയിലോ ചെരിപ്പിലോ പററിപ്പോയ്ക്കൊള്ളും. 'മണ്ഡലി' വർഗ്ഗത്തിലെ മാരകശക്തിയുള്ള രണ്ടിനം പാമ്പുകളുടെയും വിഷപ്പല്ലുകൾ ഉള്ളിലൂടെ വിഷമൂറുന്നവയും ചുഴററാവുന്നതും കൂടുതൽ നീളമുള്ളവയുമാകയാൽ അവ കടിക്കുമ്പോൾ വിഷം ഒട്ടും നഷ്ടപ്പെടാതെ കടിവായിൽതന്നെ ചെന്നെത്തുന്നു. ചേനത്തണ്ടന്റെ കാര്യത്തിൽ ഇതു കൂടുതൽ വാസ്തവമാണു്. അവയുടെ വളരെ നീളമുള്ള വിഷപ്പല്ലുകൾ സാമാന്യേന ഏതാവരണത്തേയും തുളച്ചു കടക്കാൻ പോന്നവയാണു്.

'മണ്ഡലി'വർഗ്ഗത്തിൽപെട്ട പാമ്പുകളുടെ വിഷത്തിന്റെ പ്രത്യേകത, അതു് കലശലായ വേദനയോടെയുള്ള രക്തസ്രാവത്തിനിടയാക്കുന്നു എന്നതാണു്.

ഈ പാമ്പുകളിൽ ഓരോന്നിന്റെയും കടിയേററാൽ എത്ര സമയത്തിനിടയിൽ മനുഷ്യൻ മരിക്കാനിടയുണ്ടു് എന്നു് ഏകദേശമായ ശരാശരിക്കണക്കിലല്ലാതെ സൂക്ഷ്മമായി പറയാവുന്നതല്ല. കടിയേൽക്കുന്നയാളിന്റെ പ്രായം, ആരോഗ്യനില, ശരീരഘടന എന്നിവയെല്ലാം ഇക്കാര്യത്തിൽ പരിഗണനീയങ്ങളായ ഘടകങ്ങളാണു്. കടിച്ച പാമ്പിന്റെ വലിപ്പം, അതു് തൊട്ടുമുമ്പെ

ഞ്ഞാൻ ആരെയെങ്കിലും കടിച്ചിട്ടുണ്ടോ എന്നുള്ളതു്, ഇതൊക്കെ എത്രമാത്രം വിഷം കടിയേററയാളിൻെറ രക്തത്തിലേയ്ക്കു സംക്രമിച്ചിട്ടുണ്ടു് എന്നു തിട്ടപ്പെട്ടുത്താൻ സഹായകമായിരിക്കും. മരണം സംഭവിക്കുന്നതിനു വേണ്ടിവരുന്ന കാലയളവു് ശരാശരി കണക്കിൽപറഞ്ഞാൽ ചുവടെ വിവരിക്കുംപോലെയാണു്.

കരിനാഗം കടിച്ചാൽ ഉദ്ദേശം 90 മിനിററും, വളകഴപ്പനു് രണ്ടുമുതൽ മൂന്നു മണിക്കൂർ വരെയും, മൂർഖനു് ആറു മണിക്കൂറും, ചേനത്തണ്ടനു് പന്ത്രണ്ടുമുതൽ മുപ്പത്തിയാറു മണിക്കൂർവരെയും ചുരുട്ടമണ്ഡലിക്കു് മൂന്നുമുതൽ ഏഴു വരെ ദിവസവുമാണു് കണക്കാക്കപ്പെടുന്നതു്.

വിഷമില്ലാത്ത പാമ്പുകൾ ഇന്ത്യയിൽ ഒട്ടനവധി ഇനങ്ങളുണ്ടു്. ഇക്കൂട്ടത്തിൽ ഏററവും ശ്രദ്ധേയനായ അംഗം പെരുമ്പാമ്പാണു്. പതിനെട്ടടിവരെ നീളത്തിൽ ഇതു വളരും. മലയായിലും മററും ഇവ മുപ്പത്തിയഞ്ചടിവരെ നീളത്തിൽ വളരാറുണ്ടു്. ഇരയുടെ ശരീരത്തിൽ ചുററിഞെരിച്ചുകൊന്നിട്ടു് അതിനെ മുഴവനെ വിഴുങ്ങുന്നതാണു് പെരുമ്പാമ്പിൻെറ സമ്പ്രദായം. പാമ്പിൻെറതന്നെ വലിപ്പത്തിൻെറയും കഴിവിൻെറയും തോതനുസരിച്ച് എലിയോ, മുയലോ, പന്നിയോ, മാനോ ഏതുമാകാം, ഇരയായി പിടിക്കപ്പെടുന്ന മൃഗം. ജപ്പാൻകാർക്കെതിരായി ബർമ്മയിൽ സമരം നടന്നുകൊണ്ടിരുന്ന കാലത്തു് വെടിവയ്ക്കപ്പെട്ട ഒരു പെരുമ്പാമ്പിനെപ്പററി ഒരു കഥ കേട്ടിട്ടുണ്ടു്. മലയൻവനങ്ങളിലും ബർമ്മയിൽ ചിലടത്തും കണ്ടുവരുന്ന വലിയ ഇനം പെരുമ്പാമ്പായിരുന്നു, ഇതു്. നാല്പതടിയിലധികം നീളമുണ്ടായിരുന്നുപോൽ, അതിനു്. വെടിയേററു മരണവെപ്രാളത്തിനിടയിൽ അതു് നേരത്തെ വിഴുങ്ങിയിരുന്ന ഒരു ജപ്പാൻ പട്ടാളക്കാരനെ — ഉരുക്കുതൊപ്പിയുൾപ്പെടെയുള്ള സൈനികവേഷത്തിൽ- ഛർദ്ദിക്കയുണ്ടായിപോൽ. ഈ കഥയുടെ യാഥാർത്ഥ്യത്തെപ്പററി ഉറപ്പു പറയാനും മററും ഞാൻ തയാറില്ല. പക്ഷേ ഈ വാർത്ത പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതാണു്. ഇരയെ വിഴുങ്ങുന്നതിനു മുമ്പു പെരുമ്പാമ്പു് അതിൻെറമേൽ

ഇഴക്കല്ലുള്ള എന്തോ ഒന്നു് വിസർജ്ജിക്കുമെന്നുള്ള ഒരു ധാരണ നിലവിലുണ്ടു്. ഇതു തീരെ അടിസ്ഥാനരഹിതമാണു്. പെരുമ്പാമ്പിൻെറ വായുടെ മേൽഭാഗവും കീഴ്ഭാഗവും തമ്മിൽ ബന്ധിച്ചിട്ടില്ല. അതുമല്ല, പുറമെയുള്ള തൊലി ആവശ്യംപോലെ വികസിക്കുന്നതുമാണു്. അതുകൊണ്ടു് സ്വന്തം തലയെക്കാളോ ചുററളവിനെക്കാളോ താരതമ്യേന പലഇരട്ടി വലിപ്പംകൂടിയ ജന്തുക്കളെയും അതിനു വിഴുങ്ങാൻ പ്രയാസമില്ല.

വിഷമില്ലാത്ത പല ഇനം പാമ്പുകളുണ്ടു് ഭൂമിയിൽ ഇഴഞ്ഞു നടക്കുന്നവയായിട്ടു്; വളരെ വേഗത്തിൽ സഞ്ചരിക്കുന്ന—ചാട്ടവാർ മാതിരി കൃശഗാത്രരായ—പല ഇനം പാമ്പുകൾ മരത്തിൽ കഴിച്ചു കൂട്ടുന്നവയായിട്ടുണ്ടു്; അലസഗാമികളായ തടിയൻ മണൽപാമ്പുകളുണ്ടു്; ശുദ്ധജലത്തിൽ കഴിച്ചുകൂട്ടുന്നവയായിട്ടുമുണ്ടു് പല ഇനം പാമ്പുകൾ. ഒന്നിനും വിഷമില്ല. മണൽപാമ്പുകളിലൊന്നിൻെറ വാലും തലയും കാഴ്ചയിൽ മിക്കവാറും ഒരുപോലെയാകയാൽ രണ്ടററത്തും തലയുള്ള ഇനമാണു് അവയെന്നാണു തോന്നുക.

എനിക്കു പാമ്പുകളെപ്പററി എല്ലാക്കാലത്തും ഭ്രമമായിരുന്നു. ഏതാണ്ടു് എട്ടുവയസ്സായ കാലത്തുമുതൽ ഞാൻ അവയെ കൂട്ടിലിട്ടു വളർത്തിപ്പോന്നു. അതുകൊണ്ടു പെൺകുട്ടികൾ എന്നെ ഒരു ഭയങ്കരനായി കരുതിപ്പോന്നു. സഹപാഠികൾക്കെല്ലാം എന്നെ കുറച്ചൊരു പേടിയുമായിരുന്നു. സിനിമാശാലയിലും സൺഡേസ്കൂളിലും പള്ളിയിലുമൊക്കെ പാമ്പിനെ അഴിച്ചുവിട്ടു് ആളുകളുടെ പരിഭ്രമം കണ്ടു ഞാൻ രസിക്കുമായിരുന്നു. നാല്പത്തിയെട്ടുവയസ്സായിട്ടും അന്നു കിട്ടിയ 'പാമ്പാട്ടി ആൻഡേഴ്സൻ' എന്ന പരിഹാസപ്പേരു് ഇന്നും എന്നോടൊട്ടിച്ചേർന്നു നിൽക്കുന്നു.

പാമ്പിൻവിഷത്തിനു വിശിഷ്ടമായ പല ഔഷധഗുണങ്ങളുണ്ടു്. ഇനിയും പുതുതായി പല രോഗങ്ങൾക്കും അതു പ്രതിവിധിയായി നിർദ്ദേശിക്കപ്പെട്ടും എന്ന കാര്യത്തിൽ എനിക്കു സംശയമില്ല. ഈ വിഷങ്ങൾ മനുഷ്യ

ശരീരത്തിൽ പ്രയോഗിച്ചു പരീക്ഷിച്ചുനോക്കുന്നതിൽ അന്തർഭവിച്ചിരിക്കുന്ന അപകടസാദ്ധ്യത കാരണം ഈ മാർഗ്ഗത്തിൽ വേണ്ടത്ര അന്വേഷണം നടന്നിട്ടില്ല എന്നതാണു വാസ്തവം. ഏതെങ്കിലും പ്രത്യേക വിഷത്തിന്റെ ചെറിയ അംശമുപയോഗിച്ച് അതേ വിഷത്തിന്റെ കൂടുതൽ അംശമുല്പാദിപ്പിക്കുന്ന ദോഷഫലത്തെ ഹനിക്കാൻ കഴിയുമെന്ന ഹോമിയോപ്പതി ചികിത്സാസമ്പ്രദായത്തിന്റെ അടിസ്ഥാനതത്വമനുസരിച്ച് മണ്ഡലി വിഷത്തിന്റെ ഒരു ചെറിയ അംശം മററു ദ്രാവകം കലർത്തി നേർമ്മയാക്കിയെടുക്കപ്പെട്ടതു രക്തസ്രാവം നിറുത്തുവാൻവേണ്ടി പ്രയോഗിച്ചു നോക്കിയപ്പോൾ, വലിയ അളവിൽ പ്രയോഗിക്കപ്പെട്ടാൽ രക്തസ്രാവംമൂലമുള്ള മരണത്തിനു കാരണമാകുന്ന ആ വിഷം, രക്തസ്രാവം തടയാൻ കാരണമായിത്തീർന്നിട്ടുണ്ട്. പല്ലു പറിക്കുമ്പൊഴൊ ചെറിയ വല്ല ശസ്ത്രക്രിയയും നടത്തുമ്പൊഴൊ സംഭവിക്കുന്ന അമിതമായ രക്തസ്രാവത്തെ തടയുവാൻ ദന്തവൈദ്യന്മാർ ഈ വിഷം പ്രയോഗിക്കാറുണ്ട്.

അതുപോലെ തന്നെ, കൂടിയ അളവിൽ രക്തത്തിൽ കടന്നാൽ സിരാപടലത്തിന്റെ പ്രവൎത്തനത്തെ സ്തംഭിപ്പിച്ചുകളയുന്ന സർപ്പവിഷവും വളരെ ചെറിയ അളവിൽ പ്രയോഗിക്കപ്പെട്ടാൽ ചുഴലിദീനത്തിനും ഞരമ്പുസംബന്ധമായ രോഗങ്ങൾക്കുമൊക്കെ ഫലപ്രദമായ ഒരൗഷധമാണ്.

വിഷമുള്ള അഞ്ചിനം പാമ്പുകളിൽ ഏതിന്റെ കടിയേററാലും ആ വിഷബാധയിൽ നിന്നു രക്ഷപെടാൻ പര്യാപ്തമായ പ്രത്യൗഷധങ്ങൾ പലതും ബോംബെയിലെ ഹാഫ്കൈൻ ഇൻസ്റ്റിററ്യൂട്ടിൽ തയാറാക്കി വരുന്നുണ്ട്. ഓരോ ഇനം പാമ്പിന്റെയും വിഷത്തിന് അതാതിന്റെ വിഷാംശം കലർന്ന പ്രത്യൗഷധങ്ങൾ അവിടെ തയാറാക്കിയിട്ടുണ്ട്. അതു വിഷബാധയേററയാളുടെ ശരീരത്തിൽ കുത്തിവച്ചാൽ മതി. എന്നാൽ കടിച്ചതു് ഏതിനം പാമ്പാണെന്നു ചിലപ്പോൾ തിരിച്ചറിയാൻ കഴിഞ്ഞില്ലെന്നു വരാം. അങ്ങനെയുള്ളിടത്തു്

ഉപയോഗിക്കാൻ അഞ്ചിനം വിഷങ്ങളുടെ അംശങ്ങളും കൂട്ടിക്കലർത്തിയ ഒരു ഔഷധവും തയാറാക്കിയിട്ടുണ്ട്. കുതിരയുടെ ശരീരത്തിൽ ചെറിയ ചെറിയ അളവുകളിൽ വിഷം കുത്തിവച്ചുവച്ച്, ക്രമേണ വിഷത്തിന്റെ തോതു വർദ്ധിപ്പിച്ചുകൊണ്ടുവന്ന്, ഒടുവിൽ ഏതിനം വിഷവും ഏതു തോതിൽ കുത്തിവച്ചാലും കുതിരയ്ക്കു വിഷബാധ യേൽക്കാത്ത ഒരു അവസ്ഥ വരുത്തുക. മരണകാരണ മാകത്തക്കതിന്റെ മൂന്നും നാലും ഇരട്ടി വിഷം കുത്തി വച്ചാലും കുതിരയെ വിഷശക്തി ബാധിക്കയില്ലെന്ന അവസ്ഥയിലെത്തുമ്പോൾ അത്തരം കുതിരയുടെ തുടയി ലെ ഞരമ്പിൽ നിന്നു രക്തം കുത്തിയെടുത്ത് അതുപ യോഗിച്ചാണ് വിഷബാധയ്ക്കു പരിഹാരമായി ഉപ യോഗിക്കാനുള്ള കുത്തിവയ്പു മരുന്നുണ്ടാക്കുന്നത്.

വിഷഹാരകമായ ഈ ഔഷധം നിർമ്മിക്കുന്ന സമ്പ്രദായത്തെപ്പററി ഒരു ബാലനായിരുന്ന കാലത്തു കേട്ട പ്പോൾ അതു് എന്റെ ചിന്തയെ മഥിക്കയും താല്പര്യത്തെ ഉണർത്തുകയും ചെയ്തു. സ്വന്തമായി ഈ ഔഷധം ഉണ്ടാക്കണമെന്നു തീരുമാനിക്കയും ചെയ്തു. ഞാൻ ഈ ആവശ്യത്തിലേക്കു വേണ്ടി രണ്ടു കുതിരകളെയും ഒരു കഴുത യെയും തട്ടിയെടുത്ത് ഒരു മൂന്നു സി. സി. ഹൈപ്പോ ഡെർമിക്ക് സൂചിയിലൂടെ മൂർഖന്റെ വിഷം അവയുടെ ശരീരത്തിൽ കുത്തിവച്ച് അവയെ വിഷശക്തിയോടു ചെറുത്തുനിൽക്കാൻ പ്രാപ്തിയുള്ളവയാക്കിത്തീർക്കാനുള്ള ഉദ്യമമാരംഭിച്ചു. എവിടെനിന്നാണ് ആ കുതിരകളെയും കഴുതയെയും ലഭിച്ചതെന്നകാര്യം വെളിപ്പെടുത്താൻ എനിക്കിന്നും ധൈര്യം പോരാ. ആദ്യം ഏതളവിലാണു വിഷം കുത്തിവച്ചു തുടങ്ങേണ്ടതു് എന്നതിനെപ്പററി എനിക്കറിവില്ലായിരുന്നതിനാൽ, വിഷം കുത്തിവച്ച് ഏതാനും മണിക്കൂറുകൾക്കുള്ളിൽതന്നെ അവയുടെ ജഡം മറവുചെയ്യാനുള്ള ഏർപ്പാടുകളും ചെയ്യേണ്ടിവന്നു, എനിക്ക്. എന്റെ പിതാവു് ഇക്കാര്യംകൊണ്ടു് അത്യ ധികം കുപിതനായിത്തീർന്നു എന്നും ഞാൻ ഓർമ്മി ക്കുന്നു.

യുദ്ധത്തിനു മുമ്പുവരെ, കട്ടിയാക്കിയ വിഷം—പ്രത്യേകിച്ചു മൂർഖൻേറതു്—കയററി പുറംരാജ്യങ്ങളിലേക്കയച്ച് ഞാൻ നല്ല വരുമാനമുണ്ടാക്കിക്കൊണ്ടിരുന്നു. വിഷം വാങ്ങാൻ താല്പര്യക്കാരായ ചില അമേരിക്കൻ സ്ഥാപനങ്ങൾക്കാണു് ഞാൻ അതു വിററിരുന്നതു്. ഒരു സാധാരണ മൂർഖനിൽനിന്നു് നാലും അഞ്ചും ദിവസം കൂടുമ്പോൾ ഏതാണ്ടു് ഒരു ക്യൂബിക്ക് സെൻറിമീററർ വിഷം കിട്ടും. അതു് ഉണക്കിയെടുത്താൽ ഒരു ഗ്രാം വരും. അത്രയും വിഷത്തിനു് ഉദ്ദേശം ഒന്നര ഡോളർ വില കിട്ടുമായിരുന്നു. ഇരുപതു മൂർഖന്മാരെയാണു ഞാൻ വളർത്തിയിരുന്നതു്. എന്നു വച്ചാൽ, വിഷം വിൽക്കുന്ന വകയിൽ അഞ്ചു ദിവസം കൂടുമ്പോൾ മുപ്പതു ഡോളർ വീതം എനിക്കു കിട്ടിയിരുന്നു എന്നർത്ഥം; അതായതു് മാസത്തിൽ നൂററിഎൺപതു ഡോളർ. പാമ്പിനുവേണ്ടി എനിക്കു ചെലവൊന്നും പ്രത്യേകിച്ചു് ഉണ്ടായിരുന്നില്ല എന്നതു പരിഗണിക്കുമ്പോൾ ഇതു് ആദായകരമായ ഒരു സംരംഭംതന്നെയായിരുന്നു എന്നു വേണം പറയാൻ. പത്തു ദിവസത്തിലൊരിക്കൽ ഓരോ പാമ്പിനും ഓരോ തവളയെയൊ അരണയെയൊ ആഹാരമായി കൊടുത്താൽ മതി. ഇവയെ എനിക്കു പിടിച്ചുകൊണ്ടു വന്നു തരാൻ ഒരു പതിനഞ്ചു വയസ്സുകാരൻ പയ്യനുമുണ്ടായിരുന്നു. ഇത്തരം വേലക്കാരെ 'ചൊക്രാ' എന്നാണു വിളിക്കാറു്. അവനു് ഈ പണി ചെയ്യുന്നതിനു പ്രതിഫലമായി പ്രതിമാസം കൊടുത്തുവന്നതു് ഏഴു രൂപയാണു്. അതായതു് ഇംഗ്ലീഷ് നാണയത്തിൽ പറഞ്ഞാൽ പത്തു ഷില്ലിംഗ്.

പാമ്പിനെ കഴുത്തിൽ പിടിച്ചെടുത്തു്, ഘനം കുറഞ്ഞ ഒരു റബ്ബർ കഷണംകൊണ്ടു മൂടിയ ഒരു ഗ്ലാസ് കപ്പിൻെറ മുകളിൽ അതിൻെറ വായമർത്തിപ്പിടിച്ചിട്ടാണു് അതിൻെറ വിഷം കറന്നെടുക്കുന്നതു്. പാമ്പു റബ്ബറിൽ കൊത്തുമ്പോൾ അതിൻെറ വിഷസഞ്ചിയിൽനിന്നു വിസർജ്ജിക്കുന്ന വിഷം കപ്പിനകത്തേക്കു തുള്ളി തുള്ളിയായി വീഴുന്നു. ഘനം കുറഞ്ഞ റബ്ബർകഷണ

മായിരിക്കണമെന്നു പറഞ്ഞതു് അതിൻെറ പുറത്തു പുരണ്ട വിഷം നഷ്ടമാകാതിരിക്കാൻവേണ്ടിയാണു്. പാമ്പിൻെറ വിഷപ്പല്ലു് ഗ്ലാസിൻെറ വക്കിൽ തട്ടി ഒടിഞ്ഞുപോകാതെയും കരുതണം. കപ്പിൻെറ വക്കിൽ രണ്ടോ മൂന്നോ അട്ടി ഇലക്ട്രിക്കൽ ഇൻസുലേററിംഗ് ടേപ്പു പിടിപ്പിച്ചിരുന്നാൽ ഇക്കാര്യവും സാധിക്കാം.

മൂർഖനെ പിടിച്ചെടുക്കാൻ എളുപ്പമാണു്. പത്തി വിടർത്തുന്ന സമയം, അതു സ്വശരീരദൈർഘ്യത്തിൻെറ ഏതാണ്ടു മൂന്നിലൊന്നു ഭാഗം നിലത്തുനിന്നുയർത്തിപ്പിടിക്കുന്നു. ഈ സമയം ഒരു കമ്പുകൊണ്ടു പത്തിയുടെ പുറത്തമർത്തി പാമ്പിനെ തറയോടു ചേർത്തുവച്ചുകൊണ്ടു കഴുത്തിൽപിടിച്ചെടുക്കുന്നതു താരതമ്യേന എളുപ്പമുള്ള കാര്യമാണു്. ചേനത്തണ്ടൻ, ചുരുട്ടമണ്ഡലി, വളകഴപ്പൻ എന്നിവയെ കൈകാര്യം ചെയ്യുന്നതാണു് കൂടുതൽ ദുഷ്കരമായിട്ടുള്ളതു്. ഒന്നാമതു്, ശരീരത്തിൻെറ ചുരുളുകൾക്കുള്ളിൽ തല ഒളിച്ചു സൂക്ഷിക്കുന്ന സ്വഭാവക്കാരാണു്, അവ. മൂർഖനെക്കാൾ അവയുടെ ചലനവേഗത വളരെ കൂടുതലാണുതാനും. വളരെ നീളമുള്ളതും ചുഴററാവുന്നതുമായ വിഷപ്പല്ലുള്ള ചേനത്തണ്ടനെ കയ്യിലെടുത്തു പെരുമാറുന്നതു് വളരെ സൂക്ഷിച്ചു ചെയ്യേണ്ട കാര്യമാണു്.

മൂർഖൻപാമ്പുകളെ പ്രായേണ എളുപ്പം ഇണക്കിയെടുക്കാൻ കഴിയും. നാട്ടനീളെ പ്രദർശനം നടത്തി ചുററി നടക്കുന്ന പാമ്പാട്ടികളുടെ കൂടയിലെ പാമ്പുകൾ വിഷപ്പല്ലും വിഷസഞ്ചിയും നീക്കി നിരായുധരാക്കപ്പെട്ടിട്ടുള്ളവയാണു്. പല്ലു് എടുത്തു നീക്കിയാലും വീണ്ടും വളർന്നു വരും; പക്ഷേ വിഷസഞ്ചി ഒരിക്കൽ എടുത്തു നീക്കിയാൽ അതോടെ വിഷം ശേഖരിക്കാനുള്ള പാമ്പിൻെറ കഴിവു നഷ്ടപ്പെട്ടു പോകുന്നതിനാൽ, ശിഷ്ടായുസ്സിലേക്കു പാമ്പിൻെറ മാരകശക്തി നഷ്ടപ്പെടുകയാണു് ചെയ്യുന്നതു്. ചേനത്തണ്ടൻപാമ്പിൻെറ വിഷസഞ്ചി തലച്ചോറിനടുത്തും വായിലെ ഒരു രക്തധമനിയോടു ചേർന്നുമാണു് സ്ഥിതിചെയ്യുന്നതു് എന്നുള്ളതിനാൽ

അതെടുത്തു നീക്കുക സാദ്ധ്യമല്ല. അതിനുവേണ്ടി ശസ്ത്രപ്രയോഗം നടത്തുന്നപക്ഷം രക്തസ്രാവംകൊണ്ടും തലച്ചോറിനു തട്ടുന്ന തകരാറുകൊണ്ടും പാമ്പു വേഗംതന്നെ ചത്തുപോകും. അതുകൊണ്ടു് ഈ പാമ്പിന്റെ വായുടെ മുകൾഭാഗവും ചുവട്ടഭാഗവും ചേർത്തു് നൂലും സൂചിയുമുപയോഗിച്ചു തുന്നിക്കെട്ടുകയാണു് പാമ്പാട്ടികൾ ചെയ്യാറുള്ളതു്. ഭക്ഷണം കൊടുക്കുന്നതു് ഭാഗ്യംകെട്ട ആ ജന്തുവിന്റെ വായുടെ മദ്ധ്യത്തിൽ ഒരു ചോർപ്പുകുഴൽ കടത്തിയിട്ടു് അതിലൂടെയാണു്. മുട്ടവെള്ളമാണു് സാധാരണ ആഹാരമായി കൊടുക്കുക. കൂട്ടിലടയ്ക്കപ്പെട്ടുമ്പോൾ ചില മൂർഖന്മാർ ചിലപ്പോൾ നിരാഹാരവ്രതത്തിനൊരുമ്പെടാറുണ്ടു്. അങ്ങനെയുള്ളപ്പോൾ അവയുടെ ഉള്ളിലേക്കു് ആഹാരം കടത്തിവിടാനും ഇതേരീതിയാണു് ഉപയോഗിക്കാറു്.

ആഹാരം അല്പമായും അപൂർവ്വമായും മാത്രം കഴിക്കുന്ന പാമ്പിന്റെ ശീലമാണു് അതിനെ വളർത്തുന്നതു സുകരമാക്കിത്തീർത്തിട്ടുള്ളതു്. ഒരു എലിയെയൊ തവളയെയൊ ചെറു പക്ഷിയെയൊ മററൊ കൊടുത്താൽ പാമ്പിന്റെ വലിപ്പവ്യത്യാസമനുസരിച്ചു് ഒരാഴ്ചമുതൽ പത്തുദിവസംവരെയുള്ള കാലത്തേയ്ക്കു് പിന്നെ അതിനു് ആഹാരമൊന്നുമാവശ്യമില്ല. ഭക്ഷണകാര്യത്തിൽ വലിയ പാമ്പുകളേക്കാൾ ഏറെ ആർത്തി കാണിക്കാറുള്ളതു് ചെറിയ ഇനം പാമ്പുകളാണു് എന്നു പറയേണ്ടിയിരിക്കുന്നു. പെരുമ്പാമ്പു് ഒരിക്കൽ ആഹാരം കഴിച്ചാൽ പിന്നെ അതിന്റെ വലിപ്പത്തിന്റെ തോതനുസരിച്ചു പതിനഞ്ചു ദിവസം മുതൽ ഒരു മാസംവരെ കഴിഞ്ഞിട്ടാണു് അടുത്തതായി തീററ വല്ലതും തിന്നുക.

പാമ്പുകളെപ്പററി ഇത്ര ദീർഘമായി ഞാൻ ഉപന്യസിച്ചതു് അവയിൽ ഓരോന്നിന്റെയും ചില പ്രത്യേകതകൾ ചൂണ്ടിക്കാണിക്കാൻ ഉന്നിക്കൊണ്ടാണു്. വിഷമുള്ളവയാകട്ടെ ഇല്ലാത്തവയാകട്ടെ, എല്ലാത്തരം പാമ്പുകൾക്കും പൊതുവായുള്ള ഒരു പ്രത്യേകത—കരിനാഗം ഈ നിയമത്തിനു് ഒരപവാദമാണെന്നു പറയപ്പെടുന്നു—അവയെല്ലാം മനുഷ്യരെ ഭയപ്പെടുന്നുവെന്നും മനുഷ്യവർഗ്ഗത്തെ

ഒഴിഞ്ഞുമാറിപ്പോകാൻ താല്പര്യപ്പെട്ടുന്നുവെന്നുമുള്ളതാണു്. അവ മനുഷ്യനെ കടന്നുകയറി ആക്രമിക്കാനൊ കടിക്കാനൊ ഒരിക്കലും മുതിരുകയില്ലെന്നു തന്നെയല്ല, മനുഷ്യൻ സമീപിക്കുന്നതറിഞ്ഞാൽ ഇഴഞ്ഞു മറയത്തു പൊയ്ക്കുളയുകയും ചെയ്യും. പാമ്പു്, അതിനെ കയറി ചവുട്ടിയാൽ മാത്രമെ കടിക്കുകയുള്ളു. അങ്ങനെ കടിക്കുന്നതു തന്നെയും ഭയംകൊണ്ടും സ്വരക്ഷയെ കരുതിയുമാണു താനും. കൂട്ടത്തിൽ പറയട്ടെ, പാമ്പിനു ശ്രവണവിഷയത്തിൽ സഹായിക്കാൻ ചെവി പോലെ ഒരവയവമില്ല. ഈ വിവരം അറിഞ്ഞിരിക്കുന്നതു് ഉപകാരപ്രദമായിരിക്കും. ഭൂതലത്തിലെ ചലനങ്ങളെ ഗ്രഹിക്കുന്നതിനു അതിൻെറ ശരീരത്തിനുള്ള കഴിവിനെ ആശ്രയിച്ചാണു് പാമ്പിൻെറ 'ശ്രവണശക്തി' സ്ഥിതി ചെയ്യുന്നതു്. അതു കൊണ്ടു് പാമ്പാട്ടിയുടെ കുഴലൂത്തു കൊണ്ടോ മററു സംഗീതോപകരണങ്ങൾകൊണ്ടോ പാമ്പിനെ 'വശീകരിക്കു'ന്നതിനെപ്പററി പറയപ്പെടുന്ന കഥകളെല്ലാം വെറും മിഥ്യയാണു്. പാമ്പാട്ടിയുടെ കുഴലിൻെറ ശബ്ദത്താലല്ല, കുഴൽ വായനയോടൊപ്പമുള്ള അയാളുടെ ശരീരത്തിൻെറയും ശിരസ്സിൻെറയും കരചരണങ്ങളുടെയും താളാത്മകമായ ചലനവിശേഷത്താലാണു് പാമ്പു് ആകൃഷ്ടനാകുന്നതും, അയാളുടെ ശരീരചലനത്തിൽ ശ്രദ്ധിച്ചു് അതിനനുസരിച്ചു തലയാട്ടിക്കൊണ്ടു നിൽക്കുന്നതും. ഇതിൽനിന്നു് ഒന്നു മനസ്സിലാക്കാം, ഇന്ത്യയിലെ വല്ല ഊടുവഴിയിലുംകൂടെ ഇരുട്ടിൽ കടന്നു പോകുമ്പോൾ ഉറക്കെ വിളിച്ചു കൂവിക്കൊണ്ടു നടന്നതുകൊണ്ടോ, പാടിയതുകൊണ്ടോ, ചൂളമടിച്ചതുകൊണ്ടോ, ഒന്നും വഴിയിൽ വല്ല പാമ്പും കിടക്കുന്നുണ്ടെങ്കിൽ അതിനെ ഭയപ്പെടുത്തി ഓടിക്കാൻ തരമാവില്ല. എന്നാൽ കനത്ത ബൂട്ട്സിട്ടു ചവുട്ടിയോ വടി കൊണ്ടു നിലത്തിടിച്ചിടിച്ചോ നടന്നാൽ, പാമ്പിനെ ഭയപ്പെടുത്തിയോടിക്കാൻ അതു നിശ്ചയമായും പര്യാപ്തമാകയും ചെയ്യും.

എല്ലായിനം പാമ്പുകളും ആണ്ടിൽ രണ്ടുമൂന്നു പ്രാവശ്യം വീതം അവയുടെ പുറംതോൽ ഉരിഞ്ഞു കളയാറുണ്ടു്.

സോക്ക്സോ കയ്യുറയൊ ഊരിയെടുക്കുന്നതുപോലെ തന്നെ അകം പുറമായിട്ടാണ് തോൽ ഉരിഞ്ഞെടുക്കുക. ഏതെങ്കിലും പരുപരുപ്പുള്ള സ്ഥാനത്തു ചുരുണ്ടുകൂടിക്കൊണ്ടു രസിയിട്ടാണ് തോലുരിക്കളയുന്ന ഈ പ്രക്രിയ പൂർത്തിയാക്കുന്നത്.

വിഷമുള്ളതും ഇല്ലാത്തതുമായ എല്ലാത്തരം പാമ്പുകളെയും ഉൾപ്പെടുത്തി പൊതുവിൽ രണ്ടു ശീർഷകങ്ങളിൽ തരം തിരിച്ചിരിക്കുന്നു-മുട്ടയിട്ടു വിരിയിക്കുന്നവയും(oviparous) കുഞ്ഞുങ്ങളെ പ്രസവിക്കുന്നവയും (viviparous). ആദ്യത്തെയിനം മുട്ടയിടുകയാണു ചെയ്യുന്നതെന്നുള്ളപ്പോൾ രണ്ടാമത്തെ കൂട്ടർ നേരിട്ടു കുഞ്ഞുങ്ങളെത്തന്നെ പ്രസവിക്കുന്നു. വിഷമുള്ളതും ഇല്ലാത്തതുമായ രണ്ടിനം പാമ്പുകളിലും പ്രസവത്തിൽ ഈ ഭിന്ന സമ്പ്രദായങ്ങൾ നിലവിലുണ്ട്. അതുകൊണ്ടു പാമ്പു മുട്ടയിടുന്ന ഇനമാണോ കുഞ്ഞുങ്ങളെ പ്രസവിക്കുന്ന ഇനമാണോ എന്നതു് അതിനു വിഷമുണ്ടോ ഇല്ലയോ എന്നതിനെ ആശ്രയിച്ചല്ല ഇരിക്കുന്നതു്. ഉദാഹരണമായി മൂർഖൻപാമ്പു മുട്ടയിട്ടു കുഞ്ഞുങ്ങളെ വിരിയിക്കയാണെന്നിരിക്കെ, ചേനത്തണ്ടനും പെരുമ്പാമ്പും കുഞ്ഞുങ്ങളെ പ്രസവിക്കയാണു ചെയ്യുന്നതു്.

വിഷമുള്ള അഞ്ചിനം പാമ്പുകളിൽ മൂർഖൻ, മനുഷ്യവാസമുള്ള പ്രദേശങ്ങളോടടുത്താണ് അധികവും കഴിഞ്ഞുകൂടാറു്. വീടുകളോടടുത്ത പറമ്പുകളിലൊ, പാടങ്ങളിലൊ ഉള്ള ചിതൽപ്പുറ്റുകളിലും പൊത്തുകളിലുമൊക്കെയാണ് അവയുടെ താവളം. വളരെ അപൂർവ്വമായി മാത്രമേ അവയെ വനങ്ങളിൽ കാണുകയുള്ളൂ. കരിനാഗമാകട്ടെ, നേരെ മറിച്ചാണ്; ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ, വനത്തിൽ മാത്രമേ അതിനെ കാണാൻ കഴിയൂ. ചേനത്തണ്ടനെ ജനവാസമുള്ള പ്രദേശങ്ങളിലെന്നതിനെക്കാൾ അധികമായി കാണുക, വനങ്ങളിലും പുൽമേടുകളിലുമാണ്. വളകഴപ്പനെ എങ്ങുംതന്നെ സാധാരണയായി കാണാൻ കിട്ടില്ല. ചുരുട്ടമണ്ഡലിയാകട്ടെ, വരണ്ട മണൽപ്രദേശങ്ങളിലാണ് അധികവും കാണപ്പെടുക.

വനസഞ്ചാരത്തിനു പുറപ്പെട്ടുന്നയാൾ വിഷത്തിൽ നിന്നു മോചനത്തിനുവേണ്ടി കുത്തിവയ്ക്കാനുള്ള മരുന്നിൻെറ ട്യൂബുകൾ കയ്യിൽ കരുതിയിട്ടില്ലാത്തപ്പോൾ— റഫ്രിജേററിൽ വച്ചു സൂക്ഷിക്കാത്തപക്ഷം വളരെ വേഗം ചീത്തയായി പോകുന്നതാണു് ഈ ഔഷധമെന്നൊരു കുഴപ്പം ഏതായാലുമുണ്ടു്— വിഷപ്പാമ്പിൻെറ കടിയേൽക്കുന്ന ആളിനു് ഏററവും ഫലപ്രദമായി എളുപ്പം ചെയ്യാവുന്ന പ്രതിവിധി, കടിവായിൽ മൂർച്ചയുള്ള കത്തികൊണ്ടു് അഗാധമായ മുറിവുണ്ടാക്കി അതിലൂടെ വിഷദൂഷിതമായ രക്തം കഴിവുള്ളടത്തോളം ഈമ്പിയെടുക്കുകയെന്നുള്ളതാണു്. രക്തത്തിലേക്കു വിഷാംശം സംക്രമിക്കുന്നതിൻെറ അളവു കഴിവുള്ളത്ര കുറഞ്ഞിരിക്കാൻ വേണ്ടിയാണു് ഇങ്ങനെ ചെയ്യുന്നതു്. പാമ്പിൻെറ വിഷങ്ങളിലൊന്നും തന്നെ വായിലൂടെ വിഴുങ്ങുന്നതുകൊണ്ടു മരണം സംഭവിപ്പിക്കുന്നവയല്ലാത്തതിനാൽ അതു ചുണ്ടുകൊണ്ടു് ഈമ്പിയെടുക്കുന്നതിൽ അപകടമൊന്നും അന്തർഭവിച്ചിട്ടില്ല എന്നുകൂടെ പറഞ്ഞുകൊള്ളട്ടെ. വാസ്തവം പറഞ്ഞാൽ, മൂർഖൻെറ വിഷം, സമരപരിശീലനം നൽകപ്പെടുന്ന കോഴികൾക്കും കാടപ്പക്ഷികൾക്കും കൂടുതൽ ശൗര്യവും ഊർജ്ജസ്വലതയും ലഭിക്കാനുള്ള ഉപാധിയായി സമരത്തിനു മുമ്പു ഭക്ഷണത്തിൽ ചേർത്തുകൊടുക്കുന്ന പതിവുപോലും ഈ പ്രദേശങ്ങളിൽ പക്ഷികളെക്കൊണ്ടു പോരു നടത്തിക്കുന്ന മുഹമ്മദീയരുടെ ഇടയിൽ നടപ്പിലിരിക്കുന്നുണ്ടു്. ഏതു പക്ഷിയാണു പോരിൽ വിജയിക്കാൻ പോകുന്നതെന്നതിനെപ്പററിയുള്ള ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ വമ്പിച്ച സംഖ്യകൾ പന്തയം വയ്ക്കപ്പെടാറുണ്ടു്. പാമ്പിൻെറ വിഷം നൽകി പക്ഷികളെ ഊർജ്ജിതപ്പെടുത്തിയിട്ടാണു് പലപ്പോഴും പന്തയം നേടാറു്.

കടിവായുടെ മുകൾഭാഗത്തായി ഫലപ്രദമാംവിധം ഒരു കെട്ടുകെട്ടുന്നതിനു് കൂടുതൽ സമയവും പ്രത്യേക പരിശീലനവും ആവശ്യമാണു്. അതുമല്ല, അരയ്ക്കുമുകളിൽ എവിടെയെങ്കിലുമാണു കടിയേററിട്ടുള്ളതെങ്കിൽ ഈ പ്രതിവിധി ചെയ്യുക അസാദ്ധ്യവുമായിത്തീരുന്നു.

ഏതായാലും, ഫലപ്രദമായി കെട്ടുറപ്പിച്ചു കഴിയുന്നതിനു മുമ്പ് വിഷം രക്തത്തിൽ സംക്രമിച്ചു കഴിഞ്ഞിരിക്കും. കടിവായിൽ പൊട്ടാസ്യം പെർമാൻഗനേററു തരികൾ നിക്ഷേപിക്കുന്നതുകൊണ്ടു് ഒരളവുവരെ വിഷശക്തിയെ നിർവീര്യമാക്കുന്ന രാസപരിണാമങ്ങൾ വരുത്താൻ കഴിയും. എന്നാൽ പൊട്ടാസ്യം പെർമാൻഗനേററിൻെറ തരികൾ രക്തപ്രവാഹത്തിൽ കലർന്നു ഫലപ്രദമായ രാസപ്രക്രിയകൾക്കു ശക്തമാകണമെങ്കിൽ, കടിവായിൽ ആദ്യംതന്നെ അഗാധമായ ക്ഷതമുണ്ടാക്കണം. ഇക്കാരണത്താൽ ഞാൻ വനത്തിൽപോകുന്ന അവസരങ്ങളിലെല്ലാം നല്ല മൂർച്ചയുള്ള ഒരു കത്തികൂടെ പോക്കററിൽ കരുതാറുണ്ടു്.

കാലിൻെറ പാദത്തിൽ മൂർഖൻെറ കടിയേററ ഒരാളെ എനിക്കറിയാം. വനത്തിൽനിന്നു നിയമവിരോധമായി മൃഗങ്ങളെ വേട്ടയാടുന്ന സമ്പ്രദായക്കാരനായിരുന്നു, അയാൾ. ഒട്ടും മനഃസാന്നിദ്ധ്യം കൈവിടാതെ അയാൾ കയ്യിലുണ്ടായിരുന്ന വെടിമരുന്നു് കടിവായിലും ചുററിലുമായി നിരത്തിയിട്ടു് തീപ്പെട്ടിയുരച്ചു് അതിനു തീകൊടുത്തു. അതിൻെറ ഫലമായി അയാളുടെ കാലിൽ കുറെ ആഴത്തിൽ മാംസം കത്തിയെരിഞ്ഞുപോയി. ഇന്നും അയാൾക്കു് ആ പരുക്കിൻെറ ഫലമായി അവശേഷിച്ച ഒരു മുടന്തുണ്ടു്, നടക്കുമ്പോൾ. എങ്കിലും അയാൾ മരണത്തിൽനിന്നു രക്ഷപെട്ടു. കയ്യുടെ പെരുവിരലിൽ മൂർഖൻെറ കടിയേററ ഒരു പാമ്പാട്ടിയെ എനിക്കു നേരിട്ടറിയാം. അയാൾ പെരുവിരലിൻെറ രണ്ടാമത്തെ മടക്കിൻെറ ചുവട്ടിൽ മൂർച്ചയുള്ള ഒരു കത്തി കുറുകെ വച്ചിട്ടു് മററേ കയ്യിലിരുന്ന കാട്ടുകല്ലുകൊണ്ടു് ഒന്നിലധികം ഇടിയിടിച്ചു് ആ വിരൽ വേർപെടുത്തിക്കളഞ്ഞു. അയാൾ അസഹ്യമായ വേദനയനുഭവിച്ചിരിക്കണം. രക്തസ്രാവം കൊണ്ടു് മരണപ്പെട്ടുപോകാനുമിടയുണ്ടായിരുന്നു. എന്നിരിക്കിലും, അയാൾ മരിക്കാതെ രക്ഷപ്പെട്ടു. ഇന്നും ജീവിച്ചിരിക്കയും ചെയ്യുന്നു. മൂന്നാമത്തൊരു സംഭവം ഞാൻ മുട്ടൂരിലെ ഫോറസ്റ്റു് ബംഗ്ലാവിൽ താമസിക്കുന്ന അവസര

ത്തിലാണുണ്ടായതു്. പ്രഭാതത്തിൽ ഒരുവൻ എന്നെവന്നു വിളിച്ചുണർത്തിക്കൊണ്ടു പറഞ്ഞു, ഉദ്ദേശം ഒരു മണിക്കൂർ മുമ്പു് അയാളുടെ പാദത്തിൽ ഒരു മൂർഖൻ പാമ്പു കടിക്കുകയുണ്ടായി, എന്നു്. മുളകയററിയ വണ്ടിയുമായി പെണ്ണുഗ്രാമിലെയ്ക്കു മടങ്ങേണ്ടവനായിരുന്നു, അയാൾ. പക്ഷേ തലേന്നാൾ വൈകിട്ടു് റോഡരികിൽ ഒരു കാട്ടാനക്കൂട്ടത്തെ കാണാനിടയായി. ഭയം മൂലം അയാൾ മുമ്പോട്ടു പോകാതെ വണ്ടി തിരിച്ചു വിട്ടു് മുളവെട്ടുകാരുടെ താവളത്തിലേക്കു തന്നെ മടങ്ങി. എന്നിട്ടു് വെളുപ്പിനു വീണ്ടും പുറപ്പെട്ടുകയായിരുന്നു. ആനക്കൂട്ടത്തെ വീണ്ടും കണ്ടു മുട്ടാനിടയാകുന്ന പക്ഷം എളുപ്പം തിരിഞ്ഞോടി രക്ഷപെടാനുള്ള കരുതലിൽ അയാൾ വണ്ടിയുടെ പുറകിൽ നടക്കുകയായിരുന്നു. വണ്ടിച്ചക്രം പുറത്തുകയററിയിട്ടു് ഒരു വേള പാമ്പിനു പരുക്കുപററിയിരിക്കാം—മൂർച്ചയുള്ള എന്തോ തറച്ചിട്ടെന്നപോലെ പാദത്തിൽ കലശലായ വേദനയുണ്ടായി. നോക്കിയപ്പോൾ ഒരു പാമ്പു കാലിൽ ചുററിയിരിക്കുന്നു. അയാൾ കാൽ കുടഞ്ഞു. പാമ്പു് താഴെ വീണു് ഓടിപ്പോയി. പക്ഷേ വിരിഞ്ഞ പത്തി കാണപ്പെട്ടതുകൊണ്ടു് മൂർഖൻപാമ്പാണു് അതെന്നു് അയാൾക്കുറപ്പുണ്ടു്. കടിയേററശേഷം ആരുടെയെങ്കിലും സഹായം ലഭിച്ചേക്കുമെന്നുള്ള പ്രതീക്ഷയിൽ അയാൾ ഫോറസ്റ്റു് ബംഗ്ലാവിലേക്കെത്തിയതാണു്. പെട്ടെന്നു തന്നെ ഞാൻ പാമ്പിൻെറ കടിയേററ സ്ഥാനത്തു് ആഴത്തിൽ മുറിവുണ്ടാക്കി. എന്നിട്ടു് അയാളെ വരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരിക്കാൻ ഏർപ്പാടു ചെയ്തു. അയാളെ സഹായിപ്പാൻ ഒരു ഫോറസ്റ്റു ഗാർഡിനെയും ഏർപ്പാടു ചെയ്തു. അയാൾ മരവിച്ചു ചലനശേഷി നഷ്ടപ്പെടാൻ ഇടയാകരുതെന്നു കരുതീയിട്ടാണു് അങ്ങനെ ഏർപ്പാടാക്കിയതു്. പക്ഷേ എൻെറ പ്രയത്നം എല്ലാം നിഷ്ഫലമാകാൻ പോകുന്നുവെന്നു് എനിക്കു വേഗംതന്നെ ബോദ്ധ്യമായി. നിർഭാഗ്യവാനായ ആ വണ്ടിക്കാരൻെറ വായിൽ നിന്നു് ഇഴക്കലുള്ള തുപ്പൽ ഒഴുകിത്തുടങ്ങി; അയാളുടെ മിഴി

കൾ മേല്പോട്ടുരുണ്ടുകയറി; മദ്യപിച്ചവനെപ്പോലെ അയാൾ വേച്ചു തുടങ്ങി; സംസാരം തിരിച്ചറിയാൻ കഴിയാത്തതുപോലെ അവ്യക്തമായിത്തുടങ്ങി. ഞാൻ അയാളുടെ പേരും മേൽവിലാസവും ഭാര്യയുടെ മേൽവിലാസവും ഒരു പ്രകാരത്തിൽ ചോദിച്ചു മനസ്സിലാക്കി. പെണ്ണഗ്രാമിന്ന് ഒരു മൈൽ അപ്പുറത്തുള്ള എരിഗനല്ലൂർ ഗ്രാമക്കാരനായിരുന്നു, അയാൾ. ഞങ്ങളുടെ കൈകളിൽ കിടക്കവേ അയാൾ പെട്ടെന്നു ബോധം വെടിഞ്ഞു. രാവിലെ എട്ടരമണിയായപ്പോഴേക്ക് അയാൾ മരിച്ചു കഴിഞ്ഞു. അയാളുടെ ബന്ധുക്കളെയും പോലീസുകാരെയും വിവരമറിയിക്കാൻ ഞാൻ ഫോറസ്റ്റ് ഗാർഡിനെ നിയോഗിച്ചയച്ചു. ഉച്ചതിരിഞ്ഞു രണ്ടുമണിയായപ്പോഴേക്ക് ബന്ധുജനങ്ങൾ കാളവണ്ടിയിൽ വന്നിറങ്ങി അലയും മുറയും തുടങ്ങി. തുടർന്ന് പോലീസുകാരും വന്നെത്തി. മരിച്ചയാൾ വരാന്തയിലൂടെ നടന്നസ്ഥലത്തു ഇത്രയധികം രക്തംവീഴാൻ കാരണമെന്ത്; ഞാൻ അയാളുടെ കാലിൽ എന്തിനു മുറിവുണ്ടാക്കി; അയാൾ എന്തുകൊണ്ടു മരിച്ചു; എന്നൊക്കെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകണം. ഒടുവിൽ ശവശരീരം കാളവണ്ടിയിൽ കയററി പോലീസ്സ്റ്റേഷനിലേക്കു പുറപ്പെടാനുള്ള ഒരുക്കമായി. കൂടെ ഞാനും ചെല്ലണമെന്ന് പോലീസുകാർ ആവശ്യപ്പെട്ടു. അതു സാദ്ധ്യമല്ലെന്ന് ഞാൻ തീർത്തു പറഞ്ഞു. എൻെറ ഈ നിഷേധത്തെപ്പററി കുറെനേരം ആലോചിച്ചുനിന്നശേഷം ഹെഡ്കോൺസ്റ്റബിൾ ഒരു രാജിനിർദ്ദേശം കൊണ്ടുവന്നു. മരിച്ചയാളിൻെറ ശരീരം കീറിമുറിച്ചു പ്രേതവിചാരണ പൂർത്തിയാക്കുന്നതുവരെ ഞാൻ ആ ബംഗ്ലാവിൽ തങ്ങണം. അതിനു ഞാൻ സമ്മതിച്ചു. തുടർന്ന് അവരെല്ലാം കൂടെ ഏഴുമൈൽ അകലെയുള്ള പെണ്ണഗ്രാമിലേക്കു പുറപ്പെട്ടുപോയി. അവിടെയെത്തി, പിന്നെയും 42 മൈലകലെയുള്ള സേലം പട്ടണത്തിലെത്തിച്ചിട്ടു വേണം, ശവശരീരത്തിന്മേൽ പോസ്റ്റ്മാർട്ടം വിചാരണ നടത്താൻ. മൂന്നുദിവസം കഴിഞ്ഞതാണ് അതിൻെറ ഫലം എനിക്കറിവായതു്. വണ്ടിക്കാരൻ

പാമ്പു കടിച്ചതിൻെറ വിഷബാധയേററു തന്നെയാണു മരിച്ചതെന്നു് തീരുമാനമായി. എന്നെ സംശയത്തിൽ നിന്നു മോചിപ്പിച്ചിരിക്കുന്നതായി പോലീസുകാർ നാലാം ദിവസം എനിക്കറിവു തന്നു.

ഒടുവിലായി, ദക്ഷിണേന്ത്യയിലെങ്ങും പ്രചരിച്ചിരുന്ന അത്ഭുതകരമായ ഒരു വിശ്വാസത്തെപ്പററിക്കൂടെ ഞാൻ പറയട്ടെ. ദക്ഷിണ റെയിൽവേയിൽ മദ്രാസിൽ നിന്നു വളരെയകലെയല്ലാതുള്ള പോൾറെഡ്ഡിപ്പാളയം സ്റ്റേഷനിൽ വേലയിലിരുന്ന നരസയ്യാ എന്നൊരു സ്റ്റേഷൻമാസ്റ്ററുണ്ടായിരുന്നു. പാമ്പുകടിയുണ്ടായാൽ ആ വിവരം അയാളെ കമ്പിമൂലം അറിയിക്കുന്ന പക്ഷം എവിടെയുള്ളയാളുടെയും വിഷബാധ, ആ സ്ഥലത്തു് ചെല്ലാതെ തന്നെ മാററിക്കൊടുക്കാൻ അയാൾക്കു് കഴിവുണ്ടായിരുന്നു എന്ന വസ്തുതയാണു് ഈ വിശ്വാസത്തിനടിസ്ഥാനമായിരുന്നതു്. ഈ വിശ്വാസത്തിനു് അത്യധികം പ്രചാരവും പ്രാബല്യവുമുണ്ടായിരുന്നതിനാൽ, ഈ വിഷയത്തിൽ ആ സ്റ്റേഷൻമാസ്റ്റർക്കു് റെയിൽവെക്കമ്പിയേർപ്പാടിൽ പ്രത്യേക സൗജന്യങ്ങൾതന്നെ അധികൃതർ അനുവദിച്ചുകൊടുക്കുകയുണ്ടായി. വിഷബാധയേററ പലരെയും സ്വന്തം അത്ഭുതസിദ്ധികൊണ്ടു് അയാൾ രോഗവിമുക്തരാക്കിയിട്ടുള്ളതിനെപ്പററിയുള്ള അനേകം കഥകൾ, വിശ്വസ്തരായ ആളുകളിൽനിന്നു് എനിക്കു കേൾക്കാനിടയായിട്ടുണ്ടു്. അയാളുടെ വിശിഷ്ട സിദ്ധിമൂലം ജീവൻ രക്ഷപ്പെട്ട ശതക്കണക്കിൽ ആളുകൾ ഇന്നു ദക്ഷിണേന്ത്യയിൽ ജീവിച്ചിരിക്കുന്നുണ്ടു്. നരസയ്യായുടെ ക്രിയാപദ്ധതി ഞാൻ വിവരിക്കാം. ആർക്കെങ്കിലും പാമ്പുകടിയേററതായി കമ്പികിട്ടിയാലുടൻ അയാൾ സ്റ്റേഷൻപുരയിടത്തിൽ നിൽക്കുന്ന ഒരു മരത്തിൻെറ ചുവട്ടിലെത്തി, തൻെറ മുണ്ടിൻെറയോ അങ്കവസ്ത്രത്തിൻെറയോ ഒരു കഷണം ചീന്തിയെടുത്തു് മരത്തിൻെറ ഒരു കമ്പിൽ ബന്ധിച്ചശേഷം പ്രാർത്ഥനയിൽ മുഴുകുന്നു. എന്നിട്ടു് രോഗിയുടെ പേർക്കു് ഒരു മറുപടിക്കമ്പിയയയ്ക്കുന്നു.

പുകയില, മദ്യം, കാപ്പി എന്നിവ വജ്ജിക്കുന്ന പക്ഷം അയാൾക്കു് ജീവിച്ചിരിക്കാൻ കഴിയും എന്നായിരിക്കും മറുപടിയുടെ സാരം.

അഹോ! നരസയ്യാസ്സും ലോകത്തെ ഭരിക്കുന്ന അപ്രമേയപ്രഭാവത്തിന്റെ വിളിക്കു വഴങ്ങേണ്ടിവന്നു. അയാളും കാലധർമ്മം പ്രാപിച്ചു. പക്ഷേ, അയാൾ ഒരിക്കലും വിസ്മരിക്കപ്പെട്ടുകയില്ല. അയാളുടെ മഹൽസിദ്ധി അയാളോടൊപ്പം മണ്ണടിഞ്ഞുവോ എന്നെനിക്കറിയില്ല. അങ്ങനെ സംഭവിച്ചിരിക്കാമെന്നു് തോന്നുന്നു. ഏതായാലും പാമ്പുവിഷത്തിനു ചികിത്സിക്കുന്ന വിഷയത്തിൽ അയാൾക്കുണ്ടായിരുന്ന പ്രത്യേക സിദ്ധിവിശേഷത്തോടു കൂടിയ ആരെപ്പററിയും അയാളുടെ കാലശേഷം ആരും പറഞ്ഞു കേട്ടിട്ടില്ല.

# KOTTAYAM PUBLIC LIBRARY
## KOTTAYAM

Cl. No. M07 Acc. No. 73038

This book should be returned on or before the date la[st] stamped below.

| | | |
|---|---|---|
| 22 MAY 1999 | | |
| -1 APR 2000 | | |
| 10 APR 2000 | | |
| -8 APR 2012 | | |
| | | |
| 31 MAY 2012 | | |
| 22 APR 2016 | | |
| 14 MAY 2016 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 25 Ps. per day will be charged

Cl. No. M07
And-S

Acc. No.
73038

Author ആൻഡേഴ്സൺ കെന്നത്ത്
Title ശിവനിപ്പള്ളിയിലെ
Date Due

M07 73038

ആൻഡേഴ്സൺ കെന്നത്ത്
ശിവനിപ്പള്ളിയിലെ
കരിമ്പുലി